# പരിശുദ്ധ ത്രിത്വം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# പരിശുദ്ധ ത്രിത്വം

| | |
|---|---|
| **Title:** | Holy Trinity |
| **Published by:** | The Director, Alpha Institute, Archdiocese of Tellicherry,<br>Sandesa Bhavan, Tellicherry, 670 101, Kannur, Kerala<br>Ph: 0490 - 2344727, 2343707 |
| **Published on:** | 2014 December 25 (X'mas) |
| **Editorial Board:** | Rev. Dr. Joseph Pamplany<br>Rev. Dr. Thomas Kochukarottu |
| **Office Assistance:** | Rev. Sr. Celin Kunnel FCC<br>Mrs. Anitha Vijayan<br>Mrs. Jeshitha Vijesh<br>Miss. Bhavya K |
| **Design & Layout:** | Mr. Midhun Thomas |
| **Printing:** | Midas Offset, Kuthuparamba |
| **Copy Right:** | © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher |

# ഉള്ളടക്കം


1. ത്രിത്വൈക ദൈവശാസ്ത്രം ............................................................ 5
2. പരിശുദ്ധ ത്രിത്വം സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ ... 19
3. പരിശുദ്ധ ത്രിത്വം സഭാ പഠനങ്ങളിൽ ......................................... 28
4. പരിശുദ്ധ ത്രിത്വത്തിന് എതിരായ പാഷണ്ഡതകൾ ........... 40
5. ത്രിത്വൈക ദൈവശാസ്ത്രത്തിലെ സുപ്രധാന സത്യങ്ങൾ .......... 47
6. ആദിയിൽ മൂന്നു വ്യക്തികളുടെ കൂട്ടായ്മ -
ഒരു വ്യക്തിയുടെ ഏകാന്തതയല്ല ................................................... 60
7. ജീവന്റെയും സ്നേഹത്തിന്റെയും കൂട്ടായ്മ
മൂന്നു വ്യക്തികൾ തമ്മിൽ ............................................................... 79
8. പിതാവ് എന്ന വ്യക്തി ആർദ്രതയുടെ രഹസ്യം ..................... 96
9. പുത്രൻ എന്ന വ്യക്തി - സംവേദനത്തിന്റെ
രഹസ്യവും വിമോചനത്തിന്റെ തത്വവും .................................. 107
10. പരിശുദ്ധാത്മാവ് എന്ന വ്യക്തി -
സ്നേഹത്തിന്റെ രഹസ്യവും പുതുമയുടെ സംരഭവും ........ 113
11. ത്രിത്വാത്മകതയും ആധ്യാത്മികതയും
പൗരസ്ത്യ ദൈവശാസ്ത്ര വീക്ഷണത്തിൽ ........................... 125

## ആധാര ഗ്രന്ഥങ്ങൾ


1. *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം* (കൊച്ചിൻ: പി.ഓ.സി, 2005).
2. ലെയനാർഡോ ബോഫ്, *Holy Trinity: Perfect Community* *പരിശുദ്ധ ത്രിത്വം സമ്പൂർണ്ണ കൂട്ടായ്മ*, പരിഭാഷ: ഫാ. ജിയോ പുളിക്കൽ (കോട്ടയം: ജീവൻ ബുക്സ്, 2013).
3. മാർ ജോസഫ് കല്ലറങ്ങാട്ട്, *കിഴക്കിന്റെ ദൈവശാസ്ത്ര-ആദ്ധ്യാത്മിക പാരമ്പര്യങ്ങൾ* (കോട്ടയം: ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ്, 1999).
4. ഫാ. ഐസക് ആലപ്പാട്ട്, *തിരുവചനം തെറ്റിദ്ധരിച്ചവർ* (തൃശൂർ: സർഗ്ഗചേതനാ പബ്ലിക്കേഷൻ, 1996).
5. ഡോ. ജയിംസ് ആനാപറമ്പിൽ, *പരിശുദ്ധ ത്രിത്വം മൂന്നാം സഹസ്രാബ്ദത്തിന്റെ ജീവിതമാതൃക* (ആലുവ: കാർമ്മലഗിരി പബ്ലിക്കേഷൻസ്, 1999).

# 01

## ത്രിത്വൈക ദൈവശാസ്ത്രം

ക്രിസ്തീയ ദൈവശാസ്ത്രത്തിലെ ഏറ്റവും അടിസ്ഥാനപരമായ വിശ്വാസസത്യമാണ് പരി. ത്രിത്വം. ദൈവം ഏകനാണ്, എങ്കിലും മൂന്ന് ആളുകളായി സ്ഥിതിചെയ്യുന്നു; പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെയാണ് ഈ മൂന്ന് ആളുകൾ.

പിതാവ് ത്രിത്വത്തിലെ ഒന്നാമത്തെ ആളാണ്. പിതാവ്, പുത്രന് അനാദിയിലെ ജന്മം നൽകിയതിനാൽ, പിതാവായി. പിതാവായതിനാൽ പുത്രനേക്കാളോ, പരിശുദ്ധാത്മാവിനേക്കാളോ അധികമായ ദൈവികതയോ, പ്രായമോ പിതാവിനില്ല. ത്രിത്വത്തിലെ രണ്ടാമത്തെ ആളാണ് പുത്രൻ. സമയത്തിന്റെ പൂർണ്ണതയിൽ കന്യകാമറിയത്തിൽനിന്ന് ശരീരമെടുത്ത് മനുഷ്യനായി പിറന്നത് പുത്രനായ ദൈവമാണ്. ത്രിത്വത്തിലെ മൂന്നാമത്തെയാൾ പരിശുദ്ധാത്മാവ് എന്ന് വിളിക്കപ്പെടുന്നു.

ക്രിസ്തീയ വിശ്വാസത്തിന്റെ ആരംഭം മുതലേ, ദൈവത്തിൽ മൂന്ന് ആളുകൾ ഉണ്ട് എന്നും ഈ മൂന്നാളുകൾ വ്യത്യസ്തരാണെങ്കിലും നിത്യമായി പര

സ്പരബന്ധിതരും, അവിഭാജ്യവും ഏകവുമായ ദൈവികസത്തയും കേവലമായ ഏക അസ്തിത്വവുമാണ് എന്നും പഠിപ്പിച്ചിരുന്നു. ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ കേന്ദ്രവും ഉറവിടവും ത്രിത്വൈക ദൈവത്തിലുള്ള വിശ്വാസമാണ്. രക്ഷാകരചരിത്രത്തിന്റെ അടിസ്ഥാന മാനദണ്ഡമായ ത്രിത്വൈക ദൈവവിശ്വാസം ആരാധനാക്രമത്തിലൂടെ നാം ആഘോഷിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു.

പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാ പ്രവൃത്തികളും തുടങ്ങുകയും, പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും സ്തുതി അർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്ന പതിവ് ക്രിസ്ത്യാനികളുടെ ഇടയിൽ സർവ്വസാധാരണമാണ്. ഇവിടെ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും തുല്യരായി, ദൈവമായി കരുതുന്നു. പക്ഷേ ഇവർ, മൂന്ന് ദൈവങ്ങളല്ല, മൂവരും കൂടി ഏകദൈവം മാത്രമാണ്. ഈ യാഥാർത്ഥ്യത്തെ സൂചിപ്പിക്കാനാണ് – ത്രിത്വം, അഥവാ ത്രിയേകദൈവം എന്ന പദം ഉപയോഗിക്കുന്നത്.

ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ കേന്ദ്രവും ഉറവിടവും ത്രിത്വൈക ദൈവത്തിലുള്ള വിശ്വാസമാണെങ്കിലും, ഒത്തിരിയേറെ തെറ്റിദ്ധാരണകൾക്കും, വിവാദങ്ങൾക്കും, ദുർവ്യാഖ്യാനങ്ങൾക്കും ഈ വിശ്വാസം ഇടയാക്കിയിട്ടുണ്ട്. അതിനു കാരണം പരി. ത്രിത്വത്തിന്റെ രഹസ്യാത്മകതയും നിഗൂഢതയുമാണ്. ആയതിനാൽ ത്രിത്വൈക രഹസ്യ പഠനം സഭയിൽ ഇന്ന് വളരെ വലിയ പ്രാധാന്യം നേടിയിരിക്കുന്നു. തങ്ങളുടെ വിശ്വാസമെന്തെന്ന് മനസ്സിലാക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കുകയും, ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ക്രൈസ്തവരുടെ ഉള്ളിൽപോലും ഉയർന്നു വരുന്ന ചോദ്യമാണ് ഒന്ന് എങ്ങനെ മൂന്നാകും? മൂന്ന് എങ്ങനെ ഒന്നാകും? ഒന്നുകിൽ ഒരു ദൈവം, അല്ലെങ്കിൽ മൂന്ന് ദൈവങ്ങൾ. പക്ഷേ ദൈവം ഒന്നേയുള്ളൂവെന്ന് ബൈബിൾ അനിഷേധ്യമായി പഠിപ്പിക്കുന്നു.

ഏകദൈവവിശ്വാസമാണ് മനുഷ്യബുദ്ധിക്കും യുക്തിക്കും കൂടുതൽ സ്വീകാര്യം. ത്രിയേകദൈവം എന്ന വിശ്വാസം പിന്നെ എങ്ങനെ ഉണ്ടായി എന്ന ചോദ്യം അവശേഷിക്കുന്നു. ഇതിനുള്ള ഉത്തരം കണ്ടുപിടിക്കുവാനും ത്രിയേകദൈവശാസ്ത്രം പഠിക്കുവാനും ഈ പാഠത്തിലൂടെ നമുക്ക് പരിശ്രമിക്കാം. പരിശുദ്ധത്രിത്വം എന്ന രഹസ്യം എന്താണ് അർത്ഥമാക്കുന്നത്? ഇത് ബൈബിളിന്റെ പഠനത്തിന് വിരുദ്ധമാണോ? എപ്രകാരമാണ് സഭ ത്രിത്വൈക ദൈവശാസ്ത്രത്തിലും

നിർവ്വചനത്തിലും എത്തിച്ചേർന്നത്? ത്രിത്വൈക രഹസ്യം നമ്മുടെ അനുദിന കുടുംബ-സമൂഹജീവിതത്തിൽ എന്ത് സ്വാധീനം ചെലുത്തുന്നു, ത്രിത്വശാസ്ത്രത്തിന് എതിരായ പാഷണ്ഡതകൾ, ത്രിത്വൈകരഹസ്യം വിശദീകരിക്കുന്ന പ്രധാനപ്പെട്ട കൗൺസിൽപഠനങ്ങൾ എന്നിവ നാമിവിടെ വിശദീകരിക്കുന്നു.

## പരിശുദ്ധ ത്രിത്വം ഒരു രഹസ്യം

വി. ആഗസ്തീനോസിനെക്കുറിച്ച് പറയാറുള്ള കഥ ഇവിടെ പ്രസക്തമാണ്. പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെക്കുറിച്ചു ഗാഢമായി ചിന്തിച്ചുകൊണ്ട് കടൽത്തീരത്തു നടന്ന ആഗസ്തീനോസ് ഒരു ബാലനെ കണ്ടു. അവൻ മണലിൽ ഒരു കുഴിയുണ്ടാക്കി ആ കുഴിയിൽ ഒരു കക്കാകൊണ്ട് കടലിൽനിന്നു വെള്ളം കോരി നിറയ്ക്കുകയായിരുന്നു. ബാലന്റെ ഈ ജോലിയിൽ രസം തോന്നിയ ആഗസ്തീനോസ് ചോദിച്ചു: നീ എന്താണ് ചെയ്യുന്നത് ? ബാലൻ മറുപടി പറഞ്ഞു, ഈ കടൽ തേകി വറ്റിക്കാൻ ശ്രമിക്കുകയാണ്. അഗാധപാണ്ഡിത്യമുള്ള ആഗസ്തീനോസിന്റെ ചുണ്ടിൽ നേരിയ പുഞ്ചിരി വിടർന്നു. എന്തൊരു വിഡ്ഢിത്തമാണിത്? ഈ മഹാസമുദ്രത്തിലെ വെള്ളം മുഴുവൻ ഒരു കക്കാകൊണ്ട് തേകി വറ്റിക്കാമെന്നോ? മണലിലെ കുഴിയിൽ ഒഴിക്കുന്ന വെള്ളം വീണ്ടും കടലിലേക്കുതന്നെ ചെല്ലുകയില്ലേ? ആഗസ്തീനോസിന്റെ മറുപടി കേട്ടപ്പോൾ മന്ദഹസിച്ചതു ബാലനാണ്. നിങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുന്ന പ്രശ്നം പരിഹരിക്കുന്നതിലും എളുപ്പാണ് കക്കാകൊണ്ട് ഈ കടൽ തേകി വറ്റിക്കുന്നത്.

നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലുകളുടെ വിശ്വാസപ്രമാണ പ്രഖ്യാപനം വളരെ പ്രസക്തമാണ്. പിതാവിൽനിന്നു ജനിച്ച പുത്രൻ പിതാവിനോട് സമസത്ത പുലർത്തുന്നു. പുത്രൻ ഇല്ലായ്മയിൽനിന്ന് സൃഷ്ടിക്കപ്പെട്ടവനാണെന്നും അവൻ ഇല്ലാതിരുന്ന സമയം ഉണ്ടായിരുന്നുവെന്നും പറയുന്നവൻ ശപിക്കപ്പെട്ടവനാകുന്നു എന്നും കൗൺസിൽ പ്രഖ്യാപിച്ചു. കൂടാതെ ദൈവത്തിൽ ഒരു സത്ത (Ousia, Substantia) മാത്രമേയുള്ളൂ എന്നും ഈ ഏകസത്തയിൽ വ്യതിരിക്തങ്ങളായ മൂന്നു വ്യക്തിത്വങ്ങൾ (Person, Prospon, Hypostasis) ഉണ്ടെന്നും പുത്രനും, പരിശുദ്ധാത്മാവും പിതാവിനോട് സത്തയിൽ  സമരും സർവ്വസ്തുതിക്കും അർഹരുമാകുന്നു എന്നതുമാണ് നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിന്റെ ത്രിത്വത്തെക്കുറിച്ചുള്ള അടിസ്ഥാന പ്രബോധനം.

മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും യുക്തിക്ക് അതീതവുമായ ഒരു ദിവ്യരഹസ്യമാണ് പരിശുദ്ധ ത്രിത്വം. കാരണം ദൈവം ഒരുവനേ

യുള്ളൂ. ആ ഏകദൈവത്തിലെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകൾ ഒരുപോലെ ആരംഭവും അവസാനവും ഇല്ലാത്തവരാണ്. തുല്യമായ ശക്തിയും, അറിവും മഹത്വവുമുള്ള ഈ മൂവരും മൂന്നു വ്യക്തികളാണ്. മൂവരും ഒരുപോലെ ആരാധന യർഹിക്കുന്നു. എന്നാൽ മൂവരും കൂടി മൂന്ന് ദൈവങ്ങളല്ല. ഒരേ ഒരു ദൈവം മാത്രം-സത്തയിൽ ഏകത്വവും വ്യക്തിത്വത്തിൽ ത്രിത്വ വും. ഒരേ ദൈവിക സത്തയിൽ തുല്യമായി പങ്കുചേരുന്ന മൂന്നു വ്യക്തികൾ. നമ്മുടെ പ്രാർത്ഥനയിലും, ആരാധനയിലും, വി.ബ ലിയിലും നാം ത്രിയേക ദൈവത്തെ, ഒന്നായും, മൂവരെയും വ്യക്തി പരമായും ആരാധിക്കുകയും, സ്തുതിക്കുകയും, ചെയ്യുന്നു.

പരിശുദ്ധത്രിത്വത്തെ ഒരു പ്രശ്നം (Problem) എന്ന നിലയിൽ അപഗ്രഥിച്ചു പഠിക്കാൻ ശ്രമിക്കുമ്പോൾ അതിന് വ്യക്തമായ ഉദാ ഹരണങ്ങൾ നൽകുക സാധ്യമല്ല. കാരണം പല മാനുഷിക ഉദാഹ രണങ്ങളും ത്രിത്വമെന്ന ആശയത്തോട് ചേരുകയില്ല, പൂർണമാവു കയില്ല, ആശയം വ്യക്തമാവുകയില്ല. ഉദാഹരണങ്ങൾ അപര്യാ പ്തമാണ്. ത്രിത്വമെന്നത് ഒരു രഹസ്യമാണ് (Mystery). അതിനെ വസ്തുനിഷ്ഠമായി അപഗ്രഥിക്കാനാവില്ല. ഒരു മനുഷ്യവ്യക്തി യുടെപോലും ആഴങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് കണ്ടെ ത്താൻ കഴിയാത്ത സ്ഥിതിക്ക്, സ്രഷ്ടാവിനെ അപഗ്രഥിക്കാൻ ഏതു ശാസ്ത്രത്തിനാണ് കഴിയുക!

ഒരു വ്യക്തിയെ നാം മനസ്സിലാക്കുന്നത് ശാസ്ത്രീയ ഗവേഷ ണത്തിലൂടെയല്ല, മറിച്ച് വ്യക്തിബന്ധത്തിലൂടെയാണ്. സ്നേഹബ ന്ധത്തിലൂടെ വ്യക്തികൾ പരസ്പരം മനസ്സിലാക്കുകയും, വെളി പ്പെടുത്തുകയും ചെയ്യുന്നു. ദൈവം സ്നേഹമായതിനാൽ ദൈവ ത്തെക്കുറിച്ചും ഇത് പ്രസക്തമാണ്. സ്നേഹമാകുന്ന ദൈവത്തിൽ തീർച്ചയായും പല വ്യക്തികൾ ഉണ്ടാവും. ഈ സ്നേഹകൂട്ടായ്മ യാകുന്ന ദൈവത്തെ അറിയുന്നത് ബുദ്ധിയുടെ വ്യാപാരത്തിലൂ ടെയല്ല മറിച്ച് ദൈവവുമായുള്ള കൂട്ടായ്മയിലൂടെയാണ്. വെറും പഠനത്തിന്റെയും അപഗ്രഥനത്തിന്റെയും മാർഗ്ഗത്തിലൂടെ സമീപി ക്കുമ്പോൾ ത്രിത്വം എന്ന സ്നേഹരഹസ്യം ഉത്തരം കിട്ടാത്ത ഒരു പ്രശ്നമായി അവശേഷിക്കും. എന്നാൽ വ്യക്തിബന്ധത്തിന്റെയും കൂട്ടായ്മയുടെയും മാർഗ്ഗത്തിലൂടെ സമീപിക്കുമ്പോൾ ത്രിത്വം എന്ന രഹസ്യം ജീവദായകമായി അനുഭവപ്പെടും. പരിശുദ്ധ കന്യകാമറിയം ദൈവികരഹസ്യങ്ങളെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചുകൊ ണ്ടിരുന്നു (ലൂക്കാ 2:19, 51). ദൈവികരഹസ്യങ്ങൾ ഹൃദയത്തിൽ ഉൾക്കൊള്ളുന്ന മറിയത്തിന്റെ മാതൃക ദൈവശാസ്ത്രം പഠിക്കുന്ന എല്ലാവർക്കും അനുകരണീയമാണ്.

## a. ത്രിത്വം എന്നപദം

ബൈബിളിൽ ഒരിടത്തും ത്രിത്വം എന്ന പദം ഉപയോഗിച്ചിട്ടില്ല. ത്രിത്വം എന്നർത്ഥമുള്ള ത്രിയാസ് എന്ന ഗ്രീക്കുപദം ആദ്യമായി ഉപയോഗിച്ചത് എ.ഡി. 2-ാം നൂറ്റാണ്ടിൽ അന്തിയോക്കിയായിലെ മെത്രാനായിരുന്ന തെയോഫിലോസ് ആണ്. ആഫ്രിക്കയിലെ കാർത്തേജിൽ ജീവിച്ചിരുന്ന നിയമപണ്ഡിതനും, ദൈവശാസ്ത്ര ജ്ഞനുമായിരുന്ന തെർത്തുല്ല്യൻ (എ.ഡി. 160 -220) ആണ് ത്രിനി ത്താസ് എന്ന ലത്തീൻ പദം ആദ്യമായി ഉപയോഗിച്ചതായി കരുത പ്പെടുന്നത്. ഇതിൽനിന്നാണ് ട്രിനിറ്റി (Trinity) എന്ന ഇംഗ്ലീഷ് പദം ഉത്ഭവിക്കുന്നത്. ഏകദൈവത്തിൽ തുല്യരായ മൂന്നാളുകൾ എന്നത് സൂചിപ്പിക്കാനാണ് ഈ പദങ്ങൾ ഉപയോഗിച്ച് തുടങ്ങിയതുതന്നെ.

ബൈബിളിൽനിന്നു ലഭിച്ചതും, ക്രൈസ്തവസഭ സ്വീകരിച്ച് വിശ്വസിക്കുന്നതുമായ ഒരു സത്യം സംക്ഷിപ്തമായി അവതരിപ്പി ക്കുകയാണ് ഈ പദത്തിലൂടെ സഭാപിതാക്കന്മാർ ചെയ്തത്. ത്രിത്വ ത്തിന്റെ നിർവ്വചനത്തേക്കാൾ ത്രിത്വമെന്ന ആശയം പ്രധാന്യമർഹി ക്കുന്നു. അതിനാൽ ത്രിത്വമെന്ന പദത്തിനല്ല, ആ പദം സൂചിപ്പി ക്കുന്ന യാഥാർത്ഥ്യത്തിനാണ് പ്രധാന്യം കല്പിക്കേണ്ടത്. ത്രിത്വം എന്ന പദമല്ല, യാഥാർത്ഥ്യമാണ് വെളിപ്പെടുത്തപ്പെട്ട സത്യം.

## b. വെളിപ്പെടുത്തപ്പെട്ട സത്യം

ദൈവം ഉണ്ടെന്ന് ബുദ്ധി ഉപയോഗിച്ച് കണ്ടുപിടിക്കാനാവും. പക്ഷേ ദൈവം ആരെന്ന് ബുദ്ധിക്ക് തെളിയിക്കാനാവില്ല. അതിന് ഹൃദയവും മനസ്സും വേണം. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളാണ് ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവ്. അത് ഹൃദയവും മനസ്സും ഉപയോഗിച്ച് നാം സ്വീകരിക്കുന്നു. പല ലോകമതങ്ങളും പലതി നെയും ദൈവമായി കണ്ടു. പക്ഷേ അവസാനം നേതി+ നേതി = ഇതല്ല + ഇതല്ല എന്ന് ഏറ്റു പറഞ്ഞു. ദൈവത്തെ മനസ്സിലാക്കണ മെങ്കിൽ ദൈവം സ്വയം വെളിപ്പെടുത്തണം. ദൈവം കാലാകാല ങ്ങളിൽ ആവശ്യാനുസരണം വെളിപ്പെടുത്തിയതായി നമുക്കറിയാം (ഹെബ്രാ 1:12). പലമതങ്ങളിലും വെളിപാടിന്റെ അംശം നമുക്ക് കാണാനാവും (2-ാം വത്തിക്കാൻ, അക്രൈസ്തവ മതങ്ങൾ-2).

യേശുവിലൂടെ എല്ലാത്തിന്റെയും പൂർണ്ണവെളിപ്പെടുത്തൽ നാം കാണുന്നു. ലോകമതങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ടതിന്റെയും പഴ യനിയമത്തിന്റെയും എല്ലാം പൂർത്തീകരണമാണ് പുതിയനിയമ ത്തിൽ നാം കാണുക. യേശുവിലൂടെയുള്ള വെളിപ്പെടുത്തലിലൂടെ ത്രിയേക ദൈവത്തെ നാമറിയുന്നു. പുതിയനിയമത്തിലുടനീളവും,

പഴയനിയമത്തിൽ അങ്ങിങ്ങും ത്രിത്വത്തെക്കുറിച്ചുള്ള പല പ്രതിപാദനങ്ങളും വിവരണങ്ങളും ദർശിക്കാനാവും. പിതാവ്, പുത്രൻ പരിശുദ്ധാത്മാവ് എന്ന ത്രിയേകസത്യം വി. ഗ്രന്ഥത്തിന്റെ പ്രതിപാദനവിഷയം തന്നെയാണ്.

## പരിശുദ്ധ ത്രിത്വം ബൈബിളിൽ

ബൈബിളിൽ 'ത്രിത്വം' എന്ന പദം ഉപയോഗിച്ച് കാണുന്നില്ല. ത്രിത്വം എന്നർത്ഥമുള്ള 'ത്രിയാസ്' എന്ന ഗ്രീക്കുപദം ആദ്യമായി ഉപയോഗിച്ചത് എ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ജീവിച്ചിരുന്ന തെയോഫിലസ് ആണ്. സിറിയയുടെ തലസ്ഥാനമായിരുന്ന അന്ത്യോക്യായിലെ മെത്രാനായിരുന്നു അദ്ദേഹം. ആഫ്രിക്കയിലെ കാർത്തേജിൽ ജീവിച്ചിരുന്ന ദൈവശാസ്ത്രജ്ഞനായ തെർത്തുല്യൻ (എ.ഡി. 160-220) 'ത്രിനിത്താസ്' എന്ന ലത്തീൻ പദം ആദ്യമായി ഉപയോഗിച്ചതായി കരുതപ്പെടുന്നു. ഇതിൽ നിന്നാണ് 'ട്രിനിറ്റി' എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉൽഭവം. ഏകദൈവത്തിൽ തുല്യരായ മൂന്നാളുകൾ എന്ന ആശയം അവതരിപ്പിക്കാനാണ് ഈ പദം ഉപയോഗിച്ചിരുന്നത്.

### പരിശുദ്ധ ത്രിത്വം പഴയനിയമത്തിൽ

ഏകദൈവവിശ്വാസത്തിൽ അധിഷ്ഠിതമായിരുന്നു യഹൂദമതം. ഇസ്രായേല്യരുടെ അടിസ്ഥാന വിശ്വാസസംഹിതതന്നെ ദൈവം ഒരുവനേയുള്ളൂ എന്ന പ്രഖ്യാപനമായിരുന്നു. "ഇസ്രായേലേ കേൾക്കുക നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവാണ്" (നിയമാവർത്തനം 6:4). ദൈവത്തിലെ മൂന്നാളുകൾ എന്ന ആശയം സംബന്ധിച്ച് വ്യക്തമായ ഉൾക്കാഴ്ചകളൊന്നും പഴയനിയമം നൽകുന്നില്ല. ത്രിത്വ സംബന്ധിയായ പല സൂചനകളും പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ നമുക്ക് കണ്ടെത്തുവാൻ സാധിക്കും.

### ദൈവത്തിന്റെ പേരുകൾ

ഏറ്റവും പുരാതനമായ ദൈവനാമങ്ങളിലൊന്നാണ് 'ഏൽ' (ദൈവം). ബൈബിളിലെ പല വ്യക്തികളുടെയും പേര് 'ഏൽ' എന്ന നാമവുമായിട്ട് ബന്ധപ്പെട്ടിട്ടുള്ളതാണ്. 'ഇസ്മായേൽ', 'ബത്തുവേൽ', 'ഇസ്രായേൽ' തുടങ്ങിയവ ഉദാഹരണങ്ങളാണ്. 'ഏൽ എലിയോൺ' (അത്യുന്നതനായ ദൈവം, 2 സാമു 22:14) 'ഏൽ ഓലാം' (നിത്യനായ ദൈവം, ഏശയ്യ 40:28) തുടങ്ങിയവ ദൈവത്തിന്റെ നാമങ്ങളാണ്.

ഈ പേരുകൾക്കു പുറമേ ദൈവത്തെ സൂചിപ്പിക്കാനായി അത്യുന്നതൻ, സ്വർഗ്ഗസ്ഥൻ, ശക്തൻ, ബലവാൻ, പരിശുദ്ധൻ എന്നൊക്കെ യഹൂദർ പറഞ്ഞിരുന്നു. ദൈവത്തോടുള്ള ആദരവുമൂലം ഏതെങ്കിലും പേര് ഉപയോഗിക്കുവാനുള്ള വൈമനസ്യമാണ് ഈ പേരുകളൊക്കെ ഉപയോഗിക്കുവാൻ കാരണം. 'യാഹ്‌വേ' എന്ന നാലക്ഷരം കാണുമ്പോൾ ബഹുമാനംമൂലം 'അദോനായ്' എന്ന് അവർ വായിച്ചിരുന്നു.

ദൈവം ഏകനാണ്, ഒരുവനേയുള്ളൂ എന്നു പറയുമ്പോഴും ദൈവത്തിന്റെ ബഹുത്വം കാണിക്കുന്ന പദങ്ങളും പ്രയോഗങ്ങളും നമുക്ക് ബൈബിളിൽ കാണാം.

**1. എലോഹിം:-** 'എലോഹ' എന്ന വാക്കിന്റെ ബഹുവചനമാണിത്. ഇസ്രായേലിതര ആരാധനാമൂർത്തികളെ സംബന്ധിച്ച് ഈ പദം ബഹുവചനമായും ഇസ്രായേലിന്റെ ദൈവത്തെക്കുറിച്ച് പറയുമ്പോൾ ഈ പദം ഏകവചനമായും ഉപയോഗിച്ചുവരുന്നു. കാരണം ദൈവം ഒരുവനേയുള്ളൂ എന്ന വിശ്വാസംതന്നെ.

**2. "നാം" - "നമ്മുടെ":-** ഏലോഹിം വീണ്ടും അരുൾചെയ്തു: "നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" (ഉത്പത്തി 1:26) ദൈവം ഒരു മനുഷ്യനെയല്ല സൃഷ്ടിച്ചത്, പ്രത്യുത, സ്ത്രീയും പുരുഷനുമടങ്ങുന്ന മനുഷ്യസമൂഹത്തെയാണ്. ദൈവത്തിന്റെ ഛായയും സാദൃശ്യവുമാണ് ഈ മനുഷ്യസമൂഹം. അതുകൊണ്ടുതന്നെ ഈ മനുഷ്യസമൂഹം ദൈവത്തിന്റെ പ്രതിബിംബമാണ് കാണിക്കുന്നത്. ദൈവത്തിലെ പല വ്യക്തികളെക്കുറിച്ച് ഇവിടെ പറയുന്നില്ലെങ്കിലും ആ ദിക്കിലേക്കുള്ള സൂചന ഇവിടെ കാണുന്നുണ്ട്.

**3. ദൈവിക സഭ:-** സങ്കീർത്തനം 82 ലും ജോബ് 2:1-2 ലും ദൈവിക സഭയെക്കുറിച്ച് പറയുന്നുണ്ട്. ദൈവം 'ദൈവങ്ങളു'ടെ മദ്ധ്യത്തിൽ ഉപവിഷ്ഠനാണ്. ദൈവിക സഭയെക്കുറിച്ചും ദൈവപുത്രന്മാരെക്കുറിച്ചും ദൈവങ്ങളെക്കുറിച്ചുമൊക്കെയുള്ള ഈ പരാമർശങ്ങൾ കേവല ഏകദൈവ വാദത്തിന് ഒരു പരിധിയോളം പരിമിതികൾ കൽപ്പിക്കുന്നവയാണ്.

**4. മൂന്നാളുകൾ:-** "അബ്രാഹം തലയുയർത്തി നോക്കിയപ്പോൾ മൂന്നാളുകൾ തനിക്കെതിരേ നിൽക്കുന്നതു കണ്ടു. അബ്രാഹം അവരോട് സംസാരിച്ചു കഴിഞ്ഞപ്പോൾ കർത്താവ് അവിടെ നിന്നു പോയി" (ഉൽപത്തി 18:1 മുതൽ). സോദോമിന്റെ നാശവുമായി ബന്ധപ്പെട്ട് അബ്രാഹവുമായ് സംസാരിച്ച മൂന്നാളുകൾ ദൈവം

തന്നെയാണെന്ന് സംഭാഷണങ്ങളിലൂടെ വ്യക്തമാകുന്നു. ദൈവത്തിലെ മൂന്നാളുകൾ എന്ന സത്യം പൂർണ്ണമായും ഇവിടെ കാണുന്നില്ല. എങ്കിലും എന്തുകൊണ്ട് ദൈവം മൂന്നാളുകളായി പ്രത്യക്ഷപ്പെട്ട് ഒരുവനായ് തീർന്നു എന്നു ചോദിച്ചാൽ അതിനൊരുത്തരം കണ്ടെത്തുക സാധ്യമല്ല.

**5. ശിശു – പുത്രൻ – ശക്തനായവൻ:-** "നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു. നമുക്കൊരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും. വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്നവൻ വിളിക്കപ്പെടും" (ഏശയ്യ 9:6) – വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള സൂചനകളാണ് ഇവിടെ. 'ഏൽ' എന്ന പേരു തന്നെ ദൈവം ഇയാൾക്ക് നൽകുന്നു. അതുകൊണ്ട് അവൻ വെറും മനുഷ്യനായിരിക്കുകയില്ല എന്ന് ഇതിൽനിന്നും വ്യക്തമാണ്. ഈ ശിശുവിന് നല്കുന്ന വിശേഷണങ്ങളെല്ലാംതന്നെ ദൈവത്തിന്റെ വിശേഷണങ്ങളാണ്. അതുകൊണ്ട് ഈ പ്രവചനങ്ങളിലെന്തോ ഒരു സൂചന ഒളിഞ്ഞു കിടക്കുന്നതായി കാണാം.

**6. ആത്മാവ്:-** ''കാറ്റ്'' എന്നർത്ഥമുള്ള 'റൂആഹ്' എന്ന ഹെബ്രായപദം പ്രത്യേകം ശ്രദ്ധേയമാണ്. ദൈവത്തിന്റെ ശക്തിയായിട്ടാണ് ആത്മാവിനെ പഴയനിയമത്തിലധികവും കാണുക. ആത്മാവിനെ ഒരു വ്യക്തിയെന്ന നിലയിൽ പഴയനിയമത്തിലൊരിക്കൽപ്പോലും കാണുന്നില്ല. ന്യായാധിപൻമാരുടെയും പ്രവാചകൻമാരുടെയുംമേൽ വരുകയും (ന്യായ 3:10) അവരിൽ നിറഞ്ഞ് കവിഞ്ഞ് അവരെ പ്രവർത്തനനിരതരാക്കുകയും ചെയ്യുന്ന ആത്മാവ് ദൈവത്തിന്റെ ദാനമാണ് (ഏശയ്യ 42:1). ദൈവത്തിൽനിന്നു വ്യത്യസ്തമായൊരു ശക്തിയല്ല; ദൈവം തന്നെയാണ് ആത്മാവെന്നും എന്നാൽ അതേസമയംതന്നെ ദൈവത്തിൽനിന്നു വ്യതിരിക്തമാണ് അതെന്നും ഇതു സൂചിപ്പിക്കുന്നു.

പഴയനിയമത്തിൽനിന്നു കിട്ടുന്ന ചിത്രമിതാണ്. ദൈവം ഏകനാണ് എങ്കിൽതന്നെയും ഈ ഏകത്വത്തിന് എന്തോ പ്രത്യേകതയുണ്ട്. ഇവിടെ ബഹുത്വം വ്യക്തമല്ലെങ്കിലും പുതിയനിയമത്തിന്റെ വെളിച്ചത്തിൽ ദൈവികത്രിത്വത്തിന്റെ പ്രാരംഭസൂചന പഴയനിയമത്തിൽ ദർശിക്കാവുന്നതാണ്.

## പരിശുദ്ധ ത്രിത്വം – പുതിയ നിയമത്തിൽ

പുതിയനിയമത്തിൽ പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് വ്യക്തമായ വെളിപ്പെടുത്തലുകൾ കാണുവാൻ കഴിയും. പുതിയനിയമകർത്താ

ക്കളധികംപേരും അതുപോലെതന്നെ ആദിമ ക്രൈസ്തവരിൽ നല്ലൊരു പങ്കും യഹൂദരായിരുന്നു, ഏകദൈവ വിശ്വാസികൾ. അതുകൊണ്ടുതന്നെ ദൈവത്തിൽ മൂന്നാളുകൾ എന്ന ആശയം അവരിൽ നിന്നുവരിക എന്നത് പ്രയാസം. പിന്നെ എപ്രകാരം ഈ ചിന്ത ക്രൈസ്തവ സമൂഹത്തിലേക്ക് കടന്നുവന്നു? യേശുവുമായുള്ള ബന്ധം അവരുടെ വിശ്വാസത്തെ ചോദ്യം ചെയ്യാനും ശരിയായതിലേക്ക് നീങ്ങാനും അവരെ പ്രേരിപ്പിച്ചു. മുപ്പതുവയസ്സുവരെ ആശാരിപ്പണിചെയ്ത് ജീവിച്ച നസ്രത്തുകാരന്റെ ജീവിതവും പ്രവർത്തനങ്ങളും അവരുടെ മുന്നിൽ ഉത്തരംകിട്ടാത്ത ചോദ്യചിഹ്നമായി നിലകൊണ്ടു. യേശുവിന്റെ ജീവിതവും അവന്റെ ഉപദേശങ്ങളുമൊക്കെ അവരെ സംബന്ധിച്ചിടത്തോളം അഗ്രാഹ്യവും എന്നാൽ പുതുമയാർന്നതുമായിരുന്നു. അന്ത്യത്താഴ സമയത്ത് അപ്പമെടുത്ത് "ഇത് എന്റെ ശരീരമാകുന്നു", വീഞ്ഞെടുത്ത് "ഇത് എന്റെ രക്തമാകുന്നു" എന്നു പറഞ്ഞവൻ പിറ്റേന്ന് "എന്റെ ദൈവമെ എന്റെ ദൈവമേ എന്തുകൊണ്ടെന്നെ ഉപേക്ഷിച്ചു" എന്നു പറഞ്ഞുമരിക്കുമ്പോൾ ശിഷ്യന്മാരുടെ എല്ലാ പ്രതീക്ഷകളും തകരുകയാണ്. യേശു ഉയർത്തെഴുന്നേറ്റ് കഴിഞ്ഞപ്പോഴും അവരുടെ ഭയം വിട്ടുമാറിയിരുന്നില്ല.

പെന്തക്കുസ്താ ദിനത്തിലാണ് അപ്പസ്തോലന്മാർ എല്ലാ ഭയവും വിട്ടുമാറി ആത്മാവിന്റെ മനുഷ്യരായിതീരുന്നത്. പഴയനിയമത്തിൽ വിശ്വസിച്ചിരുന്നവർ യേശുവിന്റെ പുതിയനിയമവുമായിട്ട് പൊരുത്തപ്പെടുവാൻ ശ്രമിച്ചു. അങ്ങനെ പെന്തക്കുസ്താ അനുഭവത്തിലൂടെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിന്റെ പ്രവർത്തനം അവർ മനസ്സിലാക്കി.

## പരിശുദ്ധ ത്രിത്വം - പുതിയ നിയമത്തിൽ വിവരിച്ചിരിക്കുന്ന ക്രമം

### 1. പിതാവ് - പുത്രൻ - പരിശുദ്ധാത്മാവ്

മത്താ 28:19; യോഹ 3:34; യോഹ 6:27; അപ്പ 2:32-33; അപ്പ 2:38-39; അപ്പ 5:29-32; അപ്പ 5:29-32; റോമാ 1:1-4; റോമാ 5:1-5; റോമാ 6:3-5; റോമാ 15:15-19; 1 കോറി 6:11; 1 കോറി 6:14; 2 കോറി 1:21-22; കൊളോ 1:6-8; എഫേ 1:3-14; എഫേ 1:17-23; എഫേ 2:19-22; എഫേ 3:2-6; തെസ്സ 5:17-20; ഗലാ 3:10-14; ഗലാ 4:4-6; 1 പത്രോസ് 1:3-12; വെളിപാട് 22:1-2

### 2. പിതാവ് - പരിശുദ്ധാത്മാവ് -പുത്രൻ

മത്താ 18:15-21; യോഹ 1:33-34; അപ്പോ 1:7-8; അപ്പോ 4:24-26; 1 കോറി 1:9; 1 കോറി 2:10-16; എഫേ 3:14-19; എഫേ 5:15-21; 2 തെസ്സ

2:13-15; തീത്തോസ് 3:4-7; 1 പത്രോസ് 1:1-2; 1 യോഹ 4:11-16; വെളി പാട് 1:4-7

**3. പുത്രൻ - പിതാവ് - പരിശുദ്ധാത്മാവ്**

മത്താ 27:50; മർക്കോ 15:37; ലൂക്കാ 23:46; യോഹ 20:21-23; 2 കോറി 13:13; എഫേ 1:13; ഫിലി 2:1-2; തീത്തോസ് 3:9-10; 1 തിമോത്തി 3:14-15; 1 പത്രോസ് 3:18; 1 പത്രോസ് 4:6

**4. പുത്രൻ - പരിശുദ്ധാത്മാവ് - പിതാവ്**

മർക്കോ 1:9-11, മത്താ 3:16-17, ലൂക്കാ 3:22; മർക്കോ 9:1-8, മത്താ 17:1-9, ലൂക്കാ 9:28-38; റോമാ 15:20; 1 കോറി 6:15-20; 2 കോറി 3:2-3; എഫേ 1:13-14; ഹെബ്രാ 9:13-14; ഹെബ്രാ 10:29-31

**5. പരിശുദ്ധാത്മാവ് - പിതാവ് - പുത്രൻ**

ലൂക്കാ 1:35; ലൂക്കാ 4:18-19; യോഹ 14:26; അപ്പോ 13:32-33; അപ്പോ 20:28; റോമാ 8:11; റോമാ 8:14-17; ഫിലി 3:3-4; യൂദാസ് 20:21

**6. പരിശുദ്ധാത്മാവ് - പുത്രൻ - പിതാവ്**

യോഹ 15:26-27; യോഹ 16:13-15; റോമാ 14:17-19; 1 കോറി 12:4-6; എഫേ 4:4-7; ഹെബ്രാ 6:4-7

**ആദിമ പ്രഘോഷണം**

പെന്തക്കുസ്താ ദിവസം പത്രോസ് നടത്തിയ പ്രസംഗത്തിൽ (അപ്പ 3:11-26) ക്രിസ്തീയ വിശ്വാസത്തിന്റെ സംക്ഷിപ്തരൂപം കാണുവാൻ സാധിക്കും. പിതാവും പുത്രനും പരിശുദ്ധാത്മാവുമായിട്ടുള്ള ഗാഢബന്ധവും ഇവരിൽ ഓരോ വ്യക്തികളുടെ സവിശേഷതകളും പ്രത്യേകതകളും നമുക്കിവിടെ ദർശിക്കാനാകും.

പരിശുദ്ധ ത്രിത്വം എന്ന രഹസ്യത്തിലേക്കുള്ള ആദ്യത്തെ ഉൾക്കാഴ്ചയാണിത്. യഹൂദജനം "യാഹ്‌വേ" എന്നു വിളിക്കുന്ന പിതാവുതന്നെയാണ് എല്ലാ പ്രവർത്തനങ്ങളുടെയും മൂലകാരണം. പിതാവിൽ കേന്ദ്രീകൃതമായ ഒരു വിശ്വാസ പ്രഖ്യാപനമാണ് പത്രോസ് നടത്തുന്നത്. "യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമായി ഉയർത്തി" (അപ്പ 3:26) എന്ന പ്രഖ്യാപനം യേശുവിന്റെ ദൈവത്വത്തിലേക്ക് വിരൽ ചൂണ്ടുന്നു. യഹൂദർ ദൈവത്തെമാത്രമേ കർത്താവ് എന്ന് വിളിച്ചിരുന്നുള്ളൂ. യേശുവിനെ കർത്താവെന്നു വിളിക്കുകവഴി അവിടുത്തെ ദൈവമായി ഏറ്റുപറയുകയാണിവിടെ. പരിശുദ്ധാത്മാവിനെ അയക്കുന്നത് യേശുവാണ്. യേശുവിന്റെ നാമത്തിൽ മാത്രമേ പാപമോചനം ലഭിക്കുകയുള്ളൂ. ഇവയൊക്കെ ദൈവ

മാണെന്ന സൂചനയാണ് നൽകുന്നത്.

## പരിശുദ്ധ ത്രിത്വം - സുവിശേഷങ്ങളിൽ

### പിതാവും പുത്രനും

"പ്രധാന പുരോഹിതൻ വീണ്ടും ചോദിച്ചു: നീയാണോ വാഴ്ത്തപ്പെട്ടവന്റെ പുത്രനായ ക്രിസ്തു? യേശു പറഞ്ഞു: ഞാൻ തന്നെ. മനുഷ്യപുത്രൻ ശക്തിയുടെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും. അപ്പോൾ പ്രധാന പുരോഹിതൻ വസ്ത്രം വലിച്ചു കീറിക്കൊണ്ടു പറഞ്ഞു: ഇനി നമുക്ക് സാക്ഷികളെക്കൊണ്ടെന്താവശ്യം? ദൈവദൂഷണം നിങ്ങൾ കേട്ടുവല്ലോ" (മർക്കോ 14:61-64) തന്റെ മൂന്നുകൊല്ലത്തെ സുവിശേഷ പ്രഖ്യാപനത്തിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന ഒരു സത്യത്തിന്റെ പ്രഖ്യാപനമാണിവിടെ. ഈ പ്രഖ്യാപനം യേശു ദൈവത്തിന്റെ പുത്രനാണെന്ന് യേശുതന്നെ നൽകുന്ന സാക്ഷ്യമാണ്. ദൈവത്തെ പിതാവേ എന്നു വിളിക്കുവാൻ യേശു ശിഷ്യൻമാരെ പഠിപ്പിച്ചുവെങ്കിലും അവർക്ക് ദൈവത്തോടുള്ള ബന്ധത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ബന്ധമാണ് തനിക്കും പിതാവുമായിട്ടുള്ളതെന്ന് വ്യക്തമാക്കുന്നുണ്ട്. "എന്റെ പിതാവും നിങ്ങളുടെ പിതാവും" (യോഹ 20:17) എന്ന് വേർതിരിച്ചു പറയുന്നത് ഇതിനൊരുദാഹരണമാണ്. പുത്രനാരെന്ന് പിതാവിനും, പിതാവാരെന്ന് പുത്രനും മാത്രമേ അറിയൂ (ലൂക്കാ 10:22). യേശുവും പിതാവുമായിട്ടുള്ള ഗാഢബന്ധമാണ് ഇവിടെ കാണുന്നത്.

### പരിശുദ്ധാത്മാവ്

"പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" (ലൂക്കാ 1:55). പഴയനിയമത്തിൽ പരോക്ഷമായി കാണുന്ന പരിശുദ്ധാത്മാവ് പുതിയനിയമത്തിൽ ആരംഭംമുതൽ കർമ്മനിരതനാകുന്നത് നമുക്ക് ഇവിടെ കാണുവാൻ സാധിക്കും. യേശുവിന്റെ ജനനംമുതൽ മരണംവരെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കാണുവാൻ സാധിക്കുന്നുണ്ട്. പിതാവിനോട് നിരന്തരം പ്രാർത്ഥിക്കുന്നവർക്ക് യേശു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു (ലൂക്കാ 11:13). തനിക്ക് സാക്ഷ്യം വഹിക്കുവാൻ പരിശുദ്ധാത്മാവ് അവർക്ക് ശക്തി നൽകുമെന്ന് യേശു ഉറപ്പുനൽകി.

### പിതാവും പുത്രനും പരിശുദ്ധാത്മാവും

മത്തായി 28:19 ന്റെ ആന്തരികാർത്ഥം പിതാവിന്റെയും പുത്ര

ന്റെയും പരിശുദ്ധാത്മാവിന്റെയും ആവാസം മാമ്മോദീസാ സ്വീക രണംവഴി ക്രിസ്ത്യാനിക്ക് ലഭിക്കുന്നു എന്നതാണ്. പരിശുദ്ധ ത്രിത്വ ത്തിലെ മൂന്നാളുകളും ശിഷ്യന്മാരിൽ വസിക്കുന്നതായി യേശു ഉറപ്പു നൽകിയിട്ടുണ്ട്. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവനിൽവന്ന് വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14:23). "നിങ്ങളോടു കൂടിയായിരിക്കുവാൻ മറ്റൊരു സഹായകനെ പിതാവ് നിങ്ങൾക്കു നൽകും" (യോഹ 14:16).

പിതാവ് പുത്രനിലും പുത്രൻ പിതാവിലും ആയിരിക്കുന്നു. പരി ശുദ്ധാത്മാവ് പുത്രനാലും പിതാവിനാലും അയക്കപ്പെടുന്നു. ഈ വിധത്തിലുള്ള പരാമർശങ്ങൾ പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളു കളും തമ്മിലുള്ള വ്യതിരിക്തതയും അതേസമയം പൂർണ്ണമായ ഐക്യവും വെളിപ്പെടുത്തുന്നു. ഈ ഐക്യമാണ് മനുഷ്യ സമൂഹ ത്തിന് ദൈവത്തോടും പരസ്പരവും ഉണ്ടാകേണ്ടത്.

### വി. പൗലോസിന്റെ ലേഖനങ്ങളിൽ

വി. പൗലോസിന്റെ ലേഖനങ്ങൾ പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച നല്കുന്നു. "പിതാവായ ദൈവം"; "കർത്താ വായ ക്രിസ്തു"; "പരിശുദ്ധാത്മാവ്" എന്നിങ്ങനെയാണ് ത്രിയേക ദൈവത്തെക്കുറിച്ച് ലേഖനങ്ങളിൽ കാണുക.

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽനിന്നും പിതാവായ ദൈവത്തിൽനിന്നും കൃപയും സമാധാനവും" എന്നാശംസിച്ചു കൊണ്ട് പൗലോസ് തന്റെ ലേഖനങ്ങൾ ആരംഭിക്കുന്നതും (റോമാ 1:7; കോറി 1:3; 2 കോറി 1:2; ഗലാ 1:3) സമാപിക്കുന്നതും കാണാം (2 കോറി 13:13).

പരിശുദ്ധ ത്രിത്വത്തിന്റെ വെളിപാട് അതിന്റെ പൂർണ്ണതയിൽ കാണുന്നത് യേശുവിന്റെ ഉത്ഥാനത്തോടു കൂടിയാണ്. "അവൻ ജഡ പ്രകാരം ദാവീദിന്റെ സന്തതിയിൽനിന്നു ജനിച്ചവനും മരിച്ചവരിൽനി ന്നുള്ള ഉത്ഥാനംവഴി വിശുദ്ധിയുടെ ആത്മാവിനു ചേർന്നവിധം ശക്തിയിൽ ദൈവപുത്രനായി നിശ്ചയിക്കപ്പെട്ടവനുമാണ്" (റോമാ 1:4). 'ദാവീദിന്റെ സന്തതി' എന്ന് സൂചിപ്പിച്ചിരിക്കുന്നത് യേശുവിന്റെ മാനുഷികമായ ജനനത്തെക്കുറിക്കാനാണ്. എന്നാൽ യേശുവിന്റെ ഉത്ഥാനത്തോടുകൂടി യേശുവിനെ ദൈവപുത്രസ്ഥാനത്തേക്ക് ഉയർത്തുന്നു. പരിശുദ്ധാത്മാവിലൂടെ ആണ് ഈ മഹത്വീകരണം സംഭവിക്കുന്നത്. പുനരുത്ഥാനം പരിശുദ്ധ ത്രിത്വം പൂർണ്ണമായി സ്വയം വെളിപ്പെടുത്തുന്നതിന്റെ മുഹൂർത്തമായി മാറുന്നു.

**പിതാവായ ദൈവം**

"പിതാവായ ദൈവം യേശുക്രിസ്തുവിലൂടെ എല്ലാം സൃഷ്ടിച്ചു" (എഫേ 2:10), "എല്ലാ പിതൃത്വങ്ങൾക്കും ആദികാരണവും അടിസ്ഥാനവുമായ പിതാവ്" (എഫേ 3:15). എന്നിങ്ങനെയുള്ള വെളിപ്പെടുത്തലുകൾ വി. പൗലോസിന്റെ ലേഖനങ്ങളിൽ നമുക്ക് കാണാവുന്നതാണ്.

**പുത്രനായ ദൈവം**

മനുഷ്യനായി അവതരിച്ച യേശുവിന്റെ അന്തസ്സത്ത ദൈവികമാണ്. അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ യുഗങ്ങൾക്ക്മുൻപ് ആദ്യജാതനുമാണവിടുന്ന് (കൊളോ 1:15, 2 കോറി 4:4). ദൈവത്തിൽനിന്നു ജനിച്ചവനാകയാൽ അവൻ ദൈവപുത്രനെന്നു വിളിക്കപ്പെടുന്നു. പുത്രൻ പിതാവിനോട് സമനായിരിക്കുന്നുവെന്നു വ്യക്തമാക്കുന്നതാണ് ഫിലിപ്പിയർക്കെഴുതിയ ലേഖനം (2:6-11).

**പരിശുദ്ധാത്മാവായ ദൈവം**

ദൈവപുത്രന്റെ മരണവും ഉത്ഥാനവുംവഴി ലഭ്യമായ മോചനത്തിലും ദൈവികജീവനിലും നമ്മെ പങ്കുകാരാക്കുന്നത് ദൈവത്തിന്റെ ആത്മാവാണ്. യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിനെ ദൈവം നമ്മുടെമേൽ സമൃദ്ധമായി വർഷിച്ചു (തീത്തോ 13:6). ദൈവത്തിന്റെ ആത്മാവ് വിശ്വാസവും ജ്ഞാനസ്നാനവുംവഴി നമ്മെ കഴുകി ശുദ്ധീകരിച്ചു (തീത്തോ 3:5). ആത്മാവിൽ നാം നിരന്തരം വസിക്കുന്നതിനാൽ നാം ദൈവത്തിന്റെ ആലയങ്ങളാണ് (1 കോറി 6:19) ദൈവത്തിന്റെ ആത്മാവ് ഒരു വ്യക്തിയാണെന്ന നിലയിലേക്കാണ് പൗലോസിന്റെ ലേഖനങ്ങൾ നമ്മെക്കൊണ്ടെത്തിക്കുന്നത്.

**കാതോലിക ലേഖനങ്ങളിൽ**

യേശുവിനെക്കുറിച്ചുള്ള പ്രസംഗം തങ്ങളുടെ ജീവിതാനുഭവത്തിൽനിന്നാണെന്ന് പത്രോസ് വ്യക്തമാക്കുന്നുണ്ട് (2 പത്രോ 1:16 -18). ആദിമുതൽ ഉണ്ടായിരുന്നതും തങ്ങൾ കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെ (1 യോഹ 1:16-18) യാണ് അപ്പസ്തോലന്മാർ പ്രഘോഷിച്ചത്. യേശു ദൈവപുത്രനാണെന്ന് പിതാവായ ദൈവവും അവിടുത്തെ ആത്മാവും സാക്ഷ്യപ്പെടുത്തുന്നു (1 യോഹ 6:6-12).

**വെളിപാടു പുസ്തകത്തിൽ**

ഇവിടെ യേശുവിന്റെ ദൈവികതയെക്കുറിച്ച് പല സൂചനകളും

കാണാം. മനുഷ്യപുത്രന്റെ ദർശനം വർണ്ണിക്കുമ്പോൾ വിവരിക്കുന്ന വെൺമഞ്ഞുപോലെ ധവളമായ ശിരസ്സും മുടിയും പെരുവെള്ളത്തിന്റെ പോലുള്ള ശബ്ദവും ദൈവത്തിന്റെ വിശേഷണങ്ങളാണ് (വെളി 1:14-15). കുഞ്ഞാട് ദൈവത്തിന്റെ സിംഹാസനത്തിലിരുന്ന് (വെളി 7:17) ദൈവത്തോടൊപ്പം ഭരണം നടത്തുന്നു (വെളി 11:15). കുഞ്ഞാട് ദൈവത്തെപ്പോലെ ആൽഫയും ഒമേഗയുമാണ്, ആദിയും അന്ത്യവുമാണ് (വെളി 1:8,22:13).

ബൈബിളിന്റെ വെളിച്ചത്തിൽ പരിശുദ്ധ ത്രിത്വത്തെ നോക്കുമ്പോൾ ഒരുകാര്യം മനസ്സിലാക്കുവാൻ സാധിക്കും. ആദിയും അന്ത്യവുമില്ലാത്തവനായ ദൈവം അനാദിയിൽ തനിക്ക് തുല്യനായ ഒരു പുത്രന് ജന്മം നൽകി. ദൈവത്തിന്റെ പൂർണ്ണ പ്രതിരൂപമായ ഈ പുത്രൻ ദൈവത്തിന്റെ വചനമാണ്. പിതാവും പുത്രനും പരസ്പരം അറിയുന്നു. പിതാവ് പുത്രനെ സ്നേഹിക്കുന്നു. പിതാവിലും പുത്രനിലും അനുസ്യൂതം നിർഗളിക്കുന്ന ചൈതന്യമാണ് പരിശുദ്ധാത്മാവ്. ദൈവം ഏകനാണ്. എന്നാൽ ഏകത്വം ഏകാകിത്വമല്ല. മൂന്നു ദൈവികാളുകളുടെ സമ്പൂർണ്ണ ഐക്യത്തിന്റെ, സ്നേഹത്തിന്റെ, അറിയലിന്റെ കൂട്ടായ്മയാണ്. ഇവിടെ സ്വാർത്ഥതയില്ല. പരസ്പരം നല്കൽ മാത്രമാണുള്ളത്. ഇവിടെ സമത്വമുണ്ട്, ശാന്തിയുണ്ട്. ഈ ദൈവിക ഛായയുടെ പ്രതിരൂപങ്ങളായ നാം ഈ പരസ്പര അംഗീകരിക്കലിന്റെ, സ്വയം ദാനത്തിന്റെ, ഐക്യത്തിന്റെ, സമാധാനത്തിന്റെ, ശാന്തിയുടെ പ്രതിരൂപങ്ങളായി മാറേണ്ടവരാണ്.

**ഡോ. തോമസ് കൊച്ചുകരോട്ട്**
**ഫാ. ജയിംസ് പുത്തൻനടയിൽ**

# 02

## പരിശുദ്ധ ത്രിത്വം സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ

പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ദൈവശാസ്ത്ര സങ്കല്പം ഇന്നിന്റെ രീതിയിൽ രൂപം കൊള്ളുന്നതും വളർച്ച പ്രാപിക്കുന്നതും സഭാപിതാക്കന്മാരുടെ ചിന്തകളിലൂടെയാണ്. ഏകദൈവ വിശ്വാസത്തിലാരംഭിച്ച് ക്രിസ്തുവിന്റെ ദൈവികസത്തയെ കേന്ദ്രീകരിച്ച് പരിശുദ്ധാത്മാവിന്റെ 'ദൈവിക' സ്വഭാവത്തിൽ എത്തിച്ചേരുന്നതാണ് സഭാപിതാക്കന്മാരുടെ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ചിന്തകൾ. ഏകദൈവാരാധനയെ മുറുകെ പിടിച്ചിരിക്കുന്ന വിഭാഗമാണ് യഹൂദർ (ഏശ 44:6 –8, 45:22, പുറപ്പാട് 20:2, നിയമാവർത്തനം 6:4 –6). അതിനാൽ ആദിമ നൂറ്റാണ്ടിൽ യഹൂദ മതത്തിൽ നിന്നും ഉൽഭവിച്ച ക്രിസ്തുമതത്തിലും ഈ ഏകദൈവാരാധനയുടെ ശക്തമായ സ്വാധീനമുണ്ട് (മത്താ. 22:37). അതുകൊണ്ടുതന്നെ ക്രിസ്തു ദൈവപുത്രനാണെന്നും ദൈവമാണെന്നും സ്ഥാപിക്കുക എന്നിവ അതീവ ദുർഘട സന്ധിയെയാണ് സഭാപിതാക്കന്മാർ അഭിമുഖീകരിച്ചത്. ക്രിസ്തു ദൈവമല്ലെന്നും ദൈവം തിരഞ്ഞെടുത്ത ഒരു വ്യക്തിയാണെന്നും വരികയാ

ണെങ്കിൽ ക്രിസ്തുവിന്റെ ജീവിതത്തിലൂടെ നേടിയെടുത്ത രക്ഷ അർത്ഥമില്ലാത്ത ഒന്നായിത്തീരും. കാരണം സൃഷ്ടി മറ്റൊരു സൃഷ്ടിയുടെ രക്ഷ സാധിതമാക്കുന്നതെങ്ങനെ? വീണ്ടും ക്രിസ്തു ദൈവമാണെന്ന് സ്ഥാപിക്കാൻ ശ്രമിച്ചാൽ ഏകദൈവാരാധന യിൽനിന്നുമുള്ള അകൽച്ചയായിരിക്കും ഫലം. അതുകൊണ്ട് ക്രിസ്തു ദൈവമാണെന്നും എങ്കിലും ദൈവവും ക്രിസ്തുവും രണ്ടല്ല ഏകദൈവസത്തയിലെ രണ്ട് വ്യക്തിപ്രഭാവങ്ങളാണെന്നും സ്ഥാപിക്കേണ്ട ആവശ്യകതയിൽനിന്നുമാണ് സഭാപിതാക്കന്മാരുടെ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ചിന്തകൾ ആരംഭിക്കുന്നത്.

## ത്രിത്വദർശനം ഒന്നാം നൂറ്റാണ്ടിൽ

എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ പകുതിയിൽത്തന്നെ ക്രിസ്തുവിന്റെ ദൈവികത്വത്തെക്കുറിച്ചുള്ള എതിർവാദങ്ങൾ രൂപംകൊണ്ടിരുന്നു. വി.പൗലോസ് തന്റെ ലേഖനങ്ങളിലൂടെയും യോഹന്നാൻ തന്റെ സുവിശേഷത്തിലൂടെയും ക്രിസ്തു ദൈവമാണെന്ന് വ്യക്തമാക്കി യെങ്കിലും യേശുവിന്റെ ദൈവികതയെ ചോദ്യം ചെയ്യുന്നത് നില ച്ചില്ല. മോശയുടെ നിയമങ്ങളോട് വിശ്വസ്തത പുലർത്തിയിരുന്ന എബിയോണൈറ്റ്സ് (AD.50) എന്ന യഹൂദക്രിസ്തീയ വിഭാഗവും അലക്സാൺഡ്രിയായിലുള്ള ചെറുന്തൂസ് (AD. 96-100) എന്ന യഹൂ ദമതപണ്ഡിതനും ദൈവത്തിന്റെ ഏകത്വത്തിൽ മുറുകെ പിടിച്ചു കൊണ്ട് യേശുവിന്റെ ദൈവികത്വത്തെ നിഷേധിച്ചു. ചെറുന്തൂസിന്റെ അഭിപ്രായം യേശുവിന്റെ ജ്ഞാനസ്നാന സമയത്ത് ക്രിസ്തു എന്ന സ്വർഗ്ഗീയാരൂപി യേശുവിൽ പ്രവേശിച്ചുവെന്നും അങ്ങനെ യേശു ഒരു പ്രവാചകനായെന്നുമാണ്.

## ത്രിത്വദർശനം രണ്ടാം നൂറ്റാണ്ടിൽ

**ഇഗ്നേഷ്യസ്, അന്ത്യോക്യ** (AD 107): രണ്ടാം നൂറ്റാണ്ടിന്റെ ആരം ഭത്തിൽ ക്രിസ്തുവിന്റെ ദൈവികതയെ ചോദ്യം ചെയ്യുന്നതിനെ തിരേ പ്രതികരിക്കുന്ന സഭാപിതാവായ അന്ത്യോക്യയിലെ ഇഗ്നേ ഷ്യസിനെ നാം കാണുന്നു. അന്ത്യോക്യാക്കാർക്കെഴുതിയ കത്തിൽ അദ്ദേഹം പറയുന്നു. "യേശുക്രിസ്തുവിന്റെ ദൈവികതയെ നിഷേ ധിക്കാൻ വേണ്ടിമാത്രം ഒരു ദൈവമേയുള്ളൂ എന്നു വാദിക്കുന്ന വർ പിശാചാണ്". തുടർന്ന് അദ്ദേഹം പറയുന്നു "യേശു വെറു മൊരു മനുഷ്യനാണെന്നു വാദിക്കുന്നവർ പ്രവാചകന്മാരുടെ വീക്ഷണപ്രകാരം ശപിക്കപ്പെട്ടവനാകട്ടെ (Letter Antiochians, Ch.5)

**റോമിലെ ക്ലമന്റ് (AD 101):** വിശുദ്ധ ക്ലമന്റ് തന്റെ രണ്ടാമത്തെ ലേഖനത്തിൽ പറയുന്നു "സഹോദരരെ നാം ക്രിസ്തുവിനെക്കു

റിച്ച് ദൈവത്തെ എന്നപോലെ ചിന്തിക്കണം (Second Epistle of Clement 1:1)

**ജസ്റ്റിൻ (AD 110 -165):** വിശുദ്ധ ജസ്റ്റിന്റെ വാക്കുകളിൽ "ദൈവത്തിൽ നിന്നു ജനിച്ച ഏകജാതനായ പുത്രനാണ് ക്രിസ്തു" (First Apology chs 6,23). ഇവരുടെ വാക്കുകൾ ക്രിസ്തുവിനെ ദൈവത്തിൽനിന്നും വേർതിരിച്ചു കാണിക്കുകയല്ല; മറിച്ച്, ദൈവത്തിന്റെ ഏകത്വത്തെ മുറുകെ പിടിക്കുകയും അതേ സമയം ക്രിസ്തു ദൈവമാണെന്നു സമർത്ഥിക്കുകയുമാണ് ചെയ്യുന്നത്.

### ഇറനേവൂസ് (120 -202)

രണ്ടാം നൂറ്റാണ്ടിൽ ത്രിത്വത്തിന്റെ ചിന്തകൾക്ക് ശക്തമായ അടിത്തറ നൽകുന്നത് വി. ഇറനേവൂസ് ആണ്. അദ്ദേഹം ദൈവിക രഹസ്യത്തെ സമീപിക്കുന്നത് രണ്ടു വിധത്തിലാണ്.

1. ആയിരിക്കുന്ന ദൈവം (God who is)

2. രക്ഷാകര ചരിത്രത്തിലൂടെ വെളിപ്പെടുന്ന ദൈവം (God who is manifested in the economy of salvation). ചരിത്രത്തിലൂടെ വെളിപ്പെട്ടത് കാലങ്ങൾക്ക് മുമ്പ് തന്നെയുണ്ടായിരുന്ന സത്യമാണ് എന്നു ഇറനേവൂസ് പഠിപ്പിച്ചു. അതുകൊണ്ട് പദാർത്ഥം തിൻമയാണെന്നും അതിനാൽ ദൈവത്തിന് മനുഷ്യസ്ത്രീയിൽനിന്നും ജനിക്കുക സാധ്യമല്ലെന്നും വാദിച്ച മാർസിയോണിന്റെ ദ്വന്ദവാദത്തിനും (dualism) ജ്ഞാനവാദത്തിനും (gnostic) എതിരേ ഇറനേവൂസ് പറയുന്നു: 'ഒരൊറ്റ ദൈവമേയുള്ളൂ, സ്രഷ്ടാവും എല്ലാ അധികാരങ്ങൾക്കും ആധിപത്യങ്ങൾക്കും ശക്തികൾക്കും നന്മകൾക്കും ഉപരിയായവനും പിതാവാണ്. അവൻ ദൈവമാണ്, എല്ലാറ്റിന്റേയും ഉറവിടവും നിർമ്മാതാവും സ്രഷ്ടാവുമാണ്. അവിടുന്നാണ് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവ്. അവിടുത്തെ ആത്മജനായ വചനത്തിലൂടെ അവിടുന്ന് തന്നെത്തന്നെ വെളിപ്പെടുത്തി'. അങ്ങനെ എല്ലാറ്റിന്റെയും സ്രഷ്ടാവായ ദൈവത്തിന്റെ പുത്രനാണ് ക്രിസ്തുവെന്നും ക്രിസ്തു ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണെന്നും ഇറനേവൂസ് സ്ഥാപിച്ചു (cfr. Aganinst Heresies II, 30).

### ത്രിത്വദർശനം മൂന്നാം നൂറ്റാണ്ടിൽ

ദൈവം എങ്ങനെയാണ് സൃഷ്ടിയിലും രക്ഷാകരപ്രവൃത്തിയിലും അനുരഞ്ജനത്തിലും തന്റെ സാന്നിധ്യം പ്രകടമാക്കുന്നത് എന്നതാണ് മൂന്നാം നൂറ്റാണ്ടിൽ പ്രബലമായി നിൽക്കുന്ന ചിന്ത. ചില

പശ്ചാത്തല പ്രശ്നങ്ങളെ ഇവിടെ മനസ്സിലാക്കേണ്ടതുണ്ട്. ദൈവം സർവ്വശക്തനാണ് (Pantokrator) എന്നു പറയുമ്പോൾ എങ്ങനെ യാണ് ക്രിസ്തുവിനെ ദൈവത്തിന്റെയൊപ്പം സർവ്വശക്തനായി കാണുന്നത്? രണ്ടു സർവ്വശക്തന്മാർ ഒരിക്കലും ഒരേ സമയത്ത് ഉണ്ടാവില്ലല്ലോ!

### തെർത്തുല്ല്യൻ (145-220)

തെർത്തുല്ല്യൻ രണ്ട് സാമ്യങ്ങൾ (Analogy) കൊണ്ടുവരുന്നു.

1. പിതാവും പുത്രനും ഒരേ ശരീരത്തിന്റെ രണ്ടവയവങ്ങളാണ് അതേസമയം ആ ശരീരം വിഭജിക്കപ്പെടാത്ത പൂർണ്ണ ശക്തിയുള്ള ഒരൊറ്റ ഘടകമാണ്.

2. പിതാവും പുത്രനും വ്യത്യസ്തരാണെങ്കിലും ഒരേ മനസ്സും ഇച്ഛാശക്തിയുമുള്ളവരാണ്.

ഈ രണ്ടു സാമ്യങ്ങളിലൂടെ പിതാവ് സർവ്വശക്തനാണെന്നും പുത്രന്റെ ദൈവികത്വം പിതാവിന്റെ സർവ്വശക്തിത്വത്തിന് എതിര ല്ലെന്നും സ്ഥാപിക്കാൻ തെർത്തുല്ല്യൻ ശ്രമിക്കുന്നു. എന്നാൽ ഈ രണ്ടുസാമ്യങ്ങളും പ്രശ്നം പരിഹരിക്കുവാൻ പോരുന്നവയായിരു ന്നില്ല. കാരണം ഈ രണ്ടുകാര്യങ്ങളും ഭാവനയുടെ തലത്തിൽ മാത്രം ഒതുങ്ങിനിൽക്കുകയും ചിന്തയുടെ തലത്തിലേക്ക് വരാത്ത തുമാണ്.

### ഒരിജൻ (185 -254)

പ്ലേറ്റോയുടെ തത്വശാസ്ത്രം കടമെടുത്തുകൊണ്ട് ഒരിജൻ പറ യുന്നു ഒരു ദൈവമേയുള്ളൂ. ദൈവത്തിൽനിന്നു പുറപ്പെടുന്നവനാണ് പുത്രൻ. അതുകൊണ്ട് ദൈവമാണെങ്കിലും പിതാവിന്റെ താഴെ യാണു പുത്രന്റെ സ്ഥാനം. നിർഭാഗ്യമെന്നു പറയട്ടെ ഒരിജന്റെ ചിന്ത കൾ സഭയുടെ പൂർണ്ണമായ വിശ്വാസാവിഷ്ക്കരണത്തിന് പര്യാ പ്തമായിരുന്നില്ല. കൂടാതെ അവ ആര്യൻ പാഷണ്ഡതയുടെ ആവിർഭാവത്തിനും കാരണമായിത്തീർന്നു.

### ഡയനേഷ്യസ് (+268)

റോമായിലെ 25-ാമത്തെ മെത്രാനായ ഡയനേഷ്യസിന് മൂന്നു പാഷണ്ഡതകൾ നേരിടേണ്ടിയിരുന്നു. സെബല്ലയനിസം, സബോർഡിനേഷനിസം, ത്രൈത്തേയിസം. സെബല്ലയനിസം എന്നത് ദൈവം ഒരു വ്യക്തിയാണെന്നും ആ വ്യക്തി മൂന്നു റോളു കളിൽ പ്രത്യക്ഷപ്പെട്ട് സൃഷ്ടിയും രക്ഷയും അനുരഞ്ജനവും

സാധിച്ചു എന്നുപഠിപ്പിച്ച പാഷണ്ഡതയാണ്. സബോർഡിനേഷ നിസം ദൈവത്തിൽ മൂന്നു വ്യക്തികളുണ്ടെന്ന് പഠിപ്പിച്ചെങ്കിലും പിതാവിനേക്കാൾ താഴെയാണ് പുത്രനെന്നും, പുത്രനേക്കാൾ താഴെ യാണ് പരിശുദ്ധാത്മാവെന്നും പഠിപ്പിക്കുന്ന പാഷണ്ഡതയാണ്. ത്രൈത്തേയിസമാകട്ടെ ദൈവത്തിന്റെ മൂന്നാളുകളും മൂന്നു വ്യത്യസ്ത ദൈവങ്ങളാണെന്ന പാഷണ്ഡതയും പഠിപ്പിച്ചു. ഈ അവസരത്തിൽ ഡയനേഷ്യസ് റോമിൽ ഒരു സിനഡ് വിളിച്ചു കൂട്ടു കയും മൂന്ന് കാര്യങ്ങൾ ഈ പ്രശ്നത്തിന് മറുപടിയായി അവതരി പ്പിക്കുകയും ചെയ്തു.

1. ഒരു സർവ്വശക്തനേയുള്ളൂ.
2. യേശുക്രിസ്തു സർവ്വശക്തനാണ്.
3. സർവ്വശക്തനായ ക്രിസ്തു സർവ്വശക്തനായ ദൈവത്തിന്റെ പുത്ര നാണ്.

ഈ പ്രഖ്യാപനം യഥാർത്ഥത്തിൽ പ്രശ്നപരിഹാരമായിരുന്നി ല്ല. എന്നാലും പ്രശ്നത്തെ അതിന്റെ വ്യക്തതയോടെ നോക്കിക്കാ ണാനും ഏത് വിശ്വാസമാണ് സഭ കാത്തുപോരേണ്ടതെന്ന് വിശ ദീകരിക്കുവാനും ഡയനേഷ്യസിന് സാധിച്ചു. പിൽക്കാലത്ത് ഈ പ്രശ്നത്തിൽ നിന്നുളവായ ആര്യൻ പാഷണ്ഡത സഭയിൽ വലിയ കോളിളക്കങ്ങൾ സൃഷ്ടിച്ചു. ആരിയൂസിന്റെ (256-336) ചിന്തയിൽ ക്രിസ്തു ദൈവത്തിന്റെ വെറുമൊരു സൃഷ്ടിയാണ്. അതുകൊ ണ്ടാണ് പുത്രനില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു എന്ന് ആരി യൂസ് പഠിപ്പിച്ചത്. ഇത് വീണ്ടും സഭയുടെ വിശ്വാസത്തിന് കനത്ത വെല്ലുവിളി ഉയർത്തി. കാരണം ക്രിസ്തുവിനെ ഏക മനുഷ്യരക്ഷ കനായി കാണാൻ ഇതുമൂലം സാധിക്കാതെ വന്നു.

## ത്രിത്വദർശനം നാലാം നൂറ്റാണ്ടിൽ

### അലക്സാൻഡ്രിയായിലെ അലക്സാണ്ടർ (273-326)

ആര്യനിസം വേരുറപ്പിച്ചു കൊണ്ടിരുന്ന കാലഘട്ടത്തിലായിരുന്നു അലക്സാൻഡ്രിയായിലെ മെത്രാനായിരുന്ന അലക്സാണ്ടർ ആര്യ നിസത്തിനെതിരേ പഠിപ്പിക്കാൻ തുനിഞ്ഞത്. അദ്ദേഹത്തിന്റെ വാദ ത്തിൽ പിതാവും പുത്രനും ഒന്നിനും കുറവില്ലാത്ത രീതിയിൽ മാറ്റ പ്പെടാനും വേർതിരിക്കപ്പെടാനുമാവാത്തത്ര തുല്യരാണ്. പിതാ വിന്റെ രൂപമാണ് പുത്രൻ. അദ്ദേഹം ഈ വാദത്തിന് ഉപോദ്ബല മായെടുക്കുന്നത് യോഹന്നാന്റെ സുവിശേഷം 10:30 ആണ്. പിതാവും ഞാനും ഒന്നാണ്. തുടർന്ന് ആര്യനിസത്തിന്റെ പ്രശ്നം പരിഹരി ക്കാൻ റോമാ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ 325ൽ

നിഖ്യാസൂനഹദോസ് വിളിച്ചുകൂട്ടി. സൂനഹദോസിലുണ്ടായിരുന്ന സഭാപിതാക്കന്മാർ ക്രിസ്തുവിന്റെ സ്വഭാവത്തെക്കുറിച്ചു വ്യക്തമാക്കാൻ ശ്രമിച്ചു. ക്രിസ്തു ജനിച്ചവനാണെങ്കിലും സൃഷ്ടിക്കപ്പെടാത്തവനാണെന്നും ദൈവത്തിൽനിന്നുള്ള ദൈവമാണെന്നും പിതാവിനും പുത്രനും ഒരേ സത്തയാണുള്ളതെന്നും നിഖ്യാ സൂനഹദോസ് പ്രഖ്യാപിച്ചു.

പക്ഷേ നിഖ്യാസൂനഹദോസിന്റെ പിതാവും പുത്രനും ഒരേ സത്തയാണ് (Homo ousios) എന്ന പഠനം വീണ്ടും പ്രശ്നങ്ങൾക്ക് വഴിതെളിച്ചു. പല പൗരസ്ത്യ മെത്രാന്മാരും തെറ്റിദ്ധാരണമൂലം ഇതിനെ എതിർത്തു. കേസറിയായിലെ എവുസേബിയൂസിന്റെ നേതൃത്വത്തിൽ ഒരു സംഘം മെത്രാന്മാർ "പുത്രൻ പിതാവുമായി എല്ലാ കാര്യങ്ങളിലും സാദൃശ്യമുള്ളവനാണ് എന്ന ആശയം മുന്നോട്ടു വയ്ക്കുകയും പിതാവും പുത്രനും ഒരേ സത്തയാണെന്ന നിഖ്യാ സൂനഹദോസിന്റെ പഠനം തെറ്റാണെന്ന് വാദിക്കുകയും ചെയ്തു. പുതിയനിയമം പഠിപ്പിക്കുന്നത് ഇതേ ആശയമാണെന്ന് അവർ അവകാശപ്പെട്ടു.

### അത്തനാസിയൂസ് (295-373)

അത്തനാസിയൂസിന്റെ അഭിപ്രായപ്രകാരം "സത്തപോലെ" (like essence) എന്നു പറയുന്നതും സത്തയുടെ എന്നു പറയുന്നതും (Of the essence) വ്യത്യസ്തമാണ്. ചെന്നായ് പട്ടിയെപ്പോലിരിക്കുന്നു എന്നു പറയുമ്പോൾ ചെന്നായ് പട്ടിയിൽനിന്നും വന്നു എന്നു പറയാൻ സാധിക്കില്ല. അതുകൊണ്ട് അത്തനാസിയൂസിന്റെ ചിന്തയിൽ homo ousious എന്നു പറയുന്നത് ഇവ രണ്ടിന്റെയും (like essence, Of the essence) അർത്ഥം പ്രതിഫലിപ്പിക്കുന്ന പദമാണ്. ഈ ആശയത്തോട് എവുസേബിയൂസ് സാവധാനം പൊരുത്തപ്പെടുകയും 362ൽ നടന്ന അലക്സാൺഡ്രിയൻ സൂനഹദോസിൽ ഇതു പൂർണ്ണമായും അംഗീകരിക്കപ്പെടുകയും ചെയ്തു. അങ്ങനെ ഒരേ സത്തയും (Ousia) മൂന്ന് ആൾക്കാരും (hypostasis) എന്ന വിശ്വാസ സത്യം രൂപപ്പെടുകയും ചെയ്തു.

ത്രിത്വത്തിലെ മൂന്നാമത്തെ വ്യക്തിയായ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പഠനങ്ങൾ നാലാം നൂറ്റാണ്ടിന്റെ ആരംഭംവരെ ശക്തമായിരുന്നില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരേ സത്തയുള്ള മൂന്ന് വ്യക്തികളാണ് എന്ന പഠനം ക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവികത്വത്തെ നിസ്സംശയം വെളിവാക്കിയെങ്കിലും പിതാവും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധവും (relationship)

എങ്ങനെയാണെന്നുള്ള ചിന്ത സഭാപിതാക്കന്മാരെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സൈദ്ധാന്തികമായ അന്വേഷണത്തിലേയ്ക്ക് നയിച്ചു. കപ്പദോച്ചിയായിലെ പിതാക്കന്മാർ എന്നറിയപ്പെടുന്ന ബേസിലും അദ്ദേഹത്തിന്റെ സഹോദരനായ നസിയാൻസിലെ ഗ്രിഗറിയും, നിസായിലെ ഗ്രിഗറിയും പരിശുദ്ധാത്മാവിനെക്കുറിച്ച് വ്യക്തമായ പഠനം നടത്തുകയുണ്ടായി.

### ബേസിൽ (330 –379)

ബേസിൽ ദൈവത്തിന്റെ മൂന്നാളുകളുടെ വ്യതിരിക്തത എടുത്തു കാണിക്കാൻ ശ്രമിക്കുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം പിതാവിനും പുത്രനും ലഭിക്കുന്ന മഹത്വവും ബഹുമാനവും ആരാധനയും പരിശുദ്ധാത്മാവിന് നല്കണമെന്ന് വാദിക്കുന്നു. മറ്റു ഗ്രീക്കു പിതാക്കന്മാരെപ്പോലെ ബേസിലും പരിശുദ്ധാത്മാവ് പിതാവിൽ നിന്ന് പുത്രനിലൂടെ പുറപ്പെടുന്നു എന്ന തത്ത്വം അംഗീകരിക്കുന്നു.

### നസിയാൻസിലെ ഗ്രിഗറി (330 –390)

നസിയാൻസിലെ ഗ്രിഗറിയാണ് പരിശുദ്ധാത്മാവിനെ ദൈവം എന്ന് ആദ്യമായി അഭിസംബോധന ചെയ്യുന്നത്. പിതാവിൽനിന്നും പുത്രനിലൂടെ പുറപ്പെടുന്നവനാണ് പരിശുദ്ധാത്മാവെന്നും പിതാവും പുത്രനും പരിശുദ്ധാത്മാവും മാറ്റമില്ലാത്ത രീതിയിൽ ഒരേ സത്തയാണെന്നും എന്നാൽ അവർ മൂവരും മൂന്ന് വ്യക്തികളാണെന്നും (hypostates in the sense of subject) ബേസിലിനെക്കാൾ ശക്തമായി പഠിപ്പിക്കുന്നത് നസിയാൻസിലെ ഗ്രിഗറിയാണ്.

### നിസായിലെ ഗ്രിഗറി (395)

നിസായിലെ ഗ്രിഗറി ദൈവത്തിന്റെ ഏകത്വത്തിന് പ്രാധാന്യം കൊടുക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ദൈവത്തിലെ മൂന്ന് വ്യക്തികളുടെ വ്യതിരിക്തത അവരുടെ പരസ്പര ബന്ധത്തിൽ മാത്രമാണ് പ്രതിഫലിപ്പിക്കുന്നത്. അതുകൊണ്ട് ദൈവത്തിന്റെ ബാഹ്യതയിലുള്ള (ad extra) പ്രവർത്തനം ഒന്നാണ്. ഉദാഹരണമായി മൂന്ന് മനുഷ്യ വ്യക്തികളുടെ കൂട്ടായ പ്രവർത്തനത്തിൽ ഓരോ മനുഷ്യന്റെയും വ്യത്യസ്തത തെളിഞ്ഞുകാണാവുന്നതാണ്. എന്നാൽ ദൈവത്തിന്റെ പ്രവർത്തനത്തിൽ പിതാവിന് പുത്രനുൾക്കൊള്ളാതെ പ്രവൃത്തി ചെയ്യുവാനോ അത് പരിശുദ്ധാത്മാവിന്റെ പ്രത്യേക ദൗത്യം ഉൾപ്പെടാതെ ചെയ്യുവാനോ സാദ്ധ്യമല്ല. ദൈവത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ത്രിത്വത്തിന്റെ മുദ്ര ഉൾക്കൊള്ളുന്നതാണ്. പിതാവിൽനിന്ന് പുത്രനിലൂടെ പരിശുദ്ധാ

ത്മാവിൽ നിറവേറുന്നതാണ് ദൈവിക പ്രവർത്തനം.

ചുരുക്കത്തിൽ ത്രിത്വത്തെക്കുറിച്ചുള്ള കപ്പദോച്ചിയൻ പിതാക്കന്മാരുടെ പഠനം രണ്ട് കാര്യങ്ങൾ വ്യക്തമാക്കുന്നു.

1. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരേ സത്തയുള്ളവരും (Of the same essence) മൂന്ന് വ്യക്തികളുമാണ് (three hypostates).
2. പിതാവിൽനിന്ന് ജനിച്ചവനാണ് പുത്രൻ. പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിലൂടെ പുറപ്പെടുന്നു.

കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പഠനം വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർക്കുകയും ഇന്ന് നിലവിലിരിക്കുന്ന രീതിയിലുള്ള വിശ്വാസം പ്രഖ്യാപിക്കുകയും ചെയ്തു. ഇതോടുകൂടി ത്രിത്വത്തിന്റെ താത്ത്വിക പഠനത്തിന് വിരാമമായി. എങ്കിലും വിശ്വാസപ്രമാണത്തിന്റെ ലത്തീൻ വിവർത്തനത്തിൽ "പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്" എന്നതിലെ "പുത്രനിൽനിന്നും" എന്ന പദം തുടർന്നുള്ള നൂറ്റാണ്ടുകളിൽ പൗരസ്ത്യ പാശ്ചാത്യ സഭകൾക്കിടയിൽ ഭിന്നിപ്പിന് കാരണമായി. ഈ പ്രശ്നത്തെയാണ് "ഫിലിയോക്കേ" വിവാദം (Filioque controversy) എന്നു വിളിക്കുന്നത്.

## ഫിലിയോക്കേ വിവാദം (Filioque Controversy)

നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം ലത്തീനിലേക്ക് വിവർത്തനം ചെയ്തപ്പോൾ 'പുത്രനിൽ നിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്' എന്ന് കൂട്ടിച്ചേർത്തു. ഇത് ആറാം നൂറ്റാണ്ടിൽ സ്പെയിനിലാണ് ആദ്യമായുപയോഗിച്ചത്. തുടർന്ന് മൂന്നാം തൊളേദോ കൗൺസിലിന്റെ വിശ്വാസപ്രമാണത്തിൽ ഇത് ഉൾക്കൊള്ളിച്ചു. (589) പക്ഷേ പൗരസ്ത്യസഭയിലെ സന്യാസികൾ ഇതിനെ എതിർത്തു. കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിന്റെ വിശ്വാസ പ്രമാണത്തിൽ മാറ്റം വരുത്തരുതെന്ന എഫേസൂസ് കൗൺസിലിന്റെ (431) തീരുമാനത്തെ ചോദ്യം ചെയ്യുന്ന പ്രവൃത്തിയായിട്ടാണ് ഈ കൂട്ടിച്ചേർക്കലിനെ അവർ കണ്ടത്. ഈ കൂട്ടിച്ചേർക്കൽ വിശ്വാസപ്രമാണത്തിൽ ഉൾക്കൊണ്ടിരിക്കുന്ന വിശ്വാസത്തിന്റെ വിശദീകരണം മാത്രമാണെന്ന് പാശ്ചാത്യ സഭ അവകാശപ്പെട്ടു. പക്ഷേ ഇത് 1054 ൽ പാശ്ചാത്യ പൗരസ്ത്യസഭകളുടെ വിഭജനത്തിന് ഒരു സുപ്രധാന കാരണമായിത്തീർന്നു.

## അഗസ്റ്റിൻ

നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിലെ പഠനത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ത്രിത്വത്തെ കൂടുതൽ അടുത്തറിയിക്കാൻ ശ്രമിക്കുകയാണ് അഗസ്റ്റിൻ. ത്രിത്വത്തിന്റെ ആന്തരിക ബന്ധമാണ് (relation) അഗസ്റ്റിന്റെ പഠനത്തിനു കേന്ദ്രമായി നിൽക്കുന്നത്. ത്രിത്വത്തിൽ എല്ലാം ഏകമാണ്. പക്ഷേ ത്രിത്വത്തിലെ മൂന്നാളുകളുടെ ബന്ധത്തിലുള്ള വ്യതിരിക്തതയാണ് അവരെ വേർതിരിക്കുന്നത്. അതുകൊണ്ട് ത്രിത്വം എന്നത് ദൈവത്തിന്റെ സത്തയിലോ (substance) സാദൃശ്യത്തിലോ (accident ) ഉള്ള ത്രിത്വമല്ല, മറിച്ച് ബന്ധത്തിലുള്ള ത്രിത്വമാണ്. അതായത് സൃഷ്ടിക്കപ്പെടാത്തവനും (പിതാവ്) ജനിച്ചവനെങ്കിലും സൃഷ്ടിക്കപ്പെടാത്തവനും (പുത്രൻ) പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും (പരിശുദ്ധാത്മാവ്) എന്ന ബന്ധത്തിലുള്ള ത്രിത്വം (Trinity of begetting, of being begotton and of proceeding) ആണ് അഗസ്റ്റിൻ പഠിപ്പിക്കുന്നത്. ഇത് കൂടുതൽ വെളിവാക്കാനായി ഒരു സാമ്യം (analogy) അദ്ദേഹം ഉപയോഗിക്കുന്നുണ്ട്. ദൈവത്തെ ഓർക്കുകയും (remembering) അറിയുകയും (understanding) സ്നേഹിക്കുകയും (loving) ചെയ്യുന്ന മനസിനെ ത്രിത്വവുമായി അദ്ദേഹം സാമ്യപ്പെടുത്തുന്നു. മനസ് അതിന്റെ സ്രഷ്ടാവിനെ പൂർണ്ണമായ ഓർമ്മശക്തിയോടും അറിവോടും സ്നേഹത്തോടും നോക്കിക്കാണുമ്പോൾ മാത്രമേ ദൈവത്തിന്റെ രൂപം പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കൂ. അതുകൊണ്ട്, ഓർമ്മയും സ്നേഹവും അറിവും മൂന്ന് തരത്തിലുള്ള മനസ്സല്ല ഒരു മനസ്സുതന്നെയാണ് എന്നദ്ദേഹം പറയുന്നു (On the Trinity 10,11)

## ഉപസംഹാരം

ക്രിസ്തുവിന്റെ ദൈവികത്വവും പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധവും അവരുടെ ഏകത്വവും തനിമയും വെളിപ്പെടുത്തിക്കൊണ്ടാണ് സഭാപിതാക്കന്മാരുടെ ത്രിത്വദർശനം പ്രകാശിതമാകുന്നത്. സഭയുടെ വിശ്വാസ സത്യങ്ങളിൽ പാഷണ്ഡതയുടെ മായം ചേർക്കാതെ അവയെ കാത്തു പരിപാലിക്കാനും ആ സത്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് അവയെ ആഴത്തിൽ മനസ്സിലാക്കാനും ശ്രമിച്ചവരാണ് സഭാപിതാക്കന്മാർ.

**ഡോ. ജയിംസ് ആനാപറമ്പിൽ (പരിശുദ്ധ ത്രിത്വം മൂന്നാം സഹസ്രാബ്ദത്തിന്റെ ജീവിതമാതൃക)**

# 03

## പരിശുദ്ധ ത്രിത്വം സഭാപഠനങ്ങളിൽ

പരിശുദ്ധത്രിത്വത്തിലെ വ്യക്തികളുടെ സ്വഭാവവും പരസ്പര ബന്ധവും, അവരുടെ പ്രവർത്തനം എന്നിവ സംബന്ധിച്ചുണ്ടായ വാദങ്ങളും വിശകലനങ്ങളുമാണ് പരിശുദ്ധത്രിത്വത്തെക്കുറിച്ചുള്ള വാദഗതികളിലും, പ്രബോധനങ്ങളിലും പ്രധാനമായും നാം കാണുന്നത്. വിശ്വാസത്തിന്റെ ആദ്യനൂറ്റാണ്ടുകൾ കടന്നുപോയപ്പോൾ ത്രിതൈ്വകവിശ്വാസത്തെക്കുറിച്ച് പല ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തേണ്ടിവന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെപറയുന്നവയാണ്.

പിതാവും പുത്രനും പരിശുദ്ധാത്മാവും വ്യത്യസ്തരായ വ്യക്തികളാണോ? പുത്രൻ ദൈവമാണോ? പരിശുദ്ധാത്മാവ് ദൈവമാണോ? യേശുക്രിസ്തു ദൈവമാണോ? യേശുക്രിസ്തു മനുഷ്യനാണോ? പ്രകൃതിയും (ദൈവസ്വഭാവവും മനുഷ്യസ്വഭാവവും) വ്യക്തിയും തമ്മിലുള്ള ബന്ധം എങ്ങനെ പ്രകടിപ്പിക്കാനാവും? ഇവയുടെ അടിസ്ഥാനത്തിലാണ് ത്രിത്വത്തെക്കുറിച്ചുള്ള സഭാ പഠനങ്ങൾ പലതും രൂപം കൊണ്ടിട്ടുള്ളത്.

വിശ്വാസത്തെ സംബന്ധിച്ചുണ്ടായ പാഷണ്ഡതകൾ ഭിന്നതകൾക്കും ഇടർച്ചയ്ക്കും കാരണമായെങ്കിലും ക്രിയാത്മകമായി ചിന്തിച്ചാൽ ദൈവികരഹസ്യങ്ങളുടെ ഉള്ളറകളിലേക്കും ആഴങ്ങളിലേക്കുമിറങ്ങിച്ചെല്ലാനുള്ള കാരണങ്ങളായി അവ മാറിയെന്നത് ആർക്കും നിരസിക്കാനാവാത്ത ഒരു സത്യമാണ്.

സഭയിൽ കടന്നുകൂടിയ തെറ്റായ പഠനങ്ങളെ വിവേചിച്ചറിഞ്ഞ് സത്യവിശ്വാസം പ്രഘോഷിക്കുവാനും കാത്തു സൂക്ഷിക്കുവാനുമുള്ള പരിശ്രമത്തിന്റെ ഫലമായിട്ടാണ് വെളിപ്പെടുത്തപ്പെട്ടതും സഭയുടെ അടിസ്ഥാനത്തിനു കാരണമായ വിശ്വാസസത്യങ്ങൾക്കും വിശ്വാസത്തിനുതന്നെയും വ്യക്തതയും ദൃഢതയും കൈവന്നത്. ഈ പശ്ചാത്തലത്തിൽ വേണം നൂറ്റാണ്ടുകളിലൂടെയുണ്ടായ വിശ്വാസ സത്യങ്ങളെ (Dogmas) നോക്കിക്കാണുവാനും അവയുടെ നിർവ്വചനങ്ങളെ വിലയിരുത്തുവാനും.

## നിഖ്യാ സൂനഹദോസ് (325)

ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുകയും അതുവഴി ത്രിയേക ദൈവം എന്ന സത്യത്തെ തള്ളിപ്പറയുകയും ചെയ്ത ആര്യൻ പാഷണ്ഡതയെ ശപിച്ചു തള്ളുവാനും ക്രൈസ്തവ സഭയുടെ വിശ്വാസസത്യം ഉറക്കെ പ്രഖ്യാപിക്കുവാനുമാണ് നിഖ്യാ സൂനഹദോസ് സമ്മേളിച്ചത്. മഹാനായ കോൺസ്റ്റന്റൈൻ ചക്രവർത്തി വിളിച്ചുകൂട്ടിയ ഈ സൂനഹദോസിൽ മുന്നൂറ്റി പതിനെട്ടു മെത്രാന്മാരും മാർപാപ്പയുടെ പ്രതിനിധികളായി എത്തിയ രണ്ടു റോമൻ വൈദികരും പങ്കെടുത്തു. "ബൈബിളിൽ ഇല്ലാത്തതൊന്നും വിശ്വാസസത്യമായി അംഗീകരിക്കാൻ പാടില്ല". എന്നു വാദിക്കുകയും ദൈവത്തിന്റെ ഏകത്വത്തെ സ്ഥാപിക്കാനായി പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വത്തെ നിഷേധിക്കുകയും ചെയ്ത ആര്യൻ പാഷണ്ഡതയ്ക്കു മറുപടിയായി പ്രഖ്യാപിച്ച വിശ്വാസ സത്യമാണ് നിഖ്യാ സൂനഹദോസിന്റേത്. നിഖ്യാ സൂനഹദോസ് അംഗീകരിച്ച വിശ്വാസപ്രമാണം താഴെച്ചേർക്കുന്നു.

"സർവ്വശക്തനായ പിതാവും, ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവും ആയ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ഏക കർത്താവും ദൈവപുത്രനും പിതാവിൽനിന്ന്, അതായത് പിതാവിന്റെ സത്തയിൽനിന്ന്, ജനിച്ച ഏകജാതനും ദൈവത്തിൽ നിന്നുള്ള ദൈവവും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള ദൈവവും, ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും, പിതാവിനോടുകൂടെ ഏക

സത്ത ആയിരിക്കുന്നവനും ആയ യേശുക്രിസ്തുവിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ വഴി ആകാശത്തിലും ഭൂമിയിലും ഉള്ള സകലതും സൃഷ്ടിക്കപ്പെട്ടു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി ഇറങ്ങി വന്ന്, മാംസമായി, മനുഷ്യനായി, പീഡ കൾ സഹിച്ച്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു. ജീവിച്ചിരിക്കുന്നവരേയും മരിച്ചവരേയും വിധിക്കാൻ അവൻ വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസി ക്കുന്നു.

അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു എന്നോ, ഇല്ലാ യ്മയിൽനിന്ന് ഉണ്ടായി എന്നോ, ദൈവപുത്രന് (പിതാവിന്റേതിൽ നിന്ന്) വ്യത്യസ്തമായ ഒരു സത്തയുണ്ടെന്നോ, അവൻ സൃഷ്ടി ക്കപ്പെട്ടവനാണെന്നോ, മാറ്റത്തിനോ പരിവർത്തനത്തിനോ വിധേ യനാണെന്നോ പറയുന്നവരെ കത്തോലിക്ക സഭ ശപിക്കുന്നു".

പ്രത്യക്ഷത്തിൽ ഒരു ജ്ഞാനസ്നാന വിശ്വാസ പ്രഖ്യാപനമാ യിട്ട് ഉദ്ദേശിച്ചില്ലായിരുന്നുവെങ്കിലും നാലാം നൂറ്റാണ്ടിലെ ജ്ഞാന സ്നാന വിശ്വാസപ്രഖ്യാപനങ്ങളിൽ ആഴമായ സ്വാധീനം ചെലു ത്തുവാൻ ഇതിനു കഴിഞ്ഞു.

### കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ (381)

നിഖ്യാ വിശ്വാസപ്രമാണത്തിന്റെ വിപുലീകരിച്ച പുതിയ പതി പ്പായി കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തെ പൊതുവേ പറയാറുണ്ടെങ്കിലും ഇതിലെ നൂറ്റിഎഴുപത്തെട്ടു വാക്കുകളിൽ മുപ്പ ത്തിമൂന്നെണ്ണം മാത്രമാണ് നിഖ്യാ വിശ്വാസപ്രമാണത്തിൽനിന്നു ള്ളത്. നിഖ്യാസൂനഹദോസിൽ പ്രഖ്യാപിക്കപ്പെട്ട വിശ്വാസ സത്യ ത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിശ്വാസഭാഷ്യം വേണ്ടത്ര വികാസം പ്രാപിച്ചിരുന്നില്ല. പുത്രനെ പിതാവിന്റെ സൃഷ്ടിയായും മറ്റെല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവായും കരുതുവാൻ തുടങ്ങി. മാസിഡോണിയസ് എന്ന മെത്രാൻ പരിശുദ്ധാത്മാവിനെ ഒരു മാലാ ഖയായി വീക്ഷിക്കുകയും സ്ഥാന ക്രമത്തിൽ മാത്രമേ പരിശുദ്ധാ ത്മാവിന് മാലാഖമാരിൽനിന്ന് വ്യത്യാസമുള്ളൂ എന്ന് പ്രഖ്യാപി ക്കുകയും ചെയ്തു. മാത്രമല്ല പിതാവിനോടുകൂടെ ഒന്നായിരിക്കുന്ന സത്തയാണ് പുത്രന്റേത് എന്ന് വെളിപ്പെടുത്തുവാൻ നിഖ്യാ സൂന ഹദോസിൽ ഉപയോഗിച്ച സമസത്ത (Homoousios) എന്ന വാക്ക് തെറ്റായി ധരിച്ച് സമാനസത്ത (Homoiosios) എന്നുപയോഗിച്ചതും പാഷണ്ഡതകൾക്ക് ഇടനൽകി. ഏകസത്ത എന്നത് സമാനസത്ത എന്നതിലേക്കാണ് അർത്ഥവ്യത്യാസം വന്നത്. ഇതേ തുടർന്ന്

അപ്പോളിനാരിയനിസം (ലാവോദിക്യായിലെ മെത്രാനായ അപ്പോളിനിരിയൂസ് യേശുവിന്റെ ദൈവത്വം തറപ്പിച്ചു പറയുന്നതിനായി മനുഷ്യത്വത്തെ വെട്ടിച്ചുരുക്കി) മാസിഡോണിയനിസം എന്നീ പാഷണ്ഡതകൾ രൂപം കൊണ്ടു. ഈ പാഷണ്ഡതകളെ എതിർത്തുകൊണ്ടും നിഖ്യാ സൂനഹദോസിന്റെ പ്രബോധനം ഉറപ്പിച്ചുകൊണ്ടും കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ ത്രിത്വത്തെ സംബന്ധിച്ച വിശ്വാസസത്യം പ്രഖ്യാപനം ചെയ്തു. തെയഡോഷ്യൻ ഒന്നാമൻ ചക്രവർത്തിയാണ് 381-ൽ കൗൺസിൽ വിളിച്ചു കൂട്ടിയത്. നൂറ്റിയൻപത് മെത്രാന്മാർ പങ്കെടുത്ത ഈ കൗൺസിൽ നിഖ്യാ വിശ്വാസ പ്രമാണത്തിലേക്ക് പരിശുദ്ധാത്മാവിനെപ്പറ്റി ചില കാര്യങ്ങൾ കൂട്ടിച്ചേർത്തു. നിഖ്യാ വിശ്വാസപ്രമാണത്തിൽ "പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു". എന്നു മാത്രമേ പറയുന്നുള്ളൂ. എന്നാൽ "കർത്താവും ജീവദാതാവും പിതാവിൽ നിന്നു പുറപ്പെടുന്നവനും പിതാവിനോടും പുത്രനോടുമൊപ്പം ആരാധിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനും, പ്രവാചകന്മാർ വഴി സംസാരിച്ചവനുമായ പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്നിങ്ങനെ പരിശുദ്ധാത്മാവിനെക്കുറിച്ച് വ്യക്തമായ പ്രബോധനം ഈ കൗൺസിൽ നല്കി. ദൈവത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതും ദൈവപുത്രന്റെ മനുഷ്യാവതാരത്തിന് വഴിയൊരുക്കുന്നതും പരിശുദ്ധാത്മാവാണ് എന്ന സത്യവും ഇവിടെ ഏറ്റു പറയുന്നു.

### റോമൻ പ്രവിശ്യാ കൗൺസിൽ (382)

കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിനുശേഷം ഡമാസൂസ് ഒന്നാമൻ പാപ്പ (366-384) റോമിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. ത്രിത്വത്തെക്കുറിച്ചുള്ള തെറ്റായ പഠനങ്ങളെ ശപിച്ചുതള്ളി. 'Tom of Damasus'എന്ന പേരിലും ഈ കൗൺസിൽ അറിയപ്പെടുന്നു. ഇതിന്റെ ചില കാനോനുകൾ ത്രിത്വത്തെക്കുറിച്ച് അന്ന് നിലനിന്നിരുന്ന പാഷണ്ഡതകളിൽ പ്രധാനപ്പെട്ടതായ ക്രിസ്തുവിന്റെ ദ്വിതപുത്രത്വം (നിത്യമായതും, അനിത്യമായതും, കാനോൻ -6) 'മൊണാർക്കിയനിസം' അഥവാ 'സിബെല്ലിയനിസം' (ദൈവത്തിന് ഒരു സ്വഭാവവും ഒരു വ്യക്തിത്വവുമേയുള്ളൂ എന്നും പിതാവായ ദൈവം തന്നെ പുത്രനായി അവതരിച്ചതാണു യേശുക്രിസ്തുവെന്നും അതിനാൽ പിതാവുതന്നെയാണ് പീഡ സഹിച്ചു മരിച്ചതെന്നും ഇവർ വാദിക്കുന്നു. 'പിതൃസഹനവാദം' എന്ന പേരിലും ഇത് അറിയപ്പെടുന്നു) ഇവയെ ഈ കൗൺസിൽ ശപിച്ചു തള്ളി.

### കാൽസിഡോൺ കൗൺസിൽ (451)

പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് നൂറ്റാണ്ടുകളിലൂടെ അരങ്ങേറിയ

എണ്ണമറ്റ വിവാദങ്ങൾക്ക് കുറെയൊക്കെ ശമനം വരുത്തിക്കൊണ്ട് എ.ഡി 451ൽ കാൽസിഡോണിയയിൽ കൂടിയ കൗൺസിലിൽ നാനൂറ്റിയൻപത് മെത്രാന്മാരും ലെയോ ഒന്നാമൻ മാർപാപ്പ അയച്ച ഏതാനും പ്രതിനിധികളും പങ്കെടുത്തു.

ക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തിന് ഊന്നൽ കൊടുക്കുവാനുള്ള പരിശ്രമത്തിൽ ക്രിസ്തുവിന് ദൈവവ്യക്തിത്വം കൂടാതെ ഒരു മനുഷ്യ വ്യക്തിത്വവും കൂടിയുണ്ടെന്ന് പഠിപ്പിച്ച നെസ്തോറിയനിസം എന്ന പാഷണ്ഡതയെയും ക്രിസ്തുവിന്റെ ദൈവ സ്വഭാവത്തിൽ അവിടുത്തെ മനുഷ്യസ്വഭാവം അലിഞ്ഞുചേർന്നിരിക്കുന്നു എന്നു വാദിച്ച ഏകസ്വഭാവവാദത്തെയും (എവുത്തീക്കിയനിസം) ഈ കൗൺസിൽ ശപിച്ചുതള്ളുകയും നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസ പ്രമാണത്തിലേക്ക് "ഞങ്ങൾ ഏകജാതനായ ക്രിസ്തുവിനെ ഏറ്റുപറയുന്നു. അദ്ദേഹത്തിന് യാതൊരു തരത്തിലും വ്യത്യാസവും വേർതിരിവും ഇല്ലാത്ത രണ്ട് സ്വഭാവങ്ങളുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു"എന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു.

## തൊളേദോ പ്രവിശ്യാ കൗൺസിൽ (675)

പതിനേഴു മെത്രാന്മാർ മാത്രം പങ്കെടുത്ത ഈ കൗൺസിൽ ഇന്ന് വളരെക്കുറച്ചുമാത്രമേ പരാമർശിക്കപ്പെടുന്നുള്ളുവെങ്കിലും ഇതിന്റെ ആരംഭത്തിൽ ഏറ്റുചൊല്ലിയ വിശ്വാസപ്രഖ്യാപനം അതിമനോഹരമായ ഒന്നായിരുന്നു. തുടർന്നുള്ള നൂറ്റാണ്ടുകളിൽ ഈ വിശ്വാസപ്രഖ്യാപനം വളരെയധികം പ്രശംസിക്കപ്പെടുകയും ത്രിത്വൈക വിശ്വാസത്തെക്കുറിച്ചുള്ള കറതീർന്ന പ്രകടനമായി ഇതിനെ കാണുകയും ചെയ്തു. ഇതിൽ പ്രധാനമായും ശ്രദ്ധിക്കപ്പെടുന്നത് പരിശുദ്ധാത്മാവിന്റെ പുറപ്പെടലിനെക്കുറിച്ചുള്ള (Procession)ഏറ്റുചൊല്ലലാണ്.

കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് "പിതാവിൽനിന്നു പുറപ്പെടുന്നവനും പിതാവിനോടും പുത്രനോടുമൊപ്പം ആരാധിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനും" എന്നാണ് ഉപയോഗിച്ചിരുന്നത്. പുരാതന ലത്തീൻ പാരമ്പര്യവും അലക്സാൻഡ്രിയൻ പാരമ്പര്യവും അനുകരിച്ചുകൊണ്ട് 447ൽ ലെയോ ഒന്നാമൻ പാപ്പ പരിശുദ്ധാത്മാവിന്റെ പുറപ്പെടലിനെക്കുറിച്ച് "പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നവനും" എന്ന് ഏറ്റുചൊല്ലുകയും തൊളേദോ പ്രവിശ്യാ കൗൺസിൽ ഈ ഏറ്റുചൊല്ലൽ നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസ പ്രമാണത്തിലേക്കു കൂട്ടിച്ചേർക്കുകയും ചെയ്തു. 'പുത്രനിൽനിന്നും' എന്നർത്ഥമുള്ള ഫിലിയോക്വെ (filioque) എന്ന ലത്തീൻ പദം

ഇവിടെ കൂട്ടിച്ചേർത്തത് പാശ്ചാത്യസഭയും പൗരസ്ത്യസഭയും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾക്കും ഭിന്നതകൾക്കും കാരണമായി. പിന്നീട് പതിനൊന്നാം നൂറ്റാണ്ടിൽ ഇരു സഭകളും തമ്മിൽ പിളരാൻ ഇത് ഒരു പ്രധാന കാരണമാകുകയും ചെയ്തു.

## നാലാം ലാറ്റൻ കൗൺസിൽ (1215)

ഇന്നസെന്റ് മൂന്നാമൻ പാപ്പ 1215 ൽ റോമിൽ വിളിച്ചുകൂട്ടിയ പന്ത്രണ്ടാമതു സൂനഹദോസിൽ നാനൂറിലധികം മെത്രാന്മാർ പങ്കെടുത്തു. ത്രിത്വവിശ്വാസത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ ഈ സൂനഹദോസിലെ രണ്ടു പ്രമാണരേഖകൾ വളരെയധികം പ്രാധാന്യമർഹിക്കുന്നു. അക്കാലത്തു നിലനിന്നിരുന്ന പാഷണ്ഡതകളെ നിരാകരിക്കാനും ശപിച്ചു തള്ളുവാനും പ്രത്യേകിച്ച് ആൽബിജൻസിയനിസം (രക്ഷകനായ ക്രിസ്തുവിന്റെ ശരീരം സാധാരണ മനുഷ്യർക്കുള്ളതുപോലുള്ള ഭൗതിക ശരീരമല്ല; സ്വർഗ്ഗീയ ശരീരമാണെന്നും, അതിനാൽ ക്രിസ്തു ജനിച്ചതും ഇവിടെ ജീവിച്ചതും പീഡകൾ അനുഭവിച്ചു മരിച്ചതും സത്യത്തിൽ സംഭവിച്ച സംഗതികളല്ല) എന്ന പാഷണ്ഡതയെ ശപിച്ചു തള്ളുവാനായി രൂപീകരിക്കപ്പെട്ട വിശ്വാസ പ്രഖ്യാപനമാണ് ആദ്യ പ്രമാണരേഖ.

സന്ന്യാസ ശ്രേഷ്ഠനായിരുന്ന ജോവാക്കിം ദേ ഫിയോറെയുടെ തെറ്റായ വാദഗതികൾക്ക് എതിരായി സൂനഹദോസ് പുറപ്പെടുവിച്ച പ്രത്യേക പ്രസ്താവനയാണ് രണ്ടാം പ്രമാണരേഖയിൽ ഉൾക്കൊള്ളുന്നത്. ത്രിത്വ രഹസ്യത്തെക്കുറിച്ച് പ്രധാനമായും രണ്ട് രീതിയിലുള്ള സമീപനങ്ങളാണ് അക്കാലത്ത് നിലനിന്നിരുന്നത്. പിതാവായ ദൈവത്തിൽ കേന്ദ്രീകരിച്ചിട്ടുള്ള പൗരസ്ത്യപിതാക്കന്മാരുടെ സമീപനമാണ് ആദ്യത്തേത്. ദൈവം എന്നു പറഞ്ഞാൽ പിതാവാണെന്നും പുത്രനും പരിശുദ്ധാത്മാവും അവിടുത്തെ ദൈവത്വത്തിൽ പങ്കാളികളാകുന്നു എന്നുമായിരുന്നു അവരുടെ വാദം. ത്രിത്വ രഹസ്യത്തെക്കുറിച്ച് പാശ്ചാത്യസഭയിൽ നിലനിന്നിരുന്ന, പ്രത്യേകിച്ച് വിശുദ്ധ അഗസ്തീനോസിനാൽ വികാസം പ്രാപിച്ച സമീപനമാണ് രണ്ടാമത്തേത്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായി നിലകൊള്ളുന്ന ഏകദൈവ സ്വഭാവത്തെ (One divine nature) കേന്ദ്രീകരിച്ചുള്ളതായിരുന്നു ഈ സമീപനം. ദൈവികസത്തയെ തന്റെ ചിന്തയുടെ കേന്ദ്രബിന്ദുവാക്കിക്കൊണ്ട് പീറ്റർ ലെമ്പാർഡ് ഈ രണ്ടാമത്തെ സമീപനത്തെ ക്രോഡീകരിച്ചു. പൗരസ്ത്യ പ്രവണത സ്വീകരിച്ചുകൊണ്ട് ജൊവാക്കിം ദെ ഫിയൊറെ പീറ്റർ ലെമ്പാർഡിനെ എതിർക്കുകയും ദൈവിക വ്യക്തികളിലെ വ്യതിരിക്തതയെ പെരുപ്പിച്ചു കാണിക്കുകയും ചെയ്തു. ജൊവാക്കിം ദെ ഫിയൊറെയുടെ

വാദങ്ങളെയും ആരോപണങ്ങളെയും സൂനഹദോസ് നിരാകരിച്ചു.

നാലാം ലാറ്ററൻ കൗൺസിൽ പ്രഖ്യാപിച്ച വിശ്വാസസത്യത്തിലെ പ്രധാന ആശയങ്ങളെ താഴെച്ചേർക്കുന്നു.

ഏകസത്യദൈവമേയുള്ളൂവെന്നും അവിടുന്ന് സർവ്വശക്തനും, മാറ്റമില്ലാത്തവനും, നിത്യനായവനും, അനന്തമായവനും പരിധികളിൽ ഒതുക്കാത്തവനും (incomprehensible) അവർണ്ണനീയമായവനുമാണെന്ന് ഞങ്ങൾ വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്യുന്നു. ഈ ഏകദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകൾ ഉണ്ടെന്നും ഇവർ സാരാംശത്തിലും സത്തയിലും ഒന്നാണെന്നും ഏറ്റുപറയുന്നു. പിതാവ് ആരിൽനിന്നും ഉള്ളവനല്ല. പുത്രൻ പിതാവിൽനിന്നും പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽനിന്നുമാണ്.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമാണ് എല്ലാറ്റിന്റേയും ആരംഭകാരണമായ സത്തയും സാരാംശവും, ഈ ദൈവത്തെ കൂടാതെ യാതൊന്നിനും നിലനില്പില്ല. പിതാവു ജന്മം നല്കുന്നവനും പുത്രൻ ജനിച്ചവനും പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനുമാണ്. ഈ മൂന്ന് വ്യക്തികൾ മൂന്നാളുകൾ ആണെങ്കിലും സാരാംശത്തിലും സത്തയിലും ഇവർ ഏകരാണ്.

ത്രിത്വൈക ദൈവത്തെക്കുറിച്ചുള്ള ബൃഹത്തായ പഠനങ്ങൾക്ക് ഈ കൗൺസിലിലെ വിശ്വാസപ്രഖ്യാപനം വഴിതെളിച്ചു.

## ലിയോൺസിലെ രണ്ടാം സാർവത്രിക സൂനഹദോസ് (1274)

പാശ്ചാത്യസഭയും പൗരസ്ത്യസഭയും തമ്മിലുള്ള പുനരൈക്യത്തിൽ ആദ്യമായി ഏറ്റവും കൂടുതൽ പരിശ്രമിച്ച സൂനഹദോസ് എന്ന നിലയിൽ ഇത് വളരെയധികം പ്രാധാന്യമർഹിക്കുന്നു. ത്രിത്വസിദ്ധാന്തത്തെക്കുറിച്ചുള്ള പരാമർശത്തിൽ ഈ സൂനഹദോസിലെ രണ്ട് പ്രമാണരേഖകൾ പ്രത്യേക പ്രാധാന്യമർഹിക്കുന്നു. 1. 'മൈക്കിൾ പെലാജീയൂസിന്റെ വിശ്വാസപ്രഖ്യാപനം' 2. പരിശുദ്ധ ത്രിത്വത്തെയും കത്തോലിക്കാ വിശ്വാസത്തെയും കുറിച്ചുള്ള പ്രമാണരേഖ.

ലിയോൺസിലെ പൊതു സൂനഹദോസിൽ വായിക്കുന്നതിനായി ബൈസന്റയിൻ ചക്രവർത്തിയായിരുന്ന മൈക്കിൾ പെലാജിയൂസ് തന്റെ പ്രതിനിധിവഴി കൊടുത്തയച്ച പ്രമാണരേഖയാണ് മൈക്കിൾ പെലാജിയൂസിന്റെ വിശ്വാസപ്രഖ്യാപനം എന്നറിയപ്പെടുന്നത്. ക്ലമന്റ്

നാലാമൻ മാർപാപ്പയുടെ നിർദ്ദേശപ്രകാരം ബൈസന്റയിൻ ചക്രവർത്തി തയ്യാറാക്കിയ ഈ പ്രമാണരേഖ ലിയോൺസ് കൗൺസിലിൽ വച്ച് ഗ്രീക്കുകാരാൽ സ്വീകരിക്കപ്പെടേണ്ടത് പാശ്ചാത്യസഭയും ഗ്രീക്കുകാരും തമ്മിലുള്ള ഐക്യത്തിന് പാശ്ചാത്യസഭ മുൻകൂട്ടി ആവശ്യപ്പെട്ട ഒരു വ്യവസ്ഥയായിരുന്നു. (pre- required condition). ഈ പ്രമാണരേഖ ചക്രവർത്തി അംഗീകരിച്ച് തയ്യാറാക്കിയത് റോമൻ സഭയുമായി ഐക്യം സ്ഥാപിക്കുവാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം മൂലമാണ്. അന്ത്യോക്യൻ പാത്രിയാർക്കീസ് ആയിരുന്ന പീറ്ററിന് ലെയോ പതിമൂന്നാമൻ മാർപാപ്പ നൽകിയ ത്രിത്വത്തെക്കുറിച്ചും, ക്രിസ്തുശാസ്ത്രത്തെക്കുറിച്ചുമുള്ള കാര്യങ്ങളാണ് ഈ പ്രമാണരേഖയുടെ ആദ്യഭാഗത്ത് ഉൾക്കൊള്ളുന്നത്. ക്ലമന്റ് നാലാമൻ മാർപാപ്പയുടെ ദൈവശാസ്ത്ര പണ്ഡിതന്മാരാൽ എഴുതപ്പെട്ട രണ്ടാം ഭാഗത്തിൽ ഗ്രീക്കുകാരുമായുള്ള ചർച്ചകളും ഗ്രീക്കുകാരുടെ തെറ്റായവാദങ്ങളും റോമാ സഭയുടെ ആനുകാലിക ദൈവശാസ്ത്രവും സമുന്നതത്വത്തെ (primacy) ക്കുറിച്ചുള്ള കാര്യങ്ങളും പ്രതിപാദിക്കുന്നു.

രണ്ടാം പ്രമാണരേഖയിൽ പരിശുദ്ധാത്മാവിന്റെ പുറപ്പെടലിനെക്കുറിച്ചുള്ള ലത്തീൻസഭയുടെ വ്യാഖ്യാനം ഉൾക്കൊള്ളുന്നു. ഇതിലെ പ്രധാനഭാഗം താഴെച്ചേർക്കുന്നു.

“പരിശുദ്ധാത്മാവ് നിത്യമായി പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു. എന്നാൽ ഈ പുറപ്പെടൽ രണ്ടു സ്രോതസ്സുകളിൽനിന്നുള്ളതു പോലെയല്ല ഒറ്റസ്രോതസ്സിൽനിന്നാണ്. ഈ വിശ്വാസമാണ് എല്ലാ വിശ്വാസികളുടെയും മാതാവും ഗുരുനാഥയുമായ പരിശുദ്ധ റോമാസഭ ഇതുവരെ ഏറ്റുപറഞ്ഞിട്ടുള്ളതും പഠിപ്പിച്ചിട്ടുള്ളതും പ്രഘോഷിച്ചിട്ടുള്ളതും. ഈ വിശ്വാസത്തെത്തന്നെ വീണ്ടും മുറുകെ പിടിക്കുകയും പ്രഘോഷിക്കുകയും ഏറ്റുപറയുകയും പഠിപ്പിക്കുകയും ചെയ്യുന്നു”.

## ഫ്ളോറൻസിലെ പൊതു കൗൺസിൽ (1442)

പാശ്ചാത്യസഭയും പൗരസ്ത്യസഭയും തമ്മിലുള്ള പുനരൈക്യത്തിന് രണ്ടാമതായി കൂടുതൽ പരിശ്രമിച്ച കൗൺസിൽ എന്ന നിലയിൽ ഇത് വളരെയധികം പ്രാധാന്യമർഹിക്കുന്നു. പാശ്ചാത്യ പൗരസ്ത്യ സഭകൾ തമ്മിലുള്ള വിവാദാസ്പദമായ പ്രശ്നങ്ങളാണ് പ്രധാനമായും ഈ കൗൺസിലിൽ പ്രതിപാദ്യവിഷയമായത്.

ത്രിയേക ദൈവം എങ്ങനെ ഒരേ സത്തയിൽ മൂന്നാളുകൾ ആയിരിക്കുന്നു എന്നത് ‘വ്യാപനം’ (preichoresis) എന്ന സിദ്ധാന്തം വഴി

വ്യക്തമാക്കാൻ ശ്രമിക്കുകയാണ് കൗൺസിൽ ചെയ്തത്. ഈ സിദ്ധാന്തപ്രകാരം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവരിൽ ആരും ആരെയുംകാൾ ശക്തിയിലോ മഹിമയിലോ അസ്തിത്വത്തിലോ മുമ്പിലോ പിറകിലോ അല്ല. ഓരോ വ്യക്തിയിലും ത്രിത്വമുണ്ട്. ഈ ത്രിത്വത്തിൽ തുല്യതയും, സമത്വവും, സഹവർത്തിത്വവും, സ്വാതന്ത്ര്യവും, എല്ലാറ്റിനുമുപരി കൂട്ടായ്മയും ഉണ്ട്. ദൈവത്തിന്റെ ആന്തരികസത്ത എന്ന് നാം വിശേഷിപ്പിക്കുന്നത് ഈ കൂട്ടായ്മയെയാണ്.

കൗൺസിൽ അംഗീകരിച്ച ത്രിത്വസംബന്ധമായ രണ്ടു പ്രധാനപ്പെട്ട പ്രമാണരേഖകളും അവയുടെ പ്രധാന ആശയങ്ങളും താഴെ ച്ചേർക്കുന്നു.

**ഗ്രീക്കുകാർക്കുവേണ്ടിയുള്ള ഡിക്രി:** പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്ന വാദഗതി ഇതിൽ വിശദീകരിക്കുന്നു. അതോടൊപ്പം പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിലൂടെ പുറപ്പെടുന്നു എന്ന പൗരസ്ത്യ സഭയുടെ വാദവും ഇതിൽ അംഗീകരിക്കുന്നു. പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിലൂടെ പുറപ്പെടുന്നുവെന്ന് സ്വാഭാവികജ്ഞാനികളും പിതാക്കന്മാരും പറയുമ്പോൾ നാം മനസ്സിലാക്കേണ്ടത് പരിശുദ്ധാത്മാവിന്റെ നിലനില്പിനെക്കുറിച്ച് (subsistence) ഗ്രീക്കുകാർ വിശേഷിപ്പിക്കുന്ന 'കാരണവും' (cause) പാശ്ചാത്യസഭ വിശേഷിക്കുന്ന 'മൗലിക കാരണവും' (principle) പിതാവും പുത്രനുമായ ദൈവത്തെയാണ്. 'പുത്രനിൽ നിന്നും' (filioque) എന്ന പദം വിശ്വാസപ്രമാണത്തിൽ ഉൾച്ചേർത്തത് അനുയോജ്യമായ കാരണങ്ങളാലും സത്യത്തെ ശരിയായ രീതിയിൽ വിശദീകരിക്കുന്നതിനും ആ കാലഘട്ടത്തിലെ യഥാർത്ഥ ആവശ്യത്തിന്റെ സ്വാധീനത്താലുമാണ്.

**കോപ്റ്റിക് സഭയ്ക്കുള്ള ഡിക്രി:** സുറിയാനി ക്രിസ്ത്യാനികളെ (Syrian Christians) അഭിസംബോധന ചെയ്തുകൊണ്ട് എഴുതിയിരിക്കുന്ന ഈ പ്രമാണരേഖ ത്രിത്വവിശ്വാസത്തെയും പരിശുദ്ധാത്മാവിന്റെ പുറപ്പെടലിനെയുംകുറിച്ചുള്ള വിശാലമായ രൂപവത്ക്കരണം ഉൾക്കൊള്ളുന്നു. സർവ്വശക്തനും മാറ്റമില്ലാത്തവനും നിത്യനുമായ ത്രിയേക ദൈവം സാരാംശത്തിൽ ഒന്നുതന്നെയാണ്. പിതാവ് ജനിക്കപ്പെടാത്തവനും പുത്രൻ പിതാവിൽനിന്നു ജനിച്ചവനും പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനുമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും സൃഷ്ടിയുടെ ഏകഉത്ഭവം ആയിരിക്കുന്നതുപോലെ പിതാവും പുത്രനും

പരിശുദ്ധാത്മാവിന്റെ ഏക ഉറവിടമാണ് (Origin). ത്രിത്വൈക വ്യക്തികളുടെ പരസ്പരവാസത്തെക്കുറിച്ചും (mutual indwelling) ഇതിൽ പ്രതിപാദിക്കുന്നു.

## ഒന്നാം വത്തിക്കാൻ കൗൺസിൽ മൂന്നാം ഭാഗം (1870) കത്തോലിക്കാ വിശ്വാസത്തെക്കുറിച്ചുള്ള പ്രമാണരേഖ (Dei Filius)

വത്തിക്കാനിൽവച്ചു നടത്തപ്പെട്ട പൊതുകൗൺസിലിൽ അക്കാലത്തുനിലനിന്നിരുന്ന ഭൗതികവാദം, വിശ്വദേവതാവാദം എന്നീ പ്രവണതകൾക്കും മറ്റു തെറ്റുകൾക്കുമെതിരായ ഏറ്റുമുട്ടലിൽ ദൈവത്തെക്കുറിച്ചുള്ള ക്രിസ്തീയ വീക്ഷണം സഭയ്ക്കു വീണ്ടും പ്രഖ്യാപിക്കേണ്ടിവന്നു. 'ദേയീ ഫീലിയൂസ്' എന്ന പ്രബോധനത്തിന്റെ ആദ്യ അദ്ധ്യായത്തിൽ പ്രധാനമായും താഴെപ്പറയുന്ന ഭാഗങ്ങൾ ഉൾക്കൊള്ളുന്നു.

സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവും സർവ്വശക്തനും നിത്യനും ഇന്നും ജീവിച്ചിരിക്കുന്നവനുമായ ഏകസത്യദൈവമേയുള്ളൂ. അപരിമേയനും, പരിധികളില്ലാത്തവനുമായ അവിടുന്ന് തന്റെ ബുദ്ധിശക്തിയിലും ഇച്ഛയിലും പൂർണ്ണതയിലും അനന്തമായവനാണ്. അവിടുന്നു മാറ്റമില്ലാത്ത ആത്മീയ സത്തയിൽ അതുല്യനും അസ്തിത്വത്തിലും സാരാംശത്തിലും ലോകത്തിൽനിന്ന് വ്യത്യസ്തനുമാണ്. അവിടുന്ന് തന്നിൽത്തന്നെയും തന്നിൽനിന്നും പരമാനന്ദനും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ എല്ലാറ്റിന്റേയുംമേൽ അവർണ്ണനീയമായ വിധത്തിൽ ഉയർത്തപ്പെട്ടവനുമാണ്.

## രണ്ടാം വത്തിക്കാൻ കൗൺസിൽ (1962-65)

രണ്ടാം വത്തിക്കാൻ കൗൺസിൽ ദൈവത്തെയും ത്രിത്വത്തെയുംകുറിച്ച് വ്യക്തമായ ചിട്ടയോടുകൂടി പ്രതിപാദിച്ചിട്ടില്ലയെങ്കിലും മാനുഷിക സാഹചര്യങ്ങളെയും കാലഘട്ടത്തിന്റെ ആവശ്യങ്ങളെയും അഭിലാഷങ്ങളെയും കണക്കിലെടുത്ത് ദൈവ-മനുഷ്യബന്ധത്തെക്കുറിച്ച് ആഴമായ വിചിന്തനം നടത്തുകയുണ്ടായി. അതിനു പുറമേ രക്ഷാകര രഹസ്യത്തെക്കുറിച്ചും വെളിപാടിനെക്കുറിച്ചും സഭയെക്കുറിച്ചുമുള്ള പുതിയ കാഴ്ചപ്പാടുകൾ ത്രിത്വരഹസ്യത്തെക്കുറിച്ചും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൗത്യത്തെക്കുറിച്ചുമുള്ള വിശദമായ ധാരണകൾ പ്രദാനം ചെയ്തു.

മുഴുവൻ രക്ഷാകരപ്രവൃത്തികളുടെയും ത്രിത്വഘടന 'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതേ വീക്ഷണംതന്നെ സഭയുടെ ദൗത്യ

ത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് സഭയുടെ 'പ്രേഷിത പ്രവർത്തനം' എന്ന ഡിക്രിയിൽ പ്രതിപാദിച്ചിരിക്കുന്നു. അതുപോലതന്നെ 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖയിൽ മനുഷ്യസമൂഹത്തിൽ വ്യക്തിബന്ധങ്ങളുടെ സ്രോതസ്സും മാതൃകയുമായി ത്രിത്വജീവിതത്തെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

### പോൾ ആറാമൻ പാപ്പ (1972)

### വിശ്വാസ തിരുസംഘത്തിന്റെ അപ്പസ്തോലിക പ്രഖ്യാപനം "ദൈവപുത്ര രഹസ്യം"

ക്രിസ്തുരഹസ്യത്തെ താഴ്ത്തിക്കാണിക്കുമാറ് ഈ കാലഘട്ടത്തിലെ ദൈവശാസ്ത്ര വിചിന്തനങ്ങളിൽനിന്ന് ഉത്ഭവിച്ച ക്രിസ്തുശാസ്ത്രരൂപീകരണത്തെയും അതുമൂലമുള്ള അപകടങ്ങളെക്കുറിച്ചുമാണ് ഈ പ്രഖ്യാപനത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത്. ക്രിസ്തുരഹസ്യം ത്രിത്വരഹസ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഒന്നിനെ വ്യക്തമായി വിശദീകരിക്കുന്നതിലുള്ള പരാജയം സ്വാഭാവികമായും മറ്റുള്ളതിന്റെ വിശദീകരണത്തെ സാരമായി ബാധിക്കുന്നു. ത്രിത്വരഹസ്യം രക്ഷാകരചരിത്രത്തിൽ വെളിവാക്കപ്പെട്ട ഒന്നാണെങ്കിലും ചരിത്രത്തിലെ തന്റെ സ്വയം വെളിപ്പെടുത്തലിനു മുമ്പേ ദൈവം തന്നിൽത്തന്നെ ത്രിയേക ദൈവമാണ്. പരിശുദ്ധാത്മാവിന്റെ നിത്യമായ വ്യക്തിത്വത്തെക്കുറിച്ചുള്ള പ്രതിപാദ്യം കത്തോലിക്കാസഭയുടെ അചഞ്ചലമായ വിശ്വാസ സത്യങ്ങളിൽ ഉൾപ്പെടുന്നതാണെന്ന് ഈ പ്രമാണരേഖ ഉറപ്പിച്ചു പറയുന്നു.

### ജോൺപോൾ രണ്ടാമൻ പാപ്പായുടെ ചാക്രികലേഖനം

### "കർത്താവും ജീവദാതാവും" (18 മെയ് 1986)

ഈ ചാക്രികലേഖനത്തിന്റെ ആദ്യഭാഗത്തിന്റെ ശീർഷകം 'സഭയ്ക്കു നൽകപ്പെട്ടിരിക്കുന്ന പിതാവിന്റെയും പുത്രന്റെയും ആത്മാവ്' എന്നാണ്. സഭയുടെ പ്രവർത്തനങ്ങളിലും ഭൂമിയിലെ ക്രിസ്തുസാന്നിദ്ധ്യത്തിലും അവിടുത്തെ രക്ഷാകരപ്രവർത്തനത്തിലുമുള്ള പരിശുദ്ധാത്മാവിന്റെ നിരന്തര സാന്നിദ്ധ്യത്തെ ഈ ചാക്രികലേഖനം ഓർമ്മിപ്പിക്കുന്നു. ദൈവികജീവനാകുന്ന രഹസ്യത്തിലുള്ള പരിശുദ്ധാത്മാവിന്റെ അനന്യതയും സൃഷ്ടിയിലും രക്ഷാകര പദ്ധതിയിലുമുള്ള അവിടുത്തെ പങ്കും ഈ ലേഖനത്തിൽ വ്യക്തമായി വിശദീകരിക്കുന്നു.

## ഉപസംഹാരം

"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" എല്ലാ പ്രാർത്ഥനകളും പ്രവൃത്തികളും തുടങ്ങുകയും "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി" അർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്നത് ക്രൈസ്തവ പാരമ്പര്യത്തിൽ സർവ്വസാധാരണമാണ്. ഈ മൂന്നു വ്യക്തികളുടെ കൂട്ടായ്മയിൽ നിന്നു വേറിട്ടുള്ള ഒരു ദൈവിക ചിന്ത ക്രൈസ്തവനു സാദ്ധ്യമല്ല.

ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവും അടിത്തറയുമാണ് ഈ സത്യമെങ്കിലും ഇത്രയേറെ തെറ്റിദ്ധാരണകൾക്ക് ഇട നൽകിയ മറ്റൊരു വിശ്വാസസത്യമില്ല. വിശ്വാസം ഒന്നുകൊണ്ടുമാത്രം എത്തിച്ചേരാൻ കഴിയുന്ന ആ ദൈവികരഹസ്യങ്ങളുടെ ചുരുളഴിക്കാൻ മനുഷ്യന്റെ പരിമിതമായ ബുദ്ധി കാലാകാലങ്ങളിൽ നടത്തിയ പരിശ്രമങ്ങളെയും, വിവിധ കാലയളവുകളിലായി രൂപം കൊണ്ട തെറ്റായ പഠനങ്ങളെയും പാഷണ്ഡതകളെയും സഭ എങ്ങനെ നേരിട്ടു എന്നുമാണ് നാം ഇവിടെ കണ്ടത്. അബദ്ധ സിദ്ധാന്തങ്ങളുടെ പേരിൽ സഭയിലുണ്ടായ ഭിന്നതകൾക്ക് ഇന്നും പൂർണ്ണമായ പരിഹാരം ഉണ്ടായിട്ടില്ല. വിശ്വാസ സത്യങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ ഉറപ്പു കൈവരിക്കാൻ സഭയ്ക്ക് കഴിഞ്ഞത് പാഷണ്ഡതകളെ നേരിടുവാനും ശപിച്ചുതള്ളുവാനും ശ്രമിച്ചതിന്റെ പശ്ചാത്തലത്തിലാണ്.

ത്രിത്വവിശ്വാസത്തെക്കുറിച്ച് സൂനഹദോസുകളിലും കൗൺസിലുകളിലും രൂപംകൊണ്ട് സഭയുടെ അടിസ്ഥാന വിശ്വാസസത്യങ്ങളായിത്തീർന്ന വിശ്വാസ പ്രമാണങ്ങളാണ് സഭാതനയരുടെ വിശ്വാസത്തെയും പ്രതീക്ഷകളെയും ജീവിത ശൈലിയെയും പരിശോധിക്കാനും രൂപപ്പെടുത്താനും ആവശ്യമെങ്കിൽ തിരുത്താനുമുള്ള മാനദണ്ഡം.

**ഡോ. ജയിംസ് ആനാപറമ്പിൽ (പരിശുദ്ധ ത്രിത്വം മൂന്നാം സഹസ്രാബ്ദത്തിന്റെ ജീവിതമാതൃക)**

# 04

## പരിശുദ്ധ ത്രിത്വത്തിന് എതിരായ പാഷണ്ഡതകൾ

ത്രിതൈ്വകദൈവത്തെക്കുറിച്ച് ക്രിസ്തുവെളിപ്പെടുത്തിയ സത്യങ്ങളാണ് ക്രിസ്തീയവിശ്വാസത്തിന്റെ അടിത്തറ. വിശ്വാസം ഒന്നുകൊണ്ടുമാത്രം എത്തിച്ചേരാൻ കഴിയുന്ന ആ ദൈവികരഹസ്യങ്ങളുടെ ചുരുളഴിക്കാൻ മനുഷ്യന്റെ പരിമിതമായ ബുദ്ധി കാലാകാലങ്ങളിൽ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി ക്രിസ്തുവിന്റെ പഠനങ്ങൾക്ക് നിരക്കാത്ത, അതായത്, സത്യവിശ്വാസത്തിന് വിരുദ്ധമായ വിശദീകരണങ്ങൾ, നിഗമനങ്ങൾ എന്നിവ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. പ.ത്രിത്വത്തെക്കുറിച്ച് പാരമ്പര്യസഭ പഠിപ്പിക്കുന്നതിൽനിന്നും വ്യത്യസ്തമായ അത്തരം തെറ്റായ പഠനങ്ങളെ ത്രിത്വത്തിനെതിരായ പാഷണ്ഡതകൾ എന്ന് പറയുന്നു.

ദൈവം സ്വഭാവത്താൽ (സത്തയിൽ) ഒരുവനാണെന്നും 'ആൾ വക'യിൽ പിതാവ്, പുത്രൻ, പ.അരൂപി എന്നിങ്ങനെ മൂന്നാണെന്നുമാണ് ക്രിസ്തു വെളിപ്പെടുത്തിയതിനെ അടിസ്ഥാനമാക്കി കത്തോലിക്കാ സഭ

അസന്ദിഗ്ദമായ ഭാഷയിൽ പഠിപ്പിക്കുന്നത്. ഒന്നാമത്തെ ആൾ പിതാവാകുന്നത് താൻ ആരംഭമില്ലാത്തവൻ ആക കൊണ്ടും പുത്രന്റെയും പ.ആത്മാവിന്റെയും ഉറവ് (ഉത്ഭവഹേതു) ആയതുകൊണ്ടുമാണ്. രണ്ടാമത്തെ ആൾ പുത്രനാകുന്നത് പിതാവിൽനിന്നും ജനിക്കുന്നതുകൊണ്ടാണ്. പ. അരൂപി പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നതുകൊണ്ട് ത്രിത്വത്തിന്റെ മൂന്നാമത്തെ ആൾ ആകുന്നു. പുത്രന്റെയും പ. അരൂപിയുടെയും ഈ ഉത്ഭവപ്രക്രിയ അനാദിമുതലുള്ളതായതുകൊണ്ട് പിതാവും പുത്രനും പ. അരൂപിയും ഒന്നുപോലെ അനാദിയായിരിക്കുന്നു. ഇവർ തമ്മിൽ മുമ്പും പിമ്പും ഇല്ല എന്ന് സഭ പഠിപ്പിക്കുന്നു. മൂവർക്കും ഒരേ ദൈവസ്വഭാവം തന്നെയുള്ളതുകൊണ്ട് ഒരു ദൈവം മാത്രമേയുള്ളൂ. ആ ദൈവത്തെ ത്രിയേക ദൈവമെന്നു പറയാം. മൂവർക്കും ഒരേ ബോധജ്ഞാനവും ഒരേ ശക്തിയും ഒരേ മഹത്ത്വവും ഉണ്ടായിരിക്കുന്നതുകൊണ്ട് മൂവരും തമ്മിൽ അറിവിന്റെയും ശക്തിയുടെയും കാര്യത്തിൽ ഭേദമില്ലെന്നതുമാണ് സഭയുടെ പഠനം.

ആരംഭകാലത്തെ, പ്രത്യേകിച്ച്, രണ്ടാം നൂറ്റാണ്ടിലെ ക്രിസ്ത്യൻദൈവശാസ്ത്രജ്ഞന്മാർ തങ്ങളുടെ ശ്രദ്ധ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ത്രിയേകദൈവത്തിലുള്ള വിശ്വാസം സംരക്ഷിക്കുന്ന കാര്യത്തിലാണ്. ഗ്നോസ്റ്റിക്കുകളുടെ ആക്രമണം ശക്തമായിരുന്ന ആ കാലത്ത് അത് വളരെ ആവശ്യവുമായിരുന്നു. അക്കാലത്തെ ഒരു സമുന്നത ചിന്തകനായ അന്ത്യോക്യായിലെ തെയോഫിലസാണ് 180-ാം ആണ്ടിൽ 'ത്രിത്വം' (Trinity) എന്ന പദം ആദ്യമായി പ്രയോഗിച്ചതുതന്നെ. എന്നാൽ ആ കാലഘട്ടത്തിൽത്തന്നെ അഡോപ്ഷനിസം (Adoptionism) എന്ന ഒരു വലിയ പാഷണ്ഡത പൊട്ടിപ്പുറപ്പെട്ടു.

## അഡോപ്ഷനിസം (Adoptionism)

ക്രിസ്തു, ത്രിത്വത്തിലെ രണ്ടാം ആളായ പുത്രൻ തമ്പുരാനല്ല ദൈവത്തിന്റെ ദത്തുപുത്രൻ മാത്രമാണെന്ന് അഡോപ്ഷനിസ്റ്റുകൾ പഠിപ്പിച്ചു. അങ്ങനെ ഇക്കൂട്ടർ ക്രിസ്തുവിന്റെ ദിവ്യത്വവും ദൈവത്തിന്റെ മനുഷ്യാവതാരവും നിഷേധിച്ചു. ബൈസാൻസിയാക്കാരനും തോൽക്കച്ചവടക്കാരനുമായ ഒരു തെയോഡോട്ടസ് ആണ് ഈ പാഷണ്ഡതയുടെ മുഖ്യപ്രചാരകൻ. അദ്ദേഹത്തെ വിക്റ്റർ ഒന്നാമൻ പാപ്പ മഹറോൻ ചൊല്ലുകയുണ്ടായി. ബാങ്കർ ആയ മറ്റൊരു തെയഡോട്ടസും ആർട്ടമോൻ എന്നൊരാളും ഈ പാഷണ്ഡത പ്രചരിപ്പിക്കാൻ കിണഞ്ഞു പരിശ്രമിച്ചിട്ടുണ്ട്.

## സബേള്ളിയനിസം (Sabellianism)

ത്രിത്വത്തിനെതിരായ മറ്റൊരു വലിയ പാഷണ്ഡതയാണ് സബേള്ളിയൂസ് എന്നൊരാൾ പ്രധാനമായി പ്രചരിപ്പിച്ച സബേള്ളിയനിസം അല്ലെങ്കിൽ 'മൊണാർക്കിയനിസം' (Monarchianism). സത്യത്തിൽ നൊയേറ്റസ് (Noetus) എന്നൊരാളാണ് ഇതിന്റെ ആരംഭകൻ. അധികം താമസിയാതെ പ്രാക്സെയാസ് (Praxeas) എന്നൊരാൾ ഈ വലിയ പാഷണ്ഡതയുടെ പിതൃത്വം ഏറ്റെടുത്തു. പിന്നീടാണ്, അതായത് എ.ഡി 210 നുശേഷം സബേള്ളിയൂസ് (Sabellius) എന്ന ദൈവശാസ്ത്രജ്ഞൻ ഈ പാഷണ്ഡതയ്ക്ക് വ്യക്തമായ ദൈവശാസ്ത്രവിശദീകരണം കൊടുത്തതും ശാസ്ത്രീയപരിവേഷം നൽകി അവതരിപ്പിച്ചതും. ഇക്കൂട്ടരുടെ പഠനപ്രകാരം ദൈവത്തിന് ഒരു സ്വഭാവവും ഒരു വ്യക്തിത്വവുമേയുള്ളൂ. പിതാവ്, പുത്രൻ, പരിശുദ്ധാരൂപി എന്നു പറയുന്നത് മൂന്ന് വ്യക്തികളല്ല, ദൈവത്തിന്റെ മൂന്നു പേരുകൾ മാത്രമാണ്. പിതാവുതന്നെയാണ് പ.കന്യാമറിയത്തിൽനിന്നു മനുഷ്യ സ്വഭാവത്തോടെ പുത്രനെന്ന പേരിൽ പ്രസംഗിച്ചു നടന്നതും പാടുപീഢകൾ അനുഭവിച്ചു മരിച്ചതും. അതുകൊണ്ട് അക്കാലത്തെ സത്യക്രിസ്ത്യാനികൾ ഇക്കൂട്ടരെ വിളിച്ചിരുന്നത് പാട്രിപാസിയൻ (Patripassians) അതായത് പിതാവ് കുരിശിൽ തൂങ്ങിമരിച്ചു എന്നു പറയുന്നവർ എന്നാണ്. ഇക്കൂട്ടർ നേരത്തെ പറഞ്ഞ അഡോപ്ഷനിസത്തിന് എതിരാണ് എന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ മൂന്നാം നൂറ്റാണ്ടിലെ ഒരു മെത്രാനായ പോൾ സമോസോട്ട (Paul Samosata) പരസ്പര വിരുദ്ധമായ മേല്പറഞ്ഞ രണ്ടു പാഷണ്ഡതകളും ഒരേ സമയം സ്വീകരിച്ച് പഠിപ്പിച്ച ആളാണ്. ഏതായാലും 268-ൽ അന്ത്യോക്യായിൽ സമ്മേളിച്ച കൗൺസിൽ മേല്പറഞ്ഞ രണ്ടു പാഷണ്ഡതകളെയും ബിഷപ് സമോസോട്ടയേയും ശക്തിയായ ഭാഷയിൽ ശപിച്ചു.

## ആര്യൻ പാഷണ്ഡത (Arianism)

ത്രിത്വത്തിന് എതിരായ ഏതു പാഷണ്ഡതയും പ്രത്യക്ഷമായോ പരോക്ഷമായോ ക്രിസ്തുവിനെക്കുറിച്ചുള്ള സഭയുടെ പഠനങ്ങൾക്കെതിരായ ഒരു പാഷണ്ഡതകൂടിയാകും എന്നത് സ്വാഭാവികം മാത്രമാണ്. അങ്ങനെ ഒരു കാലത്ത് ത്രിത്വത്തിനെതിരായും ക്രിസ്തുവിന്റെ ദൈവത്വത്തിനെതിരായും പഠിപ്പിച്ചുകൊണ്ട് സത്യവിശ്വാസത്തിന് വലിയ ഭീഷണി ഉയർത്തിയ ഒരു പാഷണ്ഡതയാണ് ആര്യൻ പാഷണ്ഡത. അലക്സാണ്ഡ്രിയ നഗരാതിർത്തിയിലുള്ള ബൗക്കാളിസ് (Baucalis) ഇടവകയുടെ വികാരിയായിരുന്ന ആരിയൂസ് എന്ന വൈദികന്റെ പേരിൽനിന്നാണ് മൂന്നാം നൂറ്റാ

ണ്ടിന്റെ ഉത്തരാർദ്ധത്തിൽ പൊട്ടിമുളച്ച് നാലാം നൂറ്റാണ്ടിൽ വള രെയേറെ ശക്തിയാർജ്ജിച്ച ഈ പാഷണ്ഡതയ്ക്ക് അതിന്റെ പേര് ലഭിച്ചത്. നേരത്തെ സൂചിപ്പിച്ചതുപോലെ മൂന്നാം നൂറ്റാണ്ടിലെ സഭ യുടെ കർശന നടപടിയുടെ ഫലമായി സബേള്ളിയനിസം ഏതാണ്ട് അപ്രത്യക്ഷമായി. എന്നാൽ ക്രിസ്തു ദൈവത്തിന്റെ ദത്തുപുത്രൻ മാത്രമാണെന്നും ദൈവത്തിന് സമനല്ലെന്നും അവിടുത്തേയ്ക്ക് കീഴ്പ്പെട്ടവനാണെന്നും പഠിപ്പിക്കുന്ന അഡോപ്ഷനിസം എന്ന പാഷണ്ഡത അവസാനിച്ചില്ല. ആ പാഷണ്ഡതയുടെ മുഖ്യപ്രാ ണേതാക്കളിൽ ഒരാളായ ബിഷപ് പോൾ സമോസോട്ടയെ 268-ൽ കൂടിയ അന്ത്യോക്യൻ കൗൺസിൽ ശപിച്ചെങ്കിലും ചില്ലറ വ്യതി യാനങ്ങളോടുകൂടി അത് പിന്നെയും പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. അന്തിയോക്യാക്കാരനായ ലൂസിയൻ (Lucian) എന്നൊരു വൈദി കൻ മേല്പറഞ്ഞ പാഷണ്ഡത പുതിയ വാക്കുകളിൽ അവതരിപ്പി ച്ചു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ വെറും സൃഷ്ടിമാത്രമായ ക്രിസ്തുവിന്റെ ശരീരത്തിന് ജീവൻ നല്കുന്ന ആത്മാവിനെ മാറ്റി പകരം 'ലോഗോസി'നെ (Logos) അഥവാ വചനത്തെ പ്രതിഷ്ഠി ച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ക്രിസ്തുവിനെ ദൈവപുത്രൻ എന്ന് വിളിക്കുന്നത്. സത്യത്തിൽ അവിടുന്ന് ദൈവത്തിന് സമനല്ല; സൃഷ്ടിമാത്രമാണ്. ഇങ്ങനെ ഒരു ദൈവശാസ്ത്രം പഠിപ്പിച്ചതു കൊണ്ട് ലൂസിയനാണ് ക്രിസ്തുവിനെ മനുഷ്യനായിമാത്രം കാണുന്ന ആര്യൻപാഷണ്ഡതയുടെ സത്യത്തിലുള്ള ഉപജ്ഞാ താവ്. പാഷണ്ഡത ആരിയൂസിന്റെ പേരിൽ അറിയപ്പെടുന്നത് അദ്ദേഹം ഈ ചിന്താധാരയുടെ മുഖ്യപ്രചാരകനായതുകൊണ്ടാ ണ്.

എ.ഡി 256-ാം ആണ്ടിനോടടുത്ത് ഈജിപ്തിലാണ് ആരിയൂസ് ജനിച്ചത്. നല്ല സംഘടനാശേഷിയും വാഗ്മിത്വവും നേതൃകഴിവുക ളുമൊക്കെ ഉണ്ടായിരുന്ന ഈ വൈദികൻ ഒരു കടുംപിടുത്തക്കാ രനും തന്റേടിയുമായിരുന്നു. എ.ഡി 318-ൽ തന്റെ പഠനങ്ങളുടെ പേരിൽ സ്ഥലത്തെ മെത്രാനായ അലക്സാണ്ടറുമായി അദ്ദേഹം ഭിന്നിച്ചു. സഭയുടെ വിശ്വാസങ്ങളിലേയ്ക്ക് തിരിച്ചുവരാൻ മെത്രാൻ വളരെ ക്ഷമാപൂർവ്വം ഉപദേശിച്ചുവെങ്കിലും അദ്ദേഹം കൂട്ടാക്കിയി ല്ല. അതിനെത്തുടർന്ന് അലക്സാണ്ടർ മെത്രാൻ എ.ഡി 320- ൽ ഈജിപ്തിലേയും ലിബിയായിലേയും നൂറോളം വരുന്ന മെത്രാ ന്മാരെയെല്ലാം വിളിച്ചുകൂട്ടി കൗൺസിൽ കൂടി ആരിയൂസിനേയും അദ്ദേഹത്തിന്റെ പാഷണ്ഡതയേയും ശപിച്ചു. എന്നാൽ ആരിയൂസ് ഇതിനകം കുറെ അനുയായികളെ ഉണ്ടാക്കിയിരുന്നു. അവർ കത്തോ ലിക്കരുമായി നിരന്തര സംഘർഷത്തിലേർപ്പെടാൻ തുടങ്ങുകയും

ചെയ്തു.

ആരിയൂസിന്റെ പഠനപ്രകാരം അനാദിയും ഏകനുമായ ദൈവം ഇല്ലായ്മയിൽനിന്നും ആദ്യം 'ലോഗോസി'നെ അതായത് 'വചന'ത്തെ സൃഷ്ടിച്ചു. തുടർന്ന് ഈ പ്രപഞ്ചം സൃഷ്ടിക്കാനായി ദൈവം തന്റെ ആദ്യസൃഷ്ടിയായ ഈ ലോഗോസിനെ ഉപകരണ മാക്കി. അതുകൊണ്ട്, ലോഗോസ് പ്രപഞ്ചത്തേക്കാൾ മുമ്പുള്ളതും അതിനേക്കാൾ ശ്രേഷ്ഠമായതുമാണ്. ക്രിസ്തു, ദൈവത്തിന്റെ ആദ്യ സൃഷ്ടിയും ദത്തുപുത്രനുമാണ്; പ. അരൂപി ക്രിസ്തുവിന് അധീ നനാണ്. ഇങ്ങനെയൊക്കെ പോകുന്നു, ആരിയൂസിന്റെ പാഷണ്ഡ പഠനങ്ങൾ.

മനുഷ്യന് മനസ്സിലാക്കാൻ എത്രകണ്ട് എളുപ്പമുള്ളതും മനുഷ്യന് എത്രകണ്ട് സ്വീകാര്യവുമാണ് ഒരു ദൈവശാസ്ത്രവിശദീകരണം എന്നല്ല നാം നോക്കേണ്ടത്. മറിച്ച്, ക്രിസ്തുവിന്റെ പഠനങ്ങളോട് ഒരു വിശദീകരണം എത്രകണ്ട് വിശ്വസ്തത പുലർത്തുന്നു എന്ന താണ്. വി. ഗ്രന്ഥത്തിൽനിന്നു വ്യക്തമായി മനസ്സിലാക്കാവുന്നതു പോലെ തന്നെക്കുറിച്ചുതന്നെയും പ.ത്രിത്വത്തെക്കുറിച്ചും ക്രിസ്തു അസന്ദിഗ്ദമായ ഭാഷയിൽ വെളിപ്പെടുത്തിയിരിക്കുന്നവയോട് യോജിക്കുന്നവയല്ല ആരിയൂസിന്റെ പഠനങ്ങൾ. പുതിയനിയമ ത്തിലെ മൊത്തത്തിലുള്ള സന്ദേശത്തിന്റെ പൊരുൾ ക്രിസ്തു ദൈവമാണെന്നും പിതാവിനോട് സമനാണെന്നുമാണ്. അതുകൊ ണ്ടാണ് ആ ആരംഭകാലഘട്ടത്തിൽ ത്രിത്വത്തെക്കുറിച്ചുള്ള സത്യ വിശ്വാസം സംരക്ഷിക്കാൻ അന്നത്തെ സഭ കർശനമായ നടപടി കൾ സ്വീകരിച്ചത്.

ആര്യൻപാഷണ്ഡത ശക്തിപ്പെട്ട ചുറ്റുപാടിൽ അതിനെ നേരി ടുന്നതിനുവേണ്ടി എ.ഡി 325-ൽ അന്നത്തെ റോമൻചക്രവർത്തി യായിരുന്ന കോൺസ്റ്റെന്റൈന്റെ ആജ്ഞപ്രകാരം നിഖ്യാ (Nicaea) എന്ന സ്ഥലത്ത് ഒരു എക്യുമെനിക്കൽ കൗൺസിൽ സമ്മേളിച്ചു. ആ കൗൺസിലാണ് ഇന്നും, കത്തോലിക്കാസഭയുൾപ്പടെ ഒട്ടുമിക്ക പാരമ്പര്യസഭകളും തങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള വിശ്വാസപ്രമാണം എഴുതിയുണ്ടാക്കി പ്രഖ്യാ പിച്ചതും, ആര്യൻ പാഷണ്ഡതയെ ശക്തിയായ ഭാഷയിൽ ശപി ച്ചതും. നിഖ്യാവിശ്വാസപ്രമാണപ്രകാരം ലോഗോസ് അല്ലെങ്കിൽ 'വചനം' പിതാവായ ദൈവവുമായി സമനാണ്. അവർ സത്തയിൽ ഒന്നാണുതാനും. അങ്ങനെ നാലാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഔദ്യോഗികസഭ ആര്യൻപാഷണ്ഡതയ്ക്കെതിരായി കർശന നട പടികൾ എടുത്തെങ്കിലും കാലാകാലങ്ങളിൽ ചില വ്യത്യാസങ്ങ

ളോടുകൂടി അത് പിന്നേയും പൊങ്ങിവന്നുകൊണ്ടിരുന്നു. അങ്ങനെ പൊങ്ങിവന്നവയെ മൊത്തത്തിൽ അർദ്ധ ആര്യൻ പാഷണ്ഡതകൾ എന്ന് വിളിക്കുന്നു. നിരവധിയായ ഈ അർദ്ധ ആര്യൻപാഷണ്ഡതകൾ എല്ലാംതന്നെ ദൈവവുമായുള്ള ക്രിസ്തുവിന്റെ സമത്വം നിഷേധിക്കുന്നു. കൂടാതെ അവിടുന്ന് ദൈവത്തിന്റെ ഒരു സൃഷ്ടിമാത്രമാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

ആര്യൻപാഷണ്ഡതയ്ക്കെതിരെ വീറോടെ യുദ്ധംചെയ്ത് സത്യവിശ്വാസം സംരക്ഷിക്കാൻ മുന്നോട്ടു വന്നവരിൽ അഗ്രഗണ്യൻ അലക്സാണ്ഡ്രിയായിലെ മെത്രാനായിരുന്ന അത്തനാസിയൂസാണ്. വിശ്വാസപ്രമാണം എഴുതിയുണ്ടാക്കിയ നിഖ്യാസൂനഹദോസ് സമ്മേളിച്ചിരുന്ന കാലത്ത് വി.അത്തനാസിയൂസ് ഒരു ഡീക്കൻ മാത്രമായിരുന്നു. എങ്കിലും അദ്ദേഹമാണ് വിശ്വാസപ്രമാണത്തിന്റെ രൂപരേഖ തയ്യാറാക്കിയതെന്ന് ചരിത്രകാരന്മാർ പറയുന്നു. നിഖ്യാസൂനഹദോസിനുശേഷം ചേർന്ന പല കൗൺസിലുകളും, വിവിധ രൂപങ്ങളിൽ പ്രത്യക്ഷപ്പെട്ട, ആര്യൻപാഷണ്ഡ പ്രസ്ഥാനങ്ങളെ ശപിച്ചിട്ടുണ്ട്. ക്രിസ്തുവിനെ വെറും സൃഷ്ടിയായി മാത്രം കാണുന്ന ആര്യൻപാഷണ്ഡതയുടെ അവശിഷ്ടങ്ങൾ ഇക്കാലത്തുപോലും അങ്ങിങ്ങു കാണാം. ചില ആധുനിക സെക്റ്റുകളുടെ അടിവേരു കിടക്കുന്നത് ആ പഴയ ആര്യൻ പാഷണ്ഡതയിലാണ്. പുതിയ കുപ്പായമിട്ട ആ പഴയ പാഷണ്ഡത ഇന്നുമുണ്ടെന്ന് ചുരുക്കം.

### ഫൊത്തീനിയാനിസം (Photinianism)

ഏതെങ്കിലും ഒരു തെറ്റിനോട് പ്രതികരിച്ചുപ്രതികരിച്ച് അതിരുവിട്ട് നേരെ വിപരീതധ്രുവത്തിലെ തെറ്റിൽച്ചെന്ന് വീഴുക എന്നത് സാധാരണമാണ്. അതിനൊരു ഉദാഹരണമാണ് ഫൊത്തീനിയാനിസം. അൻസീറാ (Ancyra) യുടെ മെത്രാനായ മാർസെലസ് ആര്യൻപാഷണ്ഡതയ്ക്കെതിരായി യുദ്ധം ചെയ്ത് ത്രിത്വത്തിൽ മൂന്നാളുകൾ ഉണ്ട് എന്നത് നിഷേധിക്കുന്ന 'സബേളിയനിസ' ത്തിൽ ചെന്ന് വീഴുകയുണ്ടായി. പിന്നീട് മറ്റൊരു മെത്രാനായ ഫൊത്തീനൂസും (Photinus) അതേ തെറ്റുതന്നെ പഠിപ്പിച്ചു. ഈ നിയോസബേള്ളിയൻപാഷണ്ഡതയെ ഫൊത്തീനിയാനിസം എന്ന് പറയുന്നു.

### മാസിഡോണിയൻ പാഷണ്ഡത (Macedonian)

നാലാം നൂറ്റാണ്ടിലെ ക്രിസ്ത്യൻദൈവശാസ്ത്രചർച്ച, പ്രധാനമായും ക്രിസ്തുവിന്റെ ദിവ്യത്വത്തെച്ചുറ്റിയായിരുന്നു. ആര്യനിസം അതിനെ നിഷേധിച്ചപ്പോൾ സത്യസഭ അതിനെ മുറുകെപ്പിടിച്ചു.

അക്കാലത്ത് പ.അരൂപിയുടെ ദിവ്യത്വത്തെക്കുറിച്ച് നേരിട്ടുള്ള കാര്യമായ ചർച്ച ഉണ്ടായിരുന്നില്ല. ത്രിത്വത്തിന്റേത് ഏകദൈവികസത്തയാണെന്നത് നിഷേധിച്ചവർ പരോക്ഷമായി പ. അരൂപിയുടെ ദിവ്യത്വവും നിഷേധിച്ചു എന്നത് ശരിയാണ്. ആര്യന്മാരും മിക്ക അർദ്ധആര്യന്മാരും പ. അരൂപിയുടെ ദൈവത്വം അങ്ങനെ നിഷേധിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ എ.ഡി 360 നോടുകൂടി മാത്രമാണ് പ.അരൂപിയുടെ ദിവ്യത്വവും ചൂടുപിടിച്ച ചർച്ചാവിഷയമായത്. ഒരു അർദ്ധ ആര്യനും കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനുമായിരുന്ന മാസിഡോണിയസ് പ. അരൂപിയുടെ ദിവ്യത്വം നിഷേധിച്ചു. അതിനെത്തുടർന്ന് അദ്ദേഹം എ.ഡി 360-ൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. ഈ മെത്രാന്റെ പേരിൽനിന്നാണ് ഈ പാഷണ്ഡതയ്ക്ക് അതിന്റെ പേരു ലഭിച്ചത്. പിന്നീട് കോൺസ്റ്റാന്റിനോപ്പിളിൽ സമ്മേളിച്ച കൗൺസിലിന്റെ നടപടികളുടെയും അത്തനാസിയൂസ്, ഗ്രിഗറി നസിയാൻസൻ തുടങ്ങിയ പ്രഗത്ഭരുടെ അവിശ്രമപരിശ്രമങ്ങളുടെയും ഫലമായി ആര്യനിസവും അതിന്റെ വകഭേദമായ മാസിഡോണിയനിസവും ക്ഷയിച്ചുവന്നു. ഏഴാം നൂറ്റാണ്ടോടുകൂടി ആര്യനിസം ആ പേരിൽ അസ്തമിക്കുകയും ചെയ്തു.

**ഫാ. ഐസക് ആലപ്പാട്ട്** ***(തിരുവചനം തെറ്റിദ്ധരിച്ചവർ)***

# 05

# ത്രിത്വൈക ദൈവ ശാസ്ത്രത്തിലെ സുപ്രധാന സത്യങ്ങൾ

## ത്രിത്വൈക ദൈവശാസ്ത്രത്തിലെ സുപ്രധാന പദങ്ങൾ

### 1. പെരിക്കൊറേസിസ് (Perichoresis)

ത്രിത്വൈക ദൈവത്തിലെ മൂന്നു വ്യക്തികൾ തമ്മിലുള്ള അഭേദ്യവും അന്യൂനവുമായ ഐക്യത്തെ സൂചിപ്പിക്കുന്ന പദമാണിത്. ത്രിത്വത്തിലെ ഓരോ ആളിന്റെയും വ്യതിരിക്തത നിലനിൽക്കുമ്പോൾതന്നെ മറ്റു രണ്ടുപേരുടെയും ജീവനിൽ പങ്കുചേരുന്നു എന്നാണ് ഇതിന്റെ ആശയം. യോഹ 17:21 നെ ആധാരമാക്കി രൂപപ്പെടുത്തിയ ഈ ഗ്രീക്കുപദത്തിന്റെ ലത്തീൻ രൂപം Cirmincession എന്നാണ്. പെരിക്കൊറേവോ (Perichoreo) എന്ന ക്രിയ (ഉൽപ 13:10, മത്താ 14:35) നിശ്ചിത സ്ഥലത്തുള്ള അനുസ്യൂതമായ വാസം എന്ന അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ആഴമേറിയതും സത്താപരവുമായ ബന്ധത്തെ സൂചിപ്പി

ക്കാനുള്ള ഈ പദത്തിന്റെ ദൈവശാസ്ത്രമാനങ്ങളെ സൗമ്യക്കായി അവതരിപ്പിച്ചത് ദമാസ്കസിലെ വി. യോഹന്നാനാണ് (A.D. 7-ാം നൂറ്റാണ്ട്).

**2. ഹോമോഊസിയ (Homoousia)**

പരിശുദ്ധ ത്രിത്വത്തിൽ മൂന്നു വ്യതിരിക്ത വ്യക്തികളുണ്ടെങ്കിലും അവർ തമ്മിൽ സത്താപരമായി ഐക്യമുണ്ട് എന്ന വിശ്വാസ സത്യത്തെയാണ് ഈ പദം പ്രതിനിധാനം ചെയ്യുന്നത്. പിതാവുമായി പുത്രൻ സത്തയിൽ ഏകനാണ് എന്നു സൂചിപ്പിക്കാൻ നിഖ്യാ വിശ്വാസ പ്രമാണത്തിൽ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ഒരേസത്ത എന്നാണ് ഈ പദത്തിന്റെ വാച്യാർത്ഥം. പൗരസ്ത്യ സഭകളിൽ പലതും ഹോമോയ് ഊസിയ (homoiousia) എന്ന് ഉപയോഗിച്ചിരിക്കുന്നു. ഒരേസത്ത എന്നതിനുപകരം ഒരുപോലെയുള്ള സാമ്യമുള്ള സത്ത എന്നാണ് ഈ പദത്തിനർത്ഥം. സഭാപിതാവായ ഹിലാരി പോർട്ടിയേഴ്സിന്റെ കാലം മുതൽ (A.D. നാലാം നൂറ്റാണ്ട്) പൗരസ്ത്യസഭകളും ഹോമോ ഊസിയ എന്ന പദം ഉപയോഗിച്ചുതുടങ്ങി.

**3. പ്രോസോപ്പോൻ (Prosopan), ഹുപോസ്റ്റാസിസ് (hypostasis)**

പ്രോസോപ്പോൻ എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം "മുഖം" എന്നാണ്. വ്യക്തി (ഹൂപോസ്റ്റാസിസ്) അഥവാ പ്രത്യക്ഷമാകുന്ന രൂപം എന്ന് ഇതിനെ നിയതാർത്ഥത്തിൽ നിർവ്വചിക്കാം. പോസോപ്പോൻ, ഹുപോസ്റ്റാസിസ് എന്നീ പദങ്ങളെ സമാനാർത്ഥത്തിലാണ് ഔദ്യോഗിക ക്രിസ്തു വിജ്ഞാനീയം ഉപയോഗിക്കുന്നത് (രണ്ടു പദങ്ങളെയും Persona - വ്യക്തി - എന്നാണ് ലത്തീനിൽ വിവർത്തനം ചെയ്യുന്നത്). എന്നാൽ മൊപ്സുവെസ്തിയായിലെ തെയഡോറും നെസ്തോറിയസും ഈ രണ്ടുപദങ്ങളെ വേർതിരിച്ചുമനസ്സിലാക്കി. ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും പരിപൂർണ്ണമായി ദൈവവ്യക്തിത്വത്തിൽ ഒന്നുചേരുന്നു എന്ന വിശ്വാസ സത്യത്തെ (Hypostatic union) നിഷേധിച്ചുകൊണ്ട് നെസ്തോറിയൻ പാഷണ്ഡതയുടെ വക്താക്കളായ ഇവർ ക്രിസ്തുവിലെ ദൈവ- മനുഷ്യസ്വഭാവങ്ങളെ രണ്ടു വ്യതിരിക്ത വ്യക്തിത്വങ്ങളുടെ സമ്മേളനമായി (Prosopic Union) അവതരിപ്പിച്ചു. പരിശുദ്ധത്രിത്വത്തിൽ ഒരു സത്തയും (Ousia) മൂന്നു വ്യക്തികളും (hypostases) ഉണ്ട്. യേശുവിൽ രണ്ടു സ്വഭാവങ്ങളും (Phuses) ഒരു വ്യക്തിത്വവും (hypostasis) ആണുള്ളത്.

# സാർവ്വത്രിക മതബോധനഗ്രന്ഥത്തിലെ ത്രിത്വവിജ്ഞാനീയം

"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണു ക്രിസ്ത്യാനികൾ മാമ്മോദീസ സ്വീകരിക്കുന്നത്. മാമ്മോദീസായ്ക്കു മുൻപു, 'പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നുവോ?' എന്ന മൂന്നു ഭാഗങ്ങളുള്ള ചോദ്യത്തിനു, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞ് അവർ ഉത്തരം നൽകുന്നു. സർവക്രിസ്ത്യാനികളുടെയും വിശ്വാസം പരിശുദ്ധ ത്രിത്വത്തിൽ അധിഷ്ഠിതമാണ്."

ക്രിസ്ത്യാനികൾ മാമ്മോദീസാ സ്വീകരിക്കുന്നതു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആണ്; അവരുടെ നാമങ്ങളിൽ അല്ല; കാരണം സർവശക്തനായ പിതാവും അവിടുത്തെ ഏകജാതനും പരിശുദ്ധാത്മാവുമായ ദൈവം ഒരുവൻ മാത്രമേയുള്ളൂ; പരിശുദ്ധ ത്രിത്വം.

പരിശുദ്ധ ത്രിത്വത്തെ സംബന്ധിക്കുന്ന രഹസ്യം ക്രൈസ്തവ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്രരഹസ്യമാണ്. ദൈവത്തിന്റെതന്നെ അന്തസത്തയെ സംബന്ധിക്കുന്ന ദിവ്യരഹസ്യമാണ് ഇത്. ഇക്കാരണത്താൽ വിശ്വാസത്തെ സംബന്ധിക്കുന്ന മറ്റെല്ലാ രഹസ്യങ്ങളുടെയും ഉറവിടവും അവയെ പ്രകാശിപ്പിക്കുന്ന വെളിച്ചവുമാണിത്. "വിശ്വാസ സത്യങ്ങളുടെ ശ്രേണിയിൽ" ഏറ്റവും മൗലികവും സത്താപരവുമായ പ്രബോധനമാണു പരി.ത്രിത്വരഹസ്യം. രക്ഷാചരിത്രം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏക സത്യദൈവം തന്നെത്തന്നെ മനുഷ്യനു വെളിപ്പെടുത്തുകയും "പാപത്തിൽനിന്നു പിൻതിരിയുന്നവരെ തന്നോട് അനുരഞ്ജനപ്പെടുത്തുകയും ഐക്യപ്പെടുത്തുകയും" ചെയ്യുന്ന മാർഗ്ഗത്തിന്റെയും രീതികളുടെയും ചരിത്രം തന്നെയാണ്.

ഈ ഖണ്ഡികയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ചുരുക്കി പ്രതിപാദിക്കുന്നതാണ് (i) പരിശുദ്ധത്രിത്വം എങ്ങനെ വെളിപ്പെടുത്തപ്പെട്ടു? (ii) ഈ രഹസ്യത്തെ സംബന്ധിക്കുന്ന വിശ്വാസ പ്രബോധനം സഭ എങ്ങനെ രൂപപ്പെടുത്തിയിരിക്കുന്നു (iii) പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവിക അയ്ക്കലുകളിലൂടെ സൃഷ്ടിയുടെയും രക്ഷയുടെയും പവിത്രീകരണത്തിന്റെയുമായ തന്റെ 'കൃപാകര പദ്ധതി' പിതാവായ ദൈവം എങ്ങനെ പൂർത്തിയാക്കി?

സഭാപിതാക്കന്മാർ ദൈവശാസ്ത്രവും (Theologia) രക്ഷാകര പദ്ധതിയും (Oikonomia) തമ്മിൽ വേർതിരിക്കാറുണ്ട്. ത്രിതൈക ദൈവത്തിന്റെ ആന്തരിക ജീവിതത്തിന്റെ രഹസ്യത്തെ സംബന്ധി ക്കുന്നതാണ് ആദ്യപദം; ദൈവം തന്നെത്തന്നെ വെളിപ്പെടുത്തു കയും തന്റെ ജീവൻ പകർന്നുകൊടുക്കുകയും ചെയ്യുന്ന എല്ലാ ദൈവിക പ്രവൃത്തികളെയും സൂചിപ്പിക്കുന്നതാണ് രണ്ടാമത്തെ പദം. രക്ഷാകരപദ്ധതിവഴി ദൈവശാസ്ത്രം നമുക്കു വെളിപ്പെടു ത്തപ്പെടുന്നു. മറിച്ചു ദൈവശാസ്ത്രം രക്ഷാകര പദ്ധതി മുഴു വനെയും വിശദമാക്കുന്നുണ്ട്. ദൈവം തന്നിൽത്തന്നെ ആരാ ണെന്നു അവിടുത്തെ പ്രവർത്തികൾ വെളിപ്പെടുത്തുന്നു. ദൈവ ത്തിന്റെ ആന്തരികസത്തയെ രഹസ്യം അവിടുത്തെ എല്ലാ പ്രവൃത്തികളെയും മനസ്സിലാക്കുന്നതിനു നമ്മുടെ ബുദ്ധിയെ പ്രകാ ശിപ്പിക്കുന്നു. മനുഷ്യവ്യക്തികളെ സംബന്ധിച്ചു ഇതുപോലെതന്നെ. ഒരുവൻ സ്വയം വെളിപ്പെടുത്തുന്നത് അയാളുടെ പ്രവൃത്തികളിൽക്കൂ ടിയാണ്. അതുപോലെ, എത്രകൂടുതൽ ഒരാളെ അറിയുന്നുവോ അത്രയും നന്നായി അയാളുടെ പ്രവൃത്തികളെ നാം മനസ്സിലാ ക്കുന്നു.

ത്രിത്വം നിഷ്കൃഷ്ടാർത്ഥത്തിൽ ഒരു വിശ്വാസ രഹസ്യമാണ്. അതായത് ദൈവം വെളിപ്പെടുത്തുന്നില്ലെങ്കിൽ മനുഷ്യർക്ക് അറി യാൻ കഴിയാത്ത, ദൈവത്തിൽ നിഗൂഢമായിരിക്കുന്ന രഹസ്യങ്ങ ളിൽ ഒന്നാണത്. സ്വന്തം സൃഷ്ടികർമ്മത്തിൽക്കൂടിയും പഴയനി യമകാലത്തെ വെളിപാടുകളിൽക്കൂടിയും ദൈവം തന്റെ ത്രിത്വാ ത്മക അസ്തിത്വത്തിന്റെ ചില അടയാളങ്ങൾ മനുഷ്യർക്കു നൽകി യിട്ടുണ്ടെന്നതു തീർച്ച. എന്നാൽ പരിശുദ്ധത്രിത്വമെന്ന നിലയിലുള്ള അവിടുത്തെ ആന്തരികാസ്തിത്വം ദൈവപുത്രന്റെ മനുഷ്യാവതാര ത്തിനും പരിശുദ്ധാത്മാവിന്റെ ആഗമനത്തിനും മുൻപ് മനുഷ്യ ബുദ്ധി കൊണ്ടു മാത്രമോ ഇസ്രായേലിന്റെ വിശ്വാസത്തിനു പോലുമോ ഗ്രഹിക്കാനാവാത്ത ഒരു രഹസ്യമായിരുന്നു.

## ത്രിത്വം എന്ന നിലയിലുള്ള ദൈവത്തിന്റെ വെളിപാട്

### പുത്രനിലൂടെ വെളിപ്പെടുത്തപ്പെട്ട പിതാവ്

ദൈവത്തെ "പിതാവേ" എന്നു സംബോധന ചെയ്യുന്ന രീതി പല മതങ്ങളിലുമുണ്ട്. ദൈവം "ദേവന്മാരുടെയും മനുഷ്യരുടെയും പിതാവ്" ആയി പലപ്പോഴും പരിഗണിക്കപ്പെടുന്നു. പ്രപഞ്ച സൃഷ്ടാവ് എന്ന നിലയ്ക്ക് ഇസ്രായേലിൽ ദൈവത്തെ "പിതാവ്"എന്നു വിളിച്ചിരുന്നു. അതിനും പുറമേ, ഇസ്രായേലുമായി ദൈവം ചെയ്ത ഉടമ്പടിയുടെയും അവർക്കു നൽകിയ 'നിയമത്തി

ന്റെയും' അടിസ്ഥാനത്തിൽ ദൈവം ഇസ്രായേൽ ജനത്തിനു സവിശേഷമാംവിധം പിതാവാകുന്നു. ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഇസ്രായേൽ എന്റെ ആദ്യജാതനായ പുത്രനാണ്" ഇസ്രായേൽ രാജാവിന്റെ പിതാവ് എന്ന സംജ്ഞയും ദൈവത്തിനു നൽകപ്പെട്ടിരുന്നു. വളരെ പ്രത്യക്ഷമായ രീതിയിൽ, ദൈവം "പാവങ്ങളുടെ പിതാവാണ്, അവിടുത്തെ സ്നേഹസംരക്ഷണത്തിലുള്ള അനാഥരുടെയും വിധവകളുടെയും പിതാവാണവിടുന്നു.

ദൈവത്തെ "പിതാവ് എന്നു വിളിക്കുമ്പോൾ വിശ്വാസത്തിന്റെ ഭാഷ രണ്ടു പ്രധാന കാര്യങ്ങൾ സൂചിപ്പിക്കുന്നു. ദൈവം സർവത്തിന്റെയും പ്രഥമ പ്രഭവമാണ്, സർവാതിശായിയായ അധികാരവുമാണ്. അതേസമയം നൻമസ്വരൂപനും തന്റെ മക്കളെല്ലാവരുടെയും മേൽ സ്നേഹജാഗ്രതയുള്ളവനുമാണ്. ദൈവത്തിന്റെ പിതൃവാത്സല്യം മാതൃത്വത്തിന്റെ പ്രതീകത്തിലൂടെയും പ്രദർശിപ്പിക്കാനാവും. അതു ദൈവവും സൃഷ്ടികളും തമ്മിലുള്ള സഹവാസവും ഗാഢബന്ധവും പ്രകടിപ്പിക്കുന്നതിനു വളരെ സഹായകമാണ്. ഒരുവിധത്തിൽ മനുഷ്യന്റെ മുൻപിൽ ദൈവത്തിന്റെ ആദ്യപ്രതിനിധികളായി നിൽക്കുന്ന മാതാപിതാക്കന്മാരുടെ മാനുഷിക അനുഭവത്തെ ആസ്പദമാക്കിയാണു വിശ്വാസത്തിന്റെ ഭാഷ ഉദ്ഭവിച്ചിരിക്കുന്നത്. എന്നാൽ ഈ അനുഭവം മറ്റൊരു യാഥാർത്ഥ്യവും നമ്മെ പഠിപ്പിക്കുന്നു. മാതാപിതാക്കന്മാർക്കു തെറ്റുപറ്റുകയും അങ്ങനെ അവർ മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും ഛായയ്ക്കു മങ്ങലേൽപിക്കുകയും ചെയ്തേക്കാം. അതിനാൽ, ദൈവം മാനുഷിക ലിംഗഭേദങ്ങൾക്കെല്ലാം അതീതനാണെന്ന സത്യം നാം അനുസ്മരിക്കണം. ദൈവം പുരുഷനുമല്ല സ്ത്രീയുമല്ല: ദൈവമാണവിടുന്ന്. മാനുഷിക മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും പ്രഭവും മാനദണ്ഡവും ദൈവമാണെങ്കിലും അവിടുന്ന് അവയ്ക്കെല്ലാം അതീതനാണ്. ദൈവം പിതാവായിരിക്കുന്നതുപോലെ മറ്റാരും പിതാവല്ല.

മുൻപാരും കേട്ടിട്ടില്ലാതിരുന്ന അർത്ഥത്തിൽ, ദൈവം പിതാവാകുമെന്ന് യേശു വെളിപ്പെടുത്തി. സ്രഷ്ടാവ് എന്ന നിലയ്ക്കു മാത്രമല്ല അവിടുന്നു പിതാവായിരിക്കുന്നത്. തന്റെ ഏകജാതനുമായുള്ള ബന്ധത്തിൽ അവിടുന്ന് എന്നേക്കും പിതാവാണ്; പുത്രനാകട്ടെ, തന്റെ പിതാവിനോടുള്ള ബന്ധത്തിലല്ലാതെ എന്നേക്കും പുത്രനാകുന്നില്ല. "പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തുവാൻ മനസ്സാകുന്നുവോ അവനുമല്ലാതെ, മറ്റാരും പിതാവിനെയും അറിയുന്നില്ല."

ഇക്കാരണത്താൽ അപ്പസ്തോലന്മാർ യേശുവിനെ വചനമായി അംഗീകരിച്ചേറ്റു പറയുന്നു. "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവമായിരുന്നു", "അദൃശ്യദൈവത്തിന്റെ പ്രതിഛായയും" "അവിടുത്തെ മഹത്വത്തിന്റെ തേജസ്സും" "അവിടുത്തെ പ്രകൃതിയുടെ പ്രതിരൂപവുമായി" അവർ ഏറ്റു പറഞ്ഞു.

അവർക്കുശേഷം സഭ അപ്പസ്തോലികപാരമ്പര്യം പിന്തുടർന്ന് ഏ.ഡി 325-ൽ സമ്മേളിച്ച ഒന്നാമത്തെ സാർവത്രിക സൂനഹദോസിൽ വച്ച്, "പുത്രൻ പിതാവിനോടുകൂടെ ഏകസത്തയാണ്" എന്നു പ്രഖ്യാപിച്ചു. അതായത്, അവിടുത്തോടൊത്തുള്ള ഏകദൈവമാണെന്ന്. എ.ഡി 381-ൽ കോൺസ്റ്റാന്റിനോപ്പിളിൽ രണ്ടാമത്തെ സാർവത്രിക സീനഹദോസ് വിശ്വാസപ്രമാണത്തിനു രൂപംകൊടുത്തപ്പോൾ നിഖ്യാ സൂനഹദോസിന്റെ ഈ പ്രയോഗം നിലനിർത്തുകയും ഇങ്ങനെ പ്രഖ്യാപിക്കുകയും ചെയ്തു. "ദൈവത്തിന്റെ ഏകജാതനും യുഗങ്ങൾക്കു മുമ്പേ പിതാവിൽനിന്നു ജനിച്ചവനും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു."

**പരിശുദ്ധാത്മാവിനാൽ വെളിപ്പെടുത്തപ്പെട്ട പിതാവും പുത്രനും**

"മറ്റൊരു പാരക്ക്ലേത്തയെ" (അഭിഭാഷകനെ, പരിശുദ്ധാത്മാവിനെ) അയയ്ക്കുമെന്ന് യേശു തന്റെ പെസഹായ്ക്കു മുമ്പായി പ്രഖ്യാപിച്ചു. സൃഷ്ടിമുതൽ കർമനിരതനും മുൻകാലങ്ങളിൽ "പ്രവാചകന്മാരിലൂടെ സംസാരിച്ചവനുമായ" അവിടുന്ന് ഇനി ശിഷ്യന്മാരോടൊപ്പവും അവരിലും ആയിരിക്കും. അവരെ പഠിപ്പിക്കുന്നതിനും "എല്ലാ സത്യത്തിലേക്കും" അവരെ നയിക്കേണ്ടതിനുമാണിത്. ഇങ്ങനെ യേശുവിനോടും പിതാവിനോടുമൊത്തു മറ്റൊരു ദൈവിക വ്യക്തി ആയിട്ടാണു പരിശുദ്ധാത്മാവു വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത്.

പരിശുദ്ധാത്മാവിന്റെ നിത്യമായ ഉദ്ഭവം, കാലത്തിലുള്ള അവിടുത്തെ അയയ്ക്കപ്പെടലിലൂടെ വെളിപ്പടുത്തപ്പെടുന്നു. പുത്രന്റെ നാമത്തിൽ പിതാവും പിതാവിലേക്കു തിരിച്ചെത്തിയതിനുശേഷം പുത്രനും വ്യക്തിപരമായി പരിശുദ്ധാത്മാവിനെ അപ്പോസ്തോലന്മാരുടെമേലും സഭയുടെമേലും അയച്ചു. യേശുവിന്റെ മഹത്ത്വീകരണത്തിനുശേഷമുള്ള, പരിശുദ്ധാത്മാവ് എന്ന വ്യക്തിയുടെ അയയ്ക്കപ്പെടൽ, പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ അതിന്റെ പൂർണ്ണതയിൽ വെളിപ്പെടുത്തുന്നു.

പരിശുദ്ധാത്മാവിനെ സംബന്ധിക്കുന്ന അപ്പസ്തോലികവിശ്വാസം, കോൺസ്റ്റാന്റിനോപ്പിളിൽ ചേർന്ന രണ്ടാം സാർവത്രിക സൂനഹദോസിൽ (381-ൽ) പ്രഖ്യാപിക്കപ്പെട്ടു. "കർത്താവും ജീവദാതാവും പിതാവിൽ നിന്നു പുറപ്പെട്ടവനുമായ പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വാസിക്കുന്നു." ഈ പ്രഖ്യാപനത്തിലൂടെ ദൈവത്തിന്റെ മുഴുവൻ പ്രഭവമായി പിതാവിനെ സഭ അംഗീകരിക്കുന്നു;[72] പരിശുദ്ധാത്മാവിന്റെ നിത്യോദ്ഭവം, പുത്രന്റെ ഉദ്ഭവവുമായി ബന്ധമില്ലാത്തതല്ല; "പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവു ദൈവവും, പിതാവിനോടും പുത്രനോടുമൊപ്പം ഏകനും സമനുമായി ഒരേസത്തയും ഒരേ പ്രകൃതിയുള്ളവനുമാണ്.. എന്നിരുന്നാലും പരിശുദ്ധാത്മാവു പിതാവിന്റെ മാത്രമോ പുത്രന്റെ മാത്രമോ ആത്മാവല്ല. ഒരേസമയം അവിടുന്നു പിതാവിന്റെയും പുത്രന്റെയും ആത്മാവാണ്." കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിന്റെ വിശ്വാസപ്രമാണത്തിൽ സഭ ഇങ്ങനെ പ്രഖ്യാപിക്കുന്നു. "പിതാവിനോടും പുത്രനോടുമൊപ്പം അവിടുന്ന് ആരാധിക്കപ്പെടുകയും മഹത്ത്വീകരിക്കപ്പെടുകയും ചെയ്യുന്നു."

ലത്തീൻ സഭാ പാരമ്പര്യമനുസരിച്ചു വിശ്വാസപ്രമാണത്തിൽ, "പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും (Filioque) പുറപ്പെടുന്നു" എന്നാണു ചൊല്ലുന്നത്. 1483 - ൽ ഫ്ളോറൻസ് സൂനഹദോസ് വിശദീകരിച്ചതിങ്ങനെയാണ്, പരിശുദ്ധാത്മാവിനു സത്തയും അസ്തിത്വവും ലഭിക്കുക ഒരേ സമയം (Simul) പിതാവിൽ നിന്നും പുത്രനിൽ നിന്നുമാണ്. ഒരേ നിശ്വാസത്തിൽനിന്ന് ഒരേ പ്രഭവത്തിൽ നിന്നെന്നപോലെയാണു പരിശുദ്ധാത്മാവു നിത്യമായി പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നത്... പിതൃത്വമൊഴികെ പിതാവിനുള്ളതെല്ലാം, പുത്രനെ ജനിപ്പിച്ചുകൊണ്ട് അവിടുന്നു തന്റെ ഏകജാതനു നൽകിയിരിക്കുന്നു; പിതാവിൽ നിന്നു നിത്യമായി ജാതനായ പുത്രനിൽനിന്നു, പിതാവിൽ നിന്നെന്നപോലെ നിത്യമായി പരിശുദ്ധാത്മാവു പുറപ്പെടുന്നു.

പുത്രനിൽനിന്നും എന്ന പ്രയോഗം 381-ലെ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ ഇല്ലായിരുന്നു. എങ്കിലും വിശുദ്ധ ലിയോ ഒന്നാമൻ മാർപാപ്പ ഒരു പുരാതന ലത്തീൻ അലക്സാൺഡ്രിയൻ പാരമ്പര്യമനുസരിച്ചു, 447-ൽ ഇത് വിശ്വാസസത്യമായി പ്രഖ്യാപിച്ചിരുന്നു. 451 - ലെ കാൽസിഡോൺ സൂനഹദോസിൽ വച്ച് 381 -ലെ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം റോമൻസഭ സ്വീകരിക്കുന്നതിനു മുൻപുതന്നെ ആയിരുന്നു ഇത്. 'പുത്രനിൽ നിന്നും' എന്ന പ്രയോഗം വിശ്വാസപ്രമാണത്തിൽ ചേർക്കുന്ന പതിവു

ലത്തീൻ ആരാധനക്രമത്തിൽ ക്രമേണ (എട്ടും പതിനൊന്നും നൂറ്റാണ്ടുകൾക്കിടയിൽ) പ്രചാരത്തിൽവന്നു. നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിന്റെ വിശ്വാസപ്രമാണത്തിൽ ലത്തീൻ ആരാധനക്രമം പുത്രനിൽനിന്നും എന്ന് കൂട്ടിച്ചേർത്തത് ഓർത്തഡോക്സ് സഭകളുമായുള്ള അഭിപ്രായാന്തരത്തിന് ഇന്നും ഒരു കാരണമാണ്.

പൗരസ്ത്യപാരമ്പര്യം ആദ്യമേതന്നെ, പരിശുദ്ധാത്മാവിന്റെ പ്രഥമപ്രഭവമായിട്ടാണു പിതാവിനെ അവതരിപ്പിക്കുന്നത്. "പിതാവിൽനിന്നു പുറപ്പെടുന്ന" പരിശുദ്ധാത്മാവ് എന്ന് ഏറ്റു പറയുമ്പോൾ പരിശുദ്ധാത്മാവു പിതാവിൽനിന്നു പുത്രനിലൂടെ പുറപ്പെടുന്നുവെന്നാണു പൗരസ്ത്യപാരമ്പര്യം ഉദ്ഘോഷിക്കുന്നത്. പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും (filioque) പുറപ്പെടുന്നു എന്നു പ്രഖ്യാപിക്കുമ്പോൾ പാശ്ചാത്യപാരമ്പര്യം പ്രഥമമായും പിതാവും പുത്രനും തമ്മിലുള്ള സത്തൈക്യം ഊന്നിപ്പറയുന്നു. പാശ്ചാത്യസഭയുടെ ഈ നിലപാട് "യുക്തിയുക്തവും സമുചിതവുമാണ്"; കാരണം ദൈവികവ്യക്തികളുടെ സത്തൈക്യത്തിലെ നിത്യമായ ക്രമം ദ്യോതിപ്പിക്കുന്ന സത്യം ഇതാണ്: "അപ്രഭവ പ്രഭവൻ" എന്ന നിലയ്ക്കു പിതാവു പരിശുദ്ധാത്മാവിന്റെ പ്രഥമപ്രഭാവമായിരിക്കുന്നു, അതോടൊപ്പം ഏകജാതന്റെ പിതാവായിരിക്കുന്നതിനാൽ, അവിടുന്നു പുത്രനോടൊത്തു പരിശുദ്ധാത്മാവിന്റെ പുറപ്പെടലിനുള്ള ഏകപ്രഭവമാണ്. യുക്തിയുക്തമായ ഈ അന്യോന്യ പൂരകത്വം അതു കർക്കശമാകാത്തിടത്തോളം കാലം, എല്ലാവരും ഏറ്റുപറയുന്ന ഒരേ രഹസ്യത്തിലെ വിശ്വാസത്തിന്റെ ഏകതയെ ഹാനികരമായി ബാധിക്കുകയില്ല.

## പരിശുദ്ധത്രിത്വം വിശ്വാസ പ്രബോധനത്തിൽ

### പരിശുദ്ധത്രിത്വത്തെ സംബന്ധിക്കുന്ന വിശ്വാസസത്യങ്ങളുടെ രൂപീകരണം

ആരംഭം മുതലേ, പരിശുദ്ധ ത്രിത്വത്തെ സംബന്ധിക്കുന്ന ആവിഷ്കൃത സത്യം മുഖ്യമായും മാമ്മോദീസായിലൂടെ സഭയുടെ സജീവവിശ്വാസത്തിന്റെ അടിസ്ഥാനമായി വർത്തിച്ചിരുന്നു. മാമ്മോദീസായിലെ വിശ്വാസപ്രഖ്യാപനത്തിലും സഭയുടെ പ്രഘോഷണത്തിലും മതബോധനത്തിലും പ്രാർത്ഥനയിലും പരിശുദ്ധത്രിത്വത്തെ സംബന്ധിക്കുന്ന വിശ്വാസം ആവിഷ്ക്കരിക്കപ്പെടുന്നു. പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം പ്രകടമാക്കുന്ന ചില വാക്യങ്ങൾ, അപ്പസ്തോലിക ലിഖിതങ്ങളിൽത്തന്നെ കാണാം. അതിനുദാഹരണമാണു കുർബാനയിൽ സ്വീകരിച്ചിട്ടുള്ള ഈ ആശീർവാദം തന്നെ.

"കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ."

ത്രിത്വത്തിലുള്ള വിശ്വാസത്തിനു കൂടുതൽ വ്യക്തതനൽകാൻ ആദ്യ ശതകങ്ങളിൽ സഭ യത്നിച്ചു. ഈ വിശ്വാസ സത്യത്തിലേക്കു കൂടുതൽ ഉൾക്കാഴ്ച ലഭിക്കുന്നതിനും അതിനെ വികലമാക്കുന്ന അബദ്ധസിദ്ധാന്തങ്ങളിൽനിന്ന് രക്ഷിക്കുന്നതിനും വേണ്ടിയായിരുന്നു ഈ യത്നം. ത്രിത്വത്തെ സംബന്ധിക്കുന്ന വിശ്വാസത്തിനു സുവ്യക്തത പകർന്നതു സഭയുടെ ആദ്യകാല കൗൺസിലുകളാണ്. സഭാ പിതാക്കന്മാരുടെ ദൈവശാസ്ത്രരചനകളുടെയും ക്രിസ്തീയ വിശ്വാസികളുടെ വിശ്വാസബോധത്തിന്റെയും സഹായത്തോടെ ആദ്യകാല കൗൺസിലുകളാണ് ഈ ദൗത്യം നിർവഹിച്ചത്.

ത്രിത്വത്തെ സംബന്ധിക്കുന്ന വിശ്വാസസത്യങ്ങൾ അവതരിപ്പിക്കുന്നതിനു സഭയ്ക്കു തത്ത്വശാസ്ത്രത്തിൽ ഉരുത്തിരിഞ്ഞ ചില ആശയങ്ങളുടെ സഹായത്തോടെ സ്വന്തമായ പദവ്യൂഹം രൂപപ്പെടുത്തേണ്ടിവന്നു. ഇങ്ങനെയുള്ള സംജ്ഞകളാണു "സത്ത" (Substance) "വ്യക്തി" (Person) അല്ലെങ്കിൽ ഉപസ്ഥിതി (hypostasis) ബന്ധം (relation) മുതലായവ. ഈ പ്രക്രിയയിലൂടെ സഭ അവളുടെ വിശ്വാസത്തെ മാനുഷികജ്ഞാനത്തിന് അടിയറവുവയ്ക്കുകയല്ല ചെയ്തത്; പ്രത്യുത പ്രസ്തുത പദങ്ങൾക്ക് അഭിനവവും അഭൂതപൂർവ്വവുമായ അർത്ഥം നൽകുകയാണു ചെയ്തത്. പിന്നീടുള്ള കാലത്തു "മനുഷ്യബുദ്ധിയുടെ സീമകൾക്ക് അതീതമായി സ്ഥിതിചെയ്യുന്ന ഒരു അവാച്യമായ രഹസ്യത്തെ" ദ്യോതിപ്പിക്കാനാണു പ്രസ്തുത പദങ്ങൾ ഉപയോഗിച്ചു വരുന്നത്.

പരിശുദ്ധ ത്രിത്വത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ സഭ ഉപയോഗപ്പെടുത്തുന്ന ചില പ്രധാന പദങ്ങൾ താഴെപ്പറയുന്നവയാണ്; (i) "സത്ത" (Substance) (ചിലപ്പോൾ "സാരാംശം" (essence), "പ്രകൃതി" (nature) എന്നീ പദങ്ങളും ഉപയോഗിക്കുന്നുണ്ട്) എന്ന പദം ദൈവിക ഉൺമയെ അതിന്റെ ഐക്യത്തിൽ ദ്യോതിപ്പിക്കുന്നു; (ii) "വ്യക്തി" അഥവാ "ഉപസ്ഥിതി" (hypostasis) എന്ന പദം പരിശുദ്ധ ത്രിത്വത്തിലെ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും അവർക്കിടയിലുള്ള യഥാർഥമായ വ്യതിരിക്തതയിൽ ദ്യോതിപ്പിക്കുന്നു; (iii) "ബന്ധം" എന്ന പദം പരിശുദ്ധത്രിത്വത്തിലെ മൂന്നു വ്യക്തികൾക്കും തമ്മിലുള്ള ബന്ധത്തിൽ വേരൂന്നിയിട്ടുള്ളതാണ് അവർക്കിടയിലെ വ്യതിരിക്തത എന്ന വസ്തുത ദ്യോതിപ്പിക്കുന്നു.

### പരിശുദ്ധത്രിത്വത്തെ സംബന്ധിച്ച വിശ്വാസസത്യം

ത്രിത്വം ഏകമാകുന്നു. നമ്മൾ വിശ്വസിക്കുന്നതു മൂന്നു ദൈവങ്ങളിലല്ല, മൂന്നു വ്യക്തികളായ ഏകദൈവത്തിൽ ഏകസത്തയോടുകൂടിയ ത്രിത്വത്തിലാണ്. മൂന്നു ദൈവികവ്യക്തികളും കൂടി ഒരു ദൈവികസത്തയെ വിഭജിച്ചെടുക്കുകയുമല്ല ചെയ്യുന്നത്; പ്രത്യുത ത്രിത്വത്തിലെ ഓരോ വ്യക്തിയും പൂർണ്ണമായും മുഴുവനായും ദൈവമാണ്; "പുത്രൻ എന്തായിരിക്കുന്നുവോ അതുതന്നെയാണു പിതാവ്; പിതാവ് എന്തായിരിക്കുന്നുവോ അതുതന്നെയാണ് പുത്രൻ; പരിശുദ്ധാത്മാവ് എന്തായിരിക്കുന്നുവോ അതുതന്നെയാണു പിതാവും പുത്രനും; അതായതു സ്വഭാവത്തിൽ ഒരു ദൈവമാണ്" ഈ മൂന്നു "വ്യക്തികളിലോരോരുത്തരും ദൈവികസത്ത, ദൈവിക സാരാംശം അഥവാ ദൈവിക പ്രകൃതി തന്നെയാണ്.

ദൈവിക വ്യക്തികൾ അന്യോന്യവ്യതിരിക്തരാണ്. "ദൈവം ഏകനാണ്; എങ്കിലും ഏകാന്തനല്ല[86] "പിതാവ്", "പുത്രൻ", "പരിശുദ്ധാത്മാവ്"എന്നീ സംജ്ഞകൾ ദൈവിക ഉൺമയുടെ വ്യത്യസ്ത സ്വഭാവങ്ങളെക്കുറിക്കുന്ന നാമങ്ങളല്ല, അവ ഒന്നു മറ്റൊന്നിൽ നിന്നു യഥാർത്ഥ വ്യത്യാസമുള്ളവയാണ്. "പുത്രൻ ആയിരിക്കുന്നവൻ പിതാവല്ല; പിതാവായിരിക്കുന്നവൻ പുത്രനല്ല; പിതാവോ പുത്രനോ ആയിരിക്കുന്നവൻ പരിശുദ്ധാത്മാവല്ല"; അവർ ഉദ്ഭവത്തിലെ ബന്ധത്തിൽ പരസ്പരം വ്യതിരിക്തരാണ്; "ജനിപ്പിക്കുന്നതു പിതാവാണ്; "ജനിപ്പിക്കുന്നതു പുത്രനാണ്; പുറപ്പെടുന്നതു പരിശുദ്ധാത്മാവാണ്" ദൈവിക ഏകത്വം ത്രിയേകമാണ്".

ദൈവികവ്യക്തികൾ അന്യോന്യ ബന്ധമുള്ളവരാണ്. ദൈവിക വ്യക്തികളുടെ അന്യോന്യ വ്യതിരിക്തത ദൈവിക ഐക്യത്തെ ഭേദിക്കാത്തതിനാൽ, ദൈവിക വ്യക്തികൾക്കു പരസ്പരമുള്ള യഥാർത്ഥമായ വ്യതിരിക്തത അടങ്ങിയിരിക്കുന്നത് അവരെ പരസ്പരം ബന്ധപ്പെടുത്തുന്ന ബന്ധങ്ങളിൽമാത്രമാണ്. "വ്യക്തികളുടെ ബന്ധം സൂചിപ്പിക്കുന്ന നാമങ്ങളിലൂടെ പിതാവു പുത്രനോടും, പുത്രൻ പിതാവിനോടും പരിശുദ്ധാത്മാവ് ഇരുവരോടും ബന്ധപ്പെട്ടിരിക്കുന്നു അവരുടെ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ അവരെ മൂന്നു വ്യക്തികളെന്നു വിളിക്കുമ്പോൾ നാം ഒരു പ്രകൃതിയിൽ അഥവാ സത്തയിൽ മാത്രം വിശ്വസിക്കുന്നു." അവർ തമ്മിലുള്ള "ബന്ധത്തിന്റെ വൈപരീത്യം ഇല്ലാത്തിടത്ത് അവർ മൂവരും ഒന്നാണ് ഈ ഐക്യം മൂലം പിതാവു പൂർണ്ണമായി പുത്രനിലും പരിശുദ്ധാത്മാവിലുമാണ്; പുത്രൻ പൂർണ്ണമായി പിതാവിലും പരിശുദ്ധാ

ത്മാവിലുമാണ്. പരിശുദ്ധാത്മാവു പൂർണ്ണമായി പിതാവിലും പുത്ര നിലുമാണ്.

“ദൈവശാസ്ത്രനിപുണൻ എന്നു വിഖ്യാതനായ വി. ഗ്രിഗറി നസിയാൻസൻ ത്രിത്വത്തിലുള്ള വിശ്വാസത്തിന്റെ സംഗ്രഹം കോൺസ്റ്റാന്റിനോപ്പിളിലെ ജ്ഞാനസ്നാനാർഥികൾക്കു വിവരിച്ചു കൊടുക്കുന്നതിങ്ങനെയാണ്;

എല്ലാത്തിനും ഉപരിയായി ഈ വിശ്വാസനിക്ഷേപം പരിരക്ഷി ക്കുവിൻ; ഈ വിശ്വാസനിക്ഷേപത്തിനുവേണ്ടിയാണു ഞാൻ ജീവി ക്കുന്നതും സമരം ചെയ്യുന്നതും. ഇതിനെ എന്റെ സഹചാരിയായി കൊണ്ടു നടക്കാൻ ഞാൻ ആഗ്രഹിക്കുന്നു; എല്ലാ ദു:ഖദുരിതങ്ങളും സഹിക്കുവാനും സർവസന്തോഷങ്ങളും ത്യജിക്കുവാനും എന്നെ ശക്തനാക്കുന്നത് ഇതാണ്; പിതാവിലും പുത്രനിലും പരിശുദ്ധാ ത്മാവിലുമുള്ള വിശ്വാസപ്രഖ്യാപനം. ഇതു ഞാൻ നിന്നെ ഇന്ന് ഏൽപിക്കുകയാണ്. ഈ വിശ്വാസപ്രഖ്യാപനത്തോടെ ഞാൻ ഉട നെതന്നെ നിന്നെ വെള്ളത്തിൽ മുക്കുവാനും വെള്ളത്തിൽനിന്ന് ഉയർത്തുവാനും പോകുകയാണ്. നിന്റെ ജീവിതം മുഴുവന്റെയും സഹചാരിയും രക്ഷാധികാരിയുമായി ഈ വിശ്വാസം നിനക്ക് ഞാൻ ഭരമേൽപിക്കുന്നു. മൂന്നു വ്യക്തികളിലായിരിക്കുന്ന ഒരു ദൈവിക പ്രകൃതിയിലും ശക്തിയിലുമുള്ള വിശ്വാസമാണിത്. ഈ മൂന്നു വ്യക്തികളെയും വ്യതിരിക്തരീതിയിലാണു മനസ്സിലാക്കേണ്ടത്. സത്തയുടെയോ പ്രകൃതിയുടെയോ കാര്യത്തിൽ യാതൊരു ഏറ്റ ക്കുറിച്ചലുമില്ലാത്തതാണ് ഈ ദൈവപ്രകൃതി; ഉയർച്ചയ്ക്കു നിദാ നമായ ശ്രേഷ്ഠനിലയോ താഴ്ചയ്ക്കു നിദാനമായ അധോനിലയോ ഇവിടെയില്ല... മൂന്ന് അനന്തവ്യക്തികളുടെ അനന്തമായ ഐക്യമാ ണിത്. വ്യതിരിക്തമായി പരിഗണിക്കുമ്പോൾ ഓരോ വ്യക്തിയും ദൈവമാണ്... ഒരുമിച്ചു പരിഗണിക്കുമ്പോൾ ദൈവം ത്രിയേകമാ ണ്.... ഞാൻ ഏക ദൈവത്തെപ്പറ്റി ചിന്തിക്കുവാൻ തുടങ്ങു മ്പോഴേക്കും മൂന്നു ദൈവിക വ്യക്തികളും എന്നെ തേജസ്സുകൊണ്ട് വലയം ചെയ്യുന്നു. ഞാൻ മൂവരെയും പറ്റി ചിന്തിക്കുവാൻ തുടങ്ങു മ്പോഴേക്കും ഏകദൈവത്തിലേക്ക് നയിക്കപ്പെടുന്നു.

**ദൈവികപ്രവർത്തനങ്ങളും ത്രിത്വാത്മക അയയ്ക്കലുകളും**

“ഓ സൗഭാഗ്യദായകമായ ജ്യോതിസ്സേ, പരിശുദ്ധത്രിത്വമേ, ആദിമ ഏകത്വമേ” ദൈവം നിത്യസൗഭാഗ്യമാണ്, മരണമില്ലാത്ത ജീവനാ ണ്, അണയാത്ത ദീപമാണ്; ദൈവം സ്നേഹമാണ്; പിതാവും പുത്രനും പരിശുദ്ധാത്മാവും. ദൈവം തന്റെ ഭാഗ്യപൂർണ്ണമായ

ജീവന്റെ മഹത്വം പകർന്നുതരുവാൻ സ്വമനസാ തിരുവുള്ളമായി. ലോകസൃഷ്ടിക്കു മുൻപേ തന്നെ, തന്റെ പ്രിയസുതനിൽ പിതാവു വിഭാവനം ചെയ്ത "കൃപകരപദ്ധതി ഇപ്രകാരമാണ്". "നമ്മെ യേശു ക്രിസ്തുവിലൂടെ ദത്തുപുത്രരാക്കുവാൻ അവിടുന്നു മുൻകൂട്ടി നിശ്ച യിച്ചു"; അതായത് പുത്രസ്വീകാര്യത്തിന്റെ ആത്മാവിലൂടെ" അവി ടുന്നു മുൻകൂട്ടി നിശ്ചയിച്ചു. യുഗയുഗാന്തരങ്ങൾക്കു മുൻപേ തന്നെ നമുക്കു നൽകപ്പെട്ടതും നേരിട്ടു പരിശുദ്ധത്രിത്വത്തിന്റെ സ്നേഹ ത്തിൽ നിന്നു നിർഗളിക്കുന്നതുമായ ഒരുകൃപാവരമാണ് ഈ പദ്ധ തി. സൃഷ്ടികർമത്തിലും ആദിപാപത്തിനുശേഷം രക്ഷാകരചരിത്രം മുഴുവനിലും, പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും അയയ്ക്കലുക ളിലും ഈ പദ്ധതി വെളിപ്പെടുന്നു. സഭയുടെ അയയ്ക്കൽ ഈ അയയ്ക്കലുകളുടെ തുടർച്ചയാണ്.

ദൈവിക രക്ഷാപദ്ധതിമുഴുവനും മൂന്നു വ്യക്തികളുടെയും പൊതുപ്രവർത്തനമാണ്. പരിശുദ്ധത്രിത്വത്തിന് ഒരേയൊരു പ്രകൃതി മാത്രമുള്ളതുപോലെ ഒരേയൊരു പ്രവർത്തനവും മാത്രമേയുള്ളൂ. "പിതാവും പുത്രനും പരിശുദ്ധാത്മാവും സൃഷ്ടിയുടെ മൂന്നു പ്രഭ വങ്ങളല്ല, പ്രത്യുത ഏകപ്രഭാവമാകുന്നു." എന്നിരുന്നാലും, ഓരോ ദൈവികവ്യക്തിയും സ്വന്തം വ്യക്തിത്വസവിശേഷതയനുസരിച്ചു പൊതുപ്രവർത്തനം നിർവഹിക്കുന്നു. പുതിയനിയമത്തെ ആസ്പ ദമാക്കി സഭ ഏറ്റുപറയുന്നു. "സർവതും ആരിൽ നിന്ന് ആകു ന്നുവോ, ആ ഏക കർത്താവുമായ യേശുക്രിസ്തു; സർവതും ആരിൽ ആകുന്നുവോ ആ ഏക പരിശുദ്ധാത്മാവും." പുത്രന്റെ മനു ഷ്യാവതാരവും പരിശുദ്ധാത്മാവിന്റെ ദാനവും എന്ന ദൈവിക അയ യ്ക്കലുകളാണ് ദൈവിക വ്യക്തികളുടെ സവിശേഷതകളെ ഏറ്റവും കൂടുതൽ പ്രകടമാക്കുന്നത്.

ദൈവികരക്ഷാപദ്ധതി മുഴുവൻ പൊതുവും വ്യക്തിപരവുമായ ഒരു പ്രവർത്തനമാകയാൽ ദൈവികവ്യക്തികൾക്കു പ്രത്യേകമായി ട്ടുള്ളതെന്തെന്നും അവരുടെ ഏക പ്രകൃതിയെന്തെന്നും അത് വെളി പ്പെടുത്തുന്നു. ത്രിത്വത്തിലെ മൂന്ന് വ്യക്തികളെ ഒരുതരത്തിലും പ്രത്യേകം വേർതിരിക്കാതെ ആ വ്യക്തികളിലോരോരുത്തരുമായി കൈവരിക്കുന്ന ഐക്യമാണു ക്രൈസ്തവജീവിതം മുഴുവനും. പിതാവിനെ മഹത്ത്വപ്പെടുത്തുന്ന ഏതൊരാളും, പുത്രൻവഴി പരി ശുദ്ധാത്മാവിലുമാണു പിതാവിനെ മഹത്ത്വപ്പെടുത്തുന്നത്; ക്രിസ്തു വിനെ അനുഗമിക്കുന്ന ഏതൊരാളും അങ്ങനെ ചെയ്യുന്നതു പിതാവ് അയാളെ ആകർഷിക്കുന്നതുകൊണ്ടും, പരിശുദ്ധാത്മാവ് അയാളെ പ്രചോദിപ്പിക്കുന്നതുകൊണ്ടുമാണ്.

ദൈവികരക്ഷാപദ്ധതി മുഴുവന്റെയും ആത്യന്തികലക്ഷ്യം സൃഷ്ടികൾ പരിശുദ്ധത്രിത്വത്തിന്റെ പൂർണൈക്യത്തിൽ പ്രവേശിക്കുക എന്നതാണ്. എന്നാൽ ഇപ്പോൾത്തന്നെ, പരിശുദ്ധത്രിത്വത്തിന്റെ വാസസ്ഥാനമാകാൻ നാം വിളിക്കപ്പെട്ടിരിക്കുകയാണ്. കർത്താവു പറയുന്നു "ആരെങ്കിലും എന്നെ സ്നേഹിക്കുന്നെങ്കിൽ, അവൻ എന്റെ വചനം പാലിക്കും; അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും".

എന്റെ ദൈവമേ, ഞാൻ ആരാധിക്കുന്ന പരിശുദ്ധത്രിത്വമേ, എന്റെ ആത്മാവു നിത്യതയെ പ്രാപിച്ചു കഴിഞ്ഞു എന്ന മട്ടിൽ അചഞ്ചലവും സമാധാനപൂർണ്ണവുമായി ഞാൻ അങ്ങിൽ സംസ്ഥാപിക്കപ്പെടുവാൻ തക്കവണ്ണം എന്നെത്തന്നെ പൂർണ്ണമായി വിസ്മരിക്കുവാൻ എന്നെ സഹായിക്കണമേ; മാറ്റമില്ലാത്തവനായ എന്റെ ദൈവമേ, യാതൊന്നും എന്റെ സമാധാനത്തെ ഭഞ്ജിക്കാതിരിക്കട്ടെ, യാതൊന്നും എന്നെ അങ്ങയിൽ നിന്ന് അകറ്റാതിരിക്കട്ടെ. എന്റെ ജീവിതത്തിലെ ഓരോ മിനിറ്റും നിന്റെ രഹസ്യത്തിന്റെ ആഴത്തിലേക്ക് എന്നെ നയിക്കട്ടെ. എന്റെ ആത്മാവിനു ശാന്തി നൽകണമേ; നിന്റെ വിശ്രമസ്ഥലവും പ്രിയപ്പെട്ട വാസസ്ഥാനവുമായി, നിന്റെ സ്വർഗമായി എന്റെ ആത്മാവിനെ മാറ്റണമേ. ഞാൻ ഒരിക്കലും നിന്നെ അവിടെ ഏകാകിയായി ഉപേക്ഷിക്കാതിരിക്കട്ടെ; പ്രത്യുത, എന്റെ വിശ്വാസത്തിൽ നിരന്തരം ജാഗ്രത പുലർത്തിക്കൊണ്ടു, നിന്നെ സദാ ആരാധിച്ചുകൊണ്ടു, നിന്റെ സൃഷ്ടികർമത്തിനായി എന്നെത്തന്നെ പൂർണമായി സമർപ്പിച്ചുകൊണ്ടു ഞാൻ മുഴുവനായും പൂർണമായും അവിടെയിരിക്കട്ടെ.

# 06

## ആദിയിൽ മൂന്നു വ്യക്തികളുടെ കൂട്ടായ്മ – ഒരു വ്യക്തിയുടെ ഏകാന്തതയല്ല

### 1. ഒരു വ്യക്തിയുടെ ഏകാന്തതയിൽനിന്ന് മൂന്നു വ്യക്തികളുടെ കൂട്ടായ്മയിലേക്ക്

നമ്മുടെ വിശ്വാസത്തിന്റെ ദൈവം എങ്ങനെയുള്ളവനാണ് ? അനന്തസത്തയായി, സർവ്വശക്തനായി, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായി, സർവ്വസൃഷ്ടികളെയും പാദാന്തികത്തിലാക്കി സ്വർഗ്ഗത്തിൽ ഏകനായി വസിക്കുന്ന ഒരു ദൈവത്തെയാണ് നിരവധി ക്രൈസ്തവർ വിഭാവനം ചെയ്യുന്നത്. അവിടുന്ന് ദയാമയനെങ്കിലും ഏകാകിയായ ദൈവമാണ്. മറ്റുചിലർ ദൈവത്തെ ദയാപരനായ പിതാവായോ കർക്കശനായ ന്യായാധിപനായോ കാണുന്നു. എന്നാൽ ദൈവം എപ്പോഴും അത്യുന്നതനായ വ്യക്തിയും അനന്യനും എതിരില്ലാത്തവനും മഹത്വത്തിന്റെ പ്രഭയിൽ കഴിയുന്നവനുമാണെന്ന് അവർ വിചാരിക്കുന്നു. അവൻ സ്ത്രീ പുരുഷന്മാരായ വിശുദ്ധരോടും മാലാഖമാരോടുംകൂടെ സ്വർഗ്ഗത്തിൽ വാഴുന്നു. പക്ഷേ അവരെല്ലാം അവന്റെ സൃഷ്ടികളാണ്. അവർ അതിവിശി

ഷ്ടരാണെങ്കിലും ദൈവകരങ്ങളിൽനിന്നു വന്നവരാണ്. അതിനാൽ അവർ ദൈവത്തിനധീനരും ദൈവസാദൃശ്യം മാത്രമുള്ളവരുമാണ്. അടിസ്ഥാനപരമായി ദൈവം ഏകനാണ്. എന്തെന്നാൽ ദൈവം ഒന്നേയുള്ളൂ. പഴയനിയമത്തിന്റെയും യഹൂദരുടെയും മുസ്ലീങ്ങളുടെയും വിശ്വാസം ഇതാണ്. പൊതുവേ ക്രൈസ്തവരുടെയും വിശ്വാസം ഇതുതന്നെ.

ഒരുവന്റെ ഏകാകിതയിൽനിന്ന് മൂന്നു ദൈവിക വ്യക്തികളുടെ, പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങിയ കൂട്ടായ്മയിലേക്ക് നാം മുന്നോട്ടു പോകണം. ആദിയിൽത്തന്നെ വൈവിധ്യത്തിന്റെ സമ്പന്നതയോടുകൂടെ ഒരു ദൈവികവ്യക്തി ഇതരവ്യക്തികൾക്ക് സ്വയം സമർപ്പിക്കുന്ന പ്രകാശമാനമായ ഐക്യത്തോടുകൂടെ വിവിധ വ്യക്തികളുടെ കൂട്ടായ്മയുണ്ടായിരുന്നു.

മൂന്നു ദൈവിക വ്യക്തികളുടെ നിതാന്തമായ പരസ്പര ഐക്യമാണ് ദൈവമെന്നതുകൊണ്ട് അർത്ഥമാക്കുന്നതെങ്കിൽ മക്കളായ നമ്മളും ഐക്യത്തിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് അനുമാനിക്കണം. നമ്മൾ നിത്യത്വത്തിന്റെ പ്രതിച്ഛായയും സാദൃശ്യവുമാണ്. അതിനാൽ നമ്മൾ കൂട്ടായ്മയുടെ വ്യക്തികളാണ്. ഏകാകികത നരകമാണ്. ആരും ഒറ്റപ്പെട്ട ദ്വീപല്ല. വ്യക്തികളും വസ്തുക്കളും സത്തകളും നമ്മെ എല്ലായിടത്തും ചൂഴ്ന്നു നിൽക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവരുമായി കൂട്ടായ്മയുടെ ബന്ധം നിലനിർത്താൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. കൊണ്ടും കൊടുത്തും സമ്പന്നവും തുറന്ന പങ്കാളിത്തമുള്ളതും വ്യത്യസ്തതകളെ ആദരിച്ചുകൊണ്ടുള്ളതും എല്ലാവർക്കു നന്മചെയ്യുന്നതുമായ ഒരു ജീവിതം നയിക്കണം.

ഏകദൈവമേ ഉള്ളൂ എന്ന പ്രസ്താവനയെ ക്രൈസ്തവ വിശ്വാസം നിഷേധിക്കുന്നില്ല. എന്നാൽ ദൈവത്തിന്റെ ഏകത്വം വ്യത്യസ്തമായ രീതിയിലാണ് മനസ്സിലാക്കുന്നത്. പുതിയനിയമത്തിലെ വെളിപ്പെടുത്തലനുസരിച്ച് യഥാർത്ഥത്തിൽ ആയിരിക്കുന്നത് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമാണ്. ദൈവം നിത്യനാണ്.ദൈവികരായ മൂന്ന് വ്യക്തികളുടെ കൂട്ടായ്മയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും അത്രമേൽ സ്നേഹിച്ചുകൊണ്ട് അത്രമേൽ പരസ്പരം പങ്കുചേർന്നുകൊണ്ട് നിത്യമായി ഐക്യപ്പെട്ടിരിക്കുന്നു. മൂന്നു ദൈവിക വ്യക്തികളുടെ കൂട്ടായ്മയാണ് നിലനില്ക്കുന്നത്. ഈ കൂട്ടായ്മ ഏകദൈവമാകത്തക്കരീതിയിൽ അത്ര അഗാധവും അടിസ്ഥാനപരവുമാണ്. ഒരേ തടാകത്തിനു രൂപംനൽകുന്ന മൂന്നു ജലസ്രോതസ്സു

കൾപോലെയാണത്. ഒരു ജലസ്രോതസ്സ് മറ്റതിലേക്ക് ഒഴുകിച്ചേരുന്നു. ഓരോന്നും അതതിന്റെ മുഴുവൻ ജലവും ഏകതടാകമാക്കാൻ സമർപ്പിക്കുന്നു. അല്ലെങ്കിൽ ഒരു ആലക്തിക ദീപത്തിലെ മൂന്നു ബൾബുകൾ ഒരേ പ്രകാശത്തെ ഉളവാക്കുന്നതുപോലെയാണത്.

ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ ക്രൈസ്തവമായിത്തീരണം. ദൈവം എപ്പോഴും മൂന്നു ദൈവിക വ്യക്തികളുടെ കൂട്ടായ്മയാണ്. പുത്രനായ ദൈവത്തെയും പരിശുദ്ധാത്മാവായ ദൈവത്തെയും കൂടാതെ പിതാവായ ദൈവമില്ല. യേശു ദൈവമാണ് എന്നു മാത്രം ഏറ്റു പറഞ്ഞാൽ പോരാ പിന്നെയോ പിതാവായ ദൈവത്തിന്റെ പുത്രനും പരിശുദ്ധാത്മാവോടുകൂടിയവനുമാണ് യേശു എന്നു പറയേണ്ടതുണ്ട്. മറ്റു രണ്ടു വ്യക്തികളെ പരാമർശിക്കാതെ ഒരു വ്യക്തിയെക്കുറിച്ച് പറയുവാനാകില്ല.

## 2. കൂട്ടായ്മ ആദിയിലേ ഉണ്ടായിരുന്നു

പരസ്പര കൂട്ടായ്മയിൽ ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്. നിത്യകാലം മുതൽ അവർ ഒരുമിച്ചു നിലനിൽക്കുന്നു. ഓരോ വ്യക്തിയും മറ്റു വ്യക്തികൾക്ക് മുമ്പോ പിമ്പോ അല്ല, അധീശനോ അധീനനോ അല്ല. ഓരോ വ്യക്തിയും മറ്റു വ്യക്തികളെ ഉൾക്കൊള്ളുന്നു. ഓരോരുത്തരും മറ്റു വ്യക്തികളെ സാന്ദ്രമാക്കുന്നു. ഓരോ വ്യക്തിയും മറ്റു വ്യക്തികളിൽ ജീവിക്കുന്നു. ത്രിതൈ്വക കൂട്ടായ്മയുടെ യാഥാർത്ഥ്യം ഇതത്രേ. അത്ര അനന്തവും അഗാധവുമായ രീതിയിൽ മൂന്നു ദൈവിക വ്യക്തികൾ ഒന്നുചേർന്നിരിക്കുന്നു. അതിനാൽ അവർ ഏകദൈവമായിരിക്കുന്നു. ദൈവിക ഐക്യം കൂട്ടായ്മയുടേതാണ്. എന്തെന്നാൽ ഓരോ വ്യക്തിയും മറ്റു വ്യക്തികളോട് കൂട്ടായ്മയിലാണ്.

ദൈവം കൂട്ടായ്മയാണെന്നും അതിനാൽ ത്രിത്വമാണെന്നും പറയുന്നതിന്റെ അർത്ഥമെന്താണ്? വ്യക്തികൾക്കു മാത്രമേ കൂട്ടായ്മയിലിരിക്കാൻ സാധിക്കൂ. അതിന്റെയർത്ഥം ഒരാൾ മറ്റൊരാളുടെ സാന്നിധ്യത്തിലാണ് എന്നത്രേ. മറ്റുള്ളവരിൽനിന്നു വ്യതിരിക്തരാണെങ്കിലും അടിസ്ഥാനപരമായി പരസ്പരപങ്കാളിത്തത്തിലാണ്. യഥാർത്ഥ കൂട്ടായ്മയുണ്ടാകണമെങ്കിൽ, കണ്ണോടു കണ്ണ്, മുഖത്തോടുമുഖം, ഹൃദയത്തോടു ഹൃദയമെന്ന രീതിയിൽ പ്രത്യക്ഷവും നേരിട്ടുള്ളതുമായ ബന്ധങ്ങൾ ആവശ്യമാണ്. പരസ്പര സമർപ്പണത്തിന്റെയും പങ്കുചേരലിന്റെയും ഫലമാണ് കൂട്ടായ്മ. ഓരോ വ്യക്തിയും അവൻ അല്ലെങ്കിൽ അവൾ ആയിരിക്കുന്ന അവസ്ഥയിൽ സ്വീകരിക്കപ്പെടുകയും ഓരോ വ്യക്തിയും മറ്റുള്ളവരോടു

തുറവി പുലർത്തുകയും അവരവരുടെ വ്യക്തിത്വത്തിന്റെ സമ്പന്നതയെ സംഭാവന ചെയ്യുകയും ചെയ്യുമ്പോഴാണ് കൂട്ടായ്മ ഉണ്ടാകുന്നത്.

ദൈവം കൂട്ടായ്മയാണെന്നു പറയുമ്പോൾ പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന മൂന്നു നിത്യവ്യക്തികൾ പരസ്പരോന്മുഖരായിരിക്കുന്നു എന്നർത്ഥം. ഓരോ ദൈവിക വ്യക്തിയും ജീവനും സ്നേഹവും ജ്ഞാനവും നന്മയും സ്വന്തമായ സർവ്വവും മറ്റു രണ്ടു വ്യക്തികൾക്കും നൽകിക്കൊണ്ട് തന്നിൽനിന്നു പുറപ്പെട്ട് സ്വയം സമർപ്പിക്കുന്നു. വ്യക്തികൾ വ്യത്യസ്തരാണ് (പിതാവ് പുത്രനോ പരിശുദ്ധാത്മാവോ അല്ല, നേരേ മറിച്ചും) അവർ വ്യത്യസ്തരായിരിക്കുന്നത് വ്യത്യസ്തരായി നിൽക്കുവാനല്ല, ഒന്നിച്ചു ചേരുവാനും പരസ്പരം ദാനം ചെയ്യുവാനുമാണ്.

അനന്തവും നിത്യവും ഏകവുമായ സത്തയുടെ ഏകാകിതയല്ല ആദിയിലേ ഉണ്ടായിരുന്നത്. പ്രത്യുത, മൂന്ന് അനന്യ വ്യക്തിത്വങ്ങളുടെ കൂട്ടായ്മയാണ് ഏറ്റവും അഗാധവും അടിസ്ഥാനപരവുമായ യാഥാർത്ഥ്യമായി നിലനിൽക്കുന്നത്. കൂട്ടായ്മയുടെ ഫലമായിട്ടാണ് സ്നേഹം, കാരുണ്യം, പങ്കുവയ്ക്കൽ മനുഷ്യവ്യക്തികളുടെയും ദൈവിക വ്യക്തികളുടെയുമിടയിൽ കാണപ്പെടുന്നത്. പരി.ത്രിത്വത്തിന്റെ കൂട്ടായ്മ അതിൽത്തന്നെ പരിമിതമായി നിൽക്കുന്ന ഒന്നല്ല. അത് പുറത്തേക്കു തുറക്കപ്പെടുന്നതാണ്. സർവ്വസൃഷ്ടജാലങ്ങളും മൂന്നു ദൈവിക വ്യക്തികളുടെ ജീവന്റെയും കൂട്ടായ്മയുടെയും ബഹിർഗമനമാണ്. ഈ സത്യം എല്ലാ സൃഷ്ടികളെയും പ്രത്യേകിച്ച്, മനുഷ്യരെ പരസ്പരമുള്ള കൂട്ടായ്മയിലേക്കും ദൈവിക വ്യക്തികളുമായുള്ള കൂട്ടായ്മയിലേക്കും ക്ഷണിക്കുന്നു.

"അവരെല്ലാവരും ഒന്നായിരിക്കുന്നതിനുവേണ്ടി പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കുന്നതിന്" (യോഹ 17:21) എന്ന് യേശു തന്നെ പ്രാർത്ഥിക്കുകയുണ്ടായി.

"നമ്മുടെ ദൈവം അവിടുത്തെ ഏറ്റവും ആന്തരികമായ രഹസ്യത്തിൽ ഏകാകിയല്ല പിന്നെയോ ഒരു കുടുംബമാണ് എന്ന് മനോഹരമായി, അഗാധ സ്പർശിയായി പറയപ്പെട്ടിരിക്കുന്നു. എന്തെന്നാൽ പിതൃത്വവും പുത്രത്വവും കുടുംബത്തിന്റെ സാരാംശമായ സ്നേഹവും ദൈവം ആന്തരികമായി സംവഹിക്കുന്നു. ദൈവിക കുടുംബത്തിലെ ഈ സ്നേഹമാണ് പരിശുദ്ധാരൂപി" (ജോൺപോൾ രണ്ടാമൻ 1979 ജനുവരി 28ന് പ്ല്യൂബ്ളയിൽ സേലാം (Celam)

സമ്മേളനം അഭിസംബോധന ചെയ്തു സംസാരിച്ചപ്പോൾ പറഞ്ഞത്).

### 3. എന്തുകൊണ്ട് മൂന്ന് ദൈവിക വ്യക്തികൾ? എന്തുകൊണ്ട് രണ്ടോ ഒന്നു മാത്രമോ അല്ല.

നിരവധിയാളുകളെ സംബന്ധിച്ച് ത്രിത്വത്തിലെ മൂന്ന് വ്യക്തികൾ എന്നത് അമ്പരപ്പിക്കുന്ന കാര്യമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ് ദൈവമെന്നും അതിനാൽ മൂന്നു ദൈവിക വ്യക്തികളാണെന്നുമാണല്ലോ നാം പറയുക.

ഈ മൂന്നു വ്യക്തികളുംകൂടെ ഒരേ ദൈവമാണ് എന്ന് പറയുമ്പോൾ പ്രശ്നം ഇരട്ടിക്കുന്നു. മൂന്ന് ഒന്നിനു തുല്യമാകുക എന്നത് എന്തൊരു ഗണിത ശാസ്ത്രമാണ്? ഇത്തരത്തിലുള്ള യുക്തി ചിന്ത മൂലം ത്രിത്വത്തിലുള്ള വിശ്വാസത്തെ, ക്രിസ്തുമതത്തിലെ ഏറ്റവും അത്ഭുതകരമായ യാഥാർത്ഥ്യത്തെ അവർ കൈവെടിയുന്നു, ഒന്നുകിൽ മൂന്നു ദൈവങ്ങളുടെ സാന്നിധ്യം അംഗീകരിക്കുക; അല്ലെങ്കിൽ, ഒരേ ഒരു ദൈവത്തെക്കൊണ്ട് തൃപ്തിപ്പെടുക എന്നാണ് അവർ പറയുന്നത്.

തുടക്കത്തിലേതന്നെ ത്രിത്വം (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്) ഗണിതശാസ്ത്ര സംഖ്യ സംബന്ധിച്ചുള്ള കാര്യമല്ല എന്നു മനസ്സിലാക്കണം. കൂട്ടുകയും, ഹരിക്കുകയും, ഗുണിക്കുകയും ചെയ്യുന്ന ഗണിതശാസ്ത്രവീഥിയിലല്ല നാം. ത്രിത്വം എന്നു പറയുമ്പോൾ 1+1+1=3 എന്ന് കൂട്ടുകയല്ല നമ്മുടെ ഉദ്ദേശ്യം. ത്രിത്വം എന്ന പദംതന്നെ നമ്മുടെ ഭാഷാപരമായ ഒരു പ്രയോഗമാണ്. ബൈബിളിൽ അങ്ങനെയൊരു പദം പ്രയോഗിച്ചിട്ടില്ല. 150 ADമുതലാണ് ഈ പദം ഉപയോഗിച്ചു തുടങ്ങിയത്. പാഷണ്ഡിയായ തേയോഡോറ്റസ് ആണ് ആദ്യമായി അതു ഉപയോഗിച്ചത്. അല്മായ ദൈവശാസ്ത്രജ്ഞനായ തെർത്തുല്യൻ (220-ൽ) ആ പദം ഏറ്റെടുക്കുകയാണ് ചെയ്തത്. ദൈവത്തിൽ സംഖ്യയില്ല. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നു നാം പറയുമ്പോൾ നമ്മൾ അനന്യമായ ഒന്നിനെത്തന്നെയാണ് വിശേഷിപ്പിക്കുന്നത്. അനന്യമായ ഒന്ന് എല്ലാ സംഖ്യകളുടെയും നിഷേധമാണ്. അനന്യമായ ഒന്ന് എന്ന് പറയുമ്പോൾ ആകാശവിതാനത്തിലെ ഏക മത്സ്യം എന്നപോലെ ഭൂതലത്തിലെ ഏകമനുഷ്യനെപ്പോലെ എന്നാണർത്ഥം. വേറൊന്നില്ല. അതുകൊണ്ട് നാം ഇപ്രകാരം ചിന്തിക്കണം പിതാവായി പിതാവു മാത്രം മറ്റാരുമില്ല. പരിശുദ്ധാത്മാവായി പരിശുദ്ധാത്മാവു മാത്രം മറ്റാരുമില്ല. കൃത്യമായി പറഞ്ഞാൽ മൂന്ന് അനന്യവ്യക്തികൾ എന്നു നാം പറയരുത്. ഓരോ സമയവും അനന്യമായ ഒന്ന്

അനന്യം എന്നു തന്നെയാണ് പറയേണ്ടത്. അങ്ങനെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, പക്ഷേ പറയുവാനുള്ള എളുപ്പത്തിന് മൂന്ന് അനന്യവ്യക്തികൾ - അതായത് ത്രിത്വം എന്ന് കൃത്യതയി ല്ലാതെ നാം പറയുന്നു.

എന്നാൽ ഇത്തരത്തിലുള്ള ചിന്തകൊണ്ടു നമുക്ക് തൃപ്തിപ്പെ ടാനാവില്ല. അല്ലെങ്കിൽ ഒരു അനന്യവ്യക്തി മൂന്നായിരിക്കുന്നു അതി നാൽ മൂന്ന് ദൈവങ്ങൾ എന്നു പറയുന്നതിനു തുല്യമായിരിക്കുമത്. അപ്പോൾ ത്രിത്വദൈവസിദ്ധാന്തത്തിൽ നാം ചെന്നുപെടുമെന്നു കാണാം. ഈ കാലഘട്ടത്തിൽ പരസ്പരബന്ധം എന്ന മറ്റൊരു സത്യത്തെ നാം കൊണ്ടു വരണം. ഓരോ വ്യക്തിയുടെയും അന്തർവ്യാപനം (incusion) (പെരികോറേസിസ്). മൂന്ന് അനന്യ വ്യക്തിത്വങ്ങൾ അവരിൽതന്നെ നിലനിൽക്കുന്നതല്ല. അവർ പര സ്പരം നിത്യമായി ബന്ധപ്പെട്ടിരിക്കുന്നു. പിതാവ് നിത്യമായും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പിതാവാണ്. പുത്രനാകട്ടെ നിത്യം പരിശുദ്ധാത്മാവിനോടു കൂടിയ പുത്രന്റെയും പിതാവി ന്റെയും പുത്രനാണ്. പരിശുദ്ധാത്മാവ് നിതാന്തമായും പുത്രന്റെയും പിതാവിന്റെയും ആത്മാവാണ്. ഓരോ അനന്യവ്യക്തിയുമായുള്ള ഈ പരസ്പരബന്ധവും സംലയനവും ഒരു ദൈവകൂട്ടായ്മയുടെ ഐക്യമാണ് അർത്ഥമാക്കുന്നത്.

വസ്തുതകൾ ഇങ്ങനെയായിരിക്കുന്നതാണ് അഭികാമ്യം. മൂന്നു വ്യക്തികൾ എന്നാൽ ഒരേ സ്നേഹം - മൂന്ന് അനന്യരായവർ എന്നാൽ ഒരേ കൂട്ടായ്മ.

ഒരേ ഒരു അനന്യവ്യക്തിയേ ഉണ്ടായിരുന്നുള്ളുവെങ്കിൽ ഒരു ദൈവം. ഏകാകിതയായിരിക്കും അനന്തരഫലം. അപ്പോൾ അത്യ ധികം വ്യത്യസ്തവും അതേസമയം സന്തുലിതവുമായ പ്രപഞ്ച ത്തിന്റെ അന്തർധാരയായി വർത്തിക്കുന്നത് കൂട്ടായ്മയായിരിക്കു കയില്ല ഏകാന്തതയായിരിക്കും. ഒരു പിരമിഡിന്റെ അഗ്രബിന്ദു പോലെ ഒരേ ഒരു ബിന്ദുവിൽ എല്ലാം അവസാനിക്കും.

രണ്ട് അനന്യവ്യക്തികളുണ്ടായിരുന്നുവെങ്കിൽ - പിതാവും പുത്രനും - അകൽച്ച അതിന്റെ മൂർദ്ധന്യത്തിലായിരിക്കും. ഒരാൾ മറ്റൊരാളിൽനിന്ന് തികച്ചും വ്യത്യസ്തമായിരിക്കും. അപ്പോൾ സംല യനം ഉണ്ടാവില്ല. ഒന്ന് മറ്റൊന്ന് ആയിരിക്കുകയില്ല. അതിനാൽ പിതാവും പുത്രനും തമ്മിൽ ഐക്യവും ഉണ്ടായിരിക്കുകയില്ല.

ത്രിത്വത്തിന്റെ കൂട്ടായ്മയും ഉൾച്ചേരലുംവഴി നമ്മൾ പൂർണ്ണത യിൽ എത്തിച്ചേരുന്നു. ത്രിത്വത്തിലൂടെ ഒരു വ്യക്തിയായിരി

ക്കുന്നതിലുള്ള ഏകാന്തത ഒഴിവാക്കപ്പെടുന്നു. രണ്ട് വ്യക്തികളായിരിക്കുന്നതിലെ (പിതാവും, പുത്രനും) അകൽച്ചയെ അതിജീവിക്കുന്നു. ഒരു വ്യക്തി ഇതര വ്യക്തിയിൽനിന്ന് ബഹിഷ്കരിക്കപ്പെടുന്ന അവസ്ഥ (പിതാവ് പുത്രനിൽനിന്നും പുത്രൻ പിതാവിൽ നിന്നും) മറികടക്കുന്നു. ത്രിത്വം ഉൾച്ചേരലിനെയും കൂട്ടായ്മയെയും ഉളവാക്കുന്നു. മൂന്നാമത്തെ വ്യക്തി വിരുദ്ധ സ്വഭാവങ്ങളുടെ ( വൈരുദ്ധ്യങ്ങളുടെ) ഐക്യത്തെയും തുറവിയേയും വെളിപ്പെടുത്തുന്നു. അതിനാൽ മൂന്നാമത്തെ ദൈവിക വ്യക്തിയായ പരിശുദ്ധാത്മാവ്, പിതാവും, പുത്രനും തമ്മിലുള്ള ഐക്യത്തിന്റെയും കൂട്ടായ്മയുടെയും ഘടകമായി എന്നും കണക്കാക്കപ്പെടുന്നു. ജീവന്റെ പ്രവാഹമായും ദൈവികമായ അനന്യവ്യക്തികളുടെ ബന്ധത്തിൽ നിറഞ്ഞുനില്ക്കുന്ന പരസ്പരാന്തർവ്യാപനത്തിന്റെ പ്രകാശനമായും പരിഗണിക്കപ്പെടുകയും ചെയ്തു.

അതിനാൽ മൂന്ന് അനന്യവ്യക്തികളുടെ കൂട്ടായ്മയാണ് ദൈവം എന്നത് കല്പിത യാഥാർത്ഥ്യമല്ല. അസ്തിത്വമുള്ളതും ചലനാത്മകവുമായ എല്ലാത്തിന്റെയും അന്തർധാരയായി വ്യത്യസ്തരായവരുടെ ഐക്യത്തിനും കൂട്ടായ്മക്കും നിത്യമായ ഉദ്ഗ്രന്ഥനത്തിനും പ്രേരിപ്പിക്കുന്ന ശക്തിവിശേഷം നിലകൊള്ളുന്നു എന്ന കാര്യം ത്രിത്വത്തിലൂടെ വെളിവാക്കപ്പെടുന്നു.

അനന്തവും സജീവവും വ്യക്തിപരവും സ്നേഹാർദ്രവും അത്യന്തം നിർവൃതിദായകവുമായ ഒരു സമ്പൂർണ്ണതയാണ് ഇത് ലക്ഷ്യം വയ്ക്കുന്നത്.

എല്ലാവർക്കും അറിയാൻ മൗലികാവകാശമുള്ള യഥാർത്ഥ സത്യം അവർക്ക് എന്തിനാണ് നാം നിഷേധിക്കുന്നത്.? എവിടെ നിന്നാണ് അവർ വരുന്നത്, ഏതു ലക്ഷ്യത്തിലേക്കാണ് അവർ പ്രയാണം ചെയ്യുന്നത്. അവരുടെ യഥാർത്ഥ കുടുംബം ഏത്? തുടങ്ങിയ സത്യങ്ങൾ.

നമ്മൾ, ത്രിത്വത്തിൽനിന്നു വരുന്നു; പിതാവിന്റെ ഹൃദയത്തിൽ നിന്ന്, പുത്രന്റെ ജ്ഞാനത്തിൽനിന്ന് പരിശുദ്ധാത്മാവിന്റെ സ്നേഹത്തിൽ നിന്ന്. സമ്പൂർണ്ണ കൂട്ടായ്മയും നിത്യജീവിതവുമാകുന്ന ത്രിത്വത്തിന്റെ ഭരണത്തിലേക്കാണ് തീർത്ഥാടകരായി നാം യാത്ര ചെയ്യുന്നത്.

## 4. സ്വർഗ്ഗത്തിൽ ഒരു ദൈവവും ഭൂമിയിൽ ഒരു തലവനും എന്നത് അപകടകരമായ പ്രസ്താവനയാണ്

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും കൂട്ടാ

യ്മയായ പരി.ത്രിത്വത്തെക്കുറിച്ചു ചിന്തിക്കാതെ ഒരു ഏകനായ ദൈവത്തിലുള്ള വിശ്വാസത്തോട് ഒട്ടിച്ചേർന്നു നില്ക്കുന്നത് സമൂഹത്തിനും രാഷ്ട്രജീവിതത്തിനും സഭയ്ക്കും അപകടകരമാണ്. മൂന്നു ദൈവിക വ്യക്തിത്വങ്ങളുടെ കൂട്ടായ്മയാണ് ദൈവം എന്നു പറയുന്നത് കുടുംബത്തിലും സമൂഹത്തിലും സഭയിലും ഉള്ള വ്യത്യസ്തരായ വ്യക്തികളുടെ സഹകരണത്തെയും നല്ല ബന്ധങ്ങളെയും ഐക്യത്തെയും പ്രോത്സാഹിപ്പിക്കുന്നതാണ്. ത്രിത്വത്തെ മനസ്സിലാക്കാതെയുള്ള കർക്കശമായ ഏക ദൈവസിദ്ധാന്ത (ഏക ദൈവം എന്ന പ്രസ്താവന) ത്തിന്റെ അപകടങ്ങളെ നമുക്കു പരിശോധിക്കാം. ഇത് രാഷ്ട്രീയത്തിൽ സർവ്വാധിപത്യത്തിലേക്കും മതത്തിൽ അധികാര പ്രവണതയിലേക്കും സമൂഹത്തിൽ പൈതൃകാധികാരത്തിലേക്കും കുടുംബത്തിൽ പുരുഷാധിപത്യത്തിലേക്കും നയിക്കുകയും അവയെ നീതീകരിക്കുകയും ചെയ്യും.

### രാഷ്ട്രത്തിൽ സർവ്വാധിപത്യം

സ്വർഗ്ഗത്തിൽ ഒരു ദൈവം എന്നതുപോലെ ഭൂമിയിൽ ഒരു തലവൻ മാത്രം എന്ന് ചില ആളുകൾ പറഞ്ഞിരുന്നു. അതിന്റെ ഫലമായി സ്വർഗ്ഗത്തിലുള്ള ദൈവത്തെ അനുകരിക്കുന്നവർ എന്ന രീതിയിൽ ജനങ്ങളുടെമേൽ ആധിപത്യം ചെലുത്തിയ രാജാക്കന്മാരും രാഷ്ട്രീയ നേതാക്കന്മാരും പ്രമുഖന്മാരും ഉണ്ടായി. ആർക്കും ഒരു വിശദീകരണം നല്കാതെ ദൈവം ഏകനായി ലോകത്തെ ഭരിക്കുകയും നയിക്കുകയും ചെയ്യുന്നു. രാഷ്ട്രീയ സർവാധിപത്യം നേതാക്കളിൽ ധാർഷ്ട്യവും നയിക്കപ്പെടുന്നവരിൽ വിധേയത്വവും സൃഷ്ടിച്ചു. ജനങ്ങൾക്ക് ഏറ്റവും നല്ലത് എന്തെന്ന് തങ്ങൾക്കാണ് അറിയാവുന്നതെന്ന് സർവ്വാധിപതികൾ അവകാശപ്പെടുന്നു. അവർക്ക് സ്വാതന്ത്ര്യം വിനിയോഗിക്കണം. മറ്റുള്ളവരെല്ലാം അവരുടെ കല്പനകൾ സ്വീകരിക്കുകയും അവരെ അനുസരിക്കുകയും ചെയ്യണം. മിക്ക രാജ്യങ്ങളും അധികാരത്തെക്കുറിച്ചുള്ള ഇത്തരം ധാരണയുടെ അവകാശികളാണ്. ഈ ധാരണ ജനങ്ങളുടെ മസ്തിഷ്ക്കത്തിലേക്ക് അടിച്ചു കയറ്റുന്നു. അതുകൊണ്ടാണ് എല്ലാവർക്കും സ്വാതന്ത്ര്യം വിനിയോഗിക്കാവുന്നതും എല്ലാവരും ദൈവ സുതരുമായിരിക്കുന്ന ജനാധിപത്യ സംവിധാനത്തെ ഉൾക്കൊള്ളാൻ വിഷമമായിരിക്കുന്നത്.

### മതത്തിലെ ആധിപത്യസംവിധാനം

ഒരേയൊരു ദൈവം ആയിരിക്കുന്നതുപോലെ ഒരേയൊരു ക്രിസ്തുവും ആയിരിക്കുന്നു എന്നു പറയുന്നവരുണ്ട്. അതുകൊണ്ട് ഒരു മതവും ഒരു ആത്മീയ ശിരസ്സുമേ ഉണ്ടാകുവാൻ പാടുള്ളൂ

എന്ന് അവർ ശഠിക്കുന്നു. ഈ ധാരണയനുസരിച്ച്, എല്ലാം അറിയുന്ന എല്ലാം ആജ്ഞാപിക്കുന്ന, എല്ലാം പ്രവർത്തിക്കുന്ന ഒരു അധികാരകേന്ദ്രത്തിനു ചുറ്റുമായി മതാത്മക സമൂഹത്തെ സംഘടിപ്പിച്ചു നിർത്തുന്നു. മറ്റുള്ളവരെല്ലാം തലവൻ തീരുമാനിക്കുന്നതിനനുസരിച്ച് പ്രവർത്തിക്കുന്ന സാധാരണ വിശ്വാസികൾ മാത്രം. എന്നാൽ ഇങ്ങനെയല്ല സുവിശേഷത്തിൽ ഉദ്ദർശനം ചെയ്തിരിക്കുന്ന വസ്തുതകൾ. അവിടെ എപ്പോഴും കൂട്ടായ്മയുടെ സമൂഹത്തെയാണ് നാം കാണുന്നത്. ആ സമൂഹത്തിൽ എല്ലാവരെയും പ്രോത്സാഹിപ്പിക്കുന്ന ശുശ്രൂഷകരായി പ്രവർത്തിക്കുന്ന സംഘാടകരെയും.

### സമൂഹത്തിലെ പിതൃത്വാധികാര സംവിധാനം

ചിലർ ദൈവത്തെ വലിയ ഒരു പിതാവായി വിഭാവനം ചെയ്യുന്നു. അവിടുന്നു എല്ലാ അധികാരവും കൈയാളുന്നു. ഈ ലോകത്തിന്റെ നാഥന്മാർ ദൈവത്തെ മേലധികാരിയും ഉടമസ്ഥനുമായി സമൂഹത്തിലും കുടുംബത്തിലും അവതരിപ്പിച്ചുകൊണ്ട് ആധിപത്യം ചെലുത്തുന്നു. ദൈവത്തിനു ഒരു പുത്രനുണ്ടെന്നും പരിശുദ്ധാത്മാവിനോടൊത്ത് പൂർണ്ണ സമത്വത്തിൽ ജീവിക്കുന്നുവെന്നും ഉള്ള സത്യം അവർ മറക്കുന്നു. പിതാവായ ദൈവം പുത്രന്മാരുടെയോ പുത്രിമാരുടെയോ പരിശ്രമങ്ങൾക്കു പകരം വയ്ക്കുന്നില്ല. പിന്നെയോ സഹകരണത്തിനു നമ്മെ ക്ഷണിക്കുകയാണ് ചെയ്യുന്നത്. ദൈവകൂട്ടായ്മയിലും ഐക്യത്തിലുമുള്ള വിശ്വാസം മാത്രമേ കുടുംബചൈതന്യമുള്ള ഒരു സമൂഹജീവിതത്തെ സൃഷ്ടിക്കുകയുള്ളൂ.

### കുടുംബത്തിലെ പുരുഷാധിപത്യം (Machismo)

പിതാവെന്ന നിലയിൽ ദൈവത്തെ പുരുഷനായിട്ടാണ് അവതരിപ്പിക്കുന്നത്. അതിന്റെ ഫലമായി സ്ത്രീയെ താഴ്ത്തിക്കെട്ടിക്കൊണ്ട് പുരുഷൻ എല്ലാ മൂല്യങ്ങളെയും സ്വാംശീകരിക്കുന്നു. അങ്ങനെയാണ് പുരുഷ പ്രാധാന്യമുള്ള സമൂഹത്തിൽ പുരുഷാധിപത്യം ഉയർന്നു വരുന്നത്. ഈ സംസ്കാരം എല്ലാ ബന്ധങ്ങളെയും കഠിനതരമാക്കുന്നു. മൃദുല വികാരങ്ങൾ പ്രകടിപ്പിക്കുന്നതിൽനിന്ന് പ്രത്യേകിച്ചും പുരുഷന്മാരെ ശുശ്രൂഷിക്കുക എന്ന നിയോഗം മാത്രം ഏല്പിച്ചു കൊടുക്കപ്പെടുന്ന സ്ത്രീകളോട് അനുഭാവം കാണിക്കുന്നതിൽനിന്ന് ആളുകളെ മാറ്റി നിർത്തുന്നു. സൃഷ്ടികർമ്മം നടത്തുന്നവനാണ് ദൈവം. വെളിപാടിൽ ദൈവം സ്ത്രൈണവും മാതൃസഹജവുമായ ഭാവങ്ങൾ പ്രകടമാക്കിയിട്ടുണ്ട്. അതിനാൽ അതിർത്തിയില്ലാത്ത നന്മയുടെ മാതാവായി ദൈവത്തെ നാം മനസ്സിലാക്കുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിത്വ

ത്തിലെ മൂന്നുപേരെയും തുല്യരും ഒരേ മഹത്വത്തിനുടമകളുമായി വിചാരിക്കുന്നതുവഴി കുടുംബബന്ധങ്ങൾക്ക് ഏറ്റവും ഉപദ്രവകര മായ പുരുഷാധിപത്യ മതത്തെ നാം ബഹിഷ്ക്കരിക്കുന്നു. പരി ശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം നമ്മുടെ വ്യതിചലനങ്ങളെ തിരു ത്താൻ പ്രേരകമാകും. സഭയിലും ലോകത്തിലും ശരിയായ ജീവിതം നയിക്കുവാൻ ശക്തമായ പ്രചോദനം നല്കുകയും ചെയ്യുന്നു.

ദൈവം വ്യക്തികളുടെ ത്രിത്വമാണെങ്കിൽ, പിതാവിന്റെയും പുത്ര ന്റെയും പരിശുദ്ധാത്മാവിന്റെയും കൂട്ടായ്മയാണെങ്കിൽ സമൂഹ ത്തിലും സഭയിലും എല്ലാ വിഭാഗങ്ങളുടെയും ഐക്യം നില നിർത്തുന്ന സർഗ്ഗാത്മകതത്വം എല്ലാ അംഗങ്ങളുടെയും ഐക്യമാ യിരിക്കണം. അതായത് സ്നേഹസമന്വിതവും സഹോദരനിർവി ശേഷവുമായ മന:പൊരുത്ത (പരസ്പര സമ്മതം) മായിരിക്കണം.

### 5. പരിശുദ്ധത്രിത്വത്തിന്റെ ശിഥിലീകൃതാനുഭവം

പിതാവും പുത്രനും പരിശുദ്ധാത്മാവും സദാസമയവും ഒരുമി ച്ചാണ്. അവർ ഒരുമിച്ച് സൃഷ്ടികർമ്മം നിർവഹിക്കുന്നു. അവരുടെ ജീവനിലേക്കും സ്നേഹത്തിലേക്കും നമ്മെ ഒരുമിച്ച് ആനയിക്കു ന്നു. മൂന്നുപേരുടെയും കൂട്ടായ്മയില്ലാതെ പരി. ത്രിത്വം ഒന്നും പ്രവർത്തിക്കുന്നില്ല. ത്രിത്വൈക ദൈവത്തിന്റെ അനുഭവത്തെ നിര സിക്കുന്ന രീതിയിലാണ് നിരവധി വിശ്വാസികളുടെ ഭക്തിപ്രകട നം. ചിലർ പിതാവിനോടുമാത്രം, മറ്റു ചിലർ പുത്രനോടുമാത്രം; ഇനിയും ചിലർ പരിശുദ്ധാത്മാവിനോടു മാത്രം ബന്ധപ്പെടുന്നു. ഇത് നമ്മുടെ കൂട്ടായ്മയെത്തന്നെ തകർക്കുന്ന വികലമായ ദൈവ സമാഗമത്തിലേക്കു നയിക്കുന്നു.

#### പിതാവിന്റേതു മാത്രമായ മതം

കുടുംബത്തിലും പരമ്പരാഗതമായ സമൂഹത്തിലും പിതൃ ബിംബം കേന്ദ്ര വർത്തിയായി നിലകൊള്ളുന്നു. അദ്ദേഹമാണ് നയി ക്കുന്നത്, തീരുമാനങ്ങൾ കൈക്കൊള്ളുന്നത്, അറിയുന്നത്. അങ്ങനെ ചിലർ ദൈവത്തെ ജീവന്റെയും മരണത്തിന്റെയും പുത്രീ പുത്രന്മാരുടെയുംമേൽ ആധിപത്യമുള്ള വിധിയാളനായ സർവ്വ ശക്തിയുള്ള പിതാവായി അവതരിപ്പിക്കുന്നു. നാമെല്ലാം അവി ടുത്തെ ആശ്രയിച്ചു നിലകൊള്ളുന്നു. അതിനാൽതന്നെ നാം പ്രായ പൂർത്തിയാവാത്ത ബാലന്മാരായി കണക്കാക്കപ്പെടുന്നു. ഇത്തര ത്തിലുള്ള ഒരു ധാരണ ക്രൈസ്തവരെ അവരുടെ ദുരിതങ്ങളിൽ ഒതുങ്ങി നില്ക്കുന്ന മനോഭാവത്തിലേക്കു നയിക്കാം. അധികാര ത്തിലുള്ളവരോട്, മാർപാപ്പയോടും മെത്രാന്മാരോടും സർഗ്ഗാത്മ

കമല്ലാത്ത ഒരു തരം വിധേയത്വം വളർത്തുകയും ചെയ്യാം. ദൈവം തീർച്ചയായും പിതാവു തന്നെ. എന്നാൽ അതു പുത്രനോടും പരിശുദ്ധാത്മാവോടുമുള്ള ഐക്യത്തിലും തുല്യതയിലും വസിച്ചുകൊണ്ടാണ്.

**പുത്രന്റേതുമാത്രമായ മതം**

മറ്റു ചിലർ യേശുക്രിസ്തുവാകുന്ന പുത്രന്റെ ഛായയോടു ചേർന്നാണ് നിലകൊള്ളുന്നത്. അവിടുന്ന് സുഹൃത്തും ഗുരുവും നേതാവുമാണ്. യുവജനങ്ങൾക്കിടയിൽ എല്ലാവരുടെയും സുഹൃത്തും. സ്ത്രീ പുരുഷന്മാരുടെ ഉജ്ജ്വലനേതാവുമായ ഊർജ്ജസ്വലനും യുവാവുമായ ക്രിസ്തുവിന്റെ ചിത്രമാണ് വളർന്നു വന്നിട്ടുള്ളത്. കുർസില്ലോ (Cursillo) പ്രസ്ഥാനത്തിൽ ഇതു പ്രത്യേകിച്ചും പ്രകടമാണ്. തന്റെ സമീപസ്ഥരോടു മാത്രം ബന്ധപ്പെടുന്ന ഒരു യേശുവിന്റെ ചിത്രമാണിത്. പിതാവിനോടു ലംബമാനമായ ഒരു ബന്ധമില്ല. ഇത്തരത്തിലുള്ള ഒരു മതം ജനങ്ങളോടും സമൂഹങ്ങളുടെ തീർത്ഥാടനത്തോടും ബന്ധമില്ലാത്ത ഒന്നായിരിക്കും.

**പരിശുദ്ധാത്മാവിന്റേതുമാത്രമായ മതം**

ചില ക്രിസ്തീയ വിഭാഗങ്ങൾ പ. ആത്മാവിനെ കേന്ദ്രീകരിച്ചു മാത്രം നിലകൊള്ളുന്നു. അവർ പ്രാർത്ഥനാ ചൈതന്യം വളർത്തുന്നു. ഭാഷാവരത്തിൽ സംസാരിക്കുന്നു, കൈവയ്പു ശുശ്രൂഷ നടത്തുന്നു. തങ്ങളുടെ ആന്തരികവും വ്യക്തിപരവുമായ വികാരങ്ങൾ പ്രകടിപ്പിക്കുന്നു. അങ്ങനെയുള്ള ക്രൈസ്തവർ പരിശുദ്ധാത്മാവ് യേശുവിന്റെ വിമോചനപ്രവർത്തനങ്ങൾ തുടരാൻ പിതാവിനാൽ അയക്കപ്പെട്ട പുത്രന്റെ ആത്മാവാണെന്ന സത്യമേ മറന്നുപോകുന്നു. ആന്തരികമായി പരിശുദ്ധാത്മാവിനോടു മാത്രമോ സമീപസ്ഥരുമായി ചേർന്ന് പുത്രനോടു മാത്രമോ ലംബമാനമായി പിതാവിനോടു മാത്രമോ ഉള്ള ഒരു ബന്ധം ഉണ്ടായാൽ പോരാ. മൂന്നും ഉദ്ഗ്രഥിക്കപ്പെടണം. നമുക്ക് തണലേകാൻ പിതാവില്ലെങ്കിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നു? നമ്മെയും പുത്രന്മാരാക്കാൻ പിതാവ് തന്റെ പുത്രനെ നമുക്ക് നല്കിയിരുന്നില്ലെങ്കിൽ നമ്മുടെ സ്ഥിതി ഏതു വിധമാകുമായിരുന്നു? നമ്മിൽ വസിക്കാനും നമ്മുടെ രക്ഷ പൂർത്തിയാക്കുവാനും പുത്രന്റെ പ്രാർത്ഥനയനുസരിച്ച് പിതാവ് പരിശുദ്ധാത്മാവിനെ അയച്ചു തന്നില്ലെങ്കിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നു? ത്രിത്വൈക ദൈവത്തിന്റെ സമ്പൂർണ്ണപ്രതിച്ഛായയുടെ സമ്പൂർണ്ണമായ അനുഭവം സ്വന്തമാക്കിക്കൊണ്ട് ഒരു സമ്പൂർണ്ണ വിശ്വാസ ജീവിതം നമുക്കു നയിക്കാം.

മനുഷ്യവ്യക്തി പൂർണ്ണമായും മനുഷ്യവ്യക്തിയാകുവാൻ മൂന്നു മാനങ്ങളിലുള്ള ബന്ധം ആവശ്യമാണ്. ലംബമാനവും തിരശ്ചീനവും ആന്തരികവും. ത്രിത്വം നമ്മളുമായി ബന്ധപ്പെടുന്നത് അങ്ങനെയാണ്. പിതാവ് അനന്തമായ ഔന്നത്യമായി, പുത്രൻ മൗലികമായ സഹ സാന്നിധ്യമായി പരിശുദ്ധാത്മാവ് സമ്പൂർണ്ണമായ ആന്തരിക ശക്തിയായി നമ്മോടു ബന്ധപ്പെടുന്നു.

## 6. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഒരേ മഹത്വം

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്ന പ്രാർത്ഥന ഉരുവിട്ടുകൊണ്ടാണ് ഒരു ക്രൈസ്തവൻ, അവന്റെ ദിവസം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും. ഇത് ത്രിയേക ദൈവത്തിലുള്ള വിശ്വാസപ്രഖ്യാപനം മാത്രമല്ല, ചരിത്രത്തിൽ സ്വയം വെളിപ്പെടുത്തുകയും തങ്ങളുടെ കൂട്ടായ്മയിൽ പങ്കുചേരുവാൻ ക്ഷണിക്കുകയും ചെയ്ത മൂന്നു ദൈവിക വ്യക്തികൾക്കുള്ള സ്തുതിപ്പു കൂടിയാണ്. പരിശുദ്ധത്രിത്വത്തിന്റെ വെളിപ്പെടുത്തലിന് മാനുഷികമായി നൽകാവുന്ന പ്രതികരണം മഹത്വപ്പെടുത്തുകയും നന്ദിപറയുകയും ചെയ്യുക എന്നതാണ്. ആദ്യമായിത്തന്നെ ഉത്സാഹത്തിമർപ്പിനാൽ നാം നിറയുന്നു. എന്തെന്നാൽ മൂന്നു ദൈവിക വ്യക്തിത്വങ്ങളുടെ സാന്നിധ്യത്താൽ അവരുടെ ആന്തരികകൂട്ടായ്മയിൽനിന്നു പ്രസരിക്കുന്ന സ്നേഹവും ജീവനും നമ്മെ ചൂഴ്ന്നുനില്ക്കുന്നു. പിന്നീട് എങ്ങനെയാണ് ഈ മൂന്നു വ്യക്തിത്വങ്ങൾ കൂട്ടായ്മയിലായിരിക്കുന്നതെന്നും എന്തെല്ലാം വിശിഷ്ട ഭാവങ്ങളാണ് അവർക്കു സ്വന്തമായുള്ളതെന്നും എങ്ങനെ അവർ സൃഷ്ട പ്രപഞ്ചവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും നാം പരിഗണിക്കുന്നു.

യേശു പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി ഒരു പ്രാർത്ഥനയിലാണ് താൻ പുത്രനാണെന്ന രഹസ്യവും പിതാവുമായുള്ള തന്റെ ആത്മബന്ധവും നമുക്ക് വെളിപ്പെടുത്തിത്തന്നത്. "സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടുത്തെ ഞാൻ സ്തുതിക്കുന്നു...... പുത്രനാരെന്ന് പിതാവല്ലാതെ ആരും ഗ്രഹിക്കുന്നില്ല. പിതാവ് ആരെന്ന് പുത്രനും, പുത്രൻ ആർക്കു വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നുവോ അവനും അല്ലാതെ മറ്റാരും ഗ്രഹിക്കുന്നില്ല" (ലൂക്കാ 10: 21-22)

അങ്ങനെ നമ്മളും പ്രാർത്ഥനയിലൂടെയും ആരാധനയിലൂടെയും കൃതജ്ഞതയിലൂടെയുമാണ് പരിശുദ്ധ ത്രിത്വത്തെ സമീപിക്കുന്നത്.

മഹത്വമുണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുമ്പോൾ നാം എന്താണ് പറയുന്നത്. മൂന്ന് വ്യക്തിത്വങ്ങളുടെ കൂട്ടായ്മയായിരി

ക്കുന്ന ത്രിത്വത്തിന്റെ പ്രകാശനമാണ് മഹത്വം. ചരിത്രത്തിലുള്ള ത്രിയേകദൈവത്തിന്റെ സാന്നിധ്യത്തെ വെളിപ്പെടുത്തൽ എന്നാണ് മഹത്വം കൊണ്ട് അർത്ഥമാക്കുന്നത്. ആ സാന്നിധ്യം എപ്പോഴും സന്തോഷവും ആവേശവും കൂട്ടായ്മയുടെ അവബോധവും കൊണ്ടുവരുന്നു. അനന്തമായും നിത്യമായും പരസ്പരം സ്നേഹിക്കുന്ന മൂന്നു വ്യക്തികളുടെ കൂട്ടായ്മയാണ് ദൈവം എന്നറിയുന്നത്‌വഴി ദൈവത്തിന്റെ സൗന്ദര്യവും പ്രഭയും സന്തോഷവും കണ്ടെത്തുകയാണ് നാം ചെയ്യുന്നത്. ഏകവ്യക്തിയായ ദൈവം എന്നത് സൗന്ദര്യരഹിതവും സന്തോഷരഹിതവുമായ അവസ്ഥയായിരിക്കും. കൂട്ടായ്മയിലും ജീവനിലും പങ്കുചേരുകയും പരസ്പരം നിത്യമായി സമർപ്പിക്കപ്പെടുകയും ചെയ്യുന്ന മൂന്ന് വ്യക്തിത്വങ്ങളുടെ കൂട്ടായ്മ നമ്മെ വിസ്മയിപ്പിക്കുകയും സന്തോഷഭരിതരാക്കുകയും ചെയ്യുന്നു. ആ പങ്കാളിത്തത്തിലേക്കു നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു എന്നറിയുമ്പോൾ ആ സന്തോഷം വർദ്ധമാനമാകുകയും ചെയ്യുന്നു.

മഹത്വമുണ്ടായിരിക്കട്ടെ എന്നു നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിൽനിന്നു നാം കണ്ടെത്തിയ മഹത്വം അവിടുത്തേക്കു തിരിച്ചുനല്കുവാനാണ് ശ്രമിക്കുന്നത്. മഹത്വം മഹത്വത്താൽത്തന്നെ കൊടുത്തുവീട്ടുന്നു. പരിശുദ്ധത്രിത്വം സ്വയം വെളിപ്പെടുത്താനും നമ്മോടൊപ്പം വന്നു വസിക്കുവാനും ആഗ്രഹിച്ചതിനു നാം നന്ദി പറയുകയാണ് ചെയ്യുന്നത്. തന്റെ ഏകജാതനായ പുത്രനിൽ പരിശുദ്ധാത്മാവിന്റെ സ്നേഹശക്തിയാൽ നമ്മെ പുത്രന്മാരും പുത്രിമാരും ആയി സൃഷ്ടിച്ചതിന് പിതാവിനു നാം നന്ദിപറയുന്നു. ദൈവം തന്റെ പുത്രനെത്തന്നെ നമ്മുടെ സഹോദരനും രക്ഷകനുമായി അയച്ചതിൽ നാം ആനന്ദഭരിതരായിരിക്കുന്നു. പിതാവും പുത്രനും നമ്മുടെമേൽ പരിശുദ്ധാത്മാവിനെ വർഷിച്ചതിൽ നാം സന്തോഷിക്കുന്നു. ഈ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തെ അവിടുത്തെ ആലയമാക്കി മാറ്റുകയും നമ്മെ വിശുദ്ധീകരിച്ച് ത്രിത്വൈക കൂട്ടായ്മയിലേക്ക് ആകർഷിച്ചുകൊണ്ട് ഞങ്ങളുടെ പിതാവേ, എന്നു പറഞ്ഞു പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിക്കുകയും യേശുക്രിസ്തുവിനെ സ്വന്തമാക്കുവാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു.

## 7. പരി.ത്രിത്വം എന്നു പുതുതായി അറിയപ്പെടേണ്ട രഹസ്യം

ഏറ്റവും മഹത്തായ വിശ്വാസ രഹസ്യമാണ് പരി.ത്രിത്വം എന്ന് നാം സാധാരണ പറയാറുണ്ട്. എങ്ങനെയാണ് മൂന്ന് വ്യക്തികൾ ഒരു ദൈവമായിരിക്കുക? തീർച്ചയായും പരി.ത്രിത്വം ഉദാത്തമായ ഒരു രഹസ്യമാണ്. ഈ രഹസ്യത്തെ സംബന്ധിച്ചിത്തോളം നിശബ്ദതയാണ് വാക്കുകളേക്കാൾ ഉത്തമം. എന്നാൽ രഹസ്യം എന്നു

പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത് എന്ന് നാം ശരിയായി മനസ്സിലാക്കണം. മനുഷ്യ ബുദ്ധിക്കു മനസ്സിലാക്കാൻ പറ്റാത്തതും ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതുമായ ഒരു സത്യം എന്നാണ് രഹസ്യം എന്നതുകൊണ്ട് നാം സാധാരണയായി മനസ്സിലാക്കുന്നത്. അതിന്റെ അസ്തിത്വത്തെക്കുറിച്ച് അറിയാനാവില്ല. അസ്തിത്വം വെളിപ്പെടുത്തപ്പെട്ടു കഴിഞ്ഞാൽ അതിന്റെ ഉള്ളടക്കവും അറിയാനാവില്ല.

ഈ അർത്ഥത്തിൽ മനുഷ്യബുദ്ധിയുടെ പരിമിതികളെ രഹസ്യം പ്രകടമാക്കുന്നു. മനുഷ്യബുദ്ധി അത് മനസ്സിലാക്കാൻ പരിശ്രമിക്കുന്നു. എന്നാൽ ബുദ്ധിയുടെ കഴിവുകൾ പരാജയപ്പെടുന്നിടത്ത് യുക്തിചിന്ത അവസാനിപ്പിക്കുകയും ദൈവികാധികാരത്തിന്റെ അടിസ്ഥാനത്തിൽ വെളിപ്പെടുത്തപ്പെട്ട സത്യത്തെ വിനീതമായി സ്വീകരിക്കുകയും ചെയ്യുന്നു. ദൈവിക വെളിപാടിന്റെ സ്ഥാനത്ത് തത്വചിന്തയെ പ്രതിഷ്ഠിക്കുവാൻ ദാർശനികന്മാർ പരിശ്രമിച്ച ചരിത്രസന്ധിയിലാണ് രഹസ്യത്തെക്കുറിച്ചുള്ള ഈ ആശയം ഉടലെടുത്തത്. ക്രിസ്തുമതത്തിന്റെ എല്ലാ സത്യങ്ങളും വെറും സ്വാഭാവിക സത്യങ്ങൾ മാത്രമാണെന്നുപോലും പറയുവാൻ ചില ചിന്തകന്മാർ 19-ാം നൂറ്റാണ്ടിൽ മുന്നോട്ടുവന്നു. അതുവഴി വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ എന്നു വിശേഷിപ്പിക്കപ്പെട്ടവയെ തങ്ങളുടെ ദർശനപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സഭകളെ ഒഴിവാക്കുവാൻ തങ്ങൾക്കു കഴിയുമെന്ന് അവർ വിചാരിച്ചു.

രഹസ്യത്തെക്കുറിച്ചുള്ള മൗലികവും ഉചിതവുമായ ധാരണ പുരാതനസഭയിൽനിന്നാണ് വരുന്നത്. രഹസ്യം എന്നതുകൊണ്ട് നിഗൂഢവും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവുമായ യാഥാർത്ഥ്യം എന്ന് അർത്ഥമാക്കിയിരുന്നില്ല. പ്രത്യുത, മിസ്റ്റിക്കുകൾ, വിശുദ്ധരായ വ്യക്തികൾ, പ്രവാചകന്മാർ, അപ്പസ്തോലന്മാർ തുടങ്ങിയ പ്രത്യേക വ്യക്തികൾക്ക് വെളിപ്പെടുത്തപ്പെട്ടതും മറ്റുള്ളവർക്കു പകർന്നു നല്കിയതുമായ ദൈവികപദ്ധതിയായിരുന്നു രഹസ്യം. രഹസ്യം എല്ലാവരാലും, സ്ത്രീകളാലും പുരുഷന്മാരാലും അറിയപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യണം. അത് അർത്ഥമാക്കുന്നത് ബുദ്ധിയുടെ അതിരുകളല്ല. പിന്നെയോ ബുദ്ധിയുടെ അതിരില്ലായ്മയാണ്. ദൈവത്തെക്കുറിച്ചും മനുഷ്യജീവികളോടുള്ള ദൈവത്തിന്റെ കൂട്ടായ്മയുടെ പദ്ധതിയെക്കുറിച്ചും അറിയുംതോറും കൂടുതൽ ആഴത്തിലേക്കും അറിവിലേക്കും ഇറങ്ങിച്ചെല്ലുവാനുമുള്ള വെല്ലുവിളിയാണ് നമ്മുടെ മുമ്പിലുള്ളത്.

ഒരിക്കലും അന്ത്യത്തിൽ എത്തിച്ചേരാത്തവിധം അനന്തകാല

ത്തേക്ക്, അത്യഗാധങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ തീർച്ചയായും നമുക്ക് സാധിക്കും. അറിവിന്റെ ഒരു തലത്തിൽനിന്ന് മറ്റൊരു തലത്തിലേക്കു നമുക്കു കടന്നു ചെല്ലുവാൻ കഴിയും. അതിരുകൾ കണ്ടെത്താനാവാത്ത, ദൈവിക ജീവന്റെ അനന്തതയിലേക്ക് അറിവിന്റെ ചക്രവാളങ്ങളെ വികസിപ്പിച്ചു കൊണ്ടുള്ള അന്വേഷണമാണത്. അപ്രകാരം ദൈവം, നമ്മെത്തന്നെ നിമജ്ജനം ചെയ്യാവുന്ന ജീവനും സ്നേഹവും അപ്രതിരോധ്യമായ സമാഗമവുമായിരിക്കുന്നു. രഹസ്യത്തെക്കുറിച്ചുള്ള ഈ ദർശനം നമ്മിൽ ആശങ്ക ഉളവാക്കുകയല്ല, നമ്മുടെ ഹൃദയത്തെ വിശാലമാക്കുകയാണ് ചെയ്യുന്നത്. പരി. ത്രിത്വം ഇപ്പോഴും നിത്യകാലത്തേക്കും രഹസ്യമായിത്തന്നെ തുടരും. ഈ രഹസ്യത്തിന്റെ ഉൾപ്പൊരുൾ കൂടുതലായി നാം അറിയും. അറിയുവാനുള്ള ആഗ്രഹം ഒരിക്കലും വറ്റിപ്പോവുകയില്ല. ക്രമാനുഗതമായി നേടുന്ന അറിവ് നമ്മെ സന്തോഷഭരിതരാക്കുകയും ചെയ്യും. അറിവ് നമ്മെ സ്തുതികീർത്തനത്തിലേക്കും, സ്തുതികീർത്തനം സ്നേഹത്തിലേക്കും, സ്നേഹം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവിക വ്യക്തിത്വങ്ങളുടെ കൂട്ടായ്മയിലേക്കും നയിക്കുകയും ചെയ്യും. നമ്മുടെ ധാരണയ്ക്കപ്പുറത്തു നില്ക്കുന്നവനാണ് ദൈവം (വി.ഹിലാരി).

‘ഹാ! ദൈവത്തിന്റെ സമ്പത്തിന്റെയും ജ്ഞാനത്തിന്റെയും അറിവിന്റെയും ആഴം! അവിടുത്തെ വിധികൾ എത്ര ദുർജ്ഞേയം ! അവിടുത്തെ മാർഗ്ഗങ്ങൾ എത്ര ദുർഗ്രഹം!”.....എന്തെന്നാൽ എല്ലാം അവിടുന്നിൽ നിന്ന്, അവിടുന്ന് വഴി, അവിടുന്നിലേക്ക്. അവിടുത്തേക്ക് എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ. ആമ്മേൻ (റോമ 11:33-26).

## 8. അന്തർവ്യാപനം - മൂന്നു ദൈവിക വ്യക്തികളെക്കുറിച്ചുള്ള വ്യാഖ്യാനം

പരി. ത്രിത്വത്തെക്കുറിച്ച് ചിന്തിക്കുമ്പൊഴെല്ലാം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മൂന്ന് ദൈവിക വ്യക്തികളുടെ കൂട്ടായ്മയെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. ഈ കൂട്ടായ്മയുടെ അർത്ഥം വ്യക്തികളുടെ ഐക്യവും തത്ഫലമായി ത്രിയേകദൈവത്തിന്റെ വെളിപ്പെടുത്തലുമാണ്. ഈ ദൈവിക വ്യക്തികളുടെ കൂട്ടായ്മ എങ്ങനെയാണ് ഉണ്ടാകുന്നത്? പ്രാചീന ദൈവശാസ്ത്രജ്ഞന്മാർ അതിന് ഒരു വാക്കു കണ്ടുപിടിച്ചു. 7-ാം നൂറ്റാണ്ടു മുതൽ അത് പ്രചാരത്തിലായി. പ്രത്യേകിച്ചും വി.ജോൺ ഡാമീഷനാണ് (എ.ഡി 750) അത് പ്രായോഗത്തിലാക്കിയത് -പെരിക്കൊറേസിസ് (Perichoresis). ഈ ഗ്രീക്കുപദം ശരിയായ രീതിയിൽ പോർച്ചുഗീസിലേക്കോ ഇംഗ്ലീ

ഷിലേക്കോ മറ്റു ഭാഷകളിലേക്കോ വിവർത്തനം ചെയ്യുക വിഷമ മാണ്. ഗ്രീക്കുപദംതന്നെ നിലനിർത്തേണ്ടതുണ്ട്. എന്നാൽ അത് എന്താണ് അർത്ഥമാക്കുന്നതെന്ന് നാം ശരിയായി മനസ്സിലാക്ക ണം. പരി.ത്രിത്വത്തെക്കുറിച്ചുള്ള ഫലപ്രദമായ ഉൾക്കാഴ്ചയിലേക്ക് അത് നമുക്കു തുറവി തരും. ആദ്യമായി അത് അർത്ഥമാക്കുന്നത് ഒരു വ്യക്തി മറ്റു രണ്ടുവ്യക്തികളിൽ അന്തർഭവിക്കുന്ന പ്രവർത്ത നമാണ്. ഓരോ വ്യക്തിയും മറ്റു രണ്ടു വ്യക്തികളിൽ ഉൾച്ചേരു കയും അവർ പ്രസ്തുത വ്യക്തിയിൽ ഉൾച്ചേരുകയും ചെയ്യുന്ന അവസ്ഥയാണത്. ഈ അന്തർവ്യാപകത്വം ദൈവികസ്വഭാവത്തെ രൂപപ്പെടുത്തുന്ന സ്നേഹവും ജീവനും പ്രകടിപ്പിക്കുന്നു. സ്വയം ദാനം ചെയ്യുക എന്നത് സ്നേഹത്തിന്റെ അടിസ്ഥാന പ്രകൃതിയാ ണ്. ജീവൻ സ്വാഭാവികമായും വ്യാപിക്കുവാനും വർദ്ധമാനമാകു വാനും പ്രവണത കാണിക്കുന്നു. അങ്ങനെ ത്രിത്വം നിത്യകാലം മുതൽ തങ്ങളെത്തന്നെ ഒരു വ്യക്തിയിൽനിന്നു മറ്റൊരു വ്യക്തി യിലേക്കുള്ള സ്നേഹത്തിന്റെയും ജീവന്റെയും അനന്തവിസ്ഫോ ടനമായി (പ്രവാഹമായി) കാണുന്നു. ഈ അന്തർവ്യാപനത്തിന്റെ ഫലമായി ഓരോ വ്യക്തിയും മറ്റു വ്യക്തികളിൽ വസിക്കുന്നു. ഇതാണ് പെരിക്കൊറേസിസ് (അന്തർവ്യാപനം) എന്നതിന്റെ രണ്ടാ മത്തെ അർത്ഥം. ലളിതമായി പറഞ്ഞാൽ പിതാവ് ജീവനും സ്നേഹവും ചൊരിഞ്ഞുകൊണ്ട് എന്നും പുത്രനിൽ ആയിരിക്കു ന്നു. പുത്രനാകട്ടെ പിതാവിനെ അറിഞ്ഞുകൊണ്ടും പിതാവായി അംഗീകരിച്ചുകൊണ്ടും എന്നും പിതാവിൽ ആയിരിക്കുന്നു. സ്നേഹ ത്തിന്റെയും ജീവന്റെയും പരസ്പര പ്രകാശനമായി പിതാവും പുത്രനും പരിശുദ്ധാത്മാവിലായിരിക്കുന്നു. പരിശുദ്ധാത്മാവ് സ്നേഹത്തിന്റെയും ജീവന്റെയും സ്രോതസും പ്രകാശനവുമായി പിതാവിലും പുത്രനിലും ആയിരിക്കുന്നു. ഈ സ്രോതസാകട്ടെ അതിരുകളില്ലാത്തതും. എല്ലാവരും എല്ലാവരിലുമാണ്. 1441-ൽ ഫ്ളോറൻസ് സൂനഹദോസ് ഈ സത്യം ഭംഗിയായി നിർവചിച്ചിട്ടു ണ്ട്. പിതാവ് പൂർണ്ണമായും പുത്രനിലും പരിശുദ്ധാത്മാവിലുമാണ്. പുത്രൻ പൂർണ്ണമായും പിതാവിലും പരിശുദ്ധാത്മാവിലുമാണ്. പരി ശുദ്ധാത്മാവ് പൂർണ്ണമായും പിതാവിലും പുത്രനിലുമാണ്. നിത്യ തയിൽ ആരും മറ്റൊരു വ്യക്തിക്കു മുമ്പല്ല. മഹത്വത്തിൽ ആരും മറ്റൊരു വ്യക്തിക്കു മുകളിലല്ല. ശക്തിയിൽ ആരും മറ്റൊരു വ്യക്തിയെ അതിലംഘിക്കുന്നുമില്ല.

പരി.ത്രിത്വം അങ്ങനെ ഉൾചേർച്ചയുടെ ഒരു രഹസ്യമായി നില കൊള്ളുന്നു. ഈ ഉൾചേർച്ച ഒരു വ്യക്തിയെ മറ്റുള്ളവരിൽനിന്നും വ്യതിരിക്തനായി മനസ്സിലാക്കുന്നതിൽനിന്ന് നമ്മെ തടയുന്നു.

പിതാവിനെ പുത്രനോടും പരിശുദ്ധാത്മാവിനോടുമൊപ്പം വേണം നാം മനസ്സിലാക്കാൻ. അതുപോലെതന്നെ മറ്റു വ്യക്തികളെയും. അപ്പോൾ ചിലർ ഇപ്രകാരം വിചാരിച്ചേക്കാം. അങ്ങനെയാണെങ്കിൽ മൂന്ന് ദൈവങ്ങളില്ലേ, പിതാവും പുത്രനും പരിശുദ്ധാത്മാവും? മറ്റുള്ളവരോട് ബന്ധമില്ലാതെ സമാന്തരമായി ഓരോ വ്യക്തിയും നിലനിന്നിരുന്നെങ്കിൽ അങ്ങനെ സംഭവിക്കുമായിരുന്നു. മൂന്നു ദൈവിക വ്യക്തികളും പരസ്പരം ഉൾച്ചേർന്നിരുന്നില്ലെങ്കിലും അങ്ങനെ സംഭവിക്കുമായിരുന്നു. മൂന്നു ദൈവിക വ്യക്തികളും പരസ്പരം ഉൾച്ചേർന്നിരുന്നില്ലെങ്കിലും അങ്ങനെ സംഭവിക്കുമായിരുന്നു. മൂന്നുപേരും ആദ്യം നിലനില്ക്കുകയും പിന്നീട് ബന്ധപ്പെടുകയുമല്ല ചെയ്യുന്നത്. ആരംഭമില്ലാതെതന്നെ നിത്യമായി അവർ ഒരുമിച്ച് പരസ്പരം ബന്ധപ്പെട്ട് വസിക്കുന്നു. അതുകൊണ്ടാണ് അവർ ഒരു ദൈവമാകുന്നത്; ദൈവത്രിത്വമാകുന്നത്.

"പുതിയ ലോകദർശനത്തിൽ പ്രപഞ്ചം പരസ്പരബന്ധിതമായ സംഭവങ്ങളുടെ ചലനാത്മകമായ ഘടനാവിശേഷമാണ്.... എല്ലാ പ്രകൃതി പ്രതിഭാസങ്ങളും ആത്യന്തികമായി പരസ്പരബന്ധിതമാണ്. അതിനാൽ ഒന്നിനെ വിശദീകരിക്കുവാൻ മറ്റുള്ളതെല്ലാം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.... ഈ അർത്ഥത്തിൽ ഓരോ ഭാഗവും മറ്റെല്ലാത്തിനെയും ഉൾക്കൊള്ളുന്നു എന്നു പറയാം. പരസ്പരസംലയനത്തിന്റെ ദർശനം പ്രകൃതിയുടെ യോഗാത്മക അനുഭവത്തിന്റെ സവിശേഷതയാണ്" (ഫ്രിറ്റ്ജാഫ് കാപ്രാ ( The Tao of Physics).

## 9. പുത്രനും പരിശുദ്ധാത്മാവും പിതാവിന്റെ ഇരു കരങ്ങൾ

പരി.ത്രിത്വം നമുക്ക് വെളിപ്പെട്ടിരിക്കുന്നത് എങ്ങനെയാണ്? നമ്മൾ അനുധാവനം ചെയ്യേണ്ട രണ്ടു വഴികളുണ്ട്. ആദ്യമായി മൂന്ന് മനുഷ്യരുടെ ജീവിതത്തിലും മതങ്ങളിലും ചരിത്രത്തിലും അവിടുന്ന് വെളിപ്പെട്ടിട്ടുണ്ട്. പിന്നീട് യേശുവിന്റെ ജീവിതത്തിലൂടെയും പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും ആദിമസഭയുടെ കൂട്ടായ്മകളിലൂടെയും ഇന്നുവരെയെത്തുന്ന ചരിത്രത്തിന്റെ പ്രക്രിയകളിലൂടെയും പരി.ത്രിത്വം വെളിപ്പെടുകയുണ്ടായി. പരി.ത്രിത്വത്തെക്കുറിച്ച് മനുഷ്യർക്ക്, പുരുഷന്മാർക്കും സ്ത്രീകൾക്കും ഒന്നും അറിഞ്ഞുകൂടാതെയിരുന്നപ്പോൾപോലും അവിടുന്നു എപ്പോഴും മനുഷ്യജീവിതങ്ങളിൽ വസിച്ചു. അവർ എപ്പോഴൊക്കെ മന:സാക്ഷിയുടെ നിയന്ത്രണങ്ങൾക്കു വിധേയരായി വർത്തിച്ചുവോ, ശരീരത്തിന്റെ മോഹങ്ങളേക്കാൾ പ്രകാശത്തെ അവർ എപ്പോഴൊക്കെ അനുസരിച്ചുവോ മനുഷ്യബന്ധങ്ങളിൽ നീതിയും സ്നേഹവും എപ്പോഴൊക്കെ അവർ

പ്രാവർത്തികമാക്കിയോ അപ്പോഴൊക്കെ പരി.ത്രിത്വത്തിന്റെ സാന്നിധ്യം അവരോടൊപ്പമുണ്ടായിരുന്നു. മുകളിൽ പറഞ്ഞ മൂല്യങ്ങൾക്കു പുറമേ ത്രിയേക ദൈവത്തെ കണ്ടെത്താനാവില്ല. വി.ഇരണേവൂസ് (ഏ.ഡി 200)ഇപ്രകാരം ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു. പുത്രനും പരിശുദ്ധാത്മാവും പിതാവിന്റെ രണ്ടു കരങ്ങളാണ്. നമ്മെ സ്പർശിക്കുകയും ആലിംഗനം ചെയ്യുകയും അവിടുത്തെ ഛായയിലും സാദൃശ്യത്തിലും നമ്മെ രൂപപ്പെടുത്തുകയും ചെയ്യുന്ന കരങ്ങൾ. "പുത്രനും പരിശുദ്ധാത്മാവും ലോകത്തിലേക്ക് അയക്കപ്പെട്ടത് നമ്മുടെ മധ്യേ വസിക്കുവാനും ത്രിതൈ്വക കൂട്ടായ്മയിലേക്ക് നമ്മെ ആനയിക്കുവാനുമാണ്.

ഈ അർത്ഥത്തിൽ പരി.ത്രിത്വം എന്നും ചരിത്രത്തിലും ആളുകളുടെ ജീവിതങ്ങളിലും സംഘർഷങ്ങളിലും സന്നിഹിതമായിരുന്നു.

പരി.ത്രിത്വത്തിന്റെ യാഥാർത്ഥ്യവും പരി.ത്രിത്വത്തെക്കുറിച്ചുള്ള വിശ്വാസസത്യവും നാം വ്യത്യസ്തമായി മനസ്സിലാക്കണം. മൂന്നു ദൈവിക വ്യക്തികളെന്ന യാഥാർത്ഥ്യം മനുഷ്യ ചരിത്രത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. വിശ്വാസ സത്യം ഉണ്ടായതാകട്ടെ പരി.ത്രിത്വത്തിന്റെ വെളിപാട് ഗ്രഹിക്കുവാനും ത്രിത്വസിദ്ധാന്തങ്ങളെ ആവിഷ്ക്കരിക്കുവാനും ആളുകൾക്ക് സാധിച്ചപ്പോഴാണ്.

പരി.ത്രിത്വത്തെക്കുറിച്ചുള്ള കൃത്യമായ വെളിപാട് പൂർണ്ണവ്യക്തതയോടെ ലഭിച്ചത് ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രകാശനത്തിലൂടെയുമാണ്. അതുവരെ മതങ്ങളിലും യഹൂദ പ്രവാചകന്മാരിലും ജ്ഞാന ഗ്രന്ഥങ്ങളിലും മാത്രമേ പ്രത്യക്ഷപ്പെട്ടിട്ടുള്ളൂ. യേശുവിനോടുകൂടെ വ്യക്തമായ ഈ അവബോധം ഉണ്ടായി. ദൈവം പിതാവാണ്. തന്റെ ഏകജാതനെ അവൻ ലോകത്തിലേക്കയച്ചു. നസ്രായനായ യേശുവായി അവൻ അവതരിച്ചു. പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് അതു സംഭവിച്ചത്. കന്യകാമറിയത്തിന്റെ ഉദരത്തിൽ യേശുവിന്റെ ദിവ്യമായ മനുഷ്യത്വത്തിനു രൂപം കൊടുത്തത് ഈ ആത്മാവാണ്. അവിടുന്ന് പ്രസംഗിക്കുവാനും രോഗശാന്തി നല്കുവാനുമുള്ള ആവേശംകൊണ്ട് യേശുവിനെ പൂരിതനാക്കി. സാക്ഷ്യം വഹിക്കുവാനും സഭാ കൂട്ടായ്മകളെ പടുത്തുയർത്തുവാനും അപ്പസ്തോലന്മാർക്ക് പ്രചോദനമേകി.പിതാവിന്റെ പുത്രനും പരിശുദ്ധാത്മാവാൽ നിറഞ്ഞവനുമായിട്ടാണ് സുവിശേഷങ്ങൾ യേശുവിനെ അവതരിപ്പിക്കുന്നത്. ഇതു മനസ്സിലാക്കിയാൽ മാത്രമേ യേശുക്രിസ്തുവിനെ ശരിയായി മനസ്സിലാക്കുവാൻ നമുക്കു സാധിക്കൂ. ത്രിത്വം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് ഒരു വിശ്വാസമായിട്ടല്ല, മറിച്ച് യേശുവിന്റെ വാക്കുകളിലൂടെയും പ്രവൃത്തികളി

ലൂടെയും ലോകത്തിലും ആളുകളുടെയിടയിലുമുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെയും ആവിഷ്ക്കരിക്കപ്പെടുന്ന പ്രായോഗിക യാഥാർത്ഥ്യമായിട്ടാണ്.

"പിതാവേ നിന്റെ കരം നീട്ടി ഞങ്ങളെ ദുരിതത്തിൽനിന്നും രക്ഷിക്കണമേ.....മർദ്ദിതരായ പുത്രന്മാരുടെയും പുത്രിമാരുടെയും വിലാപം ശ്രവിക്കുന്ന പിതാവ് നമ്മെ വിമോചിപ്പിക്കുവാനും അവിടുത്തെ കരുണാർദ്രമായ അങ്കതലത്തിലേക്ക് വലിച്ചടുപ്പിക്കുവാനും തന്റെ കരങ്ങളെ - പുത്രനും പരിശുദ്ധാത്മാവുമായ കരങ്ങളെ നീട്ടിത്തന്നു."

**ലെയനാർഡോ ബോഫ് (*Holy Trinity: Perfect Community*)**
**(പരിഭാഷ: ഫാ. ജിയോ പുളിക്കൽ)**

# 07

# ജീവന്റെയും സ്നേഹത്തിന്റെയും കൂട്ടായ്മ മൂന്നു വ്യക്തികൾ തമ്മിൽ

### ത്രിത്വം ജീവന്റെ നിത്യമായ കൂട്ടായ്മ

ക്രൈസ്തവരുടെ ദൈവം മൂന്നു ദൈവിക വ്യക്തികളുടെ നിത്യമായ കൂട്ടായ്മയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും. അവർ നിത്യം ഒരാൾ മറ്റൊരാളിലേക്ക് വർഷിക്കപ്പെട്ടുകൊണ്ട് സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പരസ്പരകണ്ടുമുട്ടലിന്റെയും ഒരേ ചലനാത്മകതയെ രൂപപ്പെടുത്തുന്നു. ഇത് എങ്ങനെയാണ് നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയുക. ദൈവിക രഹസ്യത്തിന്റെ ആവരണം നീക്കുന്ന ഒരു കാര്യമല്ല ഇത്, പ്രത്യുത ദൈവിക ചലനാത്മകത ഗ്രഹിക്കുന്ന കാര്യമാണ്. പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിധ്യവും പ്രവർത്തനവും ലോകത്തിലും നമ്മുടെ വ്യക്തിതല യാത്രയിലും അനുഭവിച്ചറിയുന്നതിനു വേണ്ടിയാണിത് ഈ ദൈവിക മുന്നേറ്റത്തെ പ്രകാശിപ്പിക്കുന്ന ഒരു വാക്ക് ബൈബിൾ ദൈവവിജ്ഞാനീയത്തിൽ കാണാം – ജീവൻ. നിത്യം നിലനില്ക്കുന്ന സജീവപ്രവർത്തനാത്മകതയായി, ജീവദായകതയായി ഭീഷണസാഹചര്യങ്ങളിൽ കഴിയുന്ന എല്ലാ ജീവ

നെയും ദാരിദ്ര്യമനുഭവിക്കുന്നവരെയും അനീതി അനുഭവിക്കുന്ന വരെയും സംരക്ഷിക്കുന്ന ശക്തിയായിട്ടാണ് ദൈവത്തെ നമുക്കു മനസ്സിലാക്കാൻ കഴിയുക. ജീവൻ തരുവാനും അതു സമൃദ്ധമായി തരുവാനും (യോഹ 10:10) വേണ്ടി വന്ന ഒരാളായിട്ടാണ് അവത രിച്ച പുത്രനായ യേശു തന്നെത്തന്നെ അവതരിപ്പിക്കുന്നത് – ജീവൻ എന്താണ് എന്ന് ചുരുക്കമായി പരിശോധിച്ചാൽത്തന്നെ – ദൈവിക ത്രിത്വത്തിന്റെ കൂട്ടായ്മ നമുക്ക് ഗ്രഹിക്കാൻ കഴിയും.

സ്വതന്ത്രാവിഷ്ക്കാരത്തിന്റെ രഹസ്യമാണ് ജീവൻ. കൊടുക്കൽ വാങ്ങലിന്റെ അവസാനിക്കാത്ത പ്രക്രിയ – നമ്മുടെ തന്നെ ജീവി തത്തെ മറ്റുള്ളവരുടെ ജീവിതവുമായി ഉൾച്ചേർക്കുന്ന, വിട്ടുകൊടു ക്കുന്നു, സമന്വയിപ്പിക്കുന്ന അനുഭവം. അത് സാന്നിധ്യവും വ്യാപ നവും ഉൾക്കൊള്ളുന്നു. ഒരു സജീവവ്യക്തിയുടെ സാന്നിധ്യം നിഷ്ചേതനമായ ഒരു കല്ലിലുള്ള സാന്നിധ്യം പോലെയല്ല. ഒരു സജീവവ്യക്തിയുടെ സാന്നിധ്യം അസ്തിത്വത്തെത്തന്നെ കൂടുതൽ തീക്ഷ്ണമാക്കുന്നതാണ്. ഒരു സജീവ വ്യക്തി സ്വയം വെളിപ്പെടു ത്തുന്നു. സ്വയം വെളിപ്പെടുത്താൻ വാക്കുകൾ ആവശ്യമില്ല. ഒരു സജീവ വ്യക്തിയെ അഭിമുഖീകരിക്കുവാൻ നാം ഒരു നിലപാട് എടു ക്കണം. ഒന്നുകിൽ അയാളുടെ ജീവനെ സ്വീകരിക്കുക. അല്ലെങ്കിൽ തള്ളിക്കളയുക. എല്ലാ ജീവനും അതിൽ നിന്നു വ്യത്യസ്തമായ ഒന്നിലേക്കു വ്യാപിക്കുമ്പോൾ അതിനെ ഉൾക്കൊള്ളുന്ന ഒരു കൂട്ടാ യ്മയുടെ പ്രക്രിയ നടക്കുന്നു. എല്ലാ ജീവനും ഉല്പാദിപ്പിക്കപ്പെടു ന്നത് മറ്റൊരു ജീവനിൽ നിന്നാണ്. ജീവൻ അതിന്റെ സ്വഭാവ ത്താൽത്തന്നെ വ്യാപനാത്മകമാണ്. അത് എപ്പോഴും ജീവന്റെ നവ മായ ആവിഷ്ക്കാരങ്ങളോടുകൂടിയ ഒരു സ്വതന്ത്രപ്രക്രിയയെ അർത്ഥമാക്കുന്നു. ജീവന്റെ രഹസ്യത്തോടു ബന്ധിപ്പിച്ചു കണ്ടാൽ പരിശുദ്ധത്രിത്വത്തെ ഒരു പരിധിവരെ മനസ്സിലാക്കാം. പിതാവും പുത്രനും പരിശുദ്ധാത്മാവും നിത്യമായി ജീവിക്കുന്ന വ്യക്തികളാ ണ്. പരസ്പരം സമർപ്പിച്ചുകൊണ്ട് അവർ സ്വയം പൂർണ്ണതയിലെ ത്തുന്നു. ഓരോ ദൈവിക വ്യക്തിയുടെയും അടിസ്ഥാന സ്വഭാവം മറ്റുള്ളവർക്കുവേണ്ടി, മറ്റുള്ളവരിലൂടെ, മറ്റുള്ളവരോടൊപ്പം, മറ്റുള്ള വരിൽ ആയിരിക്കുക എന്നതാണ്. ഓരോ സജീവവ്യക്തിത്വവും മറ്റുള്ളവരെ ചൈതന്യവത്താക്കിക്കൊണ്ടും അവരുടെ ജീവനിൽ പങ്കുപറ്റിക്കൊണ്ടും നിത്യം ചൈതന്യപൂർണ്ണമായിരിക്കുന്നു. അങ്ങനെ മറ്റുള്ളവരെ സന്തോഷഭരിതമാക്കിക്കൊണ്ടു ഒരു വ്യക്തി എങ്ങനെ സന്തോഷഭരിതനായിരിക്കുന്നുവോ അങ്ങനെ തന്നെയാണ് പരിശുദ്ധത്രിത്വത്തിന്റെ ജീവിതവും. മറ്റുള്ള വ്യക്തി കൾക്ക് ജീവൻ നല്കികൊണ്ടും അവരിൽനിന്ന് ജീവൻ സ്വീകരിച്ചു

കൊണ്ടുമാണ് ഓരോ ദൈവിക വ്യക്തിയും സജീവമായിരിക്കുന്നത്. ക്രിസ്തീയ ദൈവത്തിന് മൂന്നു ദൈവിക വ്യക്തികളുടെ കൂട്ടായ്മയായിരിക്കുവാനും ത്രിത്വമായിരിക്കുവാനും മാത്രമേ കഴിയൂ എന്ന സത്യം ഇതുകൊണ്ടാണ് നാം മനസ്സിലാക്കുന്നത്. ഇത് ദ്വന്ദ്വത്തിനുമപ്പുറത്താണ്. പിതാവും പുത്രനും മാത്രം മുഖാമുഖം ആയിരിക്കുന്ന അവസ്ഥയല്ല. ത്രിത്വമാണ് പരസ്പരമുള്ള അനുധ്യാനത്തിനപ്പുറത്ത് ജീവന്റെ പൂർണ്ണത ആവിഷ്ക്കരിക്കുവാൻ മൂന്നാമത് ഒരാൾ വേണം. പരിശുദ്ധാത്മാവ്. അപ്പോൾ ദൈവത്തിന്റെ സത്തക്കു രൂപം കൊടുക്കുന്നത് ജീവനാണ്. കൊടുക്കുന്നതും സ്വീകരിക്കുന്നതുമായ കൂട്ടായ്മയാണ് ജീവൻ. ഈ കൂട്ടായ്മയാണ് ത്രിത്വം.

ജീവൻ എന്താണ് എന്നു നമുക്ക് അറിഞ്ഞുകൂടാ എന്നാൽ അത് ചലനാത്മകതയേയും സ്വാത്മക പ്രചോദനത്തെയും സ്വാതന്ത്ര്യത്തെയും ഭാവിയേയും നവീനതയേയും ഉൾക്കൊള്ളുന്നു. ത്രിത്വം നിത്യമായ ജീവനാണ്. അതിനാൽ അത് സ്വാതന്ത്ര്യമാണ്. അനുസൂത്യമായ കൊടുക്കൽ വാങ്ങലാണ്. സ്വാത്മപ്രചോദനമായ പ്രവർത്തനമാണ്. അവിരാമമായ ആത്മദാനമാണ്. ത്രിത്വം എല്ലാ ജീവനുംപോലെ എപ്പോഴും പരിവർത്തനാത്മകവും എന്നാൽ അപ്രത്യക്ഷമാകത്തതുമായ നവീനതയാണ്. ഓരോ വ്യക്തിത്വവും മറ്റുള്ളവർക്ക് ഭാവിയും അതിനാൽത്തന്നെ എന്നും പുതുമയാർന്നതും അത്ഭുതകരവുമാണ്. ഓരോ മനുഷ്യാസ്തിത്വത്തിലും താഴെപ്പറയുന്ന ബന്ധങ്ങൾ നമുക്ക് കണ്ടെത്താനാവും. എപ്പോഴും ഒരു 'ഞാൻ -നീ' ബന്ധമുണ്ട് - 'ഞാൻ' ഒരിക്കലും തനിയേ അല്ല. 'ഞാനി'ൽ ഒരു 'നീ' പ്രതിധ്വനിക്കുന്നുണ്ട്. 'നീ' എന്നു പറയുന്നത് മറ്റൊരു 'ഞാൻ' ആണ്. ആദ്യത്തെ 'ഞാൻ' - ൽ നിന്നു വ്യത്യസ്തവും അതിനോടു തുറവിയുള്ളതുമായ മറ്റൊരു 'ഞാൻ'. ഈ 'ഞാൻ'- 'നീ' ബന്ധത്തിലൂടെയാണ് മനുഷ്യവ്യക്തി അവന്റെ വ്യക്തിത്വത്തെ ക്രമേണ കരുപ്പിടിപ്പിക്കുന്നത് എന്നാൽ ഈ ഞാൻ - നീ വിനിമയം മാത്രമല്ല ഉള്ളത് ഞാൻ - നീ ബന്ധത്തിലെ ഒരു കൂട്ടായ്മയുണ്ട്. ഞാനും നീയും ഒരുമിച്ച് പ്രകാശിപ്പിക്കപ്പെടുമ്പോൾ - ഞാൻ എന്നെയും നീ - നിന്നെയും മറികടന്ന് ഒരു പുതിയ കൂട്ടായ്മ ഉണ്ടാകുമ്പോൾ രൂപം കൊള്ളുന്ന ഞങ്ങൾ എന്ന അവസ്ഥ. ഞങ്ങൾ എന്ന് പറയുമ്പോൾ ഒരു കൂട്ടായ്മയെയാണ് പ്രകാശിപ്പിക്കുന്നത്. ഇതിനു തുല്യമായ ഒരു അവസ്ഥയാണ് പരിശുദ്ധത്രിത്വത്തിലും ഉണ്ടാകുന്നത്. ഞാൻ എന്നത് പിതാവിനെ സൂചിപ്പിക്കുന്നു ഈ ഞാൻ നീ യെ സൂചിപ്പിക്കുന്നു. അത് പുത്രനാണ്. പുത്രൻ പിതാവിന്റെ വചനം മാത്രമല്ല പിതാവിനുള്ള വചനം കൂടിയാണ്. ഈ ബന്ധത്തിൽ നിന്ന് നിത്യമായ വിനിമയം ഉണ്ടാകുന്നു. പിതാവും

(ഞാൻ) പുത്രനും (നീ) ഐക്യപ്പെട്ട ഞങ്ങൾ എന്ന അവസ്ഥയെ ആവിഷ്ക്കരിക്കുന്നു. അതാണ് പരിശുദ്ധാത്മാവ്. അവിടുന്ന് നമ്മുടെ ആത്മാവാണ് പിതാവിന്റെയും പുത്രന്റെയും ആത്മാവാണ്. അതിനാൽ മൂന്നു ദൈവിക വ്യക്തികളുടെ ബന്ധത്തിന്റെ ആവിഷ്ക്കരമായി ദൈവിക കൂട്ടായ്മ ഉരുത്തിരിയുന്നു.

*ദൈവിക ജീവൻ ത്രിതൈക കൂട്ടായ്മയാണ് എന്നു ക്രിസ്തു നമുക്കു വെളിപ്പെടുത്തിത്തരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും ഏറ്റവും പൂർണ്ണവും സ്നേഹ നിർഭരവുമായ പരസ്പര കൂട്ടായ്മയിൽ ഏകത്വത്തിന്റെ അത്യുന്നത രഹസ്യത്തിൽ ജീവിക്കുന്നു. ഇത് മനുഷ്യാസ്തിത്വത്തിന് മഹത്വവും ഉദാത്തതയും നല്കുന്ന എല്ലാ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും സ്രോതസ്സത്രേ.*

(പേബ്ല രേഖ നമ്പർ 212)

## ഞാൻ – നീ – നമ്മൾ: പരിശുദ്ധത്രിത്വം

പരിശുദ്ധത്രിത്വത്തിന്റെ രഹസ്യം ദൈവശാസ്ത്രജ്ഞന്മാരുടെ ചിന്തകളെ എന്നും വെല്ലുവിളിച്ചിട്ടുണ്ട്. ദൈവം നമുക്ക് വെളിപ്പെടുത്തി തന്ന സത്യങ്ങളെക്കുറിച്ച് വിചിന്തനം നടത്തുവാനും അവയെ അനുധാവനം ചെയ്യുവാനും ജീവിതം സമർപ്പിച്ചവരാണ് ആ ദൈവശാസ്ത്രജ്ഞന്മാർ. മഹത്തായ സൂനഹദോസുകൾ ദൈവശാസ്ത്ര ചിന്തകൾക്ക് പ്രാഥമിക രൂപഘടന നൽകിയിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ വേണം പരിശുദ്ധത്രിത്വത്തെക്കുറിച്ചുള്ള ചിന്താപദ്ധതി നാം മുന്നോട്ട് കൊണ്ടുപോകാൻ, എന്നാൽ കൂടുതൽ ചോദ്യങ്ങൾ ചോദിക്കുന്നതിനെ സൂനഹദോസുകൾ തടഞ്ഞിട്ടില്ല. മനുഷ്യഭാഷയുടെ പരിമിതിയെ അവ അംഗീകരിക്കുന്നു. നമ്മുടെ പരിശ്രമങ്ങൾക്കെല്ലാം ഒടുവിൽ ദിവ്യമായ ഒരു നിശബ്ദതയിൽ നാം ചെന്നു നില്ക്കുന്നു. എന്നാൽ ഈ നിശബ്ദതയിൽ എത്തുന്നതിനുമുമ്പ് കൂടുതൽ കൂടുതൽ വെളിച്ചം ലഭിക്കുന്നതിനുവേണ്ടി നമ്മൾ ബുദ്ധിപരമായ എല്ലാ പരിശ്രമങ്ങളും നടത്തേണ്ടതുണ്ട്. ദൈവത്തോടും ദൈവിക രഹസ്യത്തിന്റെ അഗാധതയോടും നീതിപുലർത്തുവാനുള്ള ഏകമാർഗ്ഗം അതാണ്. അപ്രകാരം കഴിഞ്ഞ ദശകങ്ങളിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തിത്വത്തെക്കുറിച്ചുള്ള ധാരണ കൂടുതൽ അഗാധമായ പഠനങ്ങൾക്ക് വിധേയമായിട്ടുണ്ട്. സാധാരണ പഠനത്തിൽ, മറ്റുള്ളവരിൽ നിന്ന് വ്യതിരിക്തമായി സ്വയം നിലനില്ക്കുന്ന ഒന്നായിട്ടാണ്

വ്യക്തിയെ കണക്കാക്കുന്നത്. അപ്പോൾ പിതാവും പുത്രനും പരിശുദ്ധാത്മാവും സ്വതന്ത്രവ്യക്തിത്വമുള്ളവരാണ്. ആധുനിക കാലഘട്ടത്തിൽ ഈ ധാരണ കുറെകൂടി ആഴമായ പഠനത്തിന് വിധേയമായി. പല ദൈവശാസ്ത്രജ്ഞൻമാരും സൂചിപ്പിച്ചിട്ടുണ്ടെങ്കിലും പൂർവ്വകാലങ്ങളിൽ ഊന്നൽ നല്കാതിരുന്ന ഒരു മാനത്തിന് പ്രധാന്യം കൊടുത്തു. വ്യക്തി എന്ന് പറയുന്നത് അതിൽ തന്നെ നിലനില്ക്കുന്നതാണെങ്കിലും, മറ്റൊന്നിലേക്കും പരിമിതപ്പെടുത്താവുന്നതല്ലെങ്കിലും എപ്പോഴും മറ്റുള്ളവരിലേക്ക് തുറവിയുള്ള സ്വഭാവവിശേഷം വ്യക്തിയുടെ ഘടകമാണ് എന്ന കാര്യമാണത്. അപ്പോൾ വ്യക്തി എന്നു പറയുന്നത് എല്ലാം ദിശകളിലേയും അഭിമുഖീഭവിക്കുന്ന ബന്ധങ്ങളുടെ പ്രഭവസ്ഥാനമാണ്. ബന്ധങ്ങളുടെ ഉണ്മയാണ്.

ദൈവിക ത്രിത്വത്തെ മൂന്നു വ്യക്തികളായി പരിഗണിക്കുമ്പോൾ എന്താണ് നാം അർത്ഥമാക്കുന്നത് എന്ന് മനസ്സിലാക്കാൻ മനുഷ്യവ്യക്തികളുടെ ഉപമാനം സഹായിക്കുന്നു.

## ത്രിത്വം – നിത്യമായ ആത്മദാനം

പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്ന് ദൈവിക വ്യക്തികളാണ് എന്ന് പറയുമ്പോൾ ഭൂരിഭാഗം ക്രൈസ്തവരും വ്യക്തി എന്ന വാക്കിനെ അതിന്റെ സാധാരണ അർത്ഥത്തിലാണ് മനസ്സിലാക്കുന്നത്. അതായത് ബുദ്ധിയും മനസ്സും വികാരങ്ങളുമുള്ളതും 'ഞാൻ' എന്ന പറയാൻ സാധിക്കുന്നതുമായ ആൾ എന്ന നിലയിൽ . അപ്പോൾ ദൈവത്തിന് മൂന്നു ബുദ്ധിയും മൂന്നു മനസ്സും മൂന്നു അവബോധവും ഉണ്ട് എന്ന് ധരിച്ചുപോകാം. ഇത്രയും മാത്രം പറഞ്ഞ് ഈ മൂന്നു വ്യക്തികളും എപ്പോഴും കൂട്ടായ്മയിലാണ് എന്ന് സൂചിപ്പിക്കുന്നില്ലെങ്കിൽ മൂന്ന് വ്യത്യസ്തദൈവങ്ങൾ ഉണ്ട് എന്ന ത്രിദൈവ വാദം എന്ന തെറ്റിൽ നാം അകപ്പെടും. ആധുനിക ചിന്ത അവതരിപ്പിക്കുന്ന ഈ പ്രശ്നത്തെ മറികടക്കാൻ രണ്ട് ദൈവശാസ്ത്രജ്ഞൻമാർ, പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞൻ കാൾ ബാർത്തും കത്തോലിക്കാ ദൈവശാസ്ത്രജ്ഞൻ, കാൾ റാനറും ത്രിത്വൈക ഭാഷകളിലെ വ്യക്തി എന്ന പദത്തെ മാറ്റിവയ്ക്കാൻ ശ്രമിക്കുന്നു. വ്യക്തി എന്ന പദം ത്രിത്വൈക കൂട്ടായ്മയുടെ രഹസ്യത്തെ മനസ്സിലാക്കാൻ എന്നതിനേക്കാൾ ഇന്നത്തെ ക്രൈസ്തവർക്ക് കൂടുതൽ പ്രശ്നം ഉളവാക്കാനേ സഹായിക്കുകയുള്ളൂ. ത്രിത്വാത്മക സന്ദർഭത്തിനു പുറത്ത് ദൈവത്തെക്കുറിച്ച് വെറുതെ സംസാരിക്കുമ്പോൾ നമുക്ക് വ്യക്തികളെക്കുറിച്ച് സംസാരിക്കാം എന്ന് അവർ പറയുന്നു. അല്ലെങ്കിൽ ദൈവം എന്നത് വ്യക്തി

പരമല്ലാത്ത പ്രാപഞ്ചികശക്തിയാണ് എന്ന് നമ്മൾ വിചാരിച്ചേക്കാം. അപ്പോൾ ദൈവം ആത്യന്തിക വ്യക്തിയോ നിത്യനായ കർത്താവോ ആവാം. എന്നാൽ പരിശുദ്ധത്രിത്വവുമായി ബന്ധപ്പെട്ട് വ്യക്തി എന്ന പദം ബഹിഷ്ക്കരിക്കുവാനാണ് അവർ നിർദ്ദേശിക്കുന്നത്. വ്യക്തിയുടെ സ്ഥാനത്ത് ഉണ്മയുടെ മൂന്ന് ഭാവങ്ങളെക്കുറിച്ച് പരാമർശിക്കുവാനാണ് ബാർത്തിന്റെ നിർദ്ദേശം. അപ്പോൾ ത്രിത്വം എന്നത് നിത്യനായ വ്യക്തി (ദൈവം) യഥാർത്ഥത്തിൽ മൂന്ന് ഭാവങ്ങളിൽ അസ്ഥിത്വം ആർജ്ജിക്കുന്നു – ഉത്ഭവമില്ലാത്ത പിതാവായും പിതാവിൽ നിന്ന് നിത്യം പുറപ്പെടുന്ന പുത്രനായും പിതാവിൽ നിന്നും പുത്രനിൽ നിന്നും സംയുക്തമായി പുറപ്പെടുന്ന പരിശുദ്ധാത്മാവായും.

കാൾറാനർ ഈ ഉൾക്കാഴ്ച സ്വീകരിച്ചെങ്കിലും അതിൽ അല്പം വ്യതിയാനം വരുത്തുന്നു. മൂന്നു ഭാവങ്ങളിലുള്ള അസ്ഥിത്വത്തെക്കുറിച്ച് എന്നതിനെക്കാൾ മൂന്ന് തരത്തിലുള്ള ഉണ്മയെക്കുറിച്ചാണ് അദ്ദേഹം സംസാരിക്കുവാൻ ആഗ്രഹിക്കുന്നത്. ത്രിത്വ പ്രകാര സിദ്ധാന്തം (modalism) എന്ന തെറ്റിൽ അകപ്പെടാതിരിക്കുവാനാണിത്.

ഈ അബദ്ധസിദ്ധാന്തം നാം നേരത്തെ കണ്ടതുപോലെ ആത്യന്തികമായി പരിശുദ്ധത്രിത്വത്തെ അംഗീകരിക്കുന്നില്ല. മൂന്നു രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ഏകദൈവത്തെയാണ് ഉദ്ദേശം ചെയ്യുന്നത്. നമ്മെ സംബന്ധിച്ച് മാത്രമാണ് ദൈവത്തിന്റെ ത്രിത്വ രൂപം. ആന്തരികമായി ദൈവം ഏകനാണ്. ഏകനായി തുടരുകയും ചെയ്യും. അതിനാൽ റാനർ പറയുന്നു ദൈവം കൂട്ടായ്മയുടെ രഹസ്യമാണ്. സ്വാത്മസത്തയിൽ നിന്നും പുറപ്പെട്ട് ജീവനും സ്നേഹവും പങ്കുവയ്ക്കുന്നു. അടിസ്ഥാന രഹസ്യമെന്ന നിലയിൽ ദൈവം ആത്മദാനമാണ്. സ്വയം സമർപ്പണം എന്ന പ്രവർത്തിയിൽ തന്നെയുള്ള ആത്മദാനം പരമവും അഗ്രാഹ്യവും ആയി നിലക്കൊള്ളുന്നിടത്തോളം തത്വമില്ലാത്ത തത്വം എന്ന നിലയിൽ അത് പിതാവ് എന്ന് അറിയപ്പെടുന്നു. ഈ ആത്മദാനം ആവിഷ്ക്കരിക്കപ്പെടുകയും ഗ്രഹിക്കാവുന്നതരത്തിലുള്ള സത്യമായി തീരുകയും ചെയ്യുമ്പോൾ അത് പുത്രൻ എന്ന് വിളിക്കപ്പെടുന്നു ഈ ആത്മദാനം സ്നേഹത്തിൽ നിർവ്വഹിക്കപ്പെടുകയും കൂട്ടായ്മ ഉളവാക്കുകയും ചെയ്യുന്നതിനാൽ അത് പരിശുദ്ധാത്മാവ് എന്ന് വിളിക്കപ്പെടുന്നു. ഈ പ്രവർത്തനം നാം മനസ്സിലാക്കുക മാത്രമല്ല ചെയ്യുന്നത് ദൈവത്തെ ദൈവമായിരിക്കുന്ന രീതിയിൽ ഇത് വെളിപ്പെടുത്തുകയും ചെയ്യുന്നു. അപ്പോൾ ത്രിത്വപ്രകാര സിദ്ധാന്തത്തെ നാം

തള്ളിക്കളയുന്നുവെന്നുമാത്രമല്ല, മൂന്നു ഭാവങ്ങളിൽ എന്നും നിർവ ഹിക്കപ്പെടുന്ന കൂട്ടായ്മ എന്ന മഹാരഹസ്യത്തിനുമുമ്പിൽ നാം നില്ക്കുകയും ചെയ്യുന്നു. അത് നമ്മെ എന്നും സമർപ്പണത്തിനും സ്നേഹത്തിനും കൂടുതലായി പ്രാപ്തരാക്കുന്ന അതേ പ്രക്രിയ യിലേക്ക് ഉൾച്ചേർക്കുകയും ചെയ്യുന്നു. ഈ രണ്ട് സമീപനങ്ങളും തൃപ്തികരമായി പരിഗണിക്കാനാവില്ല. ഒന്നാമതായി അതു വളരെ അമൂർത്തമാണ്. ഉണ്മയുടെ മൂന്ന് ഭാവങ്ങളെ ആരും ആരാധിക്കു ന്നില്ല. പ്രത്യുത പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്ന് വ്യക്തികളെയാണ് ആരാധിക്കുന്നത്. രണ്ടാമതായി, ദൈവത്തിന്റെ ഐക്യത്തെ അത് പ്രകടമാക്കുന്നുണ്ടെങ്കിലും വ്യക്തികളുടെ ത്രിത്വ ത്തെയോ അവരിൽ ഉള്ളവാക്കുന്ന ബന്ധത്തെയോ വ്യക്തമാക്കു ന്നില്ല. ആത്യന്തികമായി പരിശോധിച്ചാൽ ഈ രണ്ട് സമീപനങ്ങളും ഏക ദൈവമാത്ര വാദത്തിൽനിന്ന് രക്ഷപ്പെടുന്നില്ല. ത്രിത്വപ്രകാര സിദ്ധാന്തത്തിന്റെ അപകടത്തിലാണ് താനും. നമ്മുടെ സമീപനം എപ്പോഴും കൂട്ടായ്മയിലും പരസ്പരമുള്ള നിത്യമായ സ്നേഹ ത്തിലും വർത്തിക്കുന്ന ദൈവികത്രിത്വത്തിൽ നിന്നാകണം. പരി ശുദ്ധത്രിത്വത്തെ സംബന്ധിച്ചുള്ള ഒരു യുക്തിയുണ്ടെങ്കിൽ അത് ഇതാണ്. കൊടുക്കുക വീണ്ടും കൊടുക്കുക. മൂന്ന് വ്യക്തികളും സ്വയം ഇതരവ്യക്തികൾക്ക് ആത്മസമർപ്പണം ചെയ്യത്തക്കവിധം വ്യത്യസ്തരാണ്. ഈ ആത്മദാനമാകട്ടെ മൂന്ന് വ്യക്തികളെയും കൂട്ടായ്മ വഴി ഒരേ ദൈവമായി തീരുന്നവിധം അത്ര സമ്പൂർണ്ണമാ ണ്.

## പരിശുദ്ധത്രിത്വം - സമ്പൂർണ്ണ കൂട്ടായ്മ

1986 ജൂലായിൽ മധ്യ ബ്രസീലിലെ ട്രീൻഡാഡെയിൽ നടന്ന അടിസ്ഥാന ക്രിസ്തീയ സമൂഹങ്ങളുടെ ആറാം സഭാന്തര സമ്മേ ളന വേദിയിലെ അൾത്താരയുടെ പിറകിൽ പ്രദർശിപ്പിച്ചിരുന്ന ഒരു ക്യാൻവാസിൽ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു. പരിശുദ്ധത്രിത്വം സമ്പൂർണ്ണ കൂട്ടായ്മ. പരിശുദ്ധത്രിത്വത്തെ ചിത്രീകരിച്ചിരുന്നത് താഴെ പറയും പ്രകാരമാണ്. പിതാവിന്റെ കരങ്ങൾ - അവയിൽ നിന്ന് പ്രാവിന്റെ രൂപത്തിൽ പുറപ്പെടുന്ന പരിശുദ്ധാത്മാവ് പുത്ര നായ യേശുക്രിസ്തുവിന്റെ ശിരസ്സിൽ വിശ്രമിക്കുന്നു. യേശുവിന്റെ കരങ്ങൾ ഉയർന്ന് പിതാവിന്റെ കരങ്ങളെ സ്പർശിക്കുന്നു. പാസ്റ്റർ ലാൻഡ് കമ്മീഷൻ, മിഷനറി ഇൻഡിജനസ് കൗൺസിൽ, അടി സ്ഥാന ക്രിസ്തീയ സമൂഹങ്ങൾ തുടങ്ങിയ ജനകീയ പ്രസ്ഥാന ങ്ങളുടെ പ്രതിനിധികൾ യേശുവിന്റെ തോളേതോൾ ചേർന്നു നില്ക്കുന്നു. ത്രിത്വൈയേക കൂട്ടായ്മയും സമൂഹവും മാത്രമല്ല

അതോടൊപ്പം ദൈവിക കൂട്ടായ്മയിൽ പങ്കുചേരുവാൻ എക്കാലവും ക്ഷണിക്കപ്പെടുന്ന മാനുഷിക സമൂഹങ്ങളും അവിടെ ഉണ്ട് എന്ന് കാണിക്കുകയായിരുന്നു ഈ ചിത്രീകരണത്തിന്റെ ലക്ഷ്യം.

പരിശുദ്ധത്രിത്വത്തെക്കുറിച്ച് വ്യക്തിതലത്തിലുള്ള ഒരു ധാരണയ്ക്കപ്പുറത്തേക്ക് വിരൽ ചൂണ്ടുന്നതായിരുന്നു ഈ ചിത്രം. ദൈവിക ത്രിത്വം - പിതാവും പുത്രനും പരിശുദ്ധാത്മാവും തീർച്ചയായും ഉണ്ട്. എന്നാൽ പരസ്പരം വ്യതിരിക്തരായിക്കുകമാത്രമല്ല ആ അവസ്ഥ. കൂട്ടായ്മയും സ്നേഹവും കൊണ്ട് ഐക്യപ്പെടുവാൻ വേണ്ടിയാണ് അവർ വ്യതിരിക്തരായിരിക്കുന്നത്. യഥാർത്ഥത്തിൽ നിലനില്ക്കുന്നത് ഒരു ദൈവിക കൂട്ടായ്മയാണ്.

അനന്തകാലം മുതൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരുമിച്ച് സഹാസ്തിത്വമുള്ളവരാണ്. ആരും മുൻപോ പിൻപോ ഉണ്ടായതല്ല. ആരും ഉന്നതനോ താഴ്ന്നവനോ അല്ല. അവർ തുല്യമായ രീതിയിൽ നിത്യതയുള്ളവരും അനന്തത സ്വന്തമാക്കിയവരും കാരുണ്യ നിധികളുമാണ്. അവർ നിത്യ കൂട്ടായ്മയെ രൂപപ്പെടുത്തുന്നു.

കൂട്ടായ്മ എന്ന് നമ്മൾ പറയുമ്പോൾ വ്യക്തികൾ തമ്മിൽ പരസ്പരമുള്ളതും പ്രത്യക്ഷവും സമഗ്രവുമായ ബന്ധത്തിനാണ് ഊന്നൽ നല്കുന്നത്. ഓരോ വ്യക്തിയുടെയും സത്ത മറ്റുള്ളവർക്ക് അഭിമുഖമായി ഭവിക്കുന്നു. ഒന്നും സ്വന്തമായി നിലനിർത്തുന്നില്ല. ഓരോ വ്യക്തിയും അവന്റെ സത്തയും സ്വന്തവും എല്ലാം പൊതുവായി അർപ്പിക്കുന്നു. ഈ അടിസ്ഥാനപരമായ ഐക്യത്തിൽ നിന്നാണ് കൂട്ടായ്മ രൂപം കൊള്ളുന്നത്. അപ്പസ്തോലന്മാരുടെ പ്രവർത്തനം എന്ന പുതിയനിയമഗ്രന്ഥത്തിൽ കാണുന്നതുപോലെ ക്രൈസ്തവർ അവർക്ക് ഉണ്ടായിരുന്നതെല്ലാം പൊതുവായി അർപ്പിച്ചിരുന്നുവെന്നും അവരുടെയിടയിൽ ദരിദ്രർ ഉണ്ടായിരുന്നില്ല എന്നും അവരെക്കുറിച്ച് പറയപ്പെടുന്നു.

ഇതിന് ഏറെക്കുറെ തുല്യവും ഇതിനേക്കാളും അഗാധവുമായ ഒന്നാണ് പരിശുദ്ധത്രിത്വത്തിൽ സംഭവിക്കുന്നത്. ദൈവികത്രിത്വത്തിലെ മൂന്നു പേരും വ്യത്യസ്തരും ലഘൂകരിക്കുവാൻ ആകാത്തവരുമാണ്. ഒരു വ്യക്തി ഇതര വ്യക്തികളിൽ നിന്ന് വ്യത്യസ്തം. എന്നാൽ മറ്റു രണ്ടു ആളുകളുമില്ലാതെ ഒരു വ്യക്തിയെ നിർവചിക്കുവാൻ ആവില്ല. ഓരോ വ്യക്തിയും മറ്റു രണ്ടു വ്യക്തികളെ അംഗീകരിച്ചുകൊണ്ടും അവർക്കു സമർപ്പിച്ചുകൊണ്ടും മാത്രമേ നിലനില്ക്കുന്നുള്ളൂ. സ്വയം മറ്റുള്ളവർക്ക് സമർപ്പിക്കുവാനും അവ

രോട് കൂട്ടായ്മയിൽ ആയിരിക്കുവാനും തക്കവിധം ഓരോ വ്യക്തിയും വ്യതിരിക്തനാണ്. അപ്പോൾ അവിടെ ഐശ്വര്യത്തിന്റെ സമ്പന്നതയാണുള്ളത്. ഐകരൂപ്യത്തിന്റെ അവസ്ഥയല്ല. എല്ലാ സമൂഹത്തിനും മാതൃകയാണ് ത്രിത്വം - ഓരോരുത്തരുടെയും വ്യക്തിത്വത്തെ മാനിക്കുന്നതോടൊപ്പം പരസ്പരമുള്ള ആത്മ സമർപ്പണത്തിലൂടെയും ഐക്യത്തിലൂടെയുമാണ് ഒരു സമൂഹ കൂട്ടായ്മ രൂപം കൊള്ളുന്നത്.

സാധാരണ ക്രൈസ്തവർ ദൈവശാസ്ത്രവിചിന്തനത്തിനുപരി യായി ഇതു മനസ്സിലാക്കുന്നു. അവർ അത് കൃത്യമായി ആവിഷ്ക്കരിക്കുകയും ചെയ്യുന്നു- "പരിശുദ്ധത്രിത്വം സമ്പൂർണ്ണ കൂട്ടായ്മ".

അപ്പസ്തോലന്മാരുടെ പ്രവർത്തനത്തിൽ കാണുന്ന ക്രിസ്തീയ സമൂഹത്തിൽ ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടെ ക്രൈസ്തവർ പരസ്പരം സ്നേഹിച്ചിരുന്നു (അപ്പ.പ്ര. 4:32). അവിടെ സ്നേഹം ഇത്രയും ശക്തമായ കൂട്ടായ്മക്കു രൂപം കൊടുത്തെങ്കിൽ ത്രിത്വത്തിൽ അത് എത്രമാത്രമായിരിക്കും! ഈ വസ്തുതയെക്കു റിച്ച് പരാമർശിക്കുമ്പോൾ വി.ആഗസ്തിനോസ് പറയുന്നു: "അസ മത്വത്തെ തടഞ്ഞ് സമ്പൂർണ്ണ സമത്വത്തിനു രൂപം നല്കുന്നതാണ് ദൈവത്തിന്റെ സ്നേഹം. നിരവധി ആത്മാക്കളെ ഒന്നാക്കിത്തീർക്ക ത്തക്കവിധം അത്ര വലിയ സ്നേഹം ഭൂമിയിലും മനുഷ്യവ്യക്തിക ളിലുമുണ്ടെങ്കിൽ ഒരിക്കലും വേർപിരിയാത്ത പിതാവും പുത്രനും തമ്മിൽ അങ്ങനെയൊരു സ്നേഹം ഉണ്ടാകാതെ പോകുന്നതെങ്ങ നെ. അത് അവരെ ഒരേയൊരു ദൈവമാക്കി മാറ്റുകയില്ലേ? അനിർവ ചനീയവും അത്യുദാത്തവുമായ ഒരു ഐക്യത്തിലൂടെ വ്യത്യസ്ത വ്യക്തികൾ ഒന്നായിത്തീരുന്നു. വ്യക്തികൾ രണ്ടു ദൈവങ്ങളായി ത്തീരുകയല്ല ഒരേ ദൈവമായിത്തീരുകയാണ് ചെയ്യുക". (വിശ്വാ സത്തെ സംബന്ധിച്ച് അർത്ഥികൾക്കുള്ള പ്രഭാഷണം 1:4; 40:629).

## ത്രിത്വത്തിലെ പുരുഷസ്ത്രൈണ ഭാവങ്ങൾ

ഉല്പത്തിപ്പുസ്തകത്തിൽ മനുഷ്യവംശത്തെ ദൈവം സൃഷ്ടിച്ച തായും അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചതായും പറ യുന്നു (ഉല്പ 1:27). മനുഷ്യവംശം പുരുഷനും സ്ത്രീയും എന്ന നിലയിലാണ് ദൈവത്തെ ഭൂമിയിൽ പ്രതിനിധാനം ചെയ്യുന്നത്. ദൈവം ലിംഗവ്യത്യാസത്തിനതീതനാണ്. എന്നാൽ മനുഷ്യവംശ ത്തിലെ പുരുഷനും സ്ത്രീയും അവരുടെ ആത്യന്തിക വേരുകൾ കണ്ടെത്തുന്നത് ത്രിത്വാത്മക രഹസ്യത്തിലാണ്. ത്രിത്വദൈവം

പുരുഷ സ്ത്രൈണഭാവങ്ങൾ ഉൾക്കൊള്ളുന്നതിനാലാണ് നമ്മൾ പുരുഷന്മാരും സ്ത്രീകളും എന്ന നിലയിൽ അവന്റെ ഛായയിലും സാദൃശ്യത്തിലുമായിരിക്കുവാൻ സാധിക്കുന്നത്.

അടുത്ത കാലങ്ങളിൽ നിരവധി ക്രൈസ്തവർ, പ്രത്യേകിച്ചും സ്ത്രീകൾ മനസ്സിലാക്കിയിരിക്കുന്ന ഒരു കാര്യം ദൈവശാസ്ത്ര ഭാഷ എല്ലാ കാര്യങ്ങളെയും പുരുഷഭാഷയിൽ ആവിഷ്ക്കരിക്കുന്നു എന്നതാണ്. ദൈവം പിതാവാണ്. അവിടുന്ന് നിത്യമായി ഒരു പുത്രനു ജന്മം കൊടുക്കുന്നു. അവർ ഒരുമിച്ച് പരിശുദ്ധാത്മാവിന്റെ ഉറവിടമായി വർത്തിക്കുന്നു. ക്രിസ്തീയതയിലെ എല്ലാ പ്രധാന ആശയങ്ങളും പുരുഷഭാഷയിലാണ്. പുരുഷന്മാർ മാത്രമാണ് – സ്ത്രീകൾ പുറംതള്ളപ്പെട്ടിരിക്കുന്നു – സഭയിൽ നേതൃത്വം വഹിക്കുന്നതും പൗരോഹിത്യപദവികളിൽ അഭിഷിക്തരാകുന്നതും.

ഓരോ മനുഷ്യവ്യക്തിയും (പുരുഷനും, സ്ത്രീയും) ദൈവത്തിന്റെ ഛായയും സാദൃശ്യവുമാണ് എന്ന വിശ്വാസസത്യത്തിന്റെ അടിസ്ഥാനത്തിൽ പലരും ചോദിക്കുന്നു: ദൈവരഹസ്യത്തിന്റെ സമ്പന്നതയെ ആവിഷ്ക്കരിക്കാൻ ലിംഗപരമായ ഭാഷയെ (ഒരു വിഭാഗത്തെ മാത്രം – പുരുഷവിഭാഗത്തെ – സൂചിപ്പിക്കുന്നത്) മറികടക്കാനും രണ്ടു ലിംഗങ്ങളുടെയും മൂല്യത്തെ ഉപയുക്തമാക്കാനും സാധിക്കുകയില്ലേ? കൂടുതൽ കൂടുതൽ ക്രൈസ്തവർ മനുഷ്യവംശത്തെ പരാമർശിക്കുമ്പോൾ പുരുഷനെ മാത്രം സൂചിപ്പിക്കുന്ന ഭാഷയെ പുറന്തള്ളാനും പുരുഷനേയും സ്ത്രീയേയും സൂചിപ്പിക്കുന്ന ഭാഷാപ്രയോഗം പഠിക്കുവാനും ശ്രമിക്കുന്നു. അല്ലെങ്കിൽ വെറുതെ മനുഷ്യവ്യക്തി, മാനുഷികം എന്ന പദങ്ങൾ ഉപയോഗിക്കുന്നു. അതുപോലെതന്നെ ദൈവത്തെക്കുറിച്ചു സംസാരിക്കുമ്പോൾ പിതാവ് എന്ന പ്രയോഗം ഉപേക്ഷിക്കുകയും ചെയ്യുന്നു. ജോൺ പോൾ ഒന്നാമൻ ഒരു സദസ്സിൽ ഇപ്രകാരം പ്രസ്താവിച്ചു. "ദൈവം പിതാവാണ്. പക്ഷേ പ്രഥമത അവിടുന്നു മാതാവാണ്". ജനത്തെ തന്റെ മാറോടു ചേർത്ത് ചുംബിക്കുകയും അവരുടെ കണ്ണുനീർ തുടച്ചുനീക്കുകയും ചെയ്യുന്ന മാതാവിനോട് ദൈവത്തെ പ്രതീകവല്ക്കരിക്കുന്ന അവതരണങ്ങൾ പ്രവാചകന്മാർ നടത്തിയിട്ടുണ്ട് (ഹോസ 11:4; ഏശ 49:15; 66:13; സങ്കീ 25:6). ദൈവം ദയാപരനാണ് എന്നു പറയുമ്പോൾ അവിടുന്ന് ഒരു മാതാവിനെപ്പോലെയാണ് എന്ന ചിന്തയാണ് യഹൂദമനസ്സിനുണ്ടായിരുന്നത്. ഹൃദയാർദ്രതയുള്ളവളും തന്റെ പുത്രീപുത്രന്മാരോട് ദയ കാണിക്കുന്നവളുമായ മാതാവിനെപ്പോലെ. എല്ലാമാതാക്കളും തങ്ങളുടെ പുത്രീപുത്രന്മാരോട് ദയ കാണിക്കുന്നവരാണല്ലോ.

കാരുണ്യത്തിന്റെ സമ്പന്നതയിൽ (Rich in Mercy) എന്ന തന്റെ ചാക്രിക ലേഖനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പിതാവിന്റെ ഈ സ്ത്രൈണമാനത്തെക്കുറിച്ച് നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. അപ്പോൾ പിതാവായ ദൈവത്തിനു മാതൃഭാവങ്ങളുണ്ടെന്നും മാതാവായ ദൈവത്തിനു പിതൃഭാവങ്ങളുണ്ടെന്നും നമുക്കു പറയാം. ദൈവം ഒരേ സമയം പിതാവും അനന്തമായവിധം വാത്സല്യമുള്ള മാതാവുമാണ്. പുത്രനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും ഇപ്രകാരം തന്നെ നമുക്കു പറയാൻ സാധിക്കും. പുരുഷ സ്ത്രൈണ ഭാവങ്ങളുടെ സഹസ്രോതസ്സാണ് അവർ രണ്ടു വ്യക്തികളും. രക്ഷാകരചരിത്രത്തിലെ അവരുടെ പ്രവർത്തനത്തിൽ, ഈ പുരുഷ സ്ത്രൈണഭാവങ്ങൾ സ്ത്രീപുരുഷന്മാരുടെ ജീവിതങ്ങളിൽ പ്രകാശിതമാക്കുന്നു. അതനുസരിച്ച് അവർ നമ്മോട് ഏറ്റവും സമീപസ്ഥരും അവരുടെ സാരാംശത്തിൽ നമ്മെ ഉൾക്കൊള്ളുന്നവരുമാണ്. നമ്മുടെ സ്ത്രീപുരുഷ വ്യക്തിത്വങ്ങൾ അവരുടെ നിത്യമായ സ്ത്രീപുരുഷഭാവങ്ങളുടെ ഉജ്വലശോഭയാർന്ന കൂട്ടായ്മയിൽ ഉൾക്കൊണ്ടിരിക്കുന്നു.

പുരുഷന്മാരും സ്ത്രീകളും എന്നനിലയിൽ നമ്മുടെ ഭാവി എന്താണ്? നിത്യ ജീവനിലേക്ക് നാം ഉയിർത്തെഴുന്നേല്ക്കും എന്നു പറഞ്ഞതുകൊണ്ടായില്ല. അത് അനന്തമായ ദാഹത്തെ ശമിപ്പിക്കുകയില്ല. ത്രിത്വത്തിന്റെ രാജ്യത്തിൽ എത്തിച്ചേരുന്ന ഓരോ പുരുഷനും സ്ത്രീയും, പുരുഷനും സ്ത്രീയും എന്ന നിലയിൽത്തന്നെ ത്രിത്വത്തിന്റെ കൂട്ടായ്മയിൽ പങ്കുചേരും. ത്രിത്വത്തിന്റെ ഛായയും സാദൃശ്യവുമായി നമ്മെ രൂപപ്പെടുത്തിയ പുരുഷ സ്ത്രൈണഭാവങ്ങൾ നിത്യമായ ദൈവപുരുഷഭാവത്തോടും സ്ത്രൈണദൈവഭാവത്തോടും ഐക്യപ്പെട്ടിരിക്കും.

## പിതാവും പുത്രനും പരിശുദ്ധാത്മാവും നിത്യകാലം മുതൽ ഒന്നിച്ചു നിലനില്ക്കുന്നു

പിതാവും പുത്രനും പരിശുദ്ധാത്മാവും ജീവൻ, സ്നേഹം, നിത്യമായ കൂട്ടായ്മ എന്നിവയിൽ ഐക്യപ്പെട്ടു നില്ക്കുന്ന മൂന്ന് അനന്യ വ്യക്തിത്വങ്ങളാണ്. അതിനാൽ അവർ മൂന്നു ദൈവങ്ങളല്ല ഒരേയൊരു ദൈവമാണ്. അവർ ഒരേ സമയം ആയിരിക്കുകയും നിത്യമായി പരസ്പര സമർപ്പണത്തിൽ കഴിയുകയും ചെയ്യുന്നു. അങ്ങനെ ജീവന്റെയും സ്നേഹത്തിന്റെയും ഐക്യത്തിന്റെ ഒറ്റ കൂട്ടായ്മയായി രൂപംകൊള്ളുകയും ചെയ്യുന്നു. മൂന്നു അരുവികൾ പരസ്പരം പ്രവഹിച്ച് ഒറ്റ തടാകമായിത്തീരുന്നതുപോലെ. മൂന്ന് ജലസ്രോതസ്സുകൾ മുകളിലേക്ക് കുതിച്ചുയർന്ന് ഒറ്റ ജലധാരയായി, നിത്യജലധാ

രയായി മാറുന്നതുപോലെ. ഓരോ ദൈവിക വ്യക്തിയും തുല്യ മായ രീതിയിൽ നിത്യതയും ശക്തിയും ശ്രേഷ്ഠതയും പുലർത്തു ന്നവരാണ് എന്ന് സൂനഹദോസ് പിതാക്കന്മാർ ഉറപ്പിച്ചു പറയുന്നു. ത്രിത്വ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ഏകകാലികമാണ്. ആരും കൂടുതൽ ശ്രേഷ്ഠനോ ഉന്നതനോ അല്ല, കുറഞ്ഞവനോ താഴ്ന്നവനോ അല്ല, മുമ്പുള്ളവനോ പിമ്പുള്ളവനോ അല്ല. മൂന്ന് ദൈവികവ്യക്തികളും നിത്യകാലം മുതൽ സമശീർഷരാണ്. ഈ സമത്വത്തിന്റെ അടിസ്ഥാനത്തിൽ ദൈവിക വ്യക്തികൾ എന്നും സഹവർത്തികളാണ്. അവർ എങ്ങനെയാണ് ഒന്ന് ചേർന്ന് ഒരേ യൊരു ദൈവമായിരിക്കുന്നത്?

ദൈവിക വ്യക്തികളുടെ ഈ കൂട്ടായ്മയ്ക്കു രൂപം കൊടുക്കു ന്നത് പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിൽ അനുസ്യൂത മായും അനന്തമായും നടക്കുന്ന അന്തർവ്യാപനമാണ്. ഈ അന്തർവ്യാപന (Perichoresits) ത്തെക്കുറിച്ച് നാം ചിന്തിച്ചു കഴി ഞ്ഞതാണ്. ഒരു വ്യക്തി മറ്റു രണ്ടു വ്യക്തികളിലേക്കും തിരിച്ചും നടക്കുന്ന അന്തർവ്യാപനം. ഇത്തരത്തിലുള്ള ഐക്യം വ്യക്തികൾ തമ്മിലും ആത്മീയസത്തകൾ തമ്മിലും ഉണ്ടാകുന്ന പ്രത്യേക ഐക്യമാണ്. പരസ്പരം വ്യത്യസ്തരായ വ്യക്തികൾക്കേ ആത്മ ബന്ധത്തിന്റെയും പരസ്പര സമർപ്പണത്തിന്റെയും സ്നേഹത്തി ന്റെയും ബന്ധങ്ങൾ സ്ഥാപിക്കാൻ കഴിയൂ. അതാണ് കൂട്ടായ്മ യെയും സമൂഹത്തെയും ഉറപ്പിച്ചു നിർത്തുന്നതും. ദൈവിക വ്യക്തി കൾ തമ്മിലുള്ള കൂട്ടായ്മ ആത്യന്തികവും ബന്ധം അനന്തവുമാ ണ്. ഒന്നുചേർന്നിരിക്കുന്ന ഈ അവസ്ഥയും ജീവിതവുമാണ് ദൈവിക ഉണ്മ അല്ലെങ്കിൽ ദൈവിക പ്രകൃതി അല്ലെങ്കിൽ ദൈവിക സത്ത എന്ന് അറിയപ്പെടുന്ന കൂട്ടായ്മയ്ക്കു രൂപം കൊടുക്കുന്നത്. സ്നേഹം കൊണ്ടാണ് ഇത് രൂപപ്പെട്ടിരിക്കുന്നത് എന്നു സൂക്ഷ്മ മായി പരിശോധിച്ചാൽ നമുക്കു മനസ്സിലാകും. വി. യോഹന്നാൻ ശ്ലീഹ ഉറപ്പിച്ചു പറയുന്നു. "ദൈവം സ്നേഹമാണ്" (1 ജോൺ 4:8;16). വി. ആഗസ്തീനോസിന്റെ അഭിപ്രായത്തിൽ മൂന്ന് ദൈവിക വ്യക്തി കൾ തമ്മിലുള്ള നിത്യസ്നേഹമാണ് അവരുടെ കൂട്ടായ്മയുടെ നിദാ നം. അദ്ദേഹം തനിക്കുമാത്രം അറിയാവുന്നവിധം ഇപ്രകാരം എഴുതി: "ഒരോ ദൈവികവ്യക്തിയും മറ്റു രണ്ടു വ്യക്തികളിലും ആയിരിക്കുന്നു. എല്ലാവരും ഓരോ വ്യക്തിയിലുമാണ്. എല്ലാവരും എല്ലാവരിലുമാണ്. എല്ലാവരുംകൂടി ഒരേയൊരു ദൈവമാണ്."

ഓരോ ദൈവികവ്യക്തിയിലുമുള്ള തുല്യമായ പ്രകൃതിയാണ് ദൈവത്തിലുള്ള ഐക്യത്തെ രൂപപ്പെടുത്തുന്നത് എന്നു സഭ പഠി

പ്പിക്കുമ്പോൾ പുതിയനിയമ വെളിപാടിനോട് ചേർന്നു നിന്നുകൊണ്ട് സ്നേഹവും അനന്തവുമായ പരസ്പര ബന്ധവുമാണ് ഈ പ്രകൃതിയെന്ന് നാം മനസ്സിലാക്കണം. ദൈവികാസ്തിത്വത്തെ സംബന്ധിച്ചിടത്തോളം വ്യക്തികളുടെ ത്രിത്വം എന്നത് അടിസ്ഥാന വസ്തുതയാണ്. ഇത് അത്യന്തികാരൂപിയുടെ ബാഹ്യമായ വളർച്ച യുടെ ഫലമല്ല. നിത്യതുല്യമായ ദൈവിക പ്രകൃതിയുടെ ആന്തരി കമായ (വേർപിരിയലുമല്ല) വ്യാവർത്തനവുമല്ല (differntiation). ദൈവം ആദിയും അവസാനവുമില്ലാതെ നിത്യമായും പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്. മൂന്നു ദൈവിക വ്യക്തികൾ തമ്മി ലുള്ള ഏക സ്നേഹത്തിൽ പരസ്പര കൈമാറ്റമാണ്. ഒരേ ജീവനി ലുള്ള പങ്കുചേരലാണ്.

പരിശുദ്ധ ത്രിത്വത്തിൽ അത്യുൽകൃഷ്ടവും അനിർവചനീയവു മായ കൂട്ടായ്മയെ നിലനിർത്തുന്നത് സ്നേഹമല്ലാതെ മറ്റെന്താണ്? സ്നേഹമാണ് നിയമം. ഈ നിയമമാണ് ദൈവത്തിന്റെ നിയമം. ഈ സ്നേഹം ത്രിത്വത്തെ കൂട്ടായ്മയിൽ രൂപപ്പെടുത്തുന്നു. ഒരു വിധത്തിൽ വ്യക്തികളെ സമാധാനത്തിൽ കോർത്തിണക്കുന്നു. സ്നേഹം സ്നേഹത്തെ സൃഷ്ടിക്കുന്നു. ഇതാണ് പ്രപഞ്ചത്തെ ഭരിക്കുന്ന സ്നേഹം. എല്ലാറ്റിനെയും സൃഷ്ടിക്കുകയും ഭരിക്കുകയും ചെയ്യുന്ന നിയമം (വി. ബർണാർഡ്, ദൈവസ്നേഹത്തെക്കുറിച്ചുള്ള പുസ്തകം അധ്യാ. 12 നമ്പർ 35; PL182, 996 B).

### ത്രിത്വത്തിൽ എല്ലാ ബന്ധങ്ങളും മൂന്നു മടങ്ങ്

പിതാവും പുത്രനും പരിശുദ്ധാത്മാവും നിത്യതയിൽ തുല്യരും ഏക കാലികരുമാണ്. ഓരോ വ്യക്തിയും മറ്റു വ്യക്തികളിൽനിന്ന് വ്യത്യസ്തരും അതേ സമയം പരസ്പര ബന്ധിതരുമാണെന്ന് എങ്ങ നെയാണ് വ്യക്തമാക്കുക? ബൈബിളിൽനിന്നും മാറി ദൈവിക നിഗമനങ്ങളെക്കുറിച്ച് ദൈവശാസ്ത്രം പറഞ്ഞു വയ്ക്കുന്നു. ഒരു വ്യക്തി എങ്ങനെ ഇതരവ്യക്തികളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അതുവഴി ദൈവശാസ്ത്രം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ദൈവിക ത്രിത്വത്തിന്റെ മുഴുവൻ ഉറവിടവും കാരണവും പിതാവാ ണെന്ന് സൂചിപ്പിക്കുന്നു. പിതാവിൽനിന്നാണ് പുത്രനും പരിശു ദ്ധാത്മാവും പുറപ്പെടുന്നത്. പുത്രനു ജന്മം കൊടുക്കുന്നതും പിതാ വാണെന്നു പറയുന്നു. പിതാവും പുത്രനും കൂടെ ഒരേ തത്വത്തിന നുസരിച്ച് പരിശുദ്ധാത്മാവിനെ നിശ്വസിക്കുന്നു. കാരണമായിരി ക്കുക, ജന്മം കൊടുക്കുക, നിശ്വസിക്കുക, നിർഗമിക്കുക തുടങ്ങിയ വാക്കുകൾ ഒരുപക്ഷേ ദൈവത്തിൽ ദൈവജനനഭാവം (theogony) (ജനനവും ജന്മം കൊടുക്കലും) ഉണ്ടെന്ന തോന്നൽ നമുക്ക് ഉളവാ

ക്കിയേക്കാം. കാരണതത്വം (Principle of causality) ത്രിത്വത്തിന്റെ കാര്യത്തിൽ സാധുവാണെന്നു യഥാർത്ഥമായി പറയാൻ നമുക്കു സാധിക്കുമോ? ഒരു ജനനവും നിശ്വസനവും ഉണ്ടെന്ന്? ദൈവിക വ്യക്തികൾ മൗലികമായി ഏകകാലികരാണെന്നും നിത്യതമുതൽ തുല്യമായി അസ്തിത്വമുള്ളവരാണെന്നും അന്തർവ്യാപനത്തിലും (perichoresis) കൂട്ടായ്മയിലുമാണ് അവർ ആയിരിക്കുന്നതെന്നും നാം എപ്പോഴും പറയാറില്ലേ? നിത്യതയുടെ കാഴ്ചപ്പാടിൽ പിതാവ് പുത്രനും പരിശുദ്ധാത്മാവിനും മുമ്പുള്ളയാളല്ല. അവർ എപ്പോഴും സ്നേഹത്തിൽ ബന്ധപ്പെട്ടും അനന്തമായ കൂട്ടായ്മയിലും ഒരുമിച്ചാണ് ആയിരിക്കുന്നത്.

ദൈവിക വ്യക്തികളുടെ ഈ സഹവർത്തിത്വം കാരണം സഭ ഉപയോഗിച്ചുകൊണ്ടിരുന്നതും പിന്നീട് ദൈവശാസ്ത്രം ഏറ്റെടുത്തതുമായ കാരണം, ജനനം, നിശ്വസനം തുടങ്ങിയ വാക്കുകൾ സാദൃശാത്മകമായും ആലങ്കാരികമായും വേണം നാം മനസ്സിലാക്കുവാൻ. വളരെ സൂചനാത്മകമായ ഫോർമുലകളുമായാണ് നാം ഇടപെടുന്നത്. ദൈവിക വ്യക്തികൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അവ സൂചിപ്പിക്കുന്നു. തീർച്ചയായും പുത്രനില്ലാതെ പിതാവിന് അസ്തിത്വമില്ല. പിതാവില്ലാതെ പുത്രനുമില്ല. അരൂപിയാകട്ടെ പിതാവിന്റെ അധരങ്ങളാൽ ഉച്ചരിക്കപ്പെടുന്ന വചനത്തോട് (പുത്രൻ) കൂടിയല്ലാതെ നില്ക്കുന്നുമില്ല. ഔദ്യോഗിക വാക്കുകൾ നാം ഉപയോഗിക്കുമ്പോൾ അത് കർശനമായും ത്രിത്വത്തിന്റേതായ തലത്തിലാണ് ഉപയോഗിക്കുക. ഈ ത്രിത്വമാകട്ടെ നിത്യമായുള്ളതും ഏകകാലികവും സഹവർത്തിത്വത്തോടു കൂടെയുള്ളതുമാണ്. പക്ഷേ മാനുഷികമായ അർത്ഥത്തിൽ (ജനനം പോലെ മാനുഷികമായ എന്തോ ആണെന്ന്) അവയെ മനസ്സിലാക്കുമോ എന്ന അപകടം നിലനില്ക്കുന്നു. ദൈവിക ത്രിത്വത്തിന്റെ രഹസ്യത്തെ തെറ്റായ രീതിയിൽ മനസ്സിലാക്കുവാനേ അതു സഹായിക്കൂ.

വിശുദ്ധ ഗ്രന്ഥവുമായി ബന്ധപ്പെടുത്തി മറ്റൊരു സാധ്യതയുണ്ട്. വെളിപാടിന്റെയും അംഗീകാരത്തിന്റെയും വാക്കുകളിൽ ദൈവിക വ്യക്തികളെക്കുറിച്ച് പരാമർശിക്കുക. നിത്യതയിലും സ്ഥാനത്തിലും തുല്യരായ വ്യക്തികൾ പരസ്പരം വെളിപ്പെടുത്തപ്പെടുകയും പരസ്പരം അംഗീകരിക്കുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ. അങ്ങനെ പിതാവ് പുത്രനിലൂടെ പരിശുദ്ധാത്മാവിൽ വെളിപ്പെടുന്നു. പുത്രൻ പരിശുദ്ധാത്മാവിൽ പിതാവിനെ വെളിപ്പെടുത്തുന്നു. പരിശുദ്ധാത്മാവ് പിതാവിൽനിന്ന് പുറപ്പെട്ട് പുത്ര

നിൽ വിശ്രാന്തി തേടുന്നു. അങ്ങനെ പരിശുദ്ധാത്മാവ് പുത്രനിലൂടെ പിതാവിന്റേതായിരിക്കുകയും (a Patre Filioque) അതുപോലെ പുത്രൻ പരിശുദ്ധാത്മാവിന്റെ (a Patre Spirituque) സ്നേഹത്താൽ പിതാവിൽ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. മൂന്നു വ്യക്തികളുടെയും ഓരോരുത്തരിലുമുള്ള ഈ വെളിപ്പെടൽ കൊണ്ട് അവർ തമ്മിലുള്ള ബന്ധം മൂന്നു മടങ്ങാണ് എന്നു നമുക്കു പറയേണ്ടിവരും. എവിടെ ഒരു വ്യക്തിയുണ്ടോ അവിടെ മറ്റ് രണ്ടു വ്യക്തികൾ എപ്പോഴും ഉണ്ടായിരിക്കും.

നമ്മുടെ ചിന്തയിലും പ്രവർത്തനത്തിലും ഈ ത്രിത്വസംബന്ധമായ തത്വം ആശ്ലേഷിച്ചാൽ എന്തുമാത്രം പൊരുത്തവും സന്തോഷവും നീതിയും ഈ ലോകത്തിൽ ഉണ്ടായിരിക്കും. എല്ലാം ഉൾക്കൊണ്ടുകൊണ്ടും എല്ലാറ്റിലും ഇടപെട്ടുകൊണ്ടും എപ്പോഴും കൂട്ടായ്മയിലായിരുന്നുകൊണ്ടും വ്യത്യസ്തതകളെ അസമത്വമാകാതെ സ്വീകരിച്ചുകൊണ്ടുമുള്ള അവസ്ഥ സംജാതമാകും.

**മൂന്ന് സൂര്യന്മാർ – ഒരേ പ്രകാശം: പരി. ത്രിത്വം അങ്ങനെയാണ്**

മൂന്നു ദൈവികവ്യക്തികൾ ഒരേ ദൈവമായിരിക്കുന്ന കാര്യം വിഭാവനം ചെയ്യുവാൻ പല ക്രൈസ്തവർക്കും വിഷമമാണ്. എങ്ങനെയാണ് മൂന്ന് ഒന്നിനു തുല്യമാകുക? നമ്മൾ മൂന്ന് വ്യക്തികളെക്കുറിച്ചും ഒരേ ദൈവത്തെക്കുറിച്ചും സംസാരിക്കുമ്പോൾ നാം ആദ്യം സൂചിപ്പിക്കുന്നതുപോലെ ഏതെങ്കിലും വിധത്തിലുള്ള ഗണിതശാസ്ത്ര രീതിയല്ല പറയുന്നത്. വി.ഗ്രന്ഥങ്ങൾ ദൈവത്തെക്കുറിച്ച് ഒരു കണക്കും അവതരിപ്പിക്കുന്നില്ല. 'അനന്യം' എന്ന പദമാണ് കൂടുതൽ ഉപയോഗിക്കുക. പിതാവ് അനന്യനാണ്, പുത്രൻ അനന്യനാണ്, പരിശുദ്ധാത്മാവ് അനന്യനാണ്. അനന്യത എന്നത് ഒരു സംഖ്യയല്ല ഒരു സംഖ്യാ ശൃംഖലയിലെ ആദ്യ അക്കവുമല്ല. പ്രത്യുത ഏതു സംഖ്യയുടെയും നിഷേധമാണ്. അനന്യമായ ഒന്നിനോട് സമമായിട്ടോ അതിന്റെ പിന്നിലായിട്ടോ ഒന്നുമില്ല. അത് ഏകമാണ്. വേറൊന്നില്ല. അതിനാൽ ത്രിത്വത്തിൽ സംഖ്യകൾ കൂട്ടാനാവില്ല.

താഴെപ്പറയുന്നതായിരിക്കണം നമ്മുടെ ചിന്തയുടെ തുടക്കം; മൂന്ന് അനന്യരായ വ്യക്തികൾ ഉണ്ട്. പിതാവും പുത്രനും പരിശുദ്ധാത്മാവും. ഇത് ഒരു പ്രധാന പ്രസ്താവനയാണ്. എല്ലാ വസ്തുക്കളുടെയും അടിസ്ഥാനം ഈ മൂന്ന് അനന്യ വ്യക്തികളുടെ തുല്യമായ അസ്തിത്വത്തിലാണ് നിലകൊള്ളുന്നത്. അല്ലാതെ എന്നും തന്നോടുതന്നെ തുല്യനായ ഒരു വ്യക്തിത്വത്തിന്റെ ഏകാന്തത

യിലല്ല. ഈ മൂന്നു അനന്യ വ്യക്തിത്വങ്ങളെയും ഏതെങ്കിലും ഒന്നിലേക്കു ചുരുക്കുവാനാകില്ല. അവർ വ്യത്യസ്തരാണ് എന്നാൽ തുല്യതയില്ലാത്തവരല്ല. സാംബാ, റോക്ക് ബോസാ നോവ, ഗ്രിഗോറിയൻ ചാന്റ് ഇവയെല്ലാം വ്യത്യസ്ത ജനുസ്സുകളിൽപ്പെട്ട സംഗീതമാണ് എന്നാൽ ശ്രേഷ്ഠതയുടെ കാര്യത്തിലും മൂല്യത്തിന്റെ കാര്യത്തിലും അവ തുല്യതയില്ലാത്തവയല്ല. വ്യത്യസ്തത എന്നു പറഞ്ഞാൽ അസമത്വം എന്ന് അർത്ഥമില്ല. എല്ലാം സംഗീതത്തിന്റെ പ്രകാശനംതന്നെ. മൂന്ന് അനന്യദൈവിക വ്യക്തികളെക്കുറിച്ചും ഏറെക്കുറെ ഇങ്ങനെ തന്നെയാണ്. അവർ വ്യത്യസ്തരാണ്. പിതാവ് പുത്രനോ പരിശുദ്ധാത്മാവോ അല്ല അവർ നിത്യതയിലേ തുല്യരും തുല്യമായ രീതിയിൽ ദൈവവുമാണ്. അവർ വ്യത്യസ്തരായിരിക്കുന്നെങ്കിൽ അത് അവർക്ക് കൂട്ടായ്മയിലായിരിക്കുവാനും ഓരോരുത്തരുടെയും സമ്പന്നതയെ പരസ്പരം പങ്കുവയ്ക്കുവാനുമാണ്. മൂന്നുപേരും ഒന്നിനുമേൽ ഒന്നായിവയ്ക്കപ്പെട്ടവരോ പരസ്പരം എതിരായി നില്ക്കുന്നവരോ അല്ല. മൂന്ന് ദൈവികവ്യക്തികളും പരസ്പരം മറ്റുള്ളവർക്കുവേണ്ടിയുള്ളവരാണ്. അവർ ഓരോരുത്തരിലും ജീവിക്കുന്നു. ജീവനും സ്നേഹവും പങ്കുവയ്ക്കുന്നു. ഒരു ഒറ്റ കൂട്ടായ്മയാകത്തക്കവിധം നിത്യമായും സമ്പൂർണ്ണമായുമാണ് ഈ പങ്കുവയ്ക്കൽ നടക്കുന്നത്. അതുകൊണ്ടാണ് ഗണിതശാസ്ത്ര സിദ്ധാന്തത്തെയോ യുക്തിയെയോ ലംഘിക്കാതെതന്നെ മൂന്നു ദൈവിക വ്യക്തികളും ഏറ്റവും മൗലികമായും പൂർണ്ണമായും സ്നേഹപൂർവ്വം അന്തർവ്യാപനം ചെയ്ത് ഒരേയൊരു ദൈവമായി സ്ഥിതി ചെയ്യുന്നു എന്ന് നാം പറയുന്നത്.

ഈ കൂട്ടായ്മ നമുക്കു മനസ്സിലാകണമെങ്കിൽ ആത്മാവും ഹൃദയവും വ്യക്തികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന സ്നേഹത്തിന്റെയും ആത്മബന്ധത്തിന്റെയും മാനുഷികാനുഭവങ്ങൾ നാം മനസ്സിലാക്കണം. രണ്ടു വ്യക്തികൾ പരസ്പരം സ്നേഹിക്കുന്നു. അത് കുടുംബത്തിലാകുമ്പോൾ മൂന്നുപേർ (പിതാവും മാതാവും ശിശുവും) എന്നാൽ അവർ തമ്മിലുള്ള ആകർഷണം ഒരേ ജീവൻ പങ്കുവയ്ക്കുന്നതുപോലെയും ഹൃദയവും ലക്ഷ്യവും ഒന്നായിത്തീരുന്നതുപോലെയും അത്ര ശക്തമാണ്. ഇതിനു സദൃശവും ഇതിനെക്കാൾ അനന്തമായ വിധം പൂർണ്ണവുമായ ഒന്നാണ് മൂന്നു ദൈവിക വ്യക്തികളുടെയിടയിൽ സംഭവിക്കുന്നത്. അവർ തമ്മിലുള്ള സ്നേഹവും കൂട്ടായ്മയും ഓരോ വ്യക്തിയുടെയും ജീവന്റെ നിത്യപൂർണ്ണമായ സ്വയം ദാനവും ദൈവത്തിന്റെ കൂട്ടായ്മയെ രൂപപ്പെടുത്തുംവിധം അത്ര ശ്രേഷ്ഠമാണ്. വി. ജോൺ ഡമഷീൻ പറയുന്നതുപോലെ പരിശുദ്ധത്രിത്വം മൂന്നു സൂര്യന്മാരെപ്പോലെയാണ്.

അവർ ഓരോരുത്തരും മറ്റു രണ്ടു വ്യക്തികളിലും ഉൾച്ചേർന്നു കൊണ്ട് ഒരേ പ്രകാശം പ്രസരിപ്പിക്കുന്നു. അങ്ങനെ ദൈവം ഒരേ സമയം മൂന്നു വ്യക്തികളും നിത്യനായ ഒരേയൊരു സ്നേഹദൈവവുമാണ്.

മൂന്നു ദൈവികവ്യക്തികളുടെ കൂട്ടായ്മയുടെ രഹസ്യത്തിന്റെ ക്ഷണികദൃശ്യം കിട്ടാൻ നമ്മുടെ അനുഭവങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം. ഐക്യവും കൂട്ടായ്മയും ആഗ്രഹിക്കുന്നതും സ്നേഹിക്കുന്ന വ്യക്തിയോട് സംലയിക്കുന്നതുമായ സ്നേഹത്തിന്റെ വിളി നാം കേൾക്കണം. അന്തരാളങ്ങളിൽ, ഞാൻ ചിന്തിക്കുന്നു, ഞാൻ ആഗ്രഹിക്കുന്നു, ഞങ്ങൾ ചെയ്യുന്നു എന്നു പറയുവാൻ സാധിക്കണം. ത്രിത്വത്തിന്റെ മങ്ങിയ ഛായ മാത്രമുള്ള നമ്മിൽ ഈ അവസ്ഥയുണ്ടെങ്കിൽ അത് പിതാവ്, പുത്രൻ, പരി. ആത്മാവ് എന്നിവരിൽ എത്രയോ അധികമായിരിക്കും. ജീവിക്കുകയും ആയിരിക്കുകയും ചെയ്യുന്ന എല്ലാറ്റിന്റെയും ആദിരൂപമായ സ്നേഹത്തിന്റെ ജീവിതത്തിന്റെ ഒരേയൊരു ദൈവത്തിൽ.

**ലെയനാർഡോ ബോഫ് (*Holy Trinity: Perfect Community*)**
**(പരിഭാഷ: ഫാ. ജിയോ പുളിക്കൽ)**

# 08

## പിതാവ് എന്ന വ്യക്തി ആർദ്രതയുടെ രഹസ്യം

യേശു പറഞ്ഞു "പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തിക്കൊടുക്കാൻ മനസ്സാകുന്നുവോ അവനുമല്ലാതെ മറ്റാരും പിതാവിനെ അറിയുന്നില്ല". (മത്താ 11:27) പിതാവ് അളക്കാനാവാത്ത രഹസ്യമാണ്. പിതാവ് അദൃശ്യനാണ്. പുത്രനിലൂടെയാണ് അവിടുന്ന് വെളിപ്പെടുന്നത് (യോഹ 1:18, 14:9). പിതാവിന്റെ മുഖദർശനം അല്പമെങ്കിലും കിട്ടുവാൻ അവിടുത്തെ ഏകജാതനായ ക്രിസ്തുവിനെ നാം ആശ്രയിക്കണം. പിതാവ് ആർദ്രതയുടെ രഹസ്യമാണെന്ന് ക്രിസ്തു ആദ്യമേ തന്നെ വ്യക്തമാക്കുന്നു. അവൻ പിതാവേ (ആബാ) എന്നാണ് അവിടുത്തെ വിളിക്കുന്നത്. "എനിക്കുള്ളതെല്ലാം നിനക്കുള്ളതാണ്" (യോഹ 17:10) എന്നും "ഞാനും പിതാവും ഒന്നാണ്" (യോഹ 10:30) എന്നും പറയത്തക്കവിധം യേശു പിതാവിനോട് അത്ര ചേർന്നിരിക്കുന്നു. അതിനാൽ അവിടുന്നു പറയുന്നു "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ 14:9).

മാത്രമല്ല ദൈവരാജ്യം സ്ഥാപിച്ചുകൊണ്ട്, ജീവൻ പ്രദാനം ചെയ്തു കൊണ്ട്, കരുണാർദ്രനായി വ്യാപരിച്ചുകൊണ്ട്, പരിപാലന പ്രത്യക്ഷമാക്കിക്കൊണ്ട് പിതാവ് എങ്ങനെ പ്രവർത്തിക്കുന്നു എന്ന് പുത്രൻ നമുക്കു കാണിച്ചുതരുന്നു. ദൈവരാജ്യം സ്ഥാപിക്കുക എന്നതാണ് പിതാവിന്റെ മഹത്തായ ലക്ഷ്യം. ഇതിനർത്ഥം മരണത്തിനു ഇനിമേൽ ആധിപത്യമില്ല. ഭിന്നതകൾ നിലനില്ക്കുകയില്ല, നീതിയും സാർവ്വത്രിക സ്നേഹവും വിജയം വരിക്കും. പിതാവിന്റെ ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുക എന്നതാണ് യേശുവിന്റെ ലക്ഷ്യം.

## പിതാവ് ചെയ്തുകാണുന്നതല്ലാതെ ഒന്നും പുത്രൻ ചെയ്യുന്നില്ല (യോഹ 5:19)

ദൈവരാജ്യത്തിൽ ജീവിതം നന്മയ്ക്കുവേണ്ടി ജൈത്രയാത്ര നടത്തുന്നു. ജീവൻ ആവശ്യമുള്ളവരുടെ പക്ഷത്തു നില്ക്കുന്ന ജീവന്റെ ദൈവമാണിത്. ജീവൻ ഉളവാക്കുവാൻ, അത് സമൃദ്ധമായി ഉളവാക്കുവാൻ (യോഹ 10:10) വേണ്ടിയാണ് പിതാവും യേശുവും പരിശ്രമിക്കുന്നത്. അതുകൊണ്ട് യേശു പറയുന്നു: പിതാവ് മരിച്ചവരെ എഴുന്നേൽപ്പിച്ച് അവർക്കു ജീവൻ നല്കുന്നതുപോലെ തന്നെ പുത്രനും താൻ ഇച്ഛിക്കുന്നവർക്കു ജീവൻ നല്കുന്നു (യോഹ 5:21). ധൂർത്തപുത്രന്റെ ഉപമയിലൂടെ പ്രകടമാക്കിയതുപോലെ പാപം വഴി ജീവൻ നഷ്ടപ്പെട്ടവരോട് പിതാവ് കരുണ കാണിക്കുന്നു (ലൂക്കാ 15:11-32). നന്ദിഹീനരോടും ദുഷ്ടരോടും അവിടുന്ന് തുടർന്നും സ്നേഹം കാണിക്കുന്നു (ലൂക്കാ 5:32). എന്തെന്നാൽ അവന്റെ സ്വഭാവം സ്നേഹമാണ്. സ്നേഹം തിരിച്ചുകിട്ടാതെ വരുമ്പോഴും അവൻ കരുണ കാണിക്കുന്നു. മാത്രമല്ല പൂർണ്ണമായും പരിപാലിക്കുന്ന പിതാവാണ് അവൻ. ഒരു തലമുടി നാരിനെപ്പോലും അവൻ ശ്രദ്ധിക്കുന്നു. സർവ്വഭംഗിയോടും കൂടെ ലില്ലിപൂക്കളെ അവൻ വളർത്തുന്നു. ആകാശത്തിലെ ചെറിയ പക്ഷികളെ അവൻ കാത്തുസൂക്ഷിക്കുന്നു (ലൂക്കാ 21:18; മത്താ 6:26-30).

അവസാനമായി തന്റെ പുത്രനായ യേശുവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് അവൻ പ്രകടമാക്കുന്നു. തന്റെ പുത്രനെത്തന്നെ നമുക്കു തരുവാൻ തക്കവിധം അത്രയധികം അവൻ നമ്മെ സ്നേഹിച്ചു. ദൈവരാജ്യത്തെ മുന്നോട്ട് നയിക്കുവാൻ പുത്രൻ തയ്യാറായി. രോഗശാന്തി നല്കിയും ആശ്വസിപ്പിച്ചും മരിച്ചവരെ ഉയിർപ്പിച്ചും ഏറ്റവും ദുർബലർക്കുവേണ്ടി അവൻ സ്വയം സമർപ്പിച്ചു. പരസ്യപാപിനിയായ സ്ത്രീയോടും തങ്ങളുടെ പാപങ്ങളെ

ക്കുറിച്ച് അനുതപിച്ച് മാപ്പപേക്ഷിച്ച എല്ലാവരോടും അവൻ കരുണ കാണിച്ചു. തന്നെ അന്വേഷിച്ചു വന്ന എല്ലാവരോടും യേശു കരുണകാണിച്ചത് പിതാവിന്റെ കരുണയെ പ്രതിഫലിപ്പിക്കുന്നതായിരുന്നു. അതിനാൽ അവനു പറയുവാൻ കഴിഞ്ഞു – "പിതാവ് എനിക്കു തരുന്നവരെല്ലാം എന്റെയടുക്കൽ വരും. എന്റെയടുത്തുവരുന്ന ആരെയും ഞാൻ തള്ളിക്കളയുകയില്ല" (യോഹ 6:37). അവൻ ശിശുക്കളെ പറഞ്ഞയച്ചില്ല. രാത്രിയിൽ തന്നെതേടിവന്ന നിക്കോദേമൂസിനെയോ ഭക്ഷണത്തിനു ക്ഷണിച്ച ഫരിസേയരെയോ, സമരിയാക്കാരി സ്ത്രീയേയോ അകലെനിന്ന് അവന്റെ സഹായം തേടി നിലവിളിച്ചവരെയോ അവൻ പുറംതള്ളിയില്ല. എല്ലാവരെയും പുത്രന്മാരും പുത്രിമാരുമായി സ്വീകരിക്കുന്ന പിതാവിന്റെ മാതൃകയനുസരിച്ച് എല്ലാവരെയും അവൻ സ്വീകരിച്ചു.

ഏറ്റവും അസഹനീയവും ഭയാനകവുമായ വികാരം തള്ളിക്കളയപ്പെടുന്ന, സ്വീകാര്യനല്ലെന്നു തോന്നുന്ന അവസ്ഥയാണ്. കൂട്ടിൽ തന്നെ അപരിചിതനാകുന്ന അവസ്ഥയാണത്. അത് ഒരു വിധത്തിലുള്ള മാനസിക മരണമാണ്. ഞാൻ പിതാവേ എന്നു വിളിക്കുമ്പോൾ എന്നെ ആത്യന്തികമായി സ്വീകരിക്കുന്ന ഒരാളുണ്ടെന്ന ബോധ്യം ആവിഷ്ക്കരിക്കുകയാണ്. എന്റെ ധാർമ്മിക സാഹചര്യം പ്രധാന കാര്യമല്ല. എന്നെ സ്വീകരിക്കാൻ ഒരു പിതാവിന്റെ അങ്കതലം സജ്ജമാണ് എന്ന് എനിക്ക് എപ്പോഴും പ്രത്യാശിക്കാം. അവിടെ പിതാവിന്റെ ഭവനത്തിൽ ഞാൻ അപരിചിതനായിരിക്കുകയില്ല, ധൂർത്തനെങ്കിലും പുത്രൻ തന്നെയായിരിക്കും.

## എല്ലാ സഹോദരീ സഹോദരബന്ധങ്ങളുടെയും അടിസ്ഥാനം പിതാവ്

ഒരു സൃഷ്ടിക്കും മുമ്പേ നിത്യമായി അസ്തിത്വമുണ്ടായിരുന്ന വ്യക്തിയാണ് പിതാവ്. സൃഷ്ടികർമ്മം നടന്നില്ലെന്നും ഒരു വസ്തുവും സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്നും നാം സങ്കല്പികമായി വിഭാവനം ചെയ്യുകയാണെങ്കിൽപ്പോലും പിതാവ് അപ്പോഴും പിതാവു തന്നെയായി നിലകൊള്ളുമായിരുന്നു. സ്രഷ്ടാവായതുകൊണ്ടല്ല പിതാവ് പിതാവായത്. പിതാവാകാതെതന്നെ നിത്യനായ വ്യക്തിയായിരുന്നു കൊണ്ട്, ഏകദൈവമായിരുന്നുകൊണ്ട് ഒരു സ്രഷ്ടാവ് ഉണ്ടാകാമായിരുന്നു. പിതാവ്, ഏകജാതനായ പുത്രന്റെ പിതാവായതുകൊണ്ടാണ് പിതാവായി സ്ഥിതി ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ നിത്യം കാലം മുതലേ അവൻ പരിശുദ്ധാത്മാവിൽ പുത്രനുമായുള്ള കൂട്ടായ്മയിലാണ്. അവൻ പരിശുദ്ധാത്മാവിന്റെ ശക്തി

യിൽ നിത്യനായ പുത്രനു ജന്മം നല്കുന്നു. ത്രിത്വത്തിന്റെ ഭാഗത്തുനിന്നു വീക്ഷിക്കുമ്പോൾ പിതൃത്വം പിതാവിന് ഉചിതമാണ്. പുത്രനു ജന്മം നല്കുന്നതിലൂടെ പിതാവ് തന്നിൽ നിന്ന് അവനെ അനുകരിക്കാവുന്ന എല്ലാറ്റിനെയും പുത്രനെയും പുറപ്പെടുവിക്കുന്നു. അങ്ങനെ ജനിച്ച പുത്രനിലാണ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട എല്ലാ പുത്രന്മാരും പുത്രിമാരും രൂപകല്പന ചെയ്യപ്പെട്ടത്. അതിനാൽ സൃഷ്ടികർമ്മത്തിന് നിത്യവും പുത്രസഹജവുമായ ഒരു മാനമുണ്ട്. പുത്രനെ ജനിപ്പിച്ച സ്നേഹത്തോടെ മറ്റെല്ലാ വ്യക്തികൾക്കും പുത്രനിൽ, പുത്രൻ വഴി, പുത്രനോടുകൂടെ, പുത്രനുവേണ്ടി പിതാവ് ജന്മം നല്കുന്നു (യോഹ 1:13; കൊളോ 1:15-17) എല്ലാവരും ഏകജാതനായ പുത്രന്റെ പുത്രത്വത്തിലും പരിശുദ്ധാത്മാവിന്റെ നിശ്വസനത്തിലും പങ്കുചേരുന്നു.

നമ്മൾ എല്ലാവരും പുത്രനിൽ ആയിരിക്കുന്നതുകൊണ്ട് (റോമ 8:29) നമ്മളെല്ലാവരും സഹോദരീ സഹോദരന്മാരാണ്. നിത്യപുത്രനായ ക്രിസ്തു ഒരു വലിയ കുടുംബത്തിന്റെ ആദ്യ ജാതനാണ് (റോമ 8:29). അതിനാൽ ദൈവം പിതാവും നമ്മൾ സഹോദരന്മാരും സഹോദരിമാരും ആയിരിക്കുന്നത് പ്രധാനമായും ദൈവം സ്രഷ്ടാവായതു കൊണ്ടല്ല അവിടുന്ന് ഏകജാതന്റെ പിതാവായിരിക്കുന്നതുകൊണ്ടാണ് (റോമ 15:6; 1 കോറി 1:3, 2കോറി 11:31; എഫേ 3:14). ഏതു സ്നേഹശക്തിയാലാണോ പിതാവ് പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ പുത്രനു ജന്മം നല്കിയത് ആ സ്നേഹ ശക്തിയാൽ നിത്യ പുത്രനിൽ നാമും പിതാവിനാൽ ഉദ്ദർശനം ചെയ്യപ്പെട്ടിരുന്നു. അപ്പോൾ ത്രിത്വരഹസ്യത്തിന് അപരിചിതമായ വെറും സൃഷ്ടികളല്ല നാം. നമ്മുടെ ബന്ധം പിതാവിന്റെ ഫലസമൃദ്ധിയിൽത്തന്നെ വേരുറപ്പിക്കപ്പെട്ടതാണ്. നിത്യപുത്രനും മറ്റു സഹോദരന്മാരും സഹോദരിമാരും തമ്മിലുള്ള വ്യത്യാസം പ്രകടമാക്കാൻ ദൈവശാസ്ത്രം ഏകജാതനെന്ന പദവും ദത്തുപുത്രൻ എന്നപദവും ഉപയോഗിക്കുന്നു. പുത്രൻ സൃഷ്ടിക്കപ്പെട്ടവനല്ല. പിതാവും പരിശുദ്ധാത്മാവും തമ്മിലുള്ള സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും സാരാംശത്തിൽനിന്നു ജനിച്ചവനാണ്. ഏകജാതനായ പുത്രന്റെ സഹോദരന്മാരും സഹോദരിമാരുമായ നമ്മൾ ശൂന്യതയിൽ നിന്ന് പിതാവിനാൽ പരിശുദ്ധാത്മാവുമായി ചേർന്ന് പുത്രന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ്. ഏതുവിധത്തിലായാലും പുത്രന്റെ പിതാവ് നമ്മുടെയും പിതാവായിത്തീരുന്നു. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നു വിളിക്കുവാൻ യേശു

ശരിയായി നമ്മെ പഠിപ്പിച്ചു. പുത്രനെ കൂടാതെ പിതാവില്ല. പിതാവിന്റെ ദത്തുപുത്രരെ കൂടാതെ പുത്രനുമില്ല. അതിനാൽ സഹോദരന്മാരും സഹോദരിമാരുമില്ലാതെ പുത്രനില്ല. ഈ ദർശനം പ്രപഞ്ചത്തിന്റെ പിതാവും സ്രഷ്ടാവുമായ ദൈവ ചിത്രത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള എല്ലാ ആധിപത്യത്തിനും അധികാര പിതൃഭാവത്തിനും എതിരാണ്. ഈ ദൈവം, ആദ്യം പുത്രനും പിന്നെ അവനിൽ നമുക്കെല്ലാവർക്കും ജന്മം നല്കി. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു. സമശീർഷരുടെ, സഹോദരന്മാരുടെയും സഹോദരിമാരുടെയും സമൂഹമാണ് ത്രിത്വത്തിന്റെ യഥാർത്ഥ പ്രതിനിധി. അപ്പോൾ അധികാരമുണ്ടെങ്കിൽ അത് കൂട്ടായ്മയെ വളർത്താനും അതിൽ ശുശ്രൂഷ ചെയ്യുവാനുമാണ്. എപ്പോഴും അങ്ങനെതന്നെ.

നമുക്കു അസ്തിത്വം ലഭിക്കുന്നതിനു മുമ്പ് തന്നെ നമ്മൾ ഉണ്ടായിരുന്നു എന്ന് അറിയുക ആവേശകരമാണ്. നമ്മൾ പിതാവിന്റെ മനസ്സിൽ ഉണ്ടായിരുന്നു. നമ്മൾ നിത്യമായി സ്നേഹിക്കപ്പെട്ടിരുന്നു. തന്റെ ഏകജാതനെക്കുറിച്ച് പിതാവ് പറഞ്ഞതും പറയുന്നതും എന്നും പറയാനുള്ളതുമായ കാര്യം നമ്മെക്കുറിച്ചും പിതാവ് പറഞ്ഞിട്ടുണ്ട്. "നീ എന്റെ പ്രിയ പുത്രനും പുത്രിയുമാകുന്നു". എന്റെ സ്നേഹം മുഴുവൻ ഞാൻ നിന്നിൽ നിക്ഷേപിച്ചിരിക്കുന്നു.

## മാതൃഭാവമുള്ള പിതാവും പിതൃഭാവമുള്ള മാതാവും

പരിശുദ്ധാത്മാവിനോട് ചേർന്ന് നിത്യനായ പുത്രന്റെ പിതാവാണ് ദൈവം എന്ന് ക്രിസ്തീയ വിശ്വാസം ഉദ്ഘോഷിക്കുമ്പോൾ അത് അർത്ഥമാക്കുന്ന ഒരു കാര്യമുണ്ട്. എല്ലാ വസ്തുക്കളും പുറപ്പെട്ടുവരുകയും എത്തിച്ചേരുകയും ചെയ്യുന്ന ആത്യന്തിക രഹസ്യത്തിന്റെ അനുഭവമാണ് നമുക്ക് അവനിൽ ലഭിക്കുന്നത് എന്ന വസ്തുത. എല്ലാ ഫലസമൃദ്ധിയുടെയും ഉറവിടമാണ് അവിടുന്ന്. പിതാവ്, മാതാവ് എന്നീ പദങ്ങളിലൂടെ ഈ ആശയം പ്രകടമാക്കാം. വാക്കുകൾ വ്യത്യസ്തമെങ്കിലും ആശയം ഒന്നു തന്നെയാണ്. നിത്യ പിതാവും മാതാവും എന്നുപറയുമ്പോൾ ഉല്പത്തിയുടെ ഗ്രന്ഥമനുസരിച്ച് (1:27) ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമായിരിക്കുന്ന പുരുഷനും സ്ത്രീയും അവരുടെ അടിസ്ഥാനവും നീതീകരണവും കണ്ടെത്തുന്നത് ത്രിത്വത്തിലാണെന്ന് പറയുവാൻ നാം ഉദ്ദേശിക്കുന്നു. ചില ക്രൈസ്തവർക്ക് ഇത്തരം പദാവലികൾ പരിചയമുണ്ടായിരിക്കുകയില്ല. കാരണം ദൈവത്തെക്കുറിച്ച് ലിംഗപരമായി പുരുഷഭാഷയുടെ ആധിപത്യം കടന്നു വന്നിട്ടുണ്ട് എന്ന

തുതന്നെ. എന്നാൽ ബൈബിളിലേക്കു നോക്കിയാൽ മാതാവിനു സദൃശമായ രീതിയിലും ദൈവത്തെ അവതരിപ്പിച്ചിട്ടുണ്ട് എന്നു കാണാം. ടൊളേഡോയിലെ സൂനഹദോസ് (675) പഠിപ്പിക്കുന്നു. പുത്രൻ ശൂന്യതയിൽ നിന്നോ മറ്റേതെങ്കിലും വസ്തുവിൽ നിന്നോ അല്ല പുറപ്പെട്ടുവന്നത്, പ്രത്യുത പിതാവിന്റെ ഗർഭപാത്രത്തിൽ നിന്നാണ് അതായത് അവിടുത്തെ സത്തയിൽ നിന്നാണ് ഉല്പാദിപ്പിക്കപ്പെട്ടതും ജന്മം കൊണ്ടതും എന്നും നാം വിശ്വസിക്കണം. ഈ രേഖ ഒരു ഗർഭപാത്രത്തെക്കുറിച്ചു പറയുന്നു. എന്നാൽ സ്ത്രീകൾക്കേ ഗർഭപാത്രമുള്ളൂ. ദൈവം മാതൃഭാവമുള്ള പിതാവാണ്, പിതൃഭാവമുള്ള മാതാവുമാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ദൈവത്തിന്റെ ഉല്പാദന ക്ഷമത ഫലസമൃദ്ധിയുടെ ഈ രണ്ടു മാനുഷിക സ്രോതസ്സുകൾ വഴി നന്നായി അവതരിപ്പിച്ചിരിക്കുന്നു. അതായത് ഭൗമിക പിതാവും, ഭൗമിക മാതാവും രണ്ടും, ദൈവത്തിന്റെ രഹസ്യമനുസരിച്ച് ദൈവം എന്താണ് എന്നു വെളിവാക്കുന്നു. അവിടുന്നാണ് എല്ലാറ്റിനും ജന്മം നല്കുന്നത്. എല്ലാ ജനനപ്രക്രിയയുടെയും അന്തർധാരയായി വർത്തിക്കുന്നത്. പുതിയ ജീവന്റെ ഉദയത്തിനു കാരണമാകുന്നത്.

ഏശയ്യാ പ്രവാചകൻ ദൈവത്തെ അമ്മയായി ചിത്രീകരിക്കുന്നുണ്ട്

> "മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു
> മറക്കാനാവുമോ? പുത്രനോടു
> പെറ്റമ്മ കരുണകാണിക്കാതിരിക്കുമോ?"
>
> (ഏശ 49:15)

ദൈവം ഇതിലും എത്രയോ അധികമായി ചെയ്യും. തന്റെ പുത്രന്മാരെയും പുത്രിമാരെയും ആശ്വസിപ്പിക്കുകയും അവരുടെ കണ്ണുനീർ തുടച്ചു മാറ്റുകയും ചെയ്യുക എന്നതാണ് ഒരു അമ്മയുടെ അടിസ്ഥാന ഭാവം.

> ഏശയ്യ വീണ്ടും പറയുന്നു
> "അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും"
> (ഏശ 66:13)

ദൈവത്തിന്റെ അടിസ്ഥാനപരമായ ഒരു സ്വഭാവവിശേഷം കരുണയുള്ളവനായിരിക്കുക എന്നതാണ്. കരുണയുണ്ടായിരിക്കുക എന്നു പറഞ്ഞാൽ ഹെബ്രായമനസ്സിനെ സംബന്ധിച്ചിടത്തോളം അർത്ഥമാക്കുക ഉള്ളിൽ അമ്മയെപ്പോലെയായിരിക്കുക എന്നതാ

ണ്. ധൂർത്തപുത്രന്റെ പിതാവ് മാതൃഭാവങ്ങളെ പ്രകടമാക്കുന്നു. തന്റെ മകനെ കാണുവാൻ അദ്ദേഹം ഓടിയെത്തുന്നു. അവനെ ആശ്ലേഷിക്കുന്നു. ചുംബനംകൊണ്ടുപൊതിയുന്നു. അപ്പോൾ മാതൃഭാവങ്ങളെ പ്രകടമാക്കിയെങ്കിൽ മാത്രമേ ദൈവം നിത്യപിതാവായിത്തീരുകയുള്ളൂ. നിത്യമായ വാത്സല്യത്തിന്റെ മാതാവായിത്തീരണമെങ്കിൽ അവിടുന്നു പിതൃഭാവങ്ങളും വെളിപ്പെടുത്തണം. മാതാവും പിതാവുമുണ്ടെങ്കിലേ പൂർണ്ണസുരക്ഷിതത്വത്തിന്റേതായ അനുഭവം പുത്രന്മാരുടെയും പുത്രിമാരുടെയും രാജ്യമെന്ന നിലയിൽ നമുക്ക് അനുഭവപ്പെടുകയുള്ളൂ. ദൈവിക കുടുംബത്തിലെ സന്തോഷവും സ്വാതന്ത്ര്യവും നാം സ്വന്തമാക്കുകയുള്ളൂ.

പിതാവ് പൂർണ്ണമായും പിതാവാകുന്നത് മാതൃഭാവങ്ങൾ കൂടി പ്രകടിപ്പിക്കുമ്പോഴാണ് എന്നറിയുന്നത് വളരെ ആശ്വാസദായകമാണ്. ധൂർത്തപുത്രന്റെ പിതാവിനെപ്പോലെ ദൈവം നമ്മെ കാത്തിരിക്കുന്നു. വഴിതിരിയുന്നിടത്തേക്കു കണ്ണുനട്ടിരിക്കുന്നു. എന്തിന്? ഓടിവന്ന് കെട്ടിപ്പിടിച്ച് ചുംബനങ്ങൾക്കൊണ്ട് നമ്മെ പൊതിയുവാൻ. പക്ഷേ ഇതെല്ലാം സംഭവിക്കണമെങ്കിൽ നമ്മുടെ മാതൃപിതൃഭവനത്തിനുവേണ്ടി ദാഹിക്കുകയും തിരിച്ചു ചെല്ലുവാൻ തീരുമാനിക്കുകയും ചെയ്യണം.

## പിതാവ്, തത്വത്തിനതീതമായ തത്വം

നിത്യപിതാവിന്റെ പ്രത്യക്ഷയാഥാർത്ഥ്യത്തെക്കുറിച്ച് ലഘുവായ ഒരു ദർശനം നമുക്കു ലഭിച്ചത് മനുഷ്യാവതാരം ചെയ്ത പുത്രൻ വെളിപ്പെടുത്തിയതുകൊണ്ടാണ്. അത്യുദാത്തമായ രഹസ്യത്തിന്റെ അഗാധതയെ പ്രതിനിധാനം ചെയ്യുന്ന പിതാവിനെക്കുറിച്ചുള്ള അറിവ് പുത്രന്റെ വെളിപ്പെടുത്തലിലൂടെയാണ് നമുക്ക് ലഭിക്കുന്നത് (മത്താ 11:27). ഓരോ ദൈവിക വ്യക്തിയും രഹസ്യമാണ്. എന്നാൽ പിതാവിൽ രഹസ്യം രഹസ്യമായി ഉയിർക്കൊള്ളുന്നു. ദൈവരഹസ്യം പ്രത്യക്ഷമായും കൂട്ടായ്മയുടെയും ജീവന്റെയും സ്നേഹത്തിന്റെയും രഹസ്യമാണ്. അത് നമ്മളെ ഭയപ്പെടുത്തുകയല്ല ആവേശം കൊള്ളിക്കുകയും അതിന്റെ ആനന്ദത്തിൽ പങ്കുചേരുവാൻ ക്ഷണിക്കുകയും ചെയ്യുന്നു. വിശ്വാസത്തിന്റെ വീക്ഷണത്തിൽ പിതാവ് തത്വങ്ങൾക്കതീതമായ തത്വമാണ്. മറ്റുവ്യക്തികളെപ്പോലെ അവിടുന്നും നിത്യത മുതൽ ജീവൻ വർഷിക്കുന്ന സ്രോതസ്സാണ്. ഈ ജീവനെ അതിന്റെ പൂർണ്ണതയിൽ പ്രദാനം ചെയ്യുന്നു. അതുകൊണ്ടാണ് പിതാവ് പരിശുദ്ധാത്മാവിൽ പുത്രൻ ജന്മം കൊടുക്കുന്നു എന്ന് നാം വിശ്വസിക്കുന്നത്. നാം നേരത്തെ ചിന്തിച്ചതു

പോലെ ജന്മം കൊടുക്കുക എന്ന പദം കൊണ്ട് പിതാവിന്റെ ഒരു പകർപ്പുണ്ടാക്കുക എന്നല്ല അർത്ഥമാക്കുന്നത്. നിത്യനായ തന്റെ പുത്രനിൽ എങ്ങനെ പിതാവ് വെളിപ്പെടുന്നു എന്നും അവന്റെ ഫല ദായകത്വം എന്ത് എന്നും വെളിപ്പെടുന്നു. പിതാവ് തന്റെ ഏകജാത നോട് ചേർന്ന് പരിശുദ്ധാത്മാവിനെ നിശ്വസിക്കുന്നു. ഈ നിശ്വസ നം പിതാവ് പുത്രനുമായി ഐക്യപ്പെട്ട് മൂന്നുമതൊരു വ്യക്തിക്ക് - പരിശുദ്ധാത്മാവിന് ജന്മമേകുന്നു. പരിശുദ്ധാത്മാവ് മൂന്നു വ്യക്തി കളിലേക്കും അന്തർവ്യാപനം ചെയ്യുന്ന സ്നേഹത്തിൽ പിതാവി നെയും പുത്രനെയും സംയോജിപ്പിക്കുന്നു. മൂന്നു ദൈവിക വ്യക്തി കളും എപ്പോഴും ഒന്നിച്ചായിരിക്കുന്നതിനാലാണ് മൂന്നു വ്യക്തിക ളോടും ഒരേ സമയം ഒരേ പ്രാർത്ഥന ചൊല്ലുന്നത്. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ത്രിത്വത്തിന്റെ മുഴുവൻ രഹസ്യവും മനുഷ്യബുദ്ധിക്ക് അപ്രാപ്യ മാണ്. നമ്മൾ ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ മാത്രമല്ല. നിത്യത യിലും, എന്നേക്കും. എങ്കിലും ഈ രഹസ്യം മനസ്സിലാക്കാനും പങ്കുവയ്ക്കാനും എന്നും തുറവിയുള്ളതാണ്. അതിനാൽ ഈ രഹസ്യം ഉദ്ഭൂതമല്ലാത്തതിനാലും എല്ലാറ്റിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നതിനാലും പിതാവായും, വെളിപ്പെടുത്തപ്പെട്ടതിനാലും ബാഹ്യസത്യമായി നിലനില്ക്കുന്നതിനാലും പുത്രനായും, എല്ലാ റ്റിനെയും ഐക്യപ്പെടുത്തുന്നതിനാലും സ്നേഹമായി സ്വയം സമർപ്പിക്കുന്നതിനാലും പരിശുദ്ധാത്മാവായും, നിലകൊള്ളുന്നു. നാം പിതാവിനെക്കുറിച്ചു സംസാരിക്കുമ്പോൾ എല്ലാവരുടെയും ആത്യന്തിക ചക്രവാളത്തെക്കുറിച്ചാണ് പറയുന്നത്. എല്ലാറ്റിനെയും ഉൾക്കൊള്ളുന്നതും എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്നതുമായ ഒരാൾ. അവനിൽ നിന്ന് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും വ്യക്തിത്വങ്ങളെ സ്വീകരിക്കാൻ കഴിയും. അവർ സദാസമയവും ഒരുമിച്ചുള്ളവരും ഏകകാലികരുമാണ്. എന്നാൽ പരിശുദ്ധത്രിത്വ ത്തെക്കുറിച്ചു ദുർബലമായ അടയാളങ്ങളിലൂടെയും സൂചനകളിലൂ ടെയും എന്തെങ്കിലും മനസ്സിലാക്കണമെങ്കിൽ പിതാവിൽ നിന്ന് ആരംഭിക്കണം. ത്രിത്വവ്യക്തിത്വങ്ങളുടെ ശ്രേണിയിൽ ഒരു ക്രമമു ണ്ടാക്കണമെങ്കിൽ ഏകകാലികരായ അവരിൽ ആദ്യം വരുന്നത് അവിടുന്നാണ്. ആദ്യം പിതാവ്, രണ്ടാമത് പുത്രൻ മൂന്നാമത് പരി ശുദ്ധാത്മാവ്. ഈ ഭാഷ നമ്മുടെ വിശ്വാസത്തിന്റെ ഭാഷയാണ്. എന്നാൽ ആരും മുമ്പിലല്ലെന്നും ഉപമയല്ലെന്നും നാം മനസ്സിലാ ക്കണം മൂന്നുപേരും തുല്യരും - സഹനിത്യരും സഹസ്നേഹധന രുമാണ്. എങ്കിലും ഓരോ വ്യക്തിയിലും തുല്യമായി വർത്തിക്കുന്ന

ഈ രഹസ്യം പ്രത്യേകമായി പ്രത്യക്ഷപ്പെടുന്നത് പിതാവ് എന്ന രഹസ്യത്തിലാണ്.

*കണ്ണിന് എല്ലാം കാണാൻ സാധിക്കും എന്നാൽ അതിനെത്തന്നെ കാണാൻ സാധിക്കുകയില്ല. എല്ലാ നദികളും അതിന്റെ ഉറവിടത്തിൽ ആശ്രയിച്ചു നില്ക്കുന്നു. എന്നാൽ ഉറവിടം ഒന്നിലും ആശ്രയിക്കുന്നില്ല, അത് സ്വയം പ്രവഹിക്കുകയാണ്. പിതാവിന്റെ രഹസ്യം ഇപ്രകാരമാണ്. എല്ലാ സാധ്യമാക്കുന്നതും എല്ലാറ്റിന്റെയും ആരംഭമായി നില്ക്കുന്നതുമായ നിഗൂഢസ്രോതസ് അവിടുന്നാണ്. അവിടുന്ന് എപ്പോഴും അദൃശ്യമായിട്ടാണെങ്കിലും ജീവൻ ഉദ്പാതിപ്പിക്കുവാനും ജീവനു തടസ്സമാകുന്ന എന്തിനെയും മാറ്റി അത് സംരക്ഷിക്കുവാനും സന്നിഹിതനാണ്.*

## എല്ലാറ്റിന്റെയും രഹസ്യത്തിൽ പിതാവ് പ്രത്യക്ഷപ്പെടുന്നത് എങ്ങനെ?

പരിശുദ്ധത്രിത്വം സൃഷ്ടിയിൽ മുഴുവൻ സന്നിഹിതമാണ്. ഓരോ ദൈവവ്യക്തിയും സ്വന്തമായ പ്രത്യേകതകളോടും സമ്പന്നതകളോടും കൂടിയാണ് പ്രത്യക്ഷപ്പെടുന്നത്. എങ്ങനെയാണ് പിതാവ് പിതാവായി ലോകത്തിന് പ്രത്യക്ഷപ്പെടുന്നത്? പരിശുദ്ധത്രിത്വത്തിന്റെ അതിരുകളില്ലാത്ത രഹസ്യത്തെക്കുറിച്ച് നമുക്ക് ഒരു ലഘു ദർശനം ലഭിക്കുന്നത് പിതാവിലാണ്. പിതാവ് ആദിയും അന്തവും ഉത്ഭവവും അവസാനവും പ്രതിനിധാനം ചെയ്യുന്നു. അസ്തിത്വമുള്ള എല്ലാറ്റിന്റെയും ഉറവിടവും ജനനവും ഫലസമൃദ്ധിയും സൂചിപ്പിക്കുന്നത് പിതാവാണ്. അവിടുന്നു അടിസ്ഥാനപരമായി തനിക്കു ഏകകാലികരായ പുത്രനോടും പരിശുദ്ധാത്മാവോടുമൊപ്പം ആരംഭമില്ലാത്ത ആരംഭമാണ്. എല്ലാറ്റിന്റെയും ഉത്ഭവവും തത്വവും പിതാവ് ആണ് എന്നു പറയുമ്പോൾ അത് നമുക്ക് ദുർഗ്രഹമാണ്. നമ്മുടെ അറിവ് എപ്പോഴും ആരംഭിച്ചുകഴിഞ്ഞവയെക്കുറിച്ചോ ജന്മം കൊണ്ടതിനെക്കുറിച്ചോ ആയിരിക്കും. നമുക്കു നമ്മുടെ ജനനസമയത്ത് സന്നിഹിതരാകാൻ ആവില്ലല്ലോ. നമ്മുടെ ജീവൻ ഒരു രഹസ്യത്തോടു കടപ്പെട്ടിരിക്കുന്നു. അതിനാൽ ജനനവുമായി ബന്ധപ്പെട്ട എന്തും, പുതുജീവന്റെ ഉത്ഭവവും ഏതെങ്കിലും പുതിയ വസ്തുവിന്റെ ഉദയവും എല്ലാം എല്ലാറ്റിന്റെയും ആരംഭവും സ്രോതസ്സുമായ പിതാവിനോട് ബന്ധപ്പെട്ടിരിക്കുന്നു. നമ്മെ വെല്ലുവിളിക്കുന്നതും രഹസ്യമായി നമ്മുടെ മുമ്പിൽ ഉരുത്തിരിയുന്നതുമായ എല്ലാം സൃഷ്ടിയിൽ പിതാവിന്റെ സൂചനനല്കുന്നതാണ്.

പ്രപഞ്ചത്തിന്റെ അസ്തിത്വം ഒരു രഹസ്യമാണ്. അതിനു അസ്തി

ത്വമുണ്ടായിരിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല എങ്കിലും അതിന് അസ്തിത്വമുണ്ട്. വ്യക്തിരൂപത്തിലുള്ള മനുഷ്യജീവിതവും ഓരോ ജീവന്റെയും വ്യക്തിപരമായ പാതയും മനുഷ്യഹൃദയത്തിൽ സംഭവിക്കുന്ന കാര്യങ്ങളും അസ്തിത്വമുള്ള എല്ലാറ്റിന്റെയും ആത്യന്തികമായ അർത്ഥവും എല്ലാം രഹസ്യമാണ്. രഹസ്യത്താൽ ആവരണം ചെയ്യപ്പെട്ട ഇവയെല്ലാം പിതാവ് എന്ന രഹസ്യത്തിലേക്കു വിരൽചൂണ്ടുന്നു. അത്തരം അനുഭവങ്ങളിൽ പിതാവ് സന്നിഹിതനാണ്. നമ്മുടെ തന്നെ രഹസ്യത്തിൽ അവിടുന്ന് സന്നിഹിതനാണ്. എന്തെന്നാൽ ഒരു ആത്യന്തിക വിളിയുടെ, സ്വാഗതത്തിന്റെ തുറമുഖം നാം എപ്പോഴും അന്വേഷിക്കുന്നു. ചോദ്യം ഒരിക്കലും അവസാനിക്കുന്നില്ല. നാം എവിടെ നിന്നു വന്നു? ഈ ഭൂമിയിൽ നാം എന്തുചെയ്യുന്നു? നാം എങ്ങോട്ടു പോകുന്നു? അറിയുന്നതിനേക്കാൾ കൂടുതൽ നാം വിചിന്തനം നടത്തുന്നു. എന്തെന്നാൽ നാം വിശദീകരിക്കാനാവാത്ത രഹസ്യത്തിനുള്ളിലാണ്. ഇങ്ങനെത്തെ ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ പിതാവ് തന്നെയാണ് നമ്മിൽ വസിക്കുന്നത്.

ചിലപ്പോൾ ഗുരുതരമായ പ്രതിസന്ധികളിൽ നാം കുടുങ്ങിപ്പോകാറുണ്ട്. എല്ലാം നഷ്ടപ്പെട്ടതായി തോന്നാം. ചിലപ്പോൾ ഒരു ജനപദം തന്നെ പരാജയപ്പെട്ടും അതിന്റെ അനന്യത നശിപ്പിക്കപ്പെട്ടും അധഃസ്ഥിതിയിലാകാം. വീണ്ടും അവർ പുതിയ യാത്ര തുടങ്ങണം. അത്തരം പ്രതിസന്ധിഘട്ടങ്ങളിൽ യേശു ദൈവത്തെ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിച്ചു (മത്താ 26:39). ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് വിമോചിതരായ ഇസ്രായേൽ ജനം ദൈവത്തെ പിതാവായി കണ്ടെത്തി (ഏശ 63:16). മർദ്ദിതരായ മക്കളുടെ നിലവിളി കേൾക്കുന്ന ദൈവത്തെ അവർ അനുഭവിച്ചറിഞ്ഞു. ദൈവം അന്യായമായി മർദ്ദിക്കപ്പെടുന്നവർക്കുവേണ്ടി പ്രതികാരം ചെയ്യുന്നവനായ പിതൃ-ദൈവമാണ് എന്ന് വെളിപ്പെടുത്തപ്പെട്ടു.

ദരിദ്രരും അവഗണിക്കപ്പെട്ടവരും പ്രത്യേക വിധത്തിൽ ദൈവത്തെ പിതാവായി (തലതൊട്ടപ്പനായി)* കണ്ടു. കാരണം ദൈവമല്ലാതെ മറ്റാരും അവരുടെ പക്ഷത്തില്ല എന്നതുതന്നെ. പിതാവിന്റെ ഏകജാതനായ യേശു ഈ അധഃസ്ഥിതർക്കാണ് തന്റെ വിമോചന സന്ദേശത്തിൽ പ്രമുഖസ്ഥാനം നല്കിയത്. പിതാവിനോടുള്ള അടുപ്പം കൊണ്ട് പിതാവ് എന്ന രഹസ്യത്തിലെ വിമോചകമാനം അവിടുന്നു കണ്ടെത്തി. പിതാവ് എപ്പോഴും ചെയ്തിട്ടുള്ളതും ചെയ്യുന്നതും ചരിത്രത്തിൽ ചെയ്യാനിരിക്കുന്നതുമായ പ്രവൃത്തിയാണ് അവൻ ചെയ്തത്. അന്യായമായി തകർക്കപ്പെട്ടവരെ

സംരക്ഷിക്കുവാൻവേണ്ടി അവരുടെ പക്ഷത്ത് അവൻ നിലകൊള്ളുന്നു. അതിനാൽ മക്കൾ എന്ന നിലയിലുള്ള പദവി നിഷേധിക്കപ്പെട്ടവരിൽ അങ്ങനെ പിതാവ് സന്നിഹിതനാകുന്നു. കൂടുതൽ കുടുംബ തുല്യമായ ഒരു ലോകത്തിനുവേണ്ടി പോരാടുന്നവരിൽ അവിടുന്നു പ്രത്യക്ഷനാകുന്നു (എല്ലാവരും മക്കളും പരസ്പരം സഹോദരീ-സഹോദരന്മാരുമായിരിക്കുന്ന ലോകം).

*എല്ലാറ്റിലും രഹസ്യം സന്നിഹിതമല്ലേ? താരനിബിഡമായ ആകാശം. തെരുവു വിളക്കുകൾ. ഒരു ശിശുവിന്റെ മന്ദസ്മിതം. ദുർബലനായ ഒരു വ്യക്തി സഹായിക്കുവാനുള്ള സന്നദ്ധത. ദാനം ചെയ്യുവാൻ തുറക്കുന്ന മനുഷ്യഹസ്തം പിതാവിന്റെ രഹസ്യമാണ് നമ്മുടെ മുമ്പിൽ ഈ അടയാളങ്ങൾ നല്കുന്നത്.*

**ലെയനാർഡോ ബോഫ് (*Holy Trinity: Perfect Community*)**
**(പരിഭാഷ: ഫാ. ജിയോ പുളിക്കൽ)**

# 09

## പുത്രൻ എന്ന വ്യക്തി – സംവേദന ത്തിന്റെ രഹസ്യവും വിമോചനത്തിന്റെ തത്വവും

### ആരാണ് പുത്രൻ? നിത്യമായ സംവേദനം

കൂടെനിന്നുകൊണ്ട് നിത്യമായി പിതാവുമായി സംവേദനം ചെയ്യുന്ന വ്യക്തിയാണ് പുത്രൻ. പിതാവിന്റെ സമ്പൂർണ്ണ ആവിഷ്ക്കാരമാണ് അവിടുന്ന്. പിതാവ് നിത്യതയിലും കാരുണ്യത്തിന്റെ രഹസ്യത്തിലും തന്നെത്തന്നെ അറിയുന്നത് പുത്രനിലാണ്. പുത്രൻ ദൈവത്തിൽ വ്യത്യസ്തതയും കൂട്ടായ്മയും പ്രകടമാക്കുന്നു. അതിനാൽ പിതാവും പുത്രനും പരസ്പരം അറിഞ്ഞുകൊണ്ടും അംഗീകരിച്ചുകൊണ്ടും സമർപ്പിച്ചുകൊണ്ടും നിത്യവും ഒരുമിച്ചു വസിക്കുന്നു. രക്ഷണീയ കൃത്യത്തിലൂടെ സൃഷ്ടിയെ പൂർണ്ണതയിലെത്തിക്കുവാൻ പുത്രൻ മനുഷ്യാവതാരം ചെയ്തു. തന്റെ മനുഷ്യാവതാരത്തിലൂടെ കൂട്ടായ്മയുടെ രഹസ്യം അതായത് ത്രിയേക ദൈവരഹസ്യം അവൻ വെളിപ്പെടുത്തി. നേരത്തെ സൂചിപ്പിച്ചതുപോലെ വ്യക്തികളുടെയിടയിൽ വിമോചകാത്മകമായ പ്രവർത്തനത്തിലൂടെ അവിടുന്നു പിതാവിനെ നമുക്കു വെളിപ്പെടുത്തി. അവിടുന്ന് പ്രസരിപ്പിച്ച നവീകരണ

ശക്തി പരിശുദ്ധാത്മാവിന്റെ സാന്നിധ്യം സൂചിപ്പിച്ചു. എങ്ങനെ യാണ് സഹിക്കുന്നവരുമായി ഐക്യദാർഢ്യമുള്ള ആ പാവപ്പെട്ട മനുഷ്യൻ, നസ്രത്തിലെ യേശു പരി.ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രനെ നമുക്കു വെളിപ്പെടുത്തിത്തന്നത്? സുവിശേഷ ങ്ങളെ അവ എഴുതിയിരിക്കുന്നതുപോലെയെടുത്താൽ നമുക്ക് അതു കാണാൻ വിഷമമില്ല. പിതാവിന്റെ രഹസ്യങ്ങളെ വെളിപ്പെ ടുത്തുന്നവനായും തന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി യാൽ ദരിദ്രർ മുതൽ എല്ലാവർക്കു സമ്പൂർണ്ണവിമോചനം നല്കുന്ന മധ്യസ്ഥനായും തീക്ഷ്ണമായ സാന്നിധ്യമായി പുത്രൻ അവിടെ നിലകൊള്ളുന്നു. യേശുവിന്റെ വാക്കുകളെയും പ്രവർത്തനങ്ങ ളെയും മാത്രമല്ല യേശു സംഭവത്തെക്കുറിച്ച് ആദിമക്രൈസ്തവ സമൂഹങ്ങൾക്കുണ്ടായിരുന്ന വിചിന്തനങ്ങളെയും പുതിയ നിയമ ഗ്രന്ഥങ്ങൾ ശേഖരിച്ചുവയ്ക്കുന്നുണ്ട്. ചരിത്രപുരുഷനായ യേശു വിൽ നിന്ന് ലഭിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ അനുയായികളിൽ നിന്ന് ലഭിച്ചിട്ടുള്ളതും തിരിച്ചറിയുക എന്നത് ഇന്ന് അത്ര എളുപ്പ മല്ല. യേശുവും ആദിമക്രൈസ്തവരുടെ വിചിന്തനങ്ങളും ദൈവ പുത്രസന്നിധിയിലാണ് നമ്മൾ നില്ക്കുന്നത് എന്നതിനു കൃത്യ മായി സാക്ഷ്യം നല്കുന്നു എന്ന കാര്യമാണ് പ്രധാനപ്പെട്ടത്. നമ്മുടെ ദുരിതങ്ങളുടെ മധ്യത്തിലാണ് ദൈവപുത്രൻ തന്റെ കൂടാ രമുറപ്പിച്ചത്.

താൻ ദൈവപുത്രനാണെന്ന സത്യം ആദ്യമേ കാണിച്ചു തന്നത് പ്രാർത്ഥനയിലാണ്. അവിടുന്ന് എപ്പോഴും ദൈവത്തെ ആബാ (പി താവേ) എന്നാണ് അഭിസംബോധന ചെയ്യുന്നത്. ദൈവത്തെ പിതാവേ എന്നു വിളിക്കുന്നയാളിനു താൻ പുത്രനാണ് എന്ന അവ ബോധമുണ്ട്. അതുപോലെ തന്നെ ദൈവത്തെ പിതാവേ എന്നു വിളിക്കുവാൻ അവിടുന്നു നമ്മെയും പഠിപ്പിച്ചു. ദൈവത്തിന്റെ പുത്ര ന്മാരും പുത്രിമാരുമായി നമ്മെത്തന്നെ മനസ്സിലാക്കുവാനും അതിന്റെ ഫലമായി നമ്മൾ സഹോദരീ സഹോദരന്മാരാണ് എന്ന ബോധ്യ മുളവാക്കുവാനും അവിടുന്നു നമ്മെ പഠിപ്പിച്ചു. രണ്ടാമതായി ദൈവ പുത്രൻ എന്ന നിലയിലാണ് അവിടുന്നു പ്രവർത്തിക്കുന്നത്. പിതാ വിന്റെ പ്രാതിനിധ്യം സ്വീകരിച്ചുകൊണ്ട് പിതാവ് പ്രവർത്തിക്കുന്ന തുപോലെ അവിടുന്നു പ്രവർത്തിക്കുന്നു (യോഹ 5:17). പിതാവ് ദയാമസൃണനായിരിക്കുന്നതുപോലെ അവിടുന്നും ദയാമസൃണ നാണ്. അവിടുന്നും പാപങ്ങൾ മോചിക്കുന്നു. പാപികളോടൊപ്പം ജീവിച്ചുകൊണ്ട് പിതാവിന്റെ ക്ഷമ അവിടുന്നു ഉറപ്പുവരുത്തുന്നു. മൂന്നാമതായി അവിടുന്നു ദൈവരാജ്യം സ്ഥാപിക്കുവാനുള്ള പിതാ വിന്റെ പദ്ധതി പ്രലോഭന മധ്യത്തിൽപ്പോലും മരണത്തോളം അനു

സരിക്കുന്നു. പീഡനങ്ങളുടെ മുമ്പിലും അവിടുന്നു വിശ്വസ്തത പാലിക്കുന്നു. ഏറ്റവും വലിയ പരിത്യക്തതയിൽ കുരിശിൽ ഉയർത്തപ്പെടുമ്പോൾപോലും ആത്മവിശ്വാസത്തോടെ പിതാവിനു സ്വയം സമർപ്പിക്കുന്നു. ആളുകളിൽ ഉയർത്തുന്ന ഉത്സാഹത്തിമർപ്പിലൂടെയും ജീർണ്ണിച്ച പാരമ്പര്യങ്ങളെ മറികടക്കാൻ കാണിക്കുന്ന ധൈര്യത്തിലൂടെയും അവിടുന്ന് പോകുന്നിടത്തെല്ലാം ഉണർത്തുന്ന ജീവനിലൂടെയും അവനിൽ പരിശുദ്ധാത്മാവ് വസിക്കുന്നു എന്ന കാര്യം നമുക്കു വ്യക്തമാക്കുകയും പരിശുദ്ധാത്മാവിനെ ലോകത്തിനു വെളിപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ യേശു പരിശുദ്ധാത്മാവിൽ പിതാവിന്റെ പുത്രനായും, നമ്മുടെ വിസ്മയനീയനായ ജ്യേഷ്ഠസഹോദരനായും വർത്തിക്കുന്നു.

*വാക്കുകളുടെ യുക്തിയേക്കാൾ കരങ്ങളുടെ യുക്തി കൂടുതൽ ബോധ്യമുണർത്തുന്നതാണ്. വാക്കുകളേക്കാൾ പ്രവർത്തനത്തിനാണ് അവിടുന്ന് പ്രാധാന്യം നല്കിയത്. അവിടുന്നു വിമോചനാത്മക പ്രവർത്തനങ്ങൾ ചെയ്തു, പാപങ്ങൾ മോചിച്ചു. മരിച്ചവരെ ഉയിർപ്പിച്ചു. ഞാൻ ദൈവപുത്രനാണ് എന്നു പറയുന്നതിനെക്കാൾ ദൈവപുത്രൻ എന്ന നിലയിൽ അവിടുന്നു പ്രവർത്തിച്ചു.*

## പരിശുദ്ധാത്മാവിൽ നിത്യപിതാവിന്റെ നിത്യപുത്രൻ

നിത്യനായ പുത്രൻ അവനിൽതന്നെ ആരാണ്? പിതാവിന്റെ സത്തതന്നെയായവനും ജനിപ്പിക്കപ്പെടാത്തവനുമായ പുത്രനാണ് അവിടുന്ന്. അവിടുന്ന് സൃഷ്ടിക്കപ്പെട്ടവനല്ല. ആരംഭമില്ലാതെയും കാരണമില്ലാതെയും പിതാവിൽ നിന്നു ജന്മം കൊണ്ടവനാണ്. നിത്യകാലം മുതലേ അവൻ പിതാവിൽ നിലനില്ക്കുന്നു. ആരംഭമില്ലാതെയും പിതാവിനു മുന്നസ്തിത്വമില്ലാതെയും അവൻ എങ്ങനെ ജന്മം കൊണ്ടു എന്നത് നമ്മെ സംബന്ധിച്ചിടത്തോളം രഹസ്യത്താൽ ആവരണം ചെയ്യപ്പെട്ട കാര്യമാണ്. എന്തെന്നാൽ പിതാവും പുത്രനും പരസ്പര തുല്യരും ഒരുപോലെ നിത്യതയിൽ നിലനില്ക്കുന്നവരുമാണ്. നമുക്കു ഉറപ്പിച്ചു പറയാവുന്ന കാര്യം പിതാവും പുത്രനും ഒരേ കൂട്ടായ്മയുടെ സ്വഭാവത്തിൽ ജീവിക്കുന്നു എന്നതാണ്. പരസ്പരം സമർപ്പിക്കാൻ വേണ്ടിയും നിത്യമായ കൂട്ടായ്മയിൽ ജീവിക്കുവാൻ വേണ്ടിയും മാത്രമാണ് അവർ വ്യത്യസ്തരായിരിക്കുന്നത്. പുത്രൻ വചനമാണ് എന്ന് വി.യോഹന്നാൻ പറയുന്നു. പിതാവിന്റെ സമഗ്രസത്യവും അവിടുന്ന് ആവിഷ്ക്കരിക്കുന്നു. അദൃശ്യനായ ദൈവത്തിന്റെ (പിതാവിന്റെ) പ്രതിച്ഛായയാണ് യേശു എന്ന് പൗലോസ് ശ്ലീഹാ പറയുന്നു (കൊളോ 1:15). സമ്പൂർണ്ണമായ ദൈവികരഹസ്യം പുത്രനിലൂടെ സംവേദിക്കപ്പെടുകയും വിക്ഷേപിക്കപ്പെടുകയും ചെയ്യുന്നു. മൂന്ന് ദൈവികവ്യക്തികളും പങ്കു

വയ്ക്കുന്ന രഹസ്യത്തിന്റെ പിന്നിലെ ബുദ്ധിയാണ് അവിടുന്ന്. അതിനാൽ പുത്രനാണ് പരമപ്രധാനമായും ദൈവിക വെളിപാടും ത്രിത്വത്തിന്റെയിടയിലെയും സൃഷ്ടിയിലെയും സംവേദനവും. പിതാവ് താൻ പിതാവാണ് എന്ന അവസ്ഥയൊഴിച്ച് ബാക്കിയെല്ലാം പിതാവ് പുത്രനെ ഏല്പിക്കുന്നു. പരിശുദ്ധാത്മാവിനെ നിശ്വസിക്കാനുള്ള കഴിവും പിതാവിൽ നിന്ന് അവിടുന്നു നേടിയെടുക്കുന്നു. പിതാവും പുത്രനും കൂടിയാണ് പരിശുദ്ധാത്മാവിന്റെ ഉദയം സാധ്യമാക്കുന്നത്. ജന്മം കൊള്ളുക, നിശ്വസിക്കുക, ഉണർത്തുക, ഉള്ളവാക്കുക തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുമ്പോൾ നമ്മുടെ അപര്യാപ്തത അപ്പോൾത്തന്നെ നാം ഏറ്റുപറയണം. ഈ പദങ്ങൾ ഒട്ടും ചേരുന്നതല്ല കാരണം അത് പിൻതുടർച്ചയുടെയും കാര്യകാരണത്തിന്റെയും ധ്വനി ഉണർത്തുന്നു. എന്നാൽ യഥാർത്ഥത്തിൽ ആരംഭവും അവസാനവുമില്ലാത്ത നിത്യതയിലാണ് സംഭവിക്കുന്നത്. അതിനാൽ മൂന്നു ദൈവിക വ്യക്തികളുടെ ഏകകാലികതയ്ക്കു നാം പ്രാധാന്യം കൊടുക്കണം. അവർ നിത്യമായി സഹാസ്തിത്വമുള്ളവരും പരസ്പരകൂട്ടായ്മയിൽ വർത്തിക്കുന്നവരുമാണ്. ജീവന്റെയും സ്വയംദാനത്തിന്റെയും സ്നേഹത്തിന്റെയും അന്തർവ്യാപനമാണ് (Perichoresis) അവരിൽ എന്നും നിലനില്ക്കുന്നത്. അതിനാൽ പുത്രൻ പിതാവിൽ നിന്നു ജന്മം കൊള്ളുന്ന അവസ്ഥയിൽത്തന്നെ തന്റെമേൽ ആവസിക്കുകയും തന്നോടുകൂടെ എപ്പോഴും ആയിരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു. തന്മൂലം സൃഷ്ടിയിൽ പൂർണ്ണതയും സമ്പൂർണ്ണവിമോചനവും കൊണ്ടു വരത്തക്കവിധം പുത്രനും പരിശുദ്ധാത്മാവും പങ്കുചേരുന്നു. പരിശുദ്ധാത്മാവിനോടു ചേർന്ന് പിതാവ് തന്നെത്തന്നെ പുത്രനു ബന്ധപ്പെടുത്തുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു. പുത്രനും പരിശുദ്ധാത്മാവും കൂടെ പിതാവിന്റേതുമാത്രമായ പ്രത്യേകത (Innascivility) കണ്ടെത്തുകയും നമുക്കു വെളിപ്പെടുത്തിത്തരുകയും ചെയ്യുന്നു.

പുത്രൻ നമ്മുടെ ചരിത്രത്തിൽ അവതീർണ്ണനാകുന്നു. അതുവഴി അവിടുന്ന് എല്ലാ സൃഷ്ടിജാലങ്ങൾക്കും പ്രധാനമായും മനുഷ്യർക്ക് പുത്ര-പുത്രീ സ്വഭാവം പ്രദാനം ചെയ്യുന്നു.ഉത്ഥിതനായ പുത്രൻ ഒരർത്ഥത്തിൽ ത്രിത്വത്തിലേക്ക് തിരിച്ചെത്തുന്നു. നമ്മുടെ സ്വഭാവത്തിന്റെ ഒരംശം അനശ്വരമാക്കപ്പെടുകയും നിത്യജീവനിലേക്കും സ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കും തീർച്ചയായും കടന്നു ചെല്ലുകയും ചെയ്യുന്നു. അവിടുന്ന് പരിശുദ്ധാത്മാവിനോട് ഐക്യപ്പെട്ട് പിതാവിന്റെ പുത്രനായി വർത്തിക്കുന്നെങ്കിൽ നമ്മൾ ദൈവപുത്രനിൽ പുത്രന്മാരും പുത്രിമാരുമായിത്തീരുകയും അതേ പരി

ശുദ്ധാത്മാവിന്റെ ശക്തിയിൽ സഹോദരന്മാരും സഹോദരിമാരുമായി നിലനില്ക്കുകയും ചെയ്യുന്നു.

*മനുഷ്യന്റെ യാത്ര എത്ര ദാരുണമായി കാണപ്പെട്ടാലും അതിലൊരംശം കേവലമായി സംരക്ഷിക്കപ്പെടുകയും അടിസ്ഥാനപരമായി പൂർണ്ണമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. നിത്യപുത്രൻ വഴി സാംശീകരിക്കപ്പെട്ട യേശുവിന്റെ പവിത്രമായ മനുഷ്യ പ്രകൃതി ത്രിത്വത്തിന്റെ അങ്കതലത്തിലേക്ക് തീർച്ചയായും സംവഹിക്കപ്പെട്ടിരിക്കുന്നു. നമ്മുടേതായ ഒരംശം, ഹൃദയത്തിന്റെ ഒരു ഭാഗം, അനന്തമായ ആഗ്രഹത്തിന്റെ ഒരു കണിക യേശുവിലൂടെ എന്നേക്കുമായി രക്ഷിക്കപ്പെട്ടിരിക്കുന്നു.*

**നമ്മുടെ സഹോദരനായ പുത്രന്റെ പുരുഷ – സ്ത്രൈണഭാവം**

പുരുഷനും സ്ത്രീയുമെന്ന നിലയിൽ നമ്മൾ ദൈവത്തിന്റെ ച്ഛായയും സാദൃശ്യവും വഹിക്കുന്നവരാണ് എന്ന് ഉല്പത്തി പുസ്തകം നമുക്കു വെളിപ്പെടുത്തുന്നു (ഉല്പ 1:27). പുരുഷനായാലും സ്ത്രീയായാലും നമ്മുടെ വ്യക്തിത്വത്തിന്റെ ആത്യന്തികമായ വേര് ദൈവത്തിന്റെ രഹസ്യത്തിൽത്തന്നെയാണെന്ന് ഇത് വ്യക്തമാക്കുന്നു. ദൈവിക വ്യക്തികൾക്കു ലിംഗപരതയില്ല. സൃഷ്ടിക്കപ്പെട്ട അത്തരം സവിശേഷതകൾക്കതീതരാണ് അവർ. എന്നാൽ പുരുഷ - സ്ത്രീ ഭാവങ്ങളാൽ സംവേദിക്കപ്പെടുന്ന മൂല്യങ്ങളും മാനങ്ങളും ദൈവികമൂല്യങ്ങൾതന്നെയാണ്. അതിനാൽ ഓരോ ദൈവിക വ്യക്തിയുടെയും പുരുഷ - സ്ത്രീ ഭാവങ്ങളുടെ മാനങ്ങളെ നമ്മൾ പരിഗണിക്കണം. യേശുവിൽ സ്ത്രീ - പുരുഷ ഭാവങ്ങളുടെ സമ്പൂർണ്ണ സമന്വയം കാണാം. ആദ്യമായിത്തന്നെ യേശു ഒരു പുരുഷനായിരുന്നു. സ്ത്രീയായിരുന്നില്ല. മറ്റേതൊരു പുരുഷനെയുംപോലെ അവരും സ്ത്രൈണ മാനങ്ങൾ ഉൾക്കൊണ്ടിരുന്നു. അതു പ്രകാശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. യേശുവിന്റെ ഊന്നൽ മുഴുവൻ, പാവങ്ങളുടെ പക്ഷം ചേരുവാനുള്ള കഴിവ്, തന്റെ സന്ദേശം പ്രധാനമായും അവതരിപ്പിച്ച സദസ്, എതിർപ്പിനെ നേരിടാനുള്ള ധൈര്യം, അവന്റെ മരണം എല്ലാം അവന്റെ പുരുഷഭാവത്തെ വെളിപ്പെടുത്തുന്നു. ഇവയെല്ലാം സ്ത്രീഭാവത്തിലും സന്നിഹിതമാണെങ്കിലും അത് വ്യത്യസ്തമായ രീതിയിലാണ്. സ്ത്രൈണഭാവം മനുഷ്യജീവിതത്തിലെ പുരുഷനായാലും സ്ത്രീയായാലും മൃദുലവശങ്ങളെ പ്രകടമാക്കുന്നു. ശ്രദ്ധ, ദയ, ജീവിത രഹസ്യത്തോടുള്ള സംവേദന ക്ഷമത, പ്രത്യേകിച്ചും ദരിദ്രരോടുള്ള മമത, പ്രാർത്ഥനയിലെ ആന്തരികത എല്ലാമാണത്. സുവിശേഷ വിവരണങ്ങൾ യേശുവിനെ പുരുഷസ്ത്രൈണ ഭാവങ്ങൾ (Animus, Anima) സമന്വയിപ്പിച്ച വ്യക്തിയായിട്ടാണ് അവതരിപ്പിക്കുന്നത്.

വളരെ മാനുഷികവും വാത്സല്യമാർന്നതുമായ ബന്ധമാണ് അവിടുന്ന് താൻ കണ്ടുമുട്ടിയ സ്ത്രീകളുമായി പുലർത്തിയത്. അവരിൽ പലരും അവിടുത്തെ ശിഷ്യരായിരുന്നു (ലൂക്കാ 10:38-42). വ്യഭിചാരിണിയായ സ്ത്രീ, സഹായം തേടുന്ന സീറോ ഫെനിഷ്യൻ സ്ത്രീ, ശമരായ സ്ത്രീ, കൂനുപിടിച്ച സ്ത്രീ - രക്തസ്രാവക്കാരിയായ സ്ത്രീ തുടങ്ങിയ സ്ത്രീകൾക്കെല്ലാം വേണ്ടി ചെയ്തതുപോലെ ഏതു സ്ത്രീയേയും അവളുടെ ആവശ്യത്തിൽ പിൻതുണക്കാൻ യേശു എന്നും മുന്നോട്ടു വന്നിരുന്നു.

തെരുവിൽ കണ്ടുമുട്ടിയ പാവപ്പെട്ടവരിൽ സ്ത്രൈണഭാവത്തോടെ അവിടുന്നു കരുണ കാണിക്കുന്നു. അവഗണിക്കപ്പെട്ട ആളുകളോടുള്ള ആർദ്രതകൊണ്ട് അവിടുന്നു നിറഞ്ഞു (മർക്കോ 6:34). തന്റെ സ്നേഹിതനായ ലാസർ മരിച്ചു എന്ന് അറിഞ്ഞപ്പോൾ കണ്ണീർ പൊഴിച്ചു (യോഹ 11:35). ഒരു പിടക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിനുകീഴിൽ ശേഖരിക്കാൻ ആഗ്രഹിച്ചതുപോലെ ജറുസലേമിന്റെ മക്കളെ സംരക്ഷിക്കാൻ ആഗ്രഹിച്ചു. പക്ഷേ അവർ അതിനു തയ്യാറായില്ല എന്ന് വളരെ സ്ത്രൈണമായ രീതിയിൽ അവിടുന്നു പറയുന്നു (ലൂക്കാ 13:34).

യേശുവിന്റെ സ്ത്രൈണമാനം അവിടുത്തെ മനുഷ്യത്വത്തിന്റെ ഭാഗമാണ്. ഈ മനുഷ്യത്വമാകട്ടെ നിത്യപുത്രനിലേക്ക് സാംശീകരിക്കപ്പെട്ടു. അതിന്റെയർത്ഥം സ്ത്രൈണഭാവത്തിന്റെ ഒരു ഘടകം എന്നന്നേക്കുമായി ദൈവികമാക്കപ്പെട്ടു എന്നാണ്. നിത്യകൂട്ടായ്മയിൽ പങ്കുചേരുവാനും ത്രിത്വത്തിന്റെ ഓരോ വ്യക്തിയിലും തങ്ങളുടെ ആദിപ്രതിരൂപത്തെ കണ്ടെത്തുവാനും സ്ത്രീകൾ വിളിക്കപ്പെട്ടിരിക്കുന്നു. വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടിയുള്ള അവരുടെ പരിശ്രമങ്ങൾക്കു അതു സഹായകമാണ്.

*എല്ലാ വ്യക്തികളിലും സ്ത്രൈണപുരുഷഭാവങ്ങളുടെ ഏതാനും അംശം ഉണ്ടാകും. മൃദുലതയും ശക്തിയും. നമ്മൾ പൂർണ്ണമായും മനുഷ്യരാകുവാനും അതുവഴി ദൈവത്തിന്റെ പ്രതിഫലനങ്ങളാകുവാനും ഈ രണ്ടു മാനങ്ങളെയും സമന്വയിപ്പിക്കുക എന്നതാണ് ജീവിതത്തിലെ ഒരു വെല്ലുവിളി. യേശു ഈ വെല്ലുവിളി ഏറ്റെടുത്ത് അവിടുത്തെ പുരുഷ - സ്ത്രൈണഭാവങ്ങളെ സമന്വയിപ്പിച്ചു. അവനിൽ അവതീർണ്ണനായ നിത്യപുത്രൻ ഈ രണ്ടു ഭാവങ്ങളെയും നിത്യമായി വിശുദ്ധീകരിക്കുകയും ദൈവമാക്കിത്തീർക്കുകയും ചെയ്തു.*

**ലെയനാർഡോ ബോഫ് (*Holy Trinity: Perfect Community*)**
**(പരിഭാഷ: ഫാ. ജിയോ പുളിക്കൽ)**

# 10

## പരിശുദ്ധാത്മാവ് എന്ന വ്യക്തി –
## സ്നേഹത്തിന്റെ രഹസ്യവും പുതുമയുടെ സംരഭവും

### ആരാണ് പരിശുദ്ധാത്മാവ്-സമ്പൂർണ്ണ വിമോചന ത്തിന്റെ ചാലകശക്തി

ഞാൻ – നീ (പിതാവ് – പുത്രൻ) ബന്ധത്തെ അതിശയിക്കുകയും നമ്മൾ എന്ന സത്യത്തെ ആവിഷ്ക്കരിക്കുകയും ചെയ്യുന്ന വ്യക്തിയാണ് പരിശുദ്ധാത്മാവ്. അതുകൊണ്ടാണ് ദൈവികവ്യക്തികളുടെയിടയിൽ ഐക്യത്തിന്റെ പരമോന്നതശക്തിയായി പരിശുദ്ധാത്മാവ് നിലകൊള്ളുന്നത്. മൂന്നു ദൈവികവ്യക്തികളുടെയിടയിലെ നിത്യവും സത്താവരവുമായ ബന്ധത്തെ അവൻ നമുക്ക് വ്യക്തമാക്കിത്തരുന്നു. ചരിത്രത്തിൽ ഈ അരൂപി ഒരു ആഗ്നേയശൈലമായി, ചുഴലിക്കാറ്റായി നിന്നുകൊണ്ട് ആളുകളെ കീഴടക്കുകയും വലിയപ്രവർത്തനങ്ങളിലേക്കു നയിക്കുകയും ചെയ്യുന്നു. നീതിയും ന്യായവും പുനസ്ഥാപിക്കാൻവേണ്ടി അടരാടുന്ന കൃപാവരമുള്ള ന്യായാധിപന്മാർ, പ്രവാചകന്മാർ, സഹനദാസർ എന്നിവരിലും ആളുകളെ സംരക്ഷിക്കുവാൻ അധികാരം ഏൽപിക്കപ്പെട്ടിരുക്കുന്ന രാജാക്കന്മാർ, അരൂപിയുടെ എല്ലാ വരങ്ങളും സംവ

ഹിക്കുന്ന മിശിഹാ എന്നിവരിലെല്ലാം പരിശുദ്ധാത്മാവിന്റെ സ്വാധീനശക്തിയുണ്ടായിരുന്നു. അരൂപിയുടെ ഏതാനും സവിശേഷതകൾ എടുത്തുപറയേണ്ടതുണ്ട്:

അരുപി പുതുമയുടെ ശക്തിയാണ്. എല്ലാ വസ്തുക്കളും നവീകരിക്കുന്നു. സൃഷ്ടിയിൽ ക്രമം സ്ഥാപിക്കുന്നു. പുതിയ ആദം, മറിയത്തിന്റെ ഉദരത്തിൽ ഉരുവാക്കപ്പെടുന്നതിനു കാരണമായിത്തീരുന്നു. സുവിശേഷപ്രഘോഷണത്തിന് യേശുവിനെ പ്രേരിപ്പിക്കുന്നു. ക്രൂശിതനായവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുന്നു. സഭയിൽ പുതിയമനുഷ്യകുലത്തെ മുൻകൂർ പ്രതിഷ്ടിക്കുന്നു. അവസാനമായി പുതിയ ആകാശവും പുതിയ ഭൂമിയും കൊണ്ടുവരുന്നു.

വിമോചകനായ യേശുവിന്റെ ഓർമ്മ നവീകരിക്കുന്നത് അരൂപിയാണ്. യേശുവിന്റെ വാക്കുകൾ മൃതപ്രായമായി അവശേഷിക്കുവാൻ അവിടുന്ന് അനുവദിക്കുന്നില്ല. അതു വീണ്ടും വായിക്കപ്പെടുമ്പോഴൊക്കെ നവീനമായ അർത്ഥവും പുതിയ പ്രയോഗചാതുരിയും അവയ്ക്കു നൽകുന്നു.

ബൈബിൾ ശരീരം എന്നു വിളിക്കുന്ന പാപസാഹചര്യങ്ങളുടെ മർദ്ദനത്തിൽനിന്ന് സ്വതന്ത്രരാക്കുന്ന വിമോചനതത്വമായി അരൂപി നിലകൊള്ളുന്നു. ദൈവത്തെയും മറ്റുള്ളവരെയും മറന്നുകൊണ്ട് തന്നിലേക്കുതന്നെ തിരിയുന്ന ജീവിതപദ്ധതിയെ ശരീരം പ്രകടമാക്കുന്നു. അരൂപി എപ്പോഴും സ്വാതന്ത്ര്യത്തെ ഉളവാക്കുന്നു (2 കോറി 3:17) മറ്റുള്ളവർക്ക് സ്വയം സമർപ്പിക്കുവാൻ.

പ്രേരിപ്പിക്കുന്നു. സ്നേഹത്തെ ഉണർത്തുന്നു. അരൂപി പാവപ്പെട്ടവരുടെ പിതാവാണ്. അവർ സഹിക്കുന്ന മർദ്ദനങ്ങളെ ഇല്ലായ്മചെയ്യാനുള്ള പ്രത്യാശകൊണ്ട് അവരെ നിറയ്ക്കുന്നു. പൊരുത്തപ്പെടാവുന്നതും നീതിനിറഞ്ഞതുമായ ഒരു ലോകത്തെ സ്വപ്നം കാണാൻ അവരെ പ്രാപ്തരാക്കുന്നു. ഈ അവസ്ഥാവിശേഷം സംജാതമാക്കുവാനുള്ള പോരാട്ടത്തിന് അവർക്ക് പ്രചോദനമേകുന്നു.

അവസാനമായി, വ്യത്യസ്തതയുടെയും, വ്യത്യസ്തതയുടെ മധ്യത്തിൽ കൂട്ടായ്മയുടെയും സർഗ്ഗാത്മകശക്തിയായി പ്രവർത്തിക്കുന്നു. ആളുകളിലുള്ള ഏറ്റവും വൈവിധ്യമാർന്ന വരങ്ങളെ ഉണർത്തുകയും സമൂഹങ്ങളിൽ ബഹുമുഖസേവനങ്ങളെയും ശുശ്രൂഷകളെയും പ്രചോദിപ്പിക്കുകയും ചെയ്യുന്നത് അരൂപിയാണ്.

റോമാക്കാർക്കുള്ള ലേഖനവും (12) കൊറിന്ത്യർക്കുള്ള ലേഖ

നവും ഇക്കാര്യം നമ്മെ പഠിപ്പിക്കുന്നു. പക്ഷേ ഈ വൈവിധ്യം അസമത്വത്തിലേക്കോ വിവേചനക്കിലേക്കോ പതിക്കുന്നില്ല. നാമെല്ലാം ഒരേ അരൂപിയിൽനിന്നു പാനം ചെയ്യുന്നു (1 കോറി 12:13). വരങ്ങൾ നൽകപ്പെടുന്നത് അവനവന്റെ നന്മക്കുവേണ്ടിയല്ല, സമൂഹത്തിന്റെ നന്മക്കുവേണ്ടിയാണ് (1കൊറി 12:7).

അരൂപി നമ്മുടെമേൽ വർഷിക്കപ്പെടുകയും ആളുകളുടെ ഹൃദയത്തിൽ വസിക്കുകയും ചെയ്യുന്നു. അവരെ അവൻ ഉത്സാഹഭരിതരാക്കുകയും അവർക്ക് ധൈര്യവും നിശ്ചയദാർഢ്യവും നൽകുകയും ചെയ്യുന്നു. വേദനിക്കുന്നവരെ അവൻ ആശ്വസിപ്പിക്കുന്നു. മനുഷ്യമനസ്സുകളിലും സാമൂഹ്യവിഭാവനയിലും.

ആദർശപരത നിലനിർത്തുന്നു - ഈ ആദർശപരത പൂർണ്ണമായും രക്ഷിക്കപ്പെട്ട മനുഷ്യകുലത്തെക്കുറിച്ചുള്ള ദർശനമാണ്. ചരിത്രത്തിലെ വിപ്ലവങ്ങളിലൂടെ പോലും ഈ സ്വപ്നം സന്നിഹിതമാക്കാൻ ശക്തി നൽകുന്നു. പിതാവിനോടും പുത്രനോടുംകൂടെ ഏകകാലികമായി പ്രത്യക്ഷപ്പെട്ട് സ്നേഹത്തിലൂടെയും കൂട്ടായ്മയിലൂടെയും ദൈവികജീവനിലൂടെയും സത്താപരമായി അവരോട് ഐക്യപ്പെട്ടുനിൽക്കുന്ന ദൈവികവ്യക്തിയാണ് അരൂപി.

*ബൈബിളിൽ അരൂപി ഒരു ചുഴലിക്കാറ്റു പോലെയാണ്. അത് രൂപാന്തരപ്പെടുത്തുന്ന ശക്തിയാണ്. മരണത്തെക്കാൾ ശക്തമായ സ്നേഹം പോലെയാണത്. അരൂപി നമ്മുടെ സംസ്ക്കാരത്തിലെപ്പോലെ അനിർവചനീയവും ക്ഷണികവുമായ ഒന്നല്ല. സജീവവും നിത്യം നവീകരിക്കുന്നതുമായ ശക്തിയായി അരൂപിയെ നാം സ്വീകരിച്ചിരുന്നെങ്കിൽ നമ്മുടെ ആധ്യാത്മികതയ്ക്ക് എന്തുമാത്രം ചലനാത്മകത ഉണ്ടാകുമായിരുന്നു?*

## അരൂപി എപ്പോഴും പുത്രനും പിതാവുമായി ഐക്യപ്പെട്ടിരുക്കുന്നു

മൂന്നാമത്തെ ദൈവികവ്യക്തിയായ പരിശുദ്ധാത്മാവ് എങ്ങനെയാണ് പിതാവും പുത്രനുമായി ബന്ധപ്പെട്ടിരിക്കുന്നത്? പുതിയനിയമത്തിൽ രണ്ടു വിവരണങ്ങൾ കാണാം. യേശു പിതാവിൽനിന്ന് അരൂപിയെ അയക്കുന്നു എന്നു പറയുന്നു (യോഹ 15:26). അരൂപി പിതാവിൽനിന്നു പുറപ്പെട്ടുവരുന്നു (യോഹ 15:26) എന്ന് മറ്റൊരിടത്തുപറയുന്നു. പിതാവും പുത്രനുമായുള്ള അരൂപിയുടെ ബന്ധം നാം എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? ഈ ചോദ്യം റോമൻ കത്തോലിക്കാ സഭയെയും ഓർത്തഡോക്സ് കത്തോലിക്കാസഭയെയും 1054-ൽ ഒരു പിളർപ്പിന്റെ വക്കോളം എത്തിച്ച ഭിന്നതക്കു

കാരണമായി. ഇന്നുവരെ അതു നിലനിൽക്കുന്നു. വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് അന്തർധാരയായി വർത്തിക്കുന്നത് ദൈവം, സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള വ്യത്യസ്ത ദർശനങ്ങളാണ്. നാം നേരത്തെ കണ്ടതുപോലെ മുഴുവൻ ദൈവത്വത്തിന്റെയും ഉറവിടവും പ്രധാനകാരണവുമായി പിതാവിനെ പരിഗണിച്ചുകൊണ്ടാണ് ഗ്രീക്കുകാർ ഈ വിഷയം അവതരിപ്പിക്കുന്നത്. പിതാവ്, വചനം (പുത്രൻ) ഉച്ചരിക്കുന്നു. അതോടൊപ്പം ഏകകാലികമായി അരൂപിയെ (പരിശുദ്ധാത്മാവ്) നിശ്വസിക്കുന്നു. ഉറവിടം ഒന്നാണെങ്കിലും (പിതാവ്) വചനവും അരൂപിയും വ്യത്യസ്തരാണ്. അവർ വ്യത്യസ്തമായവിധത്തിലാണ് പിതാവിൽനിന്നു പുറപ്പെടുന്നതും. അതിനാൽ പിതാവിനു രണ്ടു പുത്രന്മാരില്ല. താൻ ജന്മം കൊടുത്ത ഒരേയൊരു പുത്രനും ഒരേയൊരു അരൂപിയും മാത്രമേയുള്ളൂ. ലത്തീൻകത്തോലിക്കർ ഓരോവ്യക്തിയിലുമുള്ള ഏകദൈവികസ്വഭാവത്തിൽ നിന്നാണ് ആരംഭിക്കുന്നത്. പുത്രനു ജന്മം കൊടുക്കുമ്പോൾ തന്നോടുചേർന്ന് പരിശുദ്ധാത്മാവിനെ നിശ്വസിക്കാനുള്ള കഴിവുൾപ്പടെ എല്ലാം പുത്രനെ ഏൽപിക്കുന്നു (യോഹ 16:15).

കൂട്ടായ്മയിലൂടെ പിതാവും പുത്രനും ഒന്നായിരിക്കുന്നു (യോഹ 10:30) പരിശുദ്ധാത്മാവിനെ നിശ്വസിക്കുന്നതിന്റെ ഏകതത്വമായി നിലകൊള്ളുകയും ചെയ്യുന്നു. അല്ലെങ്കിൽ പിതാവിനു രണ്ടു പുത്രന്മാരുണ്ടാകുമായിരുന്നു. പരിശുദ്ധാത്മാവിന്റെ ഉത്ഭവത്തിന് രണ്ടു കാരണങ്ങളും. അതിനാൽ ലത്തീൻ ചിന്തകർ പറയുന്നതിങ്ങനെയാണ്. അരൂപി ഒരേ തത്വത്തിൽനിന്ന് എന്നപോലെ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു.

എന്നാൽ ഗ്രീക്കുകാർ ലത്തീൻ വിഭാഗത്തിന്റെ ഈ ധാരണയെ തള്ളിക്കളയുന്നു. കാരണം എല്ലാ ദൈവികതയുടെയും ഏകകാരണവും സ്രോതസുമായി നിൽക്കുന്ന പിതാവിന്റെ പ്രത്യേകതയെ ഇത് ബലികഴിക്കുന്നുവെന്ന് അവർ പറയുന്നു. പുത്രനും ഈ പ്രത്യേക സ്വഭാവസവിശേഷതയിൽ (ഒരു രണ്ടാം പിതാവെന്ന നിലയിൽ) പങ്കെടുക്കുന്ന അവസ്ഥ ഉണ്ടാകുന്നു. രണ്ടു സമീപനത്തിനും ഒരേ ഉദ്ദേശ്യമാണുള്ളത്. പുത്രന്റെയും പിതാവിന്റെയും വ്യക്തിത്വങ്ങളിലെ സമ്പൂർണ്ണ ദൈവികതയും തുല്യതയും ഉറപ്പുവരുത്തുക. പുത്രനും പരിശുദ്ധാത്മാവും ഒരേ സ്രോതസ്സിൽനിന്ന്, അതായത് പിതാവിൽനിന്ന് പുറപ്പെടുന്നു എന്ന് പറഞ്ഞുകൊണ്ടാണ് ഗ്രീക്കുകാർ ഈ ധാരണയിലെത്തുന്നത്. ലത്തീൻചിന്തകർ ഇതേകാര്യം തന്നെ, മൂന്നു ദൈവികവ്യക്തികളും സത്താപരമായി സഹാസ്തിത്വമുള്ളവരാണെന്നും അതിനാൽ ഒരേ സ്വഭാവത്തിൽ പങ്കുപറ്റുന്നവരാണെന്നുമുള്ള മറ്റൊരുമാർഗ്ഗത്തിലൂടെ സ്ഥാപിക്കുന്നു. പുത്രൻ

പിതാവിൽനിന്ന് സ്വീകരിച്ച അതേസ്വഭാവം തന്നെയാണ് പരിശുദ്ധാത്മാവിനുള്ളത്. പുത്രൻ പിതാവിൽനിന്ന് സ്വീകരിച്ചതുപോലെ തന്നെ പിതാവിനോട് ചേർന്ന് പരിശുദ്ധാത്മാവിനും അതേ സ്വഭാവം പ്രദാനം ചെയ്യുന്നു. അതിനാൽ ലത്തീൻചിന്തകർ, പരിശുദ്ധാത്മാവ്, പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്നു പറഞ്ഞുവയ്ക്കുന്നു.

*ഏറ്റവും പ്രധാനപ്പെട്ടകാര്യം പിതാവിനെയും പുത്രനെയും പോലെ അരൂപിയും ദൈവമാണ് എന്ന് ഉറപ്പിക്കുക എന്നതാണ്. വിശ്വാസപ്രമാണത്തിൽ നാം പ്രാർത്ഥിക്കുന്നുണ്ടല്ലോ. അവൻ മറ്റുള്ളവർക്കു തുല്യമായി ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും പ്രവാചകരിലൂടെ സംസാരിക്കുകയും ചെയ്യുന്നു. തങ്ങളുടെ മുഖാഭിമുഖമായ കണ്ടുമുട്ടലിൽ പിതാവും പുത്രനും സമ്പൂർണ്ണ സ്നേഹത്തിലേക്കെത്തുന്ന സംവേദനമാണ് നടത്തുക. പിതാവും പുത്രനും തമ്മിലുള്ള ഐക്യത്തിലൂടെ മൂന്നാമതൊരു വ്യക്തിയെ സ്നേഹിക്കത്തക്കവിധം അത്ര സമ്പൂർണ്ണമാണ് ആ സ്നേഹം. ആ മൂന്നാമത്തെ വ്യക്തി പരിശുദ്ധാത്മാവാണ്. അവിടുന്ന് പുതുമയേയും തുറവിയേയും ആത്യന്തിക കൂട്ടായ്മയേയും പ്രതിനിധാനം ചെയ്യുന്നു. ഇവിടെയാണ് പിതാവും പുത്രനും ഒരുമിച്ചോ അല്ലെങ്കിൽ പിതാവ് പുത്രനിലൂടെയോ പരിശുദ്ധാത്മാവിനെ നിശ്വസിക്കുന്നു എന്ന നമ്മുടെ വിശ്വാസത്തിന്റെ പ്രാധാന്യം കുടികൊള്ളുന്നത്.*

## പിതാവിനോടും പുത്രനോടുമുള്ള പരിശുദ്ധാത്മാവിന്റെ ഏകകാലികത

പരിശുദ്ധാത്മാവ് എങ്ങനെ പറപ്പെടുന്നുവെന്നും പിതാവും പുത്രനുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നുമുള്ള ചർച്ചകൾ ഒരേ സഭയെ ചരിത്രത്തിൽ രണ്ടു വിധത്തിലുള്ള ആവിഷ്ക്കാരങ്ങൾ നടത്തുവാൻ പ്രേരിപ്പിച്ചു.

റോമൻ കത്തോലിക്കാസഭയിലും ഓർത്തഡോക്സ് കത്തോലിക്കാസഭയിലും ലയൺസ് (1274) ഫ്ളോറൻസ് (1439) എന്നീ രണ്ടു സാർവ്വത്രിക സൂനഹദോസുകളിൽ അനുരഞ്ജനത്തിനുള്ള ഫോർമുലകൾക്കുവേണ്ടി പരിശ്രമിച്ചു. പിതാവിൽനിന്നും പുത്രനിൽനിന്നും ഒരേ തത്വത്തിൽനിന്നെന്നപോലെ - രണ്ടു തത്വങ്ങളിൽനിന്നോ കാരണങ്ങളിൽനിന്നോ അല്ല - അരൂപി പുറപ്പെടുന്നത് എന്ന് ലയൺസിൽ പറഞ്ഞുവച്ചു. പിതാവിനും പുത്രനും ഒരേ കൂട്ടായ്മയുടെ സ്വാഭാവവും ഒരേ ജീവനും ഉള്ളതുകൊണ്ട് അവർ ഒരു സ്രോതസായി നിലകൊള്ളത്തക്കവിധം അത്രയേറെ ഐക്യപ്പെട്ടിരിക്കുന്നു. ഫ്ളോറൻസ് സൂനഹദോസിൽ പിതാവ് പുത്രനിലൂടെയോ

പുത്രനാലോ പരിശുദ്ധാത്മാവിനെ നിശ്വസിക്കുന്നു എന്നു പറയാമെന്ന് വിശദീകരിക്കുകയുണ്ടായി. പുത്രൻ ഇവിടെ ഒരു ഉപകരണ കാരണമല്ല. പിന്നെയോ സ്നേഹത്തിന്റെ ഒരേ കൂട്ടായ്മയിൽ, പരിശുദ്ധാത്മാവിന്റെ ഉത്ഭവത്തിൽ അവിടുന്ന് പങ്കുപറ്റുന്നു. വിശദീകരണങ്ങളൊന്നും പാഷണ്ഡതയെക്കുറിച്ചുള്ള പരസ്പര സംശയങ്ങൾ തീർക്കാൻ പര്യാപ്തമായില്ല. തർക്കങ്ങൾ ഇപ്പോഴും തുടരുകയാണ്.

അതിനിടയിൽ ദൈവശാസ്ത്രജ്ഞന്മാർ അവരുടെ ധാരണകളെ കൂടുതൽ ആഴമുള്ളതാക്കി. കാരണം, നിർഗമനം, നിശ്വസനം തുടങ്ങിയ പദങ്ങൾ ഉചിതമായിട്ടാണോ പ്രയോഗിച്ചിരിക്കുന്നത് എന്ന ചോദ്യമുണ്ടായി. പരിശുദ്ധാത്മാവ് പിതാവിനും പുത്രനും അധീനനായിരിക്കുന്നതുപോലെയും മൂന്നാമതായി വരുന്ന വ്യക്തി പോലെയും കാണപ്പെട്ടു. യഥാർത്ഥത്തിൽ ത്രിത്വത്തിൽ അധീനാവസ്ഥയില്ല. മൂന്നു ദൈവികവ്യക്തികളും നിത്യതയിലും അനന്തതയിലും സഹവർത്തികളും തുല്യതയുള്ളവരുമാണ്. മുമ്പ്, പിമ്പ് എന്ന വാക്കുകളോ ഉന്നതനോ താഴ്ന്നവനോ എന്ന വാക്കുകളോ അവരെ സംബന്ധിച്ച് ഉപയോഗിക്കാനാവില്ല. പുതിയ നിയമം ആരംഭിച്ചിടത്തുനിന്നാണ് നാം ആരംഭിക്കേണ്ടത്. ബന്ധത്തിലും കൂട്ടായ്മയിലും എന്നും വർത്തിക്കുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മൂന്നു വ്യക്തികളിൽനിന്നായിരിക്കണം തുടക്കം. അവർ ഏകകാലികരും സദാസമയവും ഒന്നിച്ച് ആയിരിക്കുന്നവരുമാണ്. തെറ്റിദ്ധാരണകൾ ഇല്ലാതാക്കാൻ തത്വം, കാരണം, നിർഗമനം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് പറയാതെ പരസ്പരമുള്ള വെളിപ്പെടുത്തൽ, അംഗീകാരം എന്നിവയെക്കുറിച്ചാണ് സംസാരിക്കേണ്ടത്. ഓരോ വ്യക്തിയും മറ്റു രണ്ടുപേരുമായി എപ്പോഴും ബന്ധപ്പെട്ടിരിക്കുന്നു. ഓരോരുത്തരും മറ്റു രണ്ടുപേരെയും അന്തർ വ്യാപനത്തിലൂടെ ഉള്ളിൽ വഹിക്കുന്നു. മറ്റു രണ്ടുപേരോടുമുള്ള ബന്ധത്തിലൂടെയാണ് ഓരോരുത്തരും വ്യത്യസ്തരാക്കപ്പെടുകയും നിർണ്ണയിക്കപ്പെടുകയും ചെയ്യുക. അതിനാൽ നമ്മൾ ഇപ്രകാരം പറയുന്നു. പിതാവിന്റെയും പുത്രന്റെയും സ്വയം സമർപ്പണത്തെ വെളിപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ്. ഈ സ്നേഹമാണ് പരിശുദ്ധാത്മാവ്. പിതാവിന്റെ പരമമായ ആവിഷ്ക്കാരമായിട്ടാണ് പുത്രനെ പരിശുദ്ധാത്മാവ് കാണുന്നത്. പിതാവും പുത്രനും തമ്മിലുള്ള സ്നേഹത്തിന്റെയും ജ്ഞാനത്തിന്റെയും ബന്ധത്തിൽനിന്ന് ഉയിർക്കൊള്ളുന്ന സന്തോഷമാണ് പരിശുദ്ധാത്മാവ്. ഇനി ഔദ്യോഗിക പദങ്ങൾ ഉപയോഗിക്കണമെങ്കിൽ നമുക്ക് ഇങ്ങനെ പറയാം. പിതാവ് പരിശുദ്ധാത്മാവിന്റെ പങ്കാളിത്തത്തോടെ പുത്രനു ജന്മം നല്കു

ന്നു. പുത്രന്റെ പങ്കാളിത്തത്തോടെ പരിശുദ്ധാത്മാവിനെ നിശ്വസിക്കുന്നു. പരിശുദ്ധാത്മാവ് പുത്രനുമായിചേർന്ന് പിതാവിനു സാക്ഷ്യംവഹിക്കുന്നു. അതുപോലെ നിത്യതയിൽ അവർ പങ്കാളികളായിത്തീരുന്നു. കാരണം ദൈവികവ്യക്തികളെ സംബന്ധിച്ച എല്ലാ കാര്യങ്ങളും നിത്യജീവിതത്തിന്റെയും സജീവസ്നേഹത്തിന്റെയും പ്രവാഹത്തിൽ കറങ്ങിത്തിരിയുന്നു.

*എല്ലാവരുടെയും പങ്കാളിത്തത്തിന്റെ ഘടനയിൽ നിർമ്മിക്കപ്പെട്ടതും അസമത്വമാകാതെതന്നെ വ്യത്യസ്തതകളെ ശ്രദ്ധിച്ചുകൊണ്ട് മാനിക്കുന്നതുമായ ഒരു സമന്വയ സമൂഹത്തെ സൃഷ്ടിക്കുവാനുള്ള ക്രൈസ്തവരുടെ ഉദ്ദേശ്യം ഏകകാലികതയിലും സ്നേഹപൂർണ്ണമായി പങ്കുവയ്ക്കപ്പെട്ട അസ്തിത്വത്തിലും നിലനില്ക്കുന്ന ദൈവികവ്യക്തികളുടെ തുല്യമഹത്വത്തിൽ അടിസ്ഥാനമുറപ്പിക്കപ്പെട്ടതാണ്.*

## പരിശുദ്ധാത്മാവിന്റെ സ്ത്രൈണഭാവം

പരിശുദ്ധാത്മാവിലെ സ്ത്രൈണഭാവം, പ്രത്യേകിച്ചും പിതാവും പുത്രനുമായി ബന്ധപ്പെട്ട രീതിയിൽ, വളരെമുമ്പുതന്നെ ദൈവശാസ്ത്രവിചിന്തനങ്ങൾ നിരീക്ഷിച്ചിട്ടുള്ളതാണ്. പരിശുദ്ധാത്മാവ് എന്ന വാക്കുതന്നെ ഹെബ്രായ ഭാഷയിൽ സ്ത്രീലിംഗമാണ്. വിശുദ്ധ ഗ്രന്ഥങ്ങളിൽ എപ്പോഴും ജീവന്റെ രഹസ്യവും ജീവന്റെ ഉദയവുമായി ബന്ധപ്പെടുത്തിയാണ് അരൂപിയെ പരാമർശിക്കുന്നത്.

വി. യോഹന്നാന്റെ സുവിശേഷം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ തികച്ചും സ്ത്രീലിംഗപദങ്ങളാലാണ് അടയാളപ്പെടുത്തുന്നത്. അരൂപി ആശ്വാസപ്രദനായിനിന്നുകൊണ്ട് സ്വാന്തനമേകുന്നു, ഉപദേശിക്കുന്നു, പഠിപ്പിക്കുന്നു (യോഹ 14:26, 16:13). അമ്മ ശിശുക്കളോടു പെരുമാറുന്നതുപോലെയാണ് അവിടുന്ന് നമ്മളോട് ഇടപെടുന്നത്. അവിടുന്ന് നമ്മെ അനാഥരായി വിട്ടുകളയുന്നില്ല (യോഹ 14:18). ദൈവത്തെ ആബാ എന്നു വിളിക്കുവാൻ നമ്മെ പഠിപ്പിക്കുന്നു. യേശുവിന്റെ രഹസ്യനാമം കർത്താവ് എന്നാണെന്ന് നമുക്ക് പറഞ്ഞുതരുന്നു (1 കോറി 12:3). അവസാനമായി അമ്മമാർ ചെയ്യുന്നതുപോലെ നല്ലകാര്യങ്ങൾ ചോദിക്കത്തക്കവിധം പ്രാർത്ഥനയിൽ അരൂപി നമുക്ക് പരിശീലനം നൽകുന്നു (റോമാ 8:26).

ഹെബ്രായ വിശുദ്ധഗ്രന്ഥങ്ങളിൽ സ്ത്രൈണപരമായ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി അരൂപിയെക്കുറിച്ച് പറയുന്നുണ്ട്.

സൃഷ്ടിയുടെ ആരംഭത്തിൽ എല്ലാം ക്രമപ്പെടുന്നതിനുമുമ്പ് ഉണ്ടായിരുന്ന അവ്യവസ്ഥയിൽ വെള്ളത്തിനുമുകളിൽ വ്യാപരിച്ച അരൂപി വ്യാഖ്യാതാക്കളുടെ പഠനമനുസരിച്ച് ഏതു ജീവനും നേരിടുന്ന അടയിരിക്കലിന്റെ അവസ്ഥയെ സൂചിപ്പിക്കുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ വിജ്ഞാനസാഹിത്യത്തിൽ ജ്ഞാനം ഒരു സ്ത്രീയെപ്പോലെ സ്നേഹിക്കപ്പെടുന്നു (സിറ 14:20-27). ഭാര്യയും അമ്മയും എന്നവിധം ജ്ഞാനത്തെ അവതരിപ്പിക്കുന്നു (സിറ 15:22). ചിലപ്പോൾ അരൂപിയുമായി താദാത്മ്യം കല്പിക്കുന്നു (ജ്ഞാനം 9:17). ത്രിത്വത്തെക്കുറിച്ചുള്ള ചില ചിത്രീകരണങ്ങളിൽ പരിശുദ്ധാത്മാവിനെ പിതാവിന്റെയും പുത്രന്റെയും മധ്യത്തിൽ സ്ത്രീരൂപത്തിലാണ് അവതരിപ്പിച്ചിട്ടുള്ളത്. സിറിയൻ ക്രിസ്ത്യൻ പാരമ്പര്യത്തിലുള്ള സോളമന്റെ കീർത്തനത്തിൽ യേശുവിന്റെ ജ്ഞാനസ്നാന സമയത്ത് പ്രത്യക്ഷപ്പെട്ട പരിശുദ്ധാത്മാവിന്റെ പ്രതീകമായ പ്രാവിനെ അമ്മ എന്ന് അഭിസംബോധന ചെയ്യുന്നു. ചില സഭാപിതാക്കന്മാർ പരിശുദ്ധാത്മാവിനെ മനുഷ്യനായ യേശുവിന്റെ അമ്മ എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. കാരണം കന്യകാമറിയത്തിന്റെ ഉദരത്തിൽ യേശു അവതരിച്ചത് അരൂപിയുടെ കൃപകൊണ്ടും പ്രവർത്തനം കൊണ്ടുമാണ് (മത്താ 1:18). സിറിയയിലെ ഒരു വലിയ ദൈവശാസ്ത്രജ്ഞനായ മക്കാരിയൂസ് (334) ഇങ്ങനെ എഴുതിയിരിക്കുന്നു: അരൂപി നമ്മുടെ അമ്മയാണ്. എന്തെന്നാൽ ആശ്വാസപ്രദനായ പാറക് ലേത്ത, ഒരു അമ്മ കുഞ്ഞിനെ ആശ്വസിപ്പിക്കുന്നതുപോലെ നമ്മെ ആശ്വസിപ്പിക്കാൻ തയ്യാറാണ്. കാരണം അവനിൽ നിന്നാണല്ലോ വിശ്വാസികൾ പുനർജനിക്കുന്നത്. അതിനാൽ ഈ നിഗൂഢമാതാവിന്റെ മക്കളാണ് അവർ. ഈ മാതാവാണ് പരിശുദ്ധാത്മാവ്. തീർച്ചയായും സൃഷ്ടിയുടെ ആരംഭത്തിൽ അരൂപി സന്നിഹിതമായിരുന്നു. അതുപോലെ പുതിയ സൃഷ്ടിയിലും അവതരിച്ച പുത്രനെ ഗർഭംധരിക്കുവാൻ മറിയത്തെ സഹായിച്ചത് അവിടുന്നാണ്. ജ്ഞാനസ്നാന സമയത്ത് യേശുവിലേക്ക് ഇറങ്ങിവരികയും ദൗത്യത്തിന് യേശുവിനെ അയക്കുകയും ചെയ്തു. മരിച്ചവരിൽനിന്ന് അവനെ ഉയർപ്പിച്ചതും ഈ അരൂപിയാണ് (അപ്പ 13:33, റോമാ 1:4). അതുപോലെതന്നെ അപ്പസ്തോലന്മാരിലും അവിടുന്ന് ഇറങ്ങിവരുകയും പ്രേഷിതസഭയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു.

സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തിൽ യേശുവിന്റെ പുതിയ സഹോദരന്മാരെയും സഹോദരിമാരെയും അരൂപി ഒരു മാതാവിനെപ്പോലെ ഗർഭംധരിക്കുന്നു. വരങ്ങളിലൂടെയും

ശുശ്രൂഷകളിലൂടെയും ക്രിസ്തീയ സമൂഹങ്ങളെ ജീവൻകൊണ്ടു നിറയ്ക്കുകയും ചെയ്യുന്നു. വീണ്ടും പറഞ്ഞാൽ അരൂപിക്ക് പൗരുഷവും സ്ത്രൈണവുമായ മാനങ്ങളുണ്ട്. എന്നാൽ അവിടുന്ന് ലിംഗപരതക്കതീതമാണ്. സ്ത്രീകളിൽ നാം കാണുന്ന സ്ത്രൈണ മൂല്യങ്ങൾ - അവ പുരുഷന്മാരിലും സ്ത്രീകളിലുമുണ്ട് - അവയുടെ നിത്യമായ ഉറവിടം പരിശുദ്ധാത്മാവിലാണ് കണ്ടെത്തുന്നത്.

*നമ്മുടെ സംസ്കാരങ്ങൾ, പുരുഷന്റേത് എന്നു വിളിക്കുന്ന ശക്തി, ദൃഢനിശ്ചയം, അധ്വാനം തുടങ്ങിയ പുരുഷനിലും സ്ത്രീയിലും നിലനില്ക്കുന്ന മൂല്യങ്ങളിൽ ദൈവം നമ്മെ കണ്ടെത്തുന്നു. എന്നാൽ ആർദ്രത, രഹസ്യാവബോധം, പരിഗണന തുടങ്ങിയ പുരുഷനിലും സ്ത്രീയിലുമുള്ള സ്ത്രൈണ മൂല്യങ്ങളിലും ദൈവം നമ്മെ കണ്ടുമുട്ടുന്നുണ്ട്. നമ്മുടെയിടയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവ് മനുഷ്യാസ്തിത്വത്തിന്റെ ഈ വശത്തെ പ്രത്യേകം പരിഗണിക്കുന്നു.*

## പരിശുദ്ധാത്മാവിന്റെ ദൗത്യം - ഐക്യപ്പെടുത്തുക, നവസൃഷ്ടി നടത്തുക

ചരിത്രത്തിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ത്രിത്വത്തിലുള്ള പ്രവർത്തനത്തിന്റെ പ്രതിഫലനമാണ്. അവിടെ വ്യതിരിക്തരായവരുടെ (പിതാവും പുത്രനും) വൈവിധ്യത്തിന്റെയും ഐക്യത്തിന്റെയും തത്വമാണ് പരിശുദ്ധാത്മാവ്. അതിനാൽ ഓരോ ദൈവിക വ്യക്തിയും സ്നേഹവും കൂട്ടായ്മയുമാണെങ്കിലും പരമശ്രേഷ്ഠമായ രീതിയിൽ അരൂപി സ്നേഹവും കൂട്ടായ്മയുമാണ്.

ചരിത്രത്തിൽ എപ്പോഴൊക്കെ സ്നേഹത്തെ പടുത്തുയർത്തുന്ന ചാലകശക്തികളെ നാം കണ്ടുമുട്ടുന്നുവോ, എവിടെയൊക്കെ വ്യത്യസ്തതകളെ പൊരുത്തപ്പെടുത്തി സമന്വയത്തെ രൂപപ്പെടുത്തുന്നുവോ അവിടെയൊക്കെ പരിശുദ്ധാത്മാവിന്റെ അനിർവചനീയമായ പ്രവർത്തനത്തെ നമുക്ക് വിവേചിച്ചറിയാൻ കഴിയും. നവീനവും രൂപാന്തരപ്പെടുത്തുന്നതുമായ പ്രവർത്തനങ്ങളോട് അരൂപി ബന്ധപ്പെട്ടിരിക്കുന്നു. അരൂപിയുടെ പ്രവർത്തനം മാനുഷിക പ്രവർത്തനങ്ങളിലേക്ക് അന്തർവ്യാപനം ചെയ്ത് ത്രിത്വത്തിന്റെ പദ്ധതിയെ ആവിഷ്കരിക്കുന്നു. പ്രത്യേകിച്ചും പുതിയ ചക്രവാളങ്ങളെ സംഭാവന ചെയ്തവരും പുതിയ വീഥികൾ വെട്ടിത്തുറന്നവരുമായ ദിവ്യവ്യക്തികൾ പരിശുദ്ധാത്മാവിന്റെ ശക്തിയുടെ പ്രതിഫലനങ്ങളാണ്. വളരെ പ്രത്യേകമായി പാവപ്പെട്ടവർ മർദ്ദനത്തെ പ്രതിരോധിക്കുമ്പോൾ ജീവനും ഭക്ഷണവും സ്വാതന്ത്ര്യവും നേടിയെടുക്കുവാൻ അവർ സംഘടിക്കുമ്പോൾ

സംഘർഷങ്ങളുടെ മധ്യത്തിലും മറ്റുള്ളവരോട് ആർദ്രതയും വിശ്വാസവും നിലനിർത്തുമ്പോൾ പരിശുദ്ധാത്മാവിന്റെ ക്രയാത്മക ചരിത്രത്തിലെ കൂദാശകളായി അവർ മാറുകയാണ്.

നവീനവും മാറിവരുന്നതുമായ കാര്യങ്ങളോട് പരിശുദ്ധാത്മാവ് ബന്ധപ്പെട്ടിരിക്കുന്നു. നിയമങ്ങൾ, പതിവുകൾ, സ്ഥാപനങ്ങൾ എന്നിവയോട് എപ്പോഴും നമുക്ക് ഇടപെടേണ്ടിവരുന്നു. അവ നമുക്ക് സുരക്ഷിതത്വം നൽകുകയും ലക്ഷ്യം കാണിച്ചുതരികയും ചെയ്യുന്നു. എന്നാൽ മനുഷ്യാത്മാവ് എന്നും മുമ്പോട്ടും ഉന്നതങ്ങളിലേക്കും തുറവിയുള്ളതാണ്. തൃപ്തിപ്പെടുത്താനാവാത്തതാണ്. കാലഗതിയിൽ വ്യക്തിത്വ പ്രതിസന്ധി ഉണ്ടാകുന്നു. നമ്മുടെ ആകാശത്തിലെ നക്ഷത്രങ്ങൾ ഇരുണ്ടുപോകുന്നു. പുതിയ വഴികൾ ആവശ്യമാണെന്ന ബോധം സമൂഹങ്ങൾക്കുണ്ടാകുന്നു. വിപ്ലവം സംഭവിക്കുന്നു. അവ ആദരണീയമായ സ്ഥാപനങ്ങളെയും നടന്നു മുഷിഞ്ഞ വഴികളെയും പിന്നിൽ ഉപേക്ഷിക്കുന്നു. പുതിയ വഴികൾ തുറക്കപ്പെടുന്നു. പുതിയ ക്രമം സൃഷ്ടിക്കപ്പെടുന്നു. ഈ ഘടനാത്മക മാറ്റത്തിന്റെ വേദനാപൂർണ്ണമായ പ്രക്രിയയിൽ എപ്പോഴും പരിശുദ്ധാത്മാവിന്റെ സാന്നിധ്യമുണ്ട്. പുതിയ ആകാശവും പുതിയ ഭൂമിയും സമുദ്ഘാടനം ചെയ്യുന്നത് അരൂപിയാണ്. ദൈവത്തിന്റെ സർഗ്ഗാത്മക ഭാവനയാണ് പരിശുദ്ധാത്മാവ് എന്ന് നമുക്ക് ആലങ്കാരികമായി പറയാം. അരൂപി സഭയിൽ പ്രത്യേകവിധത്തിൽ പ്രവർത്തനനിരതനാണ്. കാരണം സഭ യേശുവിന്റെ അരൂപിയുടെ കൂദാശയാണ്. നിയമപരമായ അധികാര ഘടനയോടൊപ്പം അരൂപിയിൽനിന്നു വരുന്ന വരദാനങ്ങളുടെ അവസ്ഥയുമുണ്ട്. പരിശുദ്ധാത്മാവ് യേശുവിന്റെ സന്ദേശത്തെ സന്നിഹിതമാക്കുന്നു. സമൂഹത്തിൽ അധികാര പ്രമത്തത നിലനിർത്താനോ ആഘോഷങ്ങളുടെമേൽ അനിഷ്ഠാനങ്ങൾ ആധിപത്യം ചെലുത്തുവാനോ ക്രൈസ്തവദർശനം ഫോർമുലകളുടെ വിരസമായ ആവർത്തനത്തിലേക്കു വഴുതി വീഴാനോ പരിശുദ്ധാത്മാവ് അനുവദിക്കുന്നില്ല. അരൂപിയുടെ രക്ഷാകര ഫലദായകത്വം കൂദാശകളിൽ വ്യക്തമാണ്, പ്രത്യേകിച്ച് വി. കുർബ്ബാനയിൽ. നമ്മുടെ ജീവിതത്തെ ദൈവികമാക്കുന്ന കൃപയായി അരൂപി കടന്നുവരുന്നു. വി. കുർബ്ബാന സ്ഥാപിച്ച ക്രിസ്തുവിന്റെ വാക്കുകൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലാണ് ഫലംചൂടുന്നതും അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ ക്രിസ്തുവിന്റെ പവിത്രമായ മനുഷ്യത്വത്തെ നമ്മുടെ മധ്യത്തിലേക്കു കൊണ്ടുവരുന്നതും. വിദ്യാഭ്യാസം, കൃഷി, രാഷ്ട്രീയം, മതം എന്നീ രംഗങ്ങളിലെല്ലാം നവീനമായ

ആശയങ്ങൾ ഉള്ളവരും പുതിയ താളക്രമങ്ങൾ കണ്ടുപിടിച്ചവരും പുതിയ വഴികൾ തുറന്നുതന്നവരുമായ സർഗ്ഗാത്മക മനുഷ്യർ - പൊതു സംരംഭകർ - ഉയർന്നുവന്നിരുന്നില്ലെങ്കിൽ സഭകളുടെയും സമൂഹത്തിന്റെയും അവസ്ഥ എന്താകുമായിരുന്നു? സാമൂഹിക ഘടനയുടെ ഈ തിരിവുകളിലൂടെയും മടക്കുകളിലൂടെയുമാണ് ജീവന്റെ സൃഷ്ടാവും സംദായകനുമായ പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെടുന്നത്.

## പരിശുദ്ധാത്മാവും മറിയവും തമ്മിലുള്ള ബന്ധം

എല്ലാ സൃഷ്ടികളെയും വിശുദ്ധീകരിക്കുവാനും ത്രിത്വത്തിന്റെ അങ്കതലത്തിലേക്ക് പുനരാനയിക്കുവാനുമാണ് പുത്രനോടുകൂടെ പരിശുദ്ധാത്മാവ് ഭൂമിയിലേക്ക് അയക്കപ്പെട്ടത്. പരിശുദ്ധാത്മാവിന്റെ ആഗമനത്തെ ആരാണ് സ്വാഗതം ചെയ്തത്? പരിശുദ്ധാത്മാവ് സമ്പൂർണ്ണ സ്വയംദാനമായി ആരുടെ പക്കലേക്കാണ് വന്നത്? ഇന്നുവരെ ദൈവശാസ്ത്ര വിചിന്തനങ്ങൾ ഇക്കാര്യത്തെക്കുറിച്ച് പൂർണ്ണമായും കൃത്യതയിലെത്തിയിട്ടില്ല. എല്ലാ പാവപ്പെട്ടവരുടെയും ജീവിത്തതിൽ പരിശുദ്ധാത്മാവ് ഉണ്ടെന്നു നമുക്കറിയാം. ചരിത്രത്തിലെ എല്ലാ നീതിമാന്മാരോടുമൊപ്പം അവിടുന്നുണ്ട്. വിശ്വാസികളുടെ സമൂഹത്തിൽ അവിടുന്ന് പ്രത്യേകവിധം സന്നിഹിതനാണ്. കൂദാശകളിൽ അവിടുന്ന് പ്രവർത്തിക്കുന്നു. എല്ലാ വിശ്വാസികളെയും കടപ്പെടുത്തുന്ന വിശ്വാസസത്യങ്ങൾ മാർപാപ്പ പ്രഖ്യാപിക്കുമ്പോൾ അപ്രമാധിത്വപരമായ സഹായം അവിടുന്ന് നൽകുന്നു. എന്നാൽ പുത്രന്റെ കാര്യത്തിലെന്നതു പോലെ അരൂപിയുടെ വ്യക്തിപരമായ സാന്നിധ്യത്തെ കാലത്തിലടയാളപ്പെടുത്തുന്ന അവസ്ഥ നമുക്ക് വ്യക്തമാക്കാനാവില്ലല്ലോ? യേശുവിന്റെ പവിത്രമായ മനുഷ്യത്വത്താൽ പുത്രൻ സ്വീകരിക്കപ്പെട്ടു. മനുഷ്യാവതാര രഹസ്യത്തിന്റെ സാരാംശമിതാണ്. ദൈവത്തിന്റെ പുത്രനും ശരീരത്തിൽ നമ്മുടെ സഹോദരനുമായ നസ്രത്തിലെ യേശുവിൽ മാനുഷിക യാഥാർത്ഥ്യവും ദൈവിക യാഥാർത്ഥ്യവും സംശയങ്ങൾക്കതീതമായി വിഭിന്നതയില്ലാതെ ഒന്നുചേരുന്ന കൂട്ടായ്മ. പരിശുദ്ധാത്മാവിനെ സംബന്ധിച്ച് ഇത്തരത്തിലുള്ള ഒരവസ്ഥ നമുക്ക് കണ്ടെത്താനാകുമോ? മറ്റു വിശ്വാസസത്യങ്ങൾക്കു ഭംഗംവരാത്ത രീതിയിലും പരിശുദ്ധ ത്രിത്വത്തിലുള്ള നമ്മുടെ സ്നേഹത്തിന്റെ ജ്ഞാനത്തെ വർദ്ദമാനമാക്കുന്ന വിധത്തിലും ഒരു ദൈവശാസ്ത്ര സങ്കല്പം ആദരപൂർവ്വം വികസിപ്പിച്ചെടുക്കുവാൻ തീർച്ചയായും ക്രൈസ്തവർക്ക് സാധിക്കും. ഇത് മതബോധന ക്ലാസ്സുകളിൽ പഠിപ്പിക്കേണ്ട ആധികാരിക സത്യമല്ല. നമ്മെ വെല്ലുവിളിക്കുകയും കൂടുതൽ

അഗാധതയിലേക്ക് ഇറങ്ങിച്ചെല്ലുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ദൈവരഹസ്യങ്ങളെ ഭക്തിയോടെയും ആദരവോടെയും മനസ്സിലാക്കാനുള്ള പരിശ്രമം മാത്രമാണ്. അങ്ങനെയൊരു ദൈവശാസ്ത്ര സങ്കല്പത്തെ ഇവിടെ അവതരിപ്പിക്കുകയാണ്.

വി. ലൂക്കായുടെ സുവിശേഷത്തിൽ മറിയത്തെക്കുറിച്ച് പ്രകാശപൂർണ്ണമായ വചനങ്ങൾ ഇപ്രകാരം പറയുന്നു: പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. അതിനാൽ ജനിക്കാൻ പോകുന്നു ശിശു ദൈവത്തിന്റെ പുത്രനെന്നു വിളിക്കപ്പെടും (1:35). അരൂപി മറിയത്തിനുമേൽ എഴുന്നള്ളി വരുമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ സംഭവിക്കുകയും ചെയ്തു. ആവസിക്കും എന്ന പദം, അരൂപി തന്റെ കൂടാരം മറിയത്തിൽ സ്ഥാപിക്കും എന്ന അർത്ഥത്തിലാണ് ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത്. അരൂപിയുടെ സ്പഷ്ടമായ സാന്നിധ്യം അവിടെയുണ്ട് എന്നാണ് ധ്വനി (പുറ 40:34–35). രണ്ടാം വത്തിക്കാൻ സൂനഹദോസ് മറിയത്തെ പരിശുദ്ധാത്മാവിന്റെ കൂദാശ (ജനതകളുടെ പ്രകാശം 35) എന്നാണ് വിളിക്കുന്നത്. അരൂപിയുടെ സാന്നിധ്യമാണ് മറിയത്തെ മാതാവാക്കിത്തീർക്കുന്നത്. അത് അവളുടെ മാനുഷിക മാതൃത്വത്തെ ദൈവിക മാതൃത്വമാക്കി രൂപാന്തരപ്പെടുത്തുന്നു. അതിനാലാണ് അവളിൽനിന്നു ജനിച്ചവൻ ദൈവപുത്രനായിരിക്കുന്നത്. സൂനഹദോസ് പറയുന്നു: ഒരു പുതിയ സൃഷ്ടിയും പുതിയ സത്തയുമാകതക്കവിധം പരിശുദ്ധാത്മാവ് മറിയത്തെ രൂപപ്പെടുത്തി എന്ന പ്രയോഗം പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ വ്യക്തിയുമായുള്ള അഭേദ്യബന്ധത്തെ ഉൾക്കൊള്ളുന്നതുമാണ്.

ഇവിടെ സ്ത്രീയുടെ മഹത്വം അതിന്റെ പരമോന്നതിയിൽ എത്തിനിൽക്കുന്നു. പുരുഷന്റെ ശ്രേഷ്ഠത യേശുവിൽ എങ്ങനെയായിരിക്കുന്നുവോ അതുപോലെയാണിത്. സ്ത്രീയും പുരുഷനും പരിശുദ്ധ ത്രിത്വത്തിന്റെ, ദൈവത്തിന്റെ ഛായയും സാദൃശ്യവുമാണ് (ഉൽപ 1:17). രണ്ടുകൂട്ടരും അവരവരുടേതായ രീതിയിൽ യാഥാർത്ഥ്യമായും സത്യമായും ദൈവത്വത്തിൽ പങ്കുചേരുന്നു.

**ലെയനാർഡോ ബോഫ് (*Holy Trinity: Perfect Community*)**
**(പരിഭാഷ: ഫാ. ജിയോ പുളിക്കൽ)**

# 11

## ത്രിത്വാത്മകതയും ആധ്യാത്മികതയും പൗരസ്ത്യ ദൈവശാസ്ത്ര വീക്ഷണത്തിൽ

ത്രിത്വം, ആധ്യാത്മികത എന്നീ രണ്ടു യാഥാർത്ഥ്യങ്ങളും, അവ തമ്മിലുള്ള പരസ്പര ബന്ധവും ക്രൈസ്തവ ലോകത്ത് പലപ്പോഴും വളരെ വികലമായ രീതിയിലാണ് മനസ്സിലാക്കപ്പെട്ടുപോന്നിട്ടുള്ളത്, പൗരസ്ത്യ ദൈവശാസ്ത്ര ആഭിമുഖ്യങ്ങളുടെ വെളിച്ചത്തിൽ മേൽപറഞ്ഞ രണ്ടു കാര്യങ്ങളും തമ്മിലുള്ള ബന്ധം ആവിഷ്ക്കരിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. ആദ്യമായി ദൈവം ത്രിത്വമാണ് എന്ന കാഴ്ചപ്പാട് നമുക്കെങ്ങിനെ സ്വന്തമാക്കാം എന്നു പരിശോധിക്കാം പിന്നീട് ത്രിത്വാധിഷ്ഠിതമായ ആധ്യാത്മികതയെക്കുറിച്ചും പൗരസ്ത്യ ആധ്യാത്മികതയുടെ ത്രിത്വാധിഷ്ഠിത സ്വഭാവത്തെക്കുറിച്ചും ചിന്തിക്കാം.

### ത്രിത്വാത്മകത

ദൈവശാസ്ത്രത്തിന്റെ അടിത്തറയും അടിസ്ഥാനവുമാണ് ത്രിത്വസംഹിത. ത്രിത്വം എന്നു പറയുമ്പോൾ ത്രിത്വരഹസ്യം തന്നെയാണ് പ്രധാനമായും നാം അർത്ഥമാക്കുന്നത്. എല്ലാ ക്രൈസ്തവ സഭകളുടെയും ആരാധനഗ്രന്ഥങ്ങളിലാണ് ഏറ്റവും കൂടുതലായി

ത്രിത്വാത്മകചിന്തകൾ നാം കണ്ടുമുട്ടുന്നത്. ക്രൈസ്തവ ആരാധന തന്നെയാണ് ക്രൈസ്തവ ആധ്യാത്മികതയുടെ മാനദണ്ഡം. ദൈവശാസ്ത്രത്തിന്റെ ആരംഭവും അന്ത്യവും ത്രിത്വമാണെന്നു പറയുന്നതിൽ തെറ്റില്ല. സഭാജീവിതം മുഴുവൻ തന്നെയും വേരൂന്നിനില്ക്കുന്ന മൗലിക ശിലയാണ് ത്രിത്വം. തന്മൂലം ദൈവശാസ്ത്രവിഷയങ്ങളോടുള്ള ഒരു സഭാത്മക സമീപനം എന്നുപറയുമ്പോൾ അടിസ്ഥാനപരമായും ത്രിത്വാത്മകദർശനം തന്നെയാണ് അർത്ഥമാക്കുന്നത്.

ക്രിസ്തീയതയുടെ ഏറ്റവും ആധികാരികമായ അടയാളമാണ് ത്രിത്വത്തിലുള്ള വിശ്വാസം. മറ്റു മതങ്ങളിൽനിന്ന് മിശിഹായുടെ അനുയായികളെ വ്യതിരിക്തമാക്കുന്ന ഘടകവും ഇതുതന്നെ. തന്മൂലം ഈ ത്രിത്വാത്മക വിശ്വാസത്തിന്റെ വിവിധ വശങ്ങളെ ആവിഷ്ക്കരിക്കുകയും അവ തമ്മിലുള്ള ബന്ധം വെളിച്ചത്തുകൊണ്ടുവരുകയും ചെയ്യുക എന്നതാണ് ദൈവശാസ്ത്രത്തിന്റെ കാതൽ. പൗരസ്ത്യസഭാപിതാവായ മാർ അത്തനേഷ്യസ് പറയുന്നു. ദൈവശാസ്ത്രം എന്നു പറയുന്നത് ത്രിത്വത്തെക്കുറിച്ചുള്ള ധ്യാനമാണ്. ത്രിത്വത്തിൽ ദൈവശാസ്ത്രം പരിപൂർണ്ണമത്രേ.

ത്രിത്വചിന്തകൾ വഴിതെറ്റാതെയിരിക്കണമെങ്കിൽ ദൈവശാസ്ത്രത്തിന്റെ ഉറവിടങ്ങളിലേക്കു നാം തിരിയണം. പ്രധാനമായും വി. ഗ്രന്ഥം ആരാധനാക്രമഗ്രന്ഥങ്ങൾ, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ എന്നിവയൊക്കെയാണ് അവ. ഉറവിടങ്ങളോടു ബന്ധമില്ലാതെ ബൗദ്ധിക പ്രാധാനം മാത്രമായ ത്രിത്വചിന്തകൾ ജീവിതത്തോട് ബന്ധമുള്ളതായിരിക്കുകയില്ല. ഈ വിഷയത്തെക്കുറിച്ചുള്ള ദൈവശാസ്ത്രചിന്തകളിൽ വന്നിട്ടുള്ള പരാജയവും മറ്റൊന്നല്ല. വി. ഗ്രന്ഥത്തിലും ആരാധനാക്രമങ്ങളിലധിഷ്ഠിതമായ ഒരു ആധ്യാത്മികതയിലൂടെയാണ് ജീവിക്കുന്ന ദൈവത്തെക്കുറിച്ചുള്ള സജീവസ്മരണ നിലനിർത്തേണ്ടത്. ഈ സ്മരണതന്നെയാണ് ക്രിസ്തീയ ആധ്യാത്മികത. ക്രൈസ്തവികതയെ അതാക്കിത്തീർക്കുന്ന സർവ്വപ്രധാനമായ കാര്യവും ഈ ആധ്യാത്മികത തന്നെയാണ്.

ക്രൈസ്തവ ദൈവശാസ്ത്ര സമീപനങ്ങളിലെല്ലാം ത്രിത്വചിന്ത നിറഞ്ഞു നില്ക്കേണ്ടതാണ്. ത്രിത്വത്തിലധിഷ്ഠിതമല്ലാത്ത ഒരു ദൈവശാസ്ത്ര സമീപനം പുതിയ നിയമത്തിന് ചേർന്നതല്ല. തന്മൂലം അത് ക്രൈസ്തവികവുമല്ല. മിശിഹാവിജ്ഞാനീയ (Christology) പഠനങ്ങളിലും മറ്റും അപാകതകൾ കടന്നുകൂടിയത് മിശിഹായെ ത്രിത്വകേന്ദ്രീകൃതമായ രീതിയിൽ മനസ്സിലാക്കുകയും പഠിപ്പിക്കുകയും ചെയ്യാത്തതുമൂലമാണ്. അതിന്റെ ഫലമായി പല

ദൈവശാസ്ത്ര വ്യതിചലനങ്ങൾതന്നെ ഉടലെടുത്തു. ത്രിത്വത്തെ ക്ലാസ്സുമുറികളിൽവച്ച് പഠിച്ചു തീർക്കേണ്ട ഒരു വിഷയമായിട്ടല്ല പരിഗണിക്കേണ്ടത്. എല്ലാ ദൈവശാസ്ത്ര വിചിന്തനകൾക്കും സമീപനരീതികൾക്കും ഒരു ദിശാബോധം നല്കേണ്ട മൗലിക പ്രമാണമാണിത്. ഒരു ഭാഷ പഠിക്കുമ്പോൾ അതിന്റെ വ്യാകരണത്തിനുള്ള ദൗത്യമാണ് ദൈവശാസ്ത്രത്തിൽ ത്രിത്വചിന്തയ്ക്കുള്ളത്. ദൈവശാസ്ത്രത്തിന്റെ ഗ്രാമറാണ് ത്രിത്വം. ദൈവത്തെക്കുറിച്ചും ദൈവികയാഥാർത്ഥ്യങ്ങളെക്കുറിച്ചും നമ്മൾ പറയുന്ന കാര്യം തെറ്റിപ്പോകാതിരിക്കണമെങ്കിൽ ത്രിത്വാത്മകരീതി (trinitarian pattern) നാം സ്വീകരിക്കണം. ഈ രീതി പുതിയ നിയമത്തിലെ വെളിപാടിൽ അധിഷ്ഠിതമത്രേ. ഗ്രാമറിന് നിർണ്ണായകമായ ദൗത്യമാണുള്ളതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഗ്രാമറില്ലാതെ സംസാരിക്കുന്നതും, എഴുതുന്നതും ശരിയല്ല. പക്ഷേ ദൈവശാസ്ത്രലോകത്ത് ഇത് രണ്ടും നടന്നു കഴിഞ്ഞു എന്നത് വാസ്തവമാണ്. അതായത് പുതിയ നിയമത്തിലെ പുതിയ ദൈവദർശനം ഉൾക്കൊള്ളാത്ത ധാരാളം ദൈവശാസ്ത്രഗ്രന്ഥങ്ങൾ ക്രൈസ്തവലോകത്ത് വന്നു കഴിഞ്ഞു എന്നു സാരം. ദൈവം ത്രിത്വമാണ് (God is consubstantial Trinity) എന്ന മൗലികസത്യം പലരും വേണ്ടവിധം ഗ്രഹിക്കുന്നില്ല. ഗ്രഹിക്കാൻ പരിശ്രമിക്കുന്നവർ തന്നെയും കേവലം തത്ത്വശാസ്ത്രാധിഷ്ഠിതമായ ചില ശൈലികളിൽ കൂടി മാത്രമാണുതാനും. അങ്ങനെ ത്രിത്വം സാധാരണ മനുഷ്യന് എത്തിപ്പിടിക്കാൻ സാധിക്കാത്ത ഒരു കാര്യമായിട്ടു നില്ക്കുന്നു. അടിസ്ഥാനകാര്യം മാറ്റിവച്ചുകൊണ്ട് 'രണ്ടാം കിട വിഷയങ്ങളെക്കുറിച്ചാണ് പലപ്പോഴും പഠനങ്ങൾ വന്നുകൊണ്ടിരിക്കുന്നത്.

ദൈവശാസ്ത്രലോകത്ത് അത്ഭുതകരമായവിധം വർദ്ധിച്ചുകൊണ്ടിരിക്കുന്ന "Specialization" (വിശേഷീകരണം) സമ്പ്രദായവും ചിലപ്പോഴെങ്കിലും ദൈവശാസ്ത്രത്തെക്കുറിച്ചുള്ള ഒരു സമഗ്രവീക്ഷണം സ്വന്തമാക്കുന്നതിൽനിന്നുള്ള പിന്തിരിയലിനു കാരണമാകാറുണ്ട്. അതിന്റെ കൂട്ടത്തിൽ 'എനിക്ക് ഞാൻ പഠിച്ച വിഷയം മാത്രമേ അറിയാവൂ, മറ്റൊന്നും എന്നോട് ചോദിക്കേണ്ട' എന്നൊരു മനോഭാവവും. ദൈവശാസ്ത്രം വിശ്വാസത്തിന്റെ വിഷയമാണല്ലോ. തന്മൂലം മേല്പറഞ്ഞ രീതിയിലുള്ള ഒരു സമീപനം ആരോഗ്യകരമായ ഒന്നല്ല. വ്യാകരണം അറിയാൻ പാടില്ലാതെ നില്ക്കുന്ന അവസ്ഥ തന്നെയാണിത്. കാരണം ത്രിത്വാത്മകത്തിൽ ഇപ്രകാരമൊരു സമീപനം ശരിയല്ല എന്നതുതന്നെ. ത്രിത്വാത്മക സമീപനം എന്നത് ദൈവശാസ്ത്രത്തിൽ എന്നും ഒരു സർഗ്ഗാത്മക ശക്തിയായിട്ട് നില്ക്കേണ്ടതാണ്. മറ്റു ദൈവശാസ്ത്രശാഖകളെയും

അതിലുള്ള ദൈവശാസ്ത്ര സമീപനങ്ങളെയും ഒക്കെ വിലയിരു ത്തേണ്ട സമീപനരീതി കൂടിയായിട്ട് ഇത് മാറണം. ചുരു ക്കിപ്പറഞ്ഞാൽ ദൈവശാസ്ത്രത്തിന്റെ സിരാകേന്ദ്രമാണിത്. കാഴ്ച പ്പാടുകളും ദർശനങ്ങളും സമീപനരീതികളും എല്ലാം ജനിക്കേണ്ടത് ഇവിടെനിന്നാണ്.

ഇന്ന് വി.ഗ്രന്ഥവും ദൈവശാസ്ത്രവും തമ്മിൽ ഒരു അകൽച്ച യുണ്ട് എന്നതു സത്യമാണ്. എനിക്കു ബൈബിൾ പഠിക്കാൻ ഇഷ്ട മാണ്; പക്ഷേ ദൈവശാസ്ത്രം ഇഷ്ടമില്ല എന്നു പറയാൻ തക്ക വിധം ഇവ തമ്മിൽ അകന്നിട്ടുണ്ട്. അതുതന്നെയാണ് ഇന്ന് ദൈവ ശാസ്ത്രത്തിൽ അനുഭവപ്പെടുന്ന അരാജകത്വവും. ഉറവിടങ്ങളിൽ അധിഷ്ഠിതമല്ലാത്ത, കേവലം താത്ത്വികസ്വഭാവം മാത്രം ഉൾക്കൊ ള്ളുന്ന ദൈവശാസ്ത്രരീതികൾ പലതും ഉടലെടുത്തുകൊണ്ടും വി, ഗ്രന്ഥത്തെ സഭയുടെ വിശ്വാസപാരമ്പര്യങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കാതിരുന്നതുകൊണ്ടുമാണ് ഇപ്രകാരമൊരു അവസ്ഥ വന്നു ചേർന്നത്. വിശുദ്ധ ഗ്രന്ഥത്തിനുള്ള വ്യാഖ്യാനമാണ് ദൈവ ശാസ്ത്രം എന്ന് പലരും മനസ്സിലാക്കുന്നില്ല എന്നു സാരം.

ദൈവശാസ്ത്രവിഷയങ്ങളുടെയെല്ലാം പഠനംവഴി പുതിയ നിയമത്തിലെ ദൈവത്തെക്കുറിച്ചു നമുക്ക് കിട്ടേണ്ട ഉൾക്കാഴ്ച യാണ് ത്രിത്വ സമീപനം എന്നുപറയുന്നത്. സുവിശേഷാധിഷ്ഠിത മായ ഒരു സമീപനമാണ് ത്രിത്വസമീപനം. ദൈവശാസ്ത്രത്തിൽ എന്നും അടിസ്ഥാനപരമായി കൈകാര്യം ചെയ്യപ്പെടേണ്ട വിഷയ മാണിത്. ഇതു മനസ്സിലാക്കാതെ പലപ്പോഴും ദൈവശാസ്ത്രസം ഭാഷണവേദികളിൽപോലും ത്രിത്വാത്മക പ്രശ്നം എന്നു പറയാറു ണ്ട്. ദൈവത്തെ ഒരു പ്രശ്നമായിട്ട് കാണുകയും ആ പ്രശ്നത്തെ പരിഹരിക്കേണ്ടത് മനുഷ്യനാണെന്നു സ്ഥാപിക്കുകയും ചെയ്യുന്ന ദൈവശാസ്ത്രം എത്രയോ വികലമായ ഒന്നാണ്! ത്രിത്വം നമ്മെ സംബന്ധിച്ചിടത്തോളം ഒരു താർക്കിക രഹസ്യമല്ല, പ്രത്യുത രക്ഷാ കര രഹസ്യമാണ്. ദൈവാനുഭവത്തിന്റെ തലത്തിലാണ് പരി. ത്രിത്വത്തെ നമ്മൾ കാണേണ്ടത്. തന്റെ പുത്രനിലൂടെയും റൂഹാ യിലൂടെയും സ്വയം വെളിപ്പെടുത്തുകയും ദാനം ചെയ്യുകയും ചെയ്യുന്ന പിതാവിനെക്കുറിച്ചുള്ള ചിന്തയാണ് വാസ്തവത്തിൽ ത്രിത്വവിജ്ഞാനീയം. മദ്ധ്യകാലഘട്ടത്തിൽ ത്രിത്വത്തെക്കുറിച്ചുള്ള ഈ സമീപനവും, ത്രിത്വത്തിന് ദൈവശാസ്ത്രത്തിലുള്ള കേന്ദ്ര സ്ഥാനവും നഷ്ടപ്പെട്ടു. ആധികാരികമായ ത്രിത്വചിന്തകളുടെ ന്യൂന തമാവസ്ഥ അനുഭവപ്പെട്ടിരുന്ന കാലഘട്ടമായിരുന്നു അത്.

എന്നാൽ ആധുനികകാലത്ത് ഈ അവസ്ഥയ്ക്ക് കുറെയൊക്ക

മാറ്റങ്ങൾ വന്നിട്ടുണ്ട്. മനുഷ്യനോടുള്ള ദൈവത്തിന്റെ സാമീപ്യമാണ് ത്രിത്വവിജ്ഞാനീയത്തിന്റെ കാതൽ എന്നൊരു ചിന്ത വ്യാപകമായിട്ടുണ്ട്. വി.ഗ്രന്ഥത്തിലെ ദൈവത്തെക്കുറിച്ചുള്ള ചിന്ത തന്നെയാണിത്. ശരിക്കും ത്രിത്വോന്മുഖമല്ലാത്ത ദൈവശാസ്ത്രം ക്രിസ്തീയമല്ല; ശരിക്കും ക്രിസ്തീയമല്ലാത്ത ദൈവശാസ്ത്രം ആത്മീയതയ്ക്ക് ഉപകരിക്കുന്നതുമല്ല.

ത്രിത്വസംഹിത എന്നത് സ്വയം വെളിപ്പെടുത്തുന്ന ദൈവം മിശിഹായിലൂടെയും അരൂപിയിലൂടെയും മനുഷ്യനോട് ബന്ധപ്പെടുന്ന രീതിയാണല്ലോ. ഈ അർത്ഥത്തിൽ അതിൽതന്നെ വളരെയധികം പ്രായോഗികമായ ഒരു ദൈവവിജ്ഞാനീയമാണിത്. ത്രിത്വസംഹിത ദൈവശാസ്ത്രം മുഴുവൻ ഉൾക്കൊള്ളുന്നു എന്നു പറയുന്നതിലും തെറ്റില്ല. അതിനാൽ ദൈവത്തിന്റെ ആന്തരിക അവസ്ഥയെക്കുറിച്ചുള്ള മനുഷ്യമനസ്സിന്റെ നിഗമനങ്ങളാണ് ത്രിത്വവിജ്ഞാനീയം എന്ന പാശ്ചാത്യചിന്തയിൽനിന്നു നാം പുറത്തുവരേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ, ക്രൈസ്തവികതയെക്കുറിച്ചു പറയുവാനുള്ള പ്രായോഗിക മാർഗമാണ് ത്രിത്വസംഹിത. സഭയെ സഭയാക്കിത്തീർക്കുന്ന ആരാധനക്രമങ്ങളിലത്രേ ഈ ത്രിത്വചിന്ത ഉറഞ്ഞുകൂടിയിരിക്കുന്നത്.

ദൈവികജീവൻ ദൈവത്തോടു മാത്രം ബന്ധപ്പെട്ടതല്ല. അത് നമ്മുടെയുംകൂടെ ജീവനാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. തന്മൂലം ത്രിത്വവിജ്ഞാനീയം എന്നുപറയുന്നത് നമ്മിലുള്ള ദൈവികജീവനും നമ്മോടൊത്തുള്ള ദൈവവും ഉൾക്കൊള്ളുന്നതാണ്. മനുഷ്യർ തമ്മിൽതമ്മിലുള്ള ബന്ധങ്ങളുടെയും അടിസ്ഥാനം ഇതുതന്നെ. മനുഷ്യനെന്ന രഹസ്യവും ഈ ത്രിത്വാത്മകരഹസ്യത്തിന്റെ വെളിച്ചത്തിലാണ് നാം മനസ്സിലാക്കേണ്ടത്.

ക്രൈസ്തവ ദൈവശാസ്ത്രം രക്ഷാകരപദ്ധതിയിൽ വേരൂന്നി നില്ക്കുന്ന ഒന്നാണ്. നമ്മുടെ വിശ്വാസം ഈ രക്ഷാകര പദ്ധതിയിൽനിന്നാണ് വരുന്നത്. രക്ഷാകരപദ്ധതിക്ക് മൂന്ന് ദിശകളുണ്ട്. -ദൈവോന്മുഖം, മിശിഹോന്മുഖം, റൂഹോന്മുഖം. തന്മൂലം ക്രൈസ്തവികതയുടെ ആദ്യകാലശാസ്ത്രജ്ഞന്മാരുടെ പരിശ്രമങ്ങളെല്ലാം ഈ രക്ഷാകരപദ്ധതിയെ വിശദീകരിക്കുക എന്നതായിരുന്നു. കപ്പദോച്ചിയൻ പിതാക്കന്മാരും, സുറിയാനി പിതാക്കന്മാരും ഇതിന്റെ സാക്ഷികളത്രേ. എന്നാൽ സഭാപിതാക്കന്മാരുടെ കാലഘട്ടത്തിൽതന്നെ ഇക്കോണമി (പരിത്രാണന സംവിധാനം അഥവാ രക്ഷാപദ്ധതി) കേന്ദ്രിതമായ വീക്ഷണത്തിൽനിന്ന് ദൈവത്തിന്റെ

സത്തയെക്കുറിച്ച് സംസാരിക്കുന്ന താത്വിക -ദാർശനികഭാവങ്ങൾ ഉൾക്കൊള്ളുന്ന മാറ്റം വേണ്ടിവന്നു. മിശിഹായുടെ ദൈവമനുഷ്യ സ്വഭാവങ്ങളെക്കുറിച്ചുള്ള തർക്കവിതർക്കങ്ങൾക്കുള്ളിലാണ് ഇപ്ര കാരമൊരു മാറ്റം അനിവാര്യമായിത്തീർന്നത്. രക്ഷാകരപദ്ധതി കേന്ദ്രിതമായ ഒരു ത്രിത്വശാസ്ത്രത്തിൽ ത്രിത്വത്തിലെ മൂന്നു വ്യക്തികൾക്കു പ്രാധാന്യം കൊടുക്കുകയും രക്ഷാകരപദ്ധതിയിൽ ഈ ദൈവികവ്യക്തികളുടെ പ്രവർത്തനം വ്യക്തമാക്കുകയും ചെയ്തിരുന്നു. എന്നാൽ മുകളിൽ പറഞ്ഞ പശ്ചാത്തലത്തിന്റെ വെളി ച്ചത്തിൽ വ്യക്തികളുടെ വ്യതിരിക്തതയെക്കാൾ അവരുടെ തുല്യ തയ്ക്ക് പ്രാധാന്യം നല്കേണ്ട അവസ്ഥ വന്നുചേർന്നു. അതായ ത്, പിതാവും, പുത്രനും, റൂഹായും സത്തയിൽ സമന്മാരാണെന്ന കാര്യത്തെ മാത്രം കേന്ദ്രീകരിച്ചു കൊണ്ടായി പിന്നീടുള്ള ത്രിത്വ വിജ്ഞാനീയം. ഫ്ളോറൻസ് കൗൺസിൽ കൊണ്ടുവന്ന പെരിക്കൊ റെസ്സിസ് എന്ന സിദ്ധാന്തവും ഈ രീതിയിൽ ഉള്ളതാണ്. പിതാവ് പൂർണ്ണമായും നിത്യമായും പുത്രനിലും റൂഹായിലും, പുത്രൻ പൂർണ്ണമായും നിത്യമായും പിതാവിലും റൂഹായിലും, റൂഹാ പൂർണ്ണമായും നിത്യമായും പിതാവിലും പുത്രനിലും സ്ഥിതിചെ യ്യുന്നു എന്നതാണ് പെരിക്കോറെസ്സിസ് എന്ന സിദ്ധാന്തം. ദൈവ ത്തിലെ മൂന്ന് വ്യക്തികൾക്ക് പ്രാധാന്യം നല്കിക്കൊണ്ട് രക്ഷാക രപദ്ധതിയിൽ കേന്ദ്രിതമായ സമീപനം ക്രമേണ മങ്ങിത്തുടങ്ങി. ഇക്കോണമിയലധിഷ്ഠിതമായ സമീപനമാണ് പൗരസ്ത്യർ എന്നും നടത്തിയതും ഇന്നും പ്രാവർത്തികമാകാൻ ആഗ്രഹിക്കുന്നതും. ദൈവത്തിന്റെ സത്തയ്ക്ക് മുൻഗണന നല്കുന്ന സമീപനരീതി വന്ന പ്പോൾ അത് വെളിപാടിന്റെ ഉറവിടങ്ങളിൽനിന്ന് അകന്നുപോവു കയും ബൗദ്ധികപ്രാധാന്യം മാത്രമുള്ളതായിത്തീരുകയും ചെയ്തു. ദൈവശാസ്ത്ര സംഹിതകൾ അതിന്റെ ഫലമായി ഉടലെടുത്തു.

വി.ആഗസ്തീനോസിന്റെ ദൈവശാസ്ത്രരീതികൾ പാശ്ചാത്യ ലോകത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ദൈവ ത്തിന്റെ ആന്തരികജീവൻ എന്ന ആശയത്തിലാണ് അദ്ദേഹത്തിന്റെ ശൈലി അടങ്ങിയിരിക്കുന്നത്. അതായത് പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും പരസ്പരമുള്ള ബന്ധത്തിന്, മനുഷ്യവ്യ ക്തിയുടെ മനശാസ്ത്രത്തിൽനിന്നും രൂപീകൃതമായ പ്രതീകങ്ങളെ ആധാരമാക്കിയാണ് ആഗസ്തീനോസ് തന്റെ ത്രിത്വവിജ്ഞാനീയം രൂപീകരിച്ചത്. അതായത് ബുദ്ധി, മനസ്സ്, ഓർമ്മ എന്ന രീതിയിൽ ത്രിത്വത്തിന്റെ ഒരു കണ്ണാടിയായിട്ടാണ് ഓരോ മനുഷ്യവ്യക്തി യെയും അദ്ദേഹം കണ്ടത്. ഇതിൽനിന്ന് അദ്ദേഹം, ഒരുവനെ അവൻതന്നെ അറിയുമ്പോൾ അവൻ ദൈവത്തെത്തന്നെയാണ് അറി

യുന്നത് എന്ന നിഗമനത്തിലെത്തി. ദൈവശാസ്ത്രത്തിന്റെ മനസാസ്ത്രപരവും മനുഷ്യശാസ്ത്രപരവുമായ വശങ്ങളിലേക്ക് ഒരു പരിധിവരെ ഇറങ്ങിച്ചെല്ലാൻ ഈ സമീപനം സഹായിക്കുകയും ചെയ്തു.

പിതാക്കന്മാരുടെ കാലഘട്ടത്തിലുണ്ടയാിരുന്ന ദൈവശാസ്ത്രത്തിന്റെ ആഴങ്ങൾ പലതും ഇന്ന് നഷ്ടപ്പെട്ടുകഴിഞ്ഞു. ഏതാനും ചില ഉദാഹരണങ്ങളിൽനിന്ന് അത് വ്യക്തമാക്കാം. ആദിമകാലത്തൊക്കെ വിശ്വാസികൾക്കിടയിൽ ഒരു ദൈവചിന്ത തന്നെ പരക്കെ ഉണ്ടായിരുന്നു. നീസ്സായിലെ ഗ്രിഗറി പറയുന്നു; ഭക്ഷണസാധനം വാങ്ങിക്കുന്നതിനോ, നാണയം മാറുന്നതിനോ, ഒക്കെ ചന്തയിൽ പോകുമ്പോൾ അവിടെയുള്ള സാധാരണക്കാരായ ആളുകളുമായി വലിയ ഗഹനങ്ങളായ ദൈവശാസ്ത്ര വിഷയങ്ങളെപ്പറ്റി സംഭാഷണത്തിൽ ഏർപ്പെടാതെ തിരിച്ചുപോരാൻ സാധിക്കുകയില്ല എന്ന്. അതിനുശേഷം ഏകദേശം ആയിരത്തഞ്ഞൂറു വർഷങ്ങൾ ഈ വിശ്വാസത്തിൽ പിന്നിട്ട തലമുറ - പ്രത്യേകിച്ച് ചന്തപോലെയുള്ള സ്ഥലങ്ങളിൽ - ദൈവത്തെക്കുറിച്ച് അറിയണം എന്ന തീവ്രമായ ആഗ്രഹത്തോടെ മേല്പറഞ്ഞരീതിയിലുള്ള സംഭാഷണങ്ങളിൽ ഏർപ്പെടാറുണ്ടോ? ദൈവത്തെക്കുറിച്ച് സംഭാഷിക്കുന്ന ശൈലിതന്നെ ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ദൈവവിചാരമുള്ള ക്രൈസ്തവരുടെ എണ്ണം തന്നെ അനുദിനം കുറഞ്ഞുവരുകയല്ലേ?

കാൾ റാനർ ഒരിക്കൽ പറയുകയുണ്ടായി, ക്രൈസ്തവലോകത്തെ ദൈവശാസ്ത്രഗ്രന്ഥങ്ങളെല്ലാം നശിപ്പിച്ചാലും ത്രിത്വവിജ്ഞാനീയത്തിന് കാര്യമായ കോട്ടമൊന്നും സംഭവിക്കുകയില്ല എന്ന്. ഇതിന്റെ കാരണം ത്രിത്വത്തെക്കുറിച്ച് ഇതുവരെയും കാര്യമായ പഠനങ്ങളൊന്നും വന്നില്ല എന്നതുതന്നെയാണ്. ധാരാളം ആളുകൾ ദൈവശാസ്ത്രത്തെക്കുറിച്ച് എഴുതാറുണ്ടെങ്കിലും ദൈവശാസ്ത്രത്തിലെ യഥാർത്ഥ വിഷയമായ ത്രിത്വത്തെക്കുറിച്ച് ഒന്നും തന്നെ എഴുതാറില്ല. മാർട്ടിൻ ഹൈഡഗർ അദ്ദേഹത്തിന്റെ സത്തയും സമയവും എന്ന തത്വശാസ്ത്ര ഗ്രന്ഥത്തിൽ പറയുന്നുണ്ട്. തത്വശാസ്ത്രജ്ഞന്മാരെല്ലാം ധാരാളം എഴുതാറുണ്ട്. പക്ഷേ സത്തയെക്കിറിച്ച് ആരും തന്നെ ഒന്നും എഴുതാറില്ല എന്ന്, അദ്ദേഹം വീണ്ടും പറയുന്നു. ചിന്തോദ്ദീപകമായ ഈ നൂറ്റാണ്ടിലെ ഏറ്റം ചിന്തനീയമായ വിഷയം മനുഷ്യൻ ചിന്തിക്കുന്നില്ല എന്നതുതന്നെയാണെന്ന്. ഏതാണ്ടിതുപോലെ തന്നെയാണ് ദൈവശാസ്ത്രവിഷയങ്ങളിൽ ത്രിത്വത്തെക്കുറിച്ച് പറയുവാനുള്ളത്. കാൾറാനർ ഇതിനെ 'ത്രിത്വത്തെക്കുറിച്ചുള്ള ഭയം' എന്നു വിശേഷിപ്പിക്കുന്നു. 'മൂന്നു ദൈവ

ങ്ങൾ എന്ന അപകടം ഇതിന്റെ പിന്നിൽ ഒളിഞ്ഞിരിപ്പുണ്ട് എന്ന ഭയം കൊണ്ടാണ് ത്രിത്വവിജ്ഞാനീയത്തിലേക്ക് ആരും ആഴത്തിൽ ഇറങ്ങാത്തത് എന്ന്.

വൈയ്ൻറൈറ്റ് എന്ന ദൈവശാസ്ത്രജ്ഞൻ പറയുന്നു; 'ത്രിത്വസംഹിത ദൈവശാസ്ത്രജ്ഞരുടെ പ്രധാന ചിന്താവിഷയമായിട്ട് ഒരിക്കലും വന്നില്ല. ദൈവശാസ്ത്രത്തെക്കുറിച്ചുള്ള ചിന്തകളും ആവിഷ്കാരങ്ങളും, തർക്കങ്ങളുമെല്ലാം മിശിഹായെ ചുറ്റിപ്പറ്റിയായിരുന്നു. ക്രൈസ്തവികത രണ്ടു ദൈവിക ആളുകളുള്ള - അതായത് പിതാവും പുത്രനും -ഒരു മതമാണെന്നേ ക്രൈസ്തവ ദൈവശാസ്ത്ര സാഹിത്യം നോക്കിയാൽ മനസ്സിലാവുകയുള്ളൂ. റൂഹായെക്കുറിച്ച് കാര്യമായ പഠനങ്ങളൊന്നും നടന്നിട്ടില്ല. റൂഹായെ കൂടാതെയുള്ള ഒരു ദൈവശാസ്ത്രം രൂപീകരിച്ചിട്ട് റൂഹാ ഒരു മേൻപൊടിപോലെ ചേർത്തിരിക്കുകയാണ്. ഇതിനെക്കുറിച്ച് (അരൂപിയെക്കുറിച്ച്) വിശ്വാസികൾക്കാർക്കും അനുകൂലമായോ പ്രതികൂലമോ ആയ നിലപാടുകൾ ഒന്നും തന്നെയില്ല. ശരിയായ ഒരു ത്രിത്വസംഹിത രൂപപ്പെടുത്തുന്നതിൽ പരാജയപ്പെട്ടു എന്നു തന്നെയാണ് ഈ ദൈവശാസ്ത്രജ്ഞന്റെയും അഭിമതം. അങ്ങനെ പിതാക്കന്മാരുടെ കാലഘട്ടത്തിലുണ്ടായിരുന്ന സമഗ്രമായ ഒരു ദൈവദർശനം മദ്ധ്യകാലഘട്ടങ്ങളിൽ നഷ്ടപ്പെടുകയാണുണ്ടായത്.

പൊതുവേ പറഞ്ഞാൽ പൗരസ്ത്യ ത്രിത്വശാസ്ത്രം ദൈവിക വ്യക്തികൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്. ലത്തീൻ ദൈവശാസ്ത്രം ദൈവത്തിന്റെ സ്വഭാവത്തിനും, പൗരസ്ത്യർ വ്യത്യസ്തരായ മൂന്ന് വ്യക്തികളുടെ അനുഭവത്തിൽനിന്ന് ദൈവം ഒരുവനാണെന്ന നിഗമനത്തിൽ എത്തുന്നു. ലത്തീൻ രീതി ഏകദൈവത്തിൽ മൂന്ന് വ്യക്തികൾ എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. രണ്ടും ഒരേകാര്യം തന്നെയാണ്. വ്യത്യസ്തമായ രീതിയിൽ നോക്കിക്കാണുന്നു എന്നുമാത്രം. ഒരേ വഴിയിലൂടെ രണ്ടു ദിശകളിലേക്കു യാത്ര ചെയ്യുന്നവരെപ്പോലെയാണിത്.

നിഖ്യാ വിശ്വാസപ്രമാണത്തിനുശേഷം ത്രിത്വശാസ്ത്രത്തിൽ ഒരു മാറ്റം വന്നു. ദൈവം എന്തുചെയ്തു എന്നതിനെക്കാൾ ദൈവം എന്താണ് എന്നു ചിന്തിക്കുന്നതായിത്തീർന്നു ദൈവശാസ്ത്രം. തന്മൂലം രക്ഷാപദ്ധതിയിൽനിന്നു ദൈവശാസ്ത്രം ക്രമേണ വേരറ്റുപോയി. അതായത് പാശ്ചാത്യലോകത്തും പൗരസ്ത്യലോകത്തും ത്രിത്വത്തിലെ ദൈവിക വ്യക്തികളെക്കുറിച്ചുള്ള ഊന്നൽ കുറഞ്ഞുപോയി. ആഗസ്തിനോസ്, ആൻസലം, തോമസ് അക്വീനാസ് എന്നിവരെല്ലാം ത്രിത്വശാസ്ത്രത്തിൽ ദൈവത്തിന്റെ ആന്തരിക ബന്ധ

ങ്ങൾക്കാണ് മുൻഗണന കൊടുക്കുന്നത്. അപ്രകാരം വളരെയധികം ശാസ്ത്രീയ- ബൗദ്ധിക സ്വഭാവമുള്ള ദൈവശാസ്ത്രചിന്തകൾ ഉടലെടുത്തു. അതിന്റെ ഫലമായി ദൈവശാസ്ത്രം സാധാരണക്കാരന് സമീപിക്കാൻ പറ്റാത്ത വിഷയമായിത്തീരുകയും ചെയ്തു.

തോമസ്സ് അക്വീനാസ്സിനെ അടിസ്ഥാനമാക്കിക്കൊണ്ട് പാശ്ചാത്യ ലോകത്ത് വ്യത്യസ്തങ്ങളായ രണ്ടു ത്രിത്വസംഹിതകൾ തന്നെ രൂപം കൊണ്ടു. ഏകദൈവത്തെക്കുറിച്ചും (de Deo uno), ത്രിത്വത്തെക്കുറിച്ചും (de Deo Trino). ഇതിന്റെ ഫലമായി ത്രിത്വവിജ്ഞാനീയം, ദൈവത്തെക്കുറിച്ചുള്ള സംഹിതകൾ എല്ലാം എഴുതിയതിനുശേഷം പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട എന്തോ ഒന്നുപോലെയായി. ക്രിസ്തു വിജ്ഞാനീയവും റൂഹാവിജ്ഞാനീയവും രക്ഷാകരദൈവശാസ്ത്രവും സഭാശാസ്ത്രവും ഒന്നും തമ്മിൽ ശരിയായ ബന്ധമില്ലാത്ത ഒരു അവസ്ഥാവിശേഷവും ഉടലെടുത്തു. ഇവിടെ സംഭവിച്ച പരാജയം പാശ്ചാത്യ ദൈവശാസ്ത്ര വിചിന്തനരീതികൾക്ക് വേണ്ടപോലെ ത്രിത്വാത്മകമാകാൻ സാധിച്ചില്ല എന്നതാണ്. കാരണം ദൈവിക വ്യക്തികൾക്കും, രക്ഷാകരപദ്ധതിക്കും അർഹിക്കുന്ന പ്രാധാന്യം ത്രിത്വസംഹിതയിൽ കൊടുത്തില്ല എന്നതു തന്നെ. ത്രിത്വശാസ്ത്രം അപ്രായോഗികവും, സാങ്കേതികസ്വഭാവമുള്ളതും ആരാധനയോടും ക്രൈസ്തവജീവിതത്തോടും ബന്ധമില്ലാത്തതും സാധാരണക്കാരന് ഒട്ടുംതന്നെ മനസ്സിലാകാത്തതുമായ ഒരു സങ്കീർണ്ണതാഭാവം കൈവരിച്ചു. തത്ഫലമായി ഇക്കോണമിയിൽ വെളിപ്പെടുത്തപ്പെട്ട കാര്യങ്ങളല്ല തിയോളജിയിൽ സംഹിതകളായി വരുന്നത്. ദൈവം അതിൽതന്നെയും, നമുക്കുവേണ്ടിയുള്ള ദൈവവും (Immanent Trinity, Economic Trinity) തമ്മിൽ വേർതിരിവ് ഉണ്ടാക്കുന്നത് ആരോഗ്യകരമല്ല. ദൈവം അതിൽതന്നെ എന്തായിരിക്കുന്നുവോ അതുതന്നെയാണ് ചരിത്രത്തിൽ നമുക്കുവേണ്ടി വെളിപ്പെടുത്തപ്പെട്ട ദൈവവും, ദൈവം വ്യക്തിയാണ്, ബന്ധമാണ്; എന്തോ ഒരു സാധനം മാത്രമല്ല.

ദൈവം കൂട്ടായ്മയാണ്. കൂട്ടായ്മ ആധികാരികമായ രീതിയിൽ ഉള്ളിടത്ത് അനീതിയില്ല, അകൽച്ചയില്ല, അടിച്ചമർത്തലില്ല, ചെറുതും വലുതുമില്ല. എപ്പോഴും ബന്ധങ്ങളും സഹകരണവും മാത്രമേയുള്ളൂ.

ഇന്ന് ത്രിത്വസംഹിതകളിൽ വീണ്ടും ഒരു കോപ്പർനിക്കൻ വിപ്ലവം നടന്നിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സനൂഹദോസ്സോടുകൂടി ദൈവശാസ്ത്ര സമീപനരീതികളിൽ സാരമായ വ്യത്യാസങ്ങൾ വന്നുതുടങ്ങി. ത്രിത്വം എന്നുപറഞ്ഞാൽ പുത്രനും അരൂപിയും വഴി

ദൈവത്താൽ രക്ഷിക്കപ്പെടുന്ന അവസ്ഥയാണെന്ന കേന്ദ്രാശയത്തിലേക്ക് സഭ എത്തി. മനുഷ്യന്റെ ചരിത്രത്തിൽ സന്നിഹിതനായിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ദൈവമാണിതെന്ന ബോധ്യത്തിലെത്തി. അതിന്റെ ഫലമായി ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധമായി ത്രിത്വവിജ്ഞാനീയത്തിന്റെ കാതൽ. മിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യം എന്നുപറയുന്നത് സ്നേഹത്തിന്റെ രഹസ്യമാണ്. ആ ദൈവികരഹസ്യത്തിൽ നമ്മൾ ഭാഗഭാക്കുകളാവുകയാണ്. മനുഷ്യനോടും അവന്റെ ചരിത്രത്തോടും അടിസ്ഥാനപരമായി ബന്ധപ്പെട്ട യാഥാർത്ഥ്യമാണ് ത്രിയേകദൈവം. സ്നേഹത്തിലൂടെ ദൈവത്തിന്റെ മുഖം മനുഷ്യന്റെ നേർക്കു തിരിഞ്ഞിരിക്കുന്നു.

### ത്രിത്വാത്മകതയും ആധ്യാത്മികതയും

ആധികാരികമായ ക്രൈസ്തവ ആധ്യാത്മികത ത്രിത്വാധിഷ്ഠിതവും ത്രിത്വോന്മുഖവുമാണ്. ത്രിത്വവിജ്ഞാനീയത്തിൽ വിശ്വാസത്തിന്റെ ഒട്ടുമിക്ക ഘടകങ്ങളും ഉൾച്ചേർക്കപ്പെട്ടിട്ടുണ്ട്. വി. കുർബാനയാണ് ക്രൈസ്തവവിശ്വാസത്തിന്റെ ഉറവിടവും അത്യുച്ചിയുമെന്ന് വത്തിക്കാൻ സൂനഹദോസ് (ലിറ്റർജി -10) പറയുന്നതുപോലെ ത്രിത്വം എന്ന യാഥാർത്ഥ്യമാണ് ക്രൈസ്തവ ആധ്യാത്മികതയുടെ ഹൃദയവും ആത്മാവും.

ആധ്യാത്മികതയെ ത്രിത്വാധിഷ്ഠിതമായ രീതിയിൽ കാണുക എന്നു പറഞ്ഞാൽ മിശിഹായിലും റൂഹായിലുമുള്ള ക്രൈസ്തവ ജീവിതമാണ് അർത്ഥമാക്കുന്നത്. മിശിഹായോട് അനുനിമിഷം അനുരൂപപ്പെട്ടുകൊണ്ട് ദൈവത്തോടും സഹവ്യക്തികളോടുമുള്ള കൂട്ടായ്മയിൽ വളരുക എന്നാണിത്. മിശിഹായിലൂടെ രക്ഷിക്കപ്പെടുകയും ആത്മാവിലൂടെ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്ന ഒരു ആദ്ധ്യാത്മികത എന്ന നിലയിൽ അത് തീർച്ചയായും ത്രിത്വാധിഷ്ഠിതമാണ്. അക്കാരണത്താൽ അതു പുതിയനിയമത്തിലധിഷ്ഠിതവുമാണ്. പുതിയ നിയമാധ്യാത്മികത എന്നു പറയുന്നതിതുതന്നെ. ക്രൈസ്തവികതയുടെ രത്നച്ചുരുക്കം എന്നിതിനെ വിളിക്കാം. മിശിഹായിലൂടെ നമ്മെ രക്ഷിച്ച് അരൂപിയിലൂടെ നമ്മെ മുന്നോട്ടുകൊണ്ടുപോയി ദൈവത്തിന്റെ സ്നേഹകൂട്ടായ്മയിൽ നമ്മെ ഒന്നിപ്പിക്കുന്ന പ്രക്രിയയാണിത്. പൗരസ്ത്യസഭകൾ ക്രിസ്തീയതയെക്കുറിച്ചും ആധ്യാത്മികതയെക്കുറിച്ചും എന്നു കരുതിയിരുന്നത് ഇപ്രകാരമാണ്. ആധ്യാത്മികത എന്നു പറയുന്നത് ക്രൈസ്തവികതയുടെ കേവലം ഒരു വശം മാത്രമല്ല. അരൂപിയുടെ ശബ്ദത്തോടുള്ള നമ്മുടെ പ്രത്യുത്തരമാണ്. പരിശുദ്ധ റൂഹായുടെ സാന്നി

ദ്ധ്യത്തോടും പ്രവർത്തനത്തോടുമുള്ള വ്യത്യസ്തമായ പ്രത്യുത്തരങ്ങൾ വ്യത്യസ്ത രീതികളിലുള്ള ആധ്യാത്മികതയ്ക്ക് രൂപം കൊടുക്കുന്നു. ആധ്യാത്മികതയുടെ വിവിധ രൂപങ്ങളായ പ്രാർത്ഥന, ധ്യാനം, താപസജീവിതശൈലി, സന്ന്യാസാശ്രമജീവിതം (മൊണാസ്റ്റിസിസ്സം) തുടങ്ങിയവയെല്ലാം ദൈവാരൂപിയോടുള്ള പ്രത്യുത്തരങ്ങളാണ്. ദൈവത്തിലേക്ക് ഒരു വ്യക്തിയെ ഗാഢമായി ചേർക്കുന്ന ഘടകങ്ങളാണ്.

ആധ്യാത്മികതയും ത്രിത്വാത്മകതയും തമ്മിലുള്ള ബന്ധം എന്നും വ്യക്തമായിരുന്നില്ല. വേണ്ട രീതിയിൽ അതൊരു ദൈവശാസ്ത്രപഠന വിഷയവുമാക്കിയിരുന്നില്ല. പാശ്ചാത്യലോകത്ത് ത്രിത്വവിജ്ഞാനീയത്തോടും ത്രിത്വാധിഷ്ഠിത ആധ്യാത്മികതയോടുമുള്ള മടുപ്പ് അഞ്ചാംനൂറ്റാണ്ടു മുതൽ പ്രകടമായിരുന്നു. ദൈവശാസ്ത്രത്തിന്റെ അടിത്തറയായിട്ടും മറ്റു വിഷയങ്ങളെയെല്ലാം സംയോജിപ്പിക്കുന്ന വേദിയായിട്ടും ത്രിത്വത്തെ കാണാൻ സാധിക്കാത്തതുമൂലം അതൊരു ആധ്യാത്മിക പാപ്പരത്വത്തിലേക്കും നയിച്ചു. അതായത് അടിസ്ഥാനമില്ലാതെയും അടിസ്ഥാനമറിയാതെയുമുള്ള ഒരുതരം ആധ്യാത്മികതയിലേക്ക്. എന്നാൽ ആധുനിക കാലത്ത് ഇതിന് ഏറെ മാറ്റം സംഭവിച്ചു.

ഈ ലേഖനത്തിൽ ത്രിത്വവിശ്വാസത്തിന്റെ വി.ഗ്രന്ഥാധിഷ്ഠിത സ്വഭാവമോ, അല്ലെങ്കിൽ ക്രൈസ്തവ പാരമ്പര്യത്തിൽ ത്രിത്വവിശ്വാസം എങ്ങനെ വളർന്നു എന്നോ അല്ല നാം ചിന്തിക്കുന്നത്. പ്രത്യുത, ആധ്യാത്മികത തികച്ചും ദൈവോന്മുഖമായിരിക്കണമെന്നും, ദൈവചിന്ത ത്രിത്വാത്മകമായിരിക്കണമെന്നുമാണ്. ത്രിത്വവിശ്വാസവും ആധ്യാത്മികതയും തമ്മിൽ ആഴമാർന്ന ബന്ധമുണ്ട്. ആധുനിക കാലത്ത് ത്രിത്വവിജ്ഞാനീയ മേഖലയിൽ വന്ന ശരിയായ കാഴ്ചപ്പാടുകൾ ആധ്യാത്മികതയുടെ മണ്ഡലങ്ങളിൽ വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. ത്രിത്വാത്മകദർശനം വലിയ ഒരു ഉൾക്കാഴ്ചയും ദർശനവുമാണ്. ദൈവത്തെക്കുറിച്ച് വ്യക്തിപരമല്ലാത്തതും കൂട്ടായ്മയ്ക്കു നിരക്കാത്തതുമായ എല്ലാ ചിന്തകളും അപര്യാപ്തമാണെന്ന് ഇത് വ്യക്തമാക്കുന്നു. ഏകവ്യക്തി കേന്ദ്രിതം മാത്രമായ (പിതാവു മാത്രമാണ് ദൈവം, പുത്രൻ മാത്രമാണ് ദൈവം, റൂഹാ മാത്രമാണ് ദൈവം) ചിന്താശൈലിയുടെയും പോരായ്മകൾ ഇത് വ്യക്തമാക്കുന്നു. നേരേമറിച്ച് ദൈവം ത്രിത്വമാണ് എന്നു പറയുമ്പോൾ അവിടെ ഏകദൈവത്തിനു പകരം മൂന്നുദൈവങ്ങളെ പ്രതിഷ്ഠിക്കുകയുമല്ല. ശരിയായ ത്രിത്വവിജ്ഞാനീയത്തിലൂടെ ദൈവം അനാദി മുതൽ മൂന്ന് വ്യക്തികളുടെ (ബ

ന്ധങ്ങളുടെ) കൂട്ടായ്മയാണെന്നാണ് നാമിവിടെ വ്യക്തമാക്കുന്നത്. ദൈവത്തിനു മാത്രമേ രക്ഷ പ്രദാനം ചെയ്യാൻ കഴിയൂ. ദൈവം തന്റെ പുത്രനിലൂടെയും റൂഹായിലൂടെയും നമ്മെ രക്ഷിക്കുന്നു. തന്മൂലം ദൈവത്തെക്കുറിച്ചു പറയാൻ കൂട്ടായ്മയുടെ ഭാഷയാണ് ഏറ്റം ശ്ലാഘനീയമായിട്ടുള്ളത്. ദൈവം കൂട്ടായ്മയാണ്. ഈ കൂട്ടായ്മയുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ത്രിത്വാധിഷ്ഠിതമായ അധ്യാത്മികത വ്യക്തിപരമെന്നതിനെക്കാൾ സമൂഹപരമാണെന്നു പറയാൻ കഴിയും. വ്യക്തിബന്ധങ്ങളിലധിഷ്ഠിതമായ ഒരു ആധ്യാത്മികതയാണ് ഇത് ഉന്നം വയ്ക്കുന്നത്. മറ്റുള്ളവരോടുള്ള ബന്ധത്തിൽനിന്ന് നാം പലതും സ്വീകരിക്കേണ്ടതായിട്ടുണ്ട്. കേവലം ഒരു വ്യക്തിമാത്രം നടത്തുന്ന ഒരു ആന്തരിക യാത്രയല്ല ത്രിത്വാധിഷ്ഠിത ആധ്യാത്മികത. മനുഷ്യനെയോ ദൈവത്തെയോ ഒരു വ്യക്തിമാത്രമായി കാണരുത്. ദൈവത്തെ അറിയുവാനുള്ള ഒരു പ്രത്യേക വേദിയാണ് മനുഷ്യർ എന്ന് ആഗസ്തീനോസ് പറഞ്ഞതു ശരിതന്നെ. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടവൻ എന്ന നിലയിൽ അപ്രകാരം തന്നെയാണുതാനും. എന്നാൽ ഉല്പത്തിപ്പുസ്തകം പറയുന്നത് ദൈവ ഛായ സ്ത്രീ-പുരുഷ ബന്ധത്തിൽ നിന്നുമാണു പൂർണ്ണമായും മനസ്സിലാക്കേണ്ടത് എന്നാണ്. അത് 'അഹ' (Self) ത്തിൽനിന്നുള്ള ഒരു മോചനം കൂടിയാണല്ലോ. വ്യക്തി എന്നുപറഞ്ഞാൽതന്നെ അവന്റെ അസ്തിത്വത്തിന് തന്നെ 'മറ്റുള്ളവർ' (Others) ആവശ്യമാണ്. പേഴ്സൺ (Person) എന്നുപറഞ്ഞാൽതന്നെ ബന്ധം എന്നാണർത്ഥം. ബന്ധങ്ങൾ ഇല്ലാത്തവൻ ശരിയായ വ്യക്തി ആകുന്നില്ല.

ദൈവത്തെ കേവലം ഒരു 'സത്ത' മാത്രമായിട്ടല്ല നമ്മൾ മനസ്സിലാക്കേണ്ടത്. ദൈവത്തെ ബന്ധങ്ങളായും കൂട്ടായ്മയായും വ്യക്തികളായും കാണണം. തന്മൂലം വ്യക്തി എന്നത് ദൈവശാസ്ത്രത്തിലെ ഒരു മൗലിക പദമാണ്. ദൈവത്തെ സത്തയായും, സ്വഭാവമായും (essence, nature) ഒക്കെ കണ്ടിരുന്ന രീതിയിൽനിന്ന് മാറി ആധുനിക ദൈവശാസ്ത്രം ദൈവം വ്യക്തികളുടെ കൂട്ടായ്മ എന്ന കാഴ്ചപ്പാടിനാണ് ഊന്നൽ നല്കുന്നത്. ജീവിക്കുന്ന ദൈവത്തെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാടിന്റെ ഭാഗം കൂടിയാണിത്. ഈ സമീപനത്തിന് ക്രൈസ്തവ ആധ്യാത്മികതയിൽ സർവ്വപ്രധാനമായ സ്ഥാനമുണ്ട്. യാഥാർത്ഥ്യം ഉരുത്തിരിയുന്നത് വ്യക്തിത്വത്തിൽ നിന്നായതുകൊണ്ട്, അസ്തിത്വം തന്നെ വ്യക്തിപരമാണ്. രണ്ടാമത്തെ ആശയം ദൈവം മൗലികമായും വ്യക്തികളുടെ കൂട്ടായ്മ എന്ന നിലയിൽ മറ്റുള്ളതിനോട് സ്ഥായിയായ ബന്ധമുണ്ട്. ദൈവം ഒറ്റപ്പെട്ട് മാറിനില്ക്കുന്നവനല്ല. ആരോടും ബന്ധമില്ലാതെ 'മുകളി

ലിരിക്കുന്ന' ദൈവമല്ല ത്രിയേകദൈവം. ദൈവത്തിന്റെ ഈ കൂട്ടായ്മയുടെ ഛായയാണ് ഓരോ മനുഷ്യവ്യക്തിയും. തന്മൂലം മനുഷ്യൻ അടിസ്ഥാനപരമായും കൂട്ടായ്മയാണ്. ഒരു മനുഷ്യൻ ഒരിക്കലും തനിച്ചല്ല. തനിച്ചാകാൻ പാടില്ലതാനും. മറ്റുള്ളവർക്കുവേണ്ടിയും മറ്റുള്ളവരാലും മറ്റുള്ളവർ വഴിയും ആണ് ഒരുവൻ അവനായിത്തീരുന്നത്. ക്രൈസ്തവജീവിതം എന്നുപറയുന്നത് ഒരു വ്യക്തിയുടെ മാത്രം രക്ഷയുടെ ചരിത്രമല്ല (Solitary Salvation). അത് ഒരുവന്റെ തന്റെ മാത്രം ഉള്ളിലേക്കുള്ള നോട്ടമല്ല. മനുഷ്യൻ തമ്മിലും ദൈവവും മനുഷ്യനും തമ്മിലുമുള്ള കൂട്ടായ്മയാണത്. സ്വയം ദാനത്തിലൂടെയും സമർപ്പണത്തിലൂടെയുമാണ് ഒരുവൻ തന്റെ വ്യക്തിത്വം പൂർണ്ണമായി മനസ്സിലാക്കേണ്ടത്. മറ്റുള്ളവരിലൂടെയാണ് ഞാൻ ശരിക്കും ഞാനായിത്തീരേണ്ടത്. അല്ലാതെ നിസ്സഹകരണത്തിലും തന്റെ തന്നെ വലുപ്പത്തെക്കുറിച്ചുമുള്ള അതിരുകടന്ന ആത്മാഭിമാനത്തിലുമല്ല. ദൈവോന്മുഖമായ ജീവിതത്തിലാണ് ഒരു മനുഷ്യൻ തന്റെ യഥാർത്ഥവ്യക്തിത്വം മനസ്സിലാക്കേണ്ടത്. അതായത് ക്രൈസ്തവ ആധ്യാത്മികതയിൽ സ്വാർത്ഥതയ്ക്ക് ഒട്ടും തന്നെ സ്ഥാനമില്ല.

മനുഷ്യചരിത്രത്തിൽ നിന്നും, ജീവിതത്തിൽനിന്നും മാറിനിന്നുകൊണ്ടുള്ള ഒരു ആധ്യാത്മികത എന്നുപറയുന്നത് മനുഷ്യചരിത്രത്തിൽ നിന്നു മാറിനില്ക്കുന്ന ഒരു ദൈവചിന്തയുടെ ഫലവും കൂടിയാണ്. വിശുദ്ധി എന്നത് നമ്മിൽനിന്ന് നാം പുറത്തിറങ്ങി പരോന്മുഖരായി ജീവിക്കുന്നതിലാണ്. ദൈവം എന്നു പറഞ്ഞാൽ സ്വയം ദാനവും സ്വയംപങ്കുവെയ്ക്കലുമാണെന്നാണർത്ഥം. ഏകാകിയായ ഒരു മനുഷ്യന്റെ വിശുദ്ധിയുടെ വിവിധ തലങ്ങളല്ല ത്രിത്വോന്മുഖമായ ഒരു സമീപനത്തിൽ നാം പ്രധാനമായും ചിന്തിക്കുന്നത്. വി.ആഗസ്തീനോസിന്റെയും മറ്റു പാശ്ചാത്യപിതാക്കന്മാരുടെയും ഒക്കെ സമീപനം വ്യക്തിപരമായ വിശുദ്ധിയെ കേന്ദ്രീകരിച്ചായിരുന്നു. എല്ലാ കാര്യങ്ങളും കൃത്യസമയത്ത് കൃത്യമായി ചെയ്യുന്ന ഒരു ആധ്യാത്മികതയ്ക്ക് മുൻതൂക്കം നല്കിയിരുന്നു. ഇത് നാം മുൻപു പറഞ്ഞതുപോലെ രക്ഷാകരപദ്ധതിക്ക് മുൻഗണന കൊടുക്കാതെ ദൈവത്തെ അതിൽത്തന്നെ നോക്കിക്കാണുന്ന ഒരു സമീപനത്തിൽ നിന്നു ഉരുത്തിരിഞ്ഞതാണ്. അതിന്റെ ഫലമായി ക്രൈസ്തവ ആധ്യാത്മികതയെ, വ്യക്തി അതിൽതന്നെ എന്താണ്, അവന്റെ ജീവിത വിശുദ്ധീകരണം എപ്രകാരം സാധ്യാമാകും എന്ന നിലയിൽ കണ്ടിരുന്നു. ലോകത്തിൽനിന്നും, മനുഷ്യബന്ധങ്ങളിൽ നിന്നും, വ്യക്തിപരമായ സ്നേഹബന്ധങ്ങളിൽ നിന്നുമെല്ലാം മാറിനിൽക്കുന്നത് ആധ്യത്മികതയുടെ പ്രകടനമായിട്ട് കണ്ടുപോ

ന്നു.ലോകവും മാനവസംസ്കാരവുമൊക്കെ നമ്മൾ മാറ്റി നിറുത്തേണ്ടതാണെന്ന ഒരു മനോഭാവം അതു ജനിപ്പിച്ചു. എന്നാൽ ദൈവം വ്യക്തികളുടെ കൂട്ടായ്മയാണെന്നും രക്ഷാകരപദ്ധതിയിൽ വെളിപ്പെടുത്തപ്പെട്ട രഹസ്യം 'ദൈവം നമ്മോടുകൂടെ' എന്ന യാഥാർത്ഥ്യമാണെന്നും നാം മനസ്സിലാക്കുമ്പോൾ ക്രൈസ്തവ ആധ്യാത്മികതയ്ക്ക് ഒരു പുതിയ മാനം കൈവരും. ദൈവത്തോടും മറ്റുള്ളവരോടുമുള്ള നമ്മുടെ ബന്ധത്തിലാണ് ആധ്യാത്മികത ഉൾച്ചേർന്നിരിക്കുന്നത്.

ത്രിത്വത്തെക്കുറിച്ചുള്ള ചരിത്രപരവും ദൈവശാസ്ത്രപരവുമായ വിചിന്തനങ്ങളിൽ ക്രൈസ്തവപ്രാർത്ഥനയ്ക്ക് നിർണ്ണായകമായ ഒരു പങ്കുണ്ട്. ക്രൈസ്തവപ്രാർത്ഥനകൾക്ക് സമൂഹപരമായ ഒരു മാനമുണ്ട്. അതേസമയം പ്രാർത്ഥന വ്യക്തിപരവും സ്വകാര്യവുമായ ഒന്നാണ്. പ്രാർത്ഥന ഒരു 'കമ്മ്യൂണിക്കേഷ'നാണ്. അതൊരു സംഭാഷണമത്രേ. ദൈവവും മനുഷ്യനും തമ്മിലുള്ള സംഭാഷണമാണ് പ്രാർത്ഥന. പ്രാർത്ഥന എന്നത് ഒരു ആധ്യാത്മിക യാത്രയാണ്. ദൈവത്തിന്റെ പദ്ധതി ഒരുവനിൽ വെളിപ്പെടുത്തപ്പെടുന്ന അവസരമാണത്. പ്രാർത്ഥനയിലൂടെ ഒരു വ്യക്തി ക്രൈസ്തവനായിരിക്കുക എന്നതിന്റെ അർത്ഥം കണ്ടെത്തുകയാണ്. ദൈവാനുഗ്രഹം ചോദിക്കുവാനുള്ള അവസരമാണത്. പരാജയങ്ങളും പോരായ്മകളും കണ്ടെത്തുവാനുള്ള അവസരം. പ്രാർത്ഥന ഈ വ്യക്തിപരമായ സ്വഭാവം വെളിപ്പെടുത്തുന്നതുപോലെ ത്രിത്വാധിഷ്ഠിതവും, സമൂഹപരവും പൊതുവിലുള്ളതുമായ സ്വഭാവ വിശേഷങ്ങളും വ്യക്തമാക്കുന്നു. ദൈവാരൂപിയിലുള്ള ജീവിതത്തിന്റെ വിവിധ അർത്ഥ തലങ്ങൾ കണ്ടെത്തുന്നു. ക്രൈസ്തവ ജീവിതം എന്നു പറഞ്ഞാൽ തന്നെ ഒരു നിരന്തരസ്തോത്രമാണ്, മാമ്മോദീസായിൽ സ്വന്തമാക്കിയ ക്രൈസ്തവജീവിതത്തിന് ഉചിതമായ രീതിയിലുള്ള നന്ദി പറച്ചിലാണത്. രക്ഷാകര പദ്ധതിയിലുള്ള പങ്കുചേരലാണത്.

ദൈവശാസ്ത്രം സ്തുതിയുടെ ഭാഷയാണ്. ആരാധനയും അപ്രകാരം തന്നെ. പ്രാർത്ഥന അർത്ഥമാക്കുന്നത് ദൈവോന്മുഖമായി യാത്ര ചെയ്യുന്ന മനുഷ്യഹൃദയത്തിന്റെ വളർച്ചയത്രേ. മനുഷ്യഹൃദയം കേവലം വ്യക്തിപരവും മറ്റാർക്കും പ്രവേശിക്കാൻ പാടില്ലാത്തതുമായ വികാരങ്ങളുടെ കൂമ്പാരമല്ല. ഒരു വ്യക്തിയുടെ ഏറ്റം ആഴമുള്ളതും ഏറ്റം പ്രധാനപ്പെട്ടതുമായ കേന്ദ്രസ്ഥാനമാണ് ഹൃദയം. പൗരസ്ത്യപാരമ്പര്യത്തിലും ക്രൈസ്തവപാരമ്പര്യത്തിലും ഹൃദയത്തിന്റെ അർത്ഥം ഇതുതന്നെ. വ്യക്തി തന്നെയാണ് ഹൃദയം

എന്നു പറയാം. മനുഷ്യഹൃദയത്തിന്റെ തുറവിയെയാണ് ഇത് ഉദ്ദേശിക്കുന്നത്. പരസ്പരം തൊടുകയും തുറക്കപ്പെടുകയും ചെയ്യുന്നത് ഹൃദയമാണ്. മറ്റുള്ളവരിലേക്കുള്ള മനുഷ്യത്വമാണ് ഹൃദയം എന്നു പറയാറുണ്ട്. ഹൃദയമുള്ളവൻ എന്നു പറഞ്ഞാൽ നല്ല ബന്ധങ്ങൾ ഉള്ളവൻ എന്നാണല്ലോ സാധാരണ ഭാഷയിലും അർത്ഥം. പ്രാർത്ഥന എന്നത് മനുഷ്യഹൃദയത്തിന്റെ ചലനങ്ങളാണ്. മനുഷ്യന് മറ്റു മനുഷ്യരുടെ നേർക്കും ദൈവത്തിന്റെ നേർക്കും അടിസ്ഥാന പരമായ ഒരു 'തുറവി (openess) ഉണ്ട്. അതുകൊണ്ടുതന്നെയാണ് അവനിൽ സ്ഥായിയായ ഒരു ഇല്ലായ്മ (absence) അനുഭൂതമാകുന്നത്. ഓരോ മനുഷ്യനും മറ്റുള്ളവരുമായുള്ള ബന്ധം വഴിയാണ് യഥാർത്ഥ മനുഷ്യ വ്യക്തിയായിത്തീരേണ്ടത്. മനുഷ്യവ്യക്തിത്വം എന്നത് നമുക്ക് നല്കപ്പെട്ടിരിക്കുന്നതും നമ്മൾ നേടി എടുക്കേണ്ടതുമായ ഒരു യാഥാർത്ഥ്യമാകുന്നു.

ത്രിത്വാത്മക വീക്ഷണത്തിൽ പ്രാർത്ഥന എന്നത് സനാതനമായ സത്യത്തിന്റെ നേർക്കുള്ള ഒരു വെറും നോക്കിയിരിപ്പല്ല. ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന പദ്ധതി മനസ്സിലാക്കാൻ വേണ്ടി ഒരുവൻ ശാസ്ത്രീയവും ക്രമീകൃതവുമായ രീതിയിൽ നടത്തുന്ന ധ്യാനവുമല്ല. നേരേമറിച്ച് പ്രാർത്ഥന എന്നത് ദൈവികജീവനിൽ പങ്കുചേരാനുള്ള ഒരു മനുഷ്യന്റെ ശ്രദ്ധാപൂർവ്വകമായ നീക്കമാണ്. ദൈവം മിശിഹായിലൂടെയും റൂഹായിലൂടെയും സന്നിഹിതനായിരിക്കുന്ന ആയിരക്കണക്കിന് അവസരങ്ങളെയോർത്ത് നന്ദി പറയുവാനുള്ള അവസരമാണത്. അസ്തിത്വമുള്ളതെല്ലാം സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ രഹസ്യമാണ് വിളിച്ചു പറയുന്നത്.

യോഗാത്മക ദൈവാനുഭവം പ്രാർത്ഥനയുടെ പാശ്ചാത്തലത്തിൽ ഉരുത്തിരിയുന്നു. പ്രാർത്ഥനയിലാണ് മനുഷ്യനെക്കുറിച്ചുള്ള രഹസ്യവും വെളിപ്പെടുന്നത്. മനുഷ്യൻ ഒരു ചെറിയ ദൈവിക ഐക്കണാണ്. ഒരു മനുഷ്യ വ്യക്തി ത്രിത്വത്തിലെ മൂന്ന് വ്യക്തികളുമായി സംയോജിക്കുന്നത് പ്രാർത്ഥനയിലാണത്രേ. രൂപാന്തീകരണത്തിന്റെയും ദൈവീകീകരണത്തിന്റെയും, മഹത്ത്വീകരണത്തിന്റെയും രഹസ്യങ്ങളുടെ ബാഹ്യമായ അടയാളമാണ് പ്രാർത്ഥന. ദൈവവും മനുഷ്യനും തമ്മിലുള്ള കൂട്ടായ്മയുടെ അടയാളവുമാണത്.

പരമ്പരാഗത ആധ്യാത്മിക ശാസ്ത്രത്തിൽ ദൈവവിളി എന്നത് ചില പ്രത്യേക ജീവിതാന്തസ്സുകളെക്കുറിക്കാനാണ് ഉപയോഗിക്കുന്നത്. ഉദാ: പുരോഹിതനാവുക, സന്ന്യാസിയാവുക എന്നതൊക്കെ. ഇവിടെ വേണ്ടെന്നു വയ്ക്കുന്നത് വിവാഹജീവിതമാണ്. മേൽപ

റഞ്ഞവ രണ്ടുമാണ് യഥാർത്ഥത്തിലുള്ള ദൈവവിളിയായിട്ട് കരുതിപ്പോന്നിരുന്നത്. ഒരർത്ഥത്തിൽ കുടുംബജീവിതത്തെക്കാൾ അല്പംകൂടി ഉയർന്ന നിലവാരമുള്ള ഒന്നായിട്ട് മേല്പറഞ്ഞ 'ദൈവവിളി'കളെ കാണുകയും ചെയ്തിരുന്നു. എന്നാൽ ത്രിത്വാത്മക വീക്ഷണത്തിൽ വസ്തുത മറ്റൊന്നാണ്. മാമ്മോദീസാ സ്വീകരണംവഴി ഒരോ വിശ്വാസിയും മിശിഹായുടെ മൗതിക ശരീരത്തിലെ അംഗമാകുന്നു. ഈ ശരീരത്തിലെ ഓരോ വ്യക്തിയും ഓരോ ജീവിതാന്തസ്സുവഴി മിശാഹായുടെ വിളിക്ക് പ്രത്യുത്തരമരുളുകയാണ്. ഇത് പൂർണ്ണമായും മനസ്സിലാകുന്നത് വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ പാശ്ചാത്തലത്തിലത്രേ. ഇത് മാമ്മോദീസായിലാണ് ഉൾചേർന്നിരിക്കുന്നത്. ഈ അടിസ്ഥാനതത്വം നില്ക്കവേ സഭയിലെ ഒരു ജീവിതാന്തസ്സും, അല്ലെങ്കിൽ ശുശ്രൂഷയും വേറൊന്നിനു മുകളിലോ അല്ലെങ്കിൽ താഴെയോ ആയിട്ടു കാണേണ്ടതില്ല.

## പൗരസ്ത്യ ആദ്ധ്യാത്മികത ത്രിത്വോന്മുഖം

ത്രിത്വമാണ് എല്ലാറ്റിന്റെയും മൂലകാരണവും (triadoarchy), ആരംഭവും അന്ത്യവും എന്നതാണ് പൗരസ്ത്യ ആധ്യാത്മികതയുടെ കാതൽ. പ്രപഞ്ചം മുഴുവനും പരിശുദ്ധ ത്രിത്വത്തിന്റെ ഒരു ഐക്കൺ ആണ് എന്നതാണ് ഈ ആധ്യാത്മികതയുടെ പൊരുൾ. പ്രപഞ്ചം ത്രിത്വത്തെ വഹിക്കുന്ന ഒരു യാഥാർത്ഥ്യമാണ് (triadophoric). ത്രിത്വത്തിന്റെ ഛായയും മുദ്രയുമാണ് പ്രപഞ്ചത്തിലുള്ളത്. പ്രപഞ്ചം അതിന്റെ പ്രവർത്തനത്തിലും അസ്തിത്വത്തിലും ത്രിത്വത്തിൽ അധിഷ്ഠിതമാണ്. പ്രപഞ്ചം ത്രിത്വോന്മുഖമാണ്, ത്രിത്വത്തെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് (triadotelogical). പ്രപഞ്ചത്തിലെ വിവിധ യാഥാർത്ഥ്യങ്ങളിലൂടെയും ദൈവം സൃഷ്ടികളുമായി ബന്ധപ്പെടുകയും, സ്വയം വെളിപ്പെടുത്തുകയും ചെയ്യുന്നു.

പൗരസ്ത്യ ആധ്യാത്മികത വൈശിഷ്ട്യമാർന്ന അനേകം ഘടകങ്ങൾ ഉൾച്ചേർന്ന ഒരു യാഥാർത്ഥ്യമാണ്. ഇത് ദൈവശാസ്ത്രത്തിന്റെയും ആരാധനജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ലോകാചാരങ്ങളുടെയും (ethos) യോഗാത്മകതയുടെയും (mysticism) തപശ്ചര്യയുടെയും (asceticism) മിശിഹായെ ധരിക്കലിന്റെയും എല്ലാം ആകെത്തുകയാണ്. പൗരസ്ത്യ ക്രൈസ്തവമാർഗം എന്നു പറയുന്നത് പരി. ത്രിത്വത്തിലെ ജീവനെയും പ്രകാശത്തെയും സ്നേഹത്തെയും അനുകരിക്കുന്നതിലും മഹത്ത്വീകരിക്കുന്നിലും ഭാഗഭാക്കാകുന്നതിലാണ്. ഇതാണ് മിശിഹായുടെ മൗതികശരീരത്തിലെ ജീവൻ; ഇതാണ് മിശിഹാനുകരണം. ഈ മിശിഹാനുക

രണം നടക്കുന്നതോ ദൈവാരൂപിയിലുള്ള ജീവിതസാക്ഷ്യം വഴി മാത്രമാണ്.

## പൗരസ്ത്യ ആധ്യാത്മികത സഭാത്മകം

പൗരസ്ത്യ ആധ്യാത്മികത അടിസ്ഥാനപരമായും സഭാത്മകമാണ്. സഭ കൂട്ടായ്മയാണ് എന്നുള്ളതാണ് ഏറ്റവും വലിയ കാഴ്ചപ്പാട്. അതായത് സഭ ദൈവത്തിന്റെ കുടുംബമാണ് (Family of God). ദൈവമേഖലയാണ് സഭ. കൂദാശകളിലൂടെ ദൈവത്തിന്റെ കൃപ ചൊരിയപ്പെടുന്നു. പൗരസ്ത്യസുറിയാനി ആധ്യാത്മികതയെ പൂർണ്ണമായും സഭാത്മകം എന്നു വിളിക്കാം. മിശിഹായുടെ വധുവാണു സഭ എന്ന മൗലിക സത്യത്തിൽ അടിയുറച്ചു നില്ക്കുന്നതിനാൽ സഭയുടെ സൗന്ദര്യത്തിൽ ഊന്നിനില്ക്കുന്ന ഒരു ആധ്യാത്മികതയാണിത്. സുറിയാനി ദൈവശാസ്ത്ര വീക്ഷണപ്രകാരം സഭ എന്നത് 'സകല സഹായങ്ങളും സൗഭാഗ്യങ്ങളും നിറഞ്ഞ് മുടി ധരിപ്പിക്കപ്പെട്ടു നില്ക്കുന്ന ഒരു യാഥാർത്ഥ്യമത്രേ.' വിശ്വാസികൾക്ക് ജീവൻ പ്രദാനം ചെയ്യുന്ന അമ്മയാണ് സഭ. സഭ ത്രിത്വത്തിലധിഷ്ഠിതമായ ഒരു കൂട്ടായ്മയും അതേ സമയം മിശിഹായുടെ വധുവാകയാൽ ഏകവുമാണ്. സഭയോടുള്ള വിധേയത്വത്തിലും അനുസരണത്തിലുമാണ് വേരൂന്നി നിൽക്കുന്നത്.

## യോഗാത്മകത (mysticism)

ക്രൈസ്തവ ആധ്യാത്മികതയുടെ ഒരു പൂർണ്ണരൂപമായിട്ട് മിസ്റ്റിസിസ്സം കണക്കാക്കപ്പെട്ടുപോരുന്നു. ദൈവവുമായിട്ടുള്ള ശക്തമായ ഒരു ബന്ധമാണിത്. ആത്മാവ് ദൈവത്തെ കാണുകയും അവനോട് ഐക്യപ്പെടുകയും ചെയ്യുന്നു. പൗരസ്ത്യ ആധ്യാത്മികതയുടെ സർവ്വപ്രധാനമായ ലക്ഷ്യം ദൈവരഹസ്യങ്ങളെക്കുറിച്ചുള്ള അനുഭവപ്രധാനമായ അറിവും ഐക്യവുമാണ്. ഒരു മിസ്റ്റിക് ഒരു സാധാരണ ക്രൈസ്തവനല്ല, യോഗാത്മക ജീവിതം (mystical life) ക്രൈസ്തവ ജീവിതത്തിന്റെ ഒരു സാധാരണ ആവിഷ്ക്കാരവുമല്ല. അത് തികച്ചും അസാധാരണ ജീവിതമാണ്. പ്രത്യേകമായ ദൈവികകൃപാവരത്താൽ മാത്രമേ അത് സാധ്യമാവുകയുള്ളൂ. ത്രിത്വാത്മകമായ ഒരു മിസ്റ്റിക്കൽ അനുഭവത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അത് മനുഷ്യാനുഭവങ്ങളുടെ ഒരു ശൃംഖലയെക്കുറിച്ചുള്ള ഒരു വലിയ ഉൾക്കാഴ്ചതന്നെ നമുക്കു നല്കുന്നുണ്ട്. കപ്പദോച്ചിയായിലെ പിതാക്കന്മാർ, വി.ഇഗ്നേഷ്യസ് (അന്തോക്യ), ഗ്രിഗറി പാലാമസ്, പ്സ്യൂഡോ-ഡയനീഷ്യസ്, നീസ്സായിലെ ഗ്രിഗറി തുടങ്ങിയവരെല്ലാം മിസ്റ്റിക്കുകളാണ്. സുറിയാനി പാരമ്പര്യത്തിൽപെട്ട ഇഗ്നേഷ്യസ്, അഫ്രാത്തസ്, അപ്രേം എന്നിവരിലെല്ലാം മിസ്റ്റിക്കൽ

സമീപനം കാണാൻ കഴിയും. സുറിയാനി സഭാത്മക ആധ്യാത്മിക തയുടെ വലിയ ആവിഷ്കാരങ്ങളാണ് ഇവരിലൂടെ നാം ദർശിക്കുക.

## തപശ്ചര്യ (asceticism)

ക്രൈസ്തവ ആധ്യാത്മിക പാരമ്പര്യങ്ങളിൽ കന്യാത്വവും ബ്രഹ്മ ചര്യവും ഉയർന്ന ജീവിതാവസ്ഥയിട്ട് രൂപപ്പെട്ടു. ബ്രഹ്മചര്യ ജീവി തവും ഏകാന്തത ആവശ്യപ്പെടുന്ന ഒന്നാണ്. കുടുംബം -ഭാര്യ, വികാരപരമായ സ്നേഹം എന്നിവയെല്ലാം ഇത് പരിവർജ്ജിക്കു ന്നു. ഈ ജീവിതരീതിയുടെ ശ്രേഷ്ഠത മൂലം അല്മായരുടെ ആത്മീ യത ഇതിലും ചെറുതാണെന്നു കരുതപ്പെട്ടിരുന്നു. അസ്സ്സേസ്സിസ് (Ascesis) എന്നു പറഞ്ഞാൽ ശാരീരിക താല്പര്യങ്ങളുടെയും വികാ രങ്ങളുടെയും നിയന്ത്രണവും വർജ്ജനവുമാകുന്നു. ആദ്യകാല സുറി യാനിസഭകളെല്ലാം വലിയ താപസ ആഭിമുഖ്യമുള്ളവയായിരുന്നു. വിവാഹത്തേക്കാൾ സന്ന്യാസം എല്ലാംകൊണ്ടും ശ്രേഷ്ഠമാ ണെന്നും അവർ കരുതിയിരുന്നു. ഈശോ പുനരുത്ഥാനം സംബ ന്ധിച്ച സദ്ദൂക്കായരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു(ലൂക്കാ 20:35-36; മത്താ.20:30; മർക്കോ.12:15-20). ഈ മറുപടിയിൽ മത്താ യിയുടെയും മർക്കോസിന്റെയും സുവിശേഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു; "പുനരുത്ഥാനത്തിൽ സ്ത്രീപുരുഷന്മാർ വിവാഹം ചെയ്യുന്നില്ല; അവർ സ്വർഗ്ഗത്തിൽ മാലാഖമാരാകുന്നു".എന്നാൽ ലൂക്കായിൽ കാര്യമായ വ്യതിയാനങ്ങളുണ്ട്. "വരും ലേകത്തിനും മരണാനന്തരമുള്ള ഉത്ഥാനത്തിനും അർഹരായവർ വിവാഹം ചെയ്യു കയോ സ്ത്രീകൾ പുരുഷന്മാർക്ക് ഭാര്യമാരായിരിക്കുകയോചെയ്യു ന്നില്ല. അവർ മരണത്തിന് അധീനരല്ല. മാലാഖമാരെപ്പോലെയാ ണ്. പുനരുത്ഥാനത്തിൽ ഭാഗഭാക്കുക്കളായ അവർ ദൈവപുത്രരാ കുന്നു". മറ്റു വാക്കിൽ പറഞ്ഞാൽ അർഹരായവർ ഈ ലോകത്തിൽ വച്ചുതന്നെ മാലാഖമാരെപ്പോലെ വിവാഹരഹിതമായ ജീവിതം മുൻകൂട്ടി അനുഭവിക്കുന്നു. ഇതിന്റെ സുറിയാനി വിവർത്തനത്തിൽ കൂടുതൽ വ്യക്തമാണ്. "ആ ലോകം അതായത് ദൈവരാജ്യം സ്വന്ത മാക്കാൻ യോഗ്യത നേടിയവർ മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിന് യോഗ്യത നേടിയവർ വിവാഹം ചെയ്യുന്നില്ല. അവർക്കു മരിക്കു വാനും സാധ്യമല്ല. അവർ മാലാഖമാർക്ക് തുല്യരാക്കപ്പെട്ടിരിക്കു ന്നു. പുനരുത്ഥാനത്തിന്റെ മക്കൾ ആയതുകൊണ്ട് അവർ ദൈവപു ത്രർക്ക് തുല്യരാണ്". ബ്രഹ്മചാരികളായ സന്ന്യാസികൾ യഥാർത്ഥ ത്തിൽ കന്യകകളും പുനരുത്ഥാനത്തിന്റെ മക്കളുമാണ്. ഈ ചിന്ത യുടെ വെളിച്ചത്തിലാണ് സുറിയാനി സഭയിലെ താപസ ജീവിത ശൈലികളെല്ലാം ഉരുത്തിരിഞ്ഞത്.

പക്ഷേ ഈ വിഷയം വളരെ സങ്കുചിതമായ രീതിയിലാണ് മന സ്സിലാക്കിപോന്നിരുന്നത്. അതായത് കുടുംബജീവിതം നയിക്കു ന്നവർക്ക് ഇതിന്റെയൊന്നും ആവശ്യമില്ല എന്നുതോന്നുന്നതുപോ ലെ. ത്രിത്വാധിഷ്ഠിതവും സഭാധിഷ്ഠിതവുമായ ആധ്യാത്മികത ഒരു ജീവിതാന്തസ്സിനെയും മോശമായിട്ടു കാണുന്നില്ല. അല്മായ ജീവിതശൈലിയെ സന്ന്യാസിയുടേതിനെക്കാൾ താഴെക്കിടയിലുള്ള ഒന്നായിട്ടു കാണുന്നത് ത്രിത്വാധിഷ്ഠിത സമീപനമല്ല. പൗരസ്ത്യ സഭകൾക്കെല്ലാം അവരുടേതായ സഭാപാരമ്പര്യങ്ങളും ആരാധനാ ക്രമങ്ങളും വ്യത്യസ്തമായ സംസ്കാരങ്ങളും, താപസ ആഭിമുഖ്യ മുള്ള ജീവിതശൈലിയും എല്ലാം സ്വന്തമായിട്ടുണ്ട്. ശ്ലീഹന്മാരിൽ നിന്നും പൗരസ്ത്യപിതാക്കന്മാരിൽ നിന്നും കിട്ടിയതാണിവയെ ല്ലാം. പൗരാണികവും ആദരണീയവുമായ പാരമ്പര്യവും, റോമാ സിംഹാസനത്തോടുള്ള കൂട്ടായ്മയുമാണ് പൗരസ്ത്യ കത്തോ ലിക്കാ സഭയുടെ പ്രത്യേക സമ്പത്ത്.

## ആശ്രമജീവിതം (monasticism)

പൗരസ്ത്യ മൊണാസ്റ്റിസിസ്സം ഇവിടുത്തെ ആധ്യാത്മികതയുടെ ഉരകല്ലാണ്. ജീവിതത്തിന്റെയും സഭയുടെയും സംസ്കാര ത്തിന്റെയും അർത്ഥം അസറ്റിക്കൽ (താപസ) രീതിവഴി നേടാനുള്ള പരിശ്രമമാണിത്. പാശ്ചാത്യ മൊണാസ്റ്റിസിസ്സം എന്നു പറഞ്ഞാൽ കേവലം ചില നിയമങ്ങളുടെ ചട്ടക്കൂട്ടിൽ ഞെരിഞ്ഞു കഴിയുക എന്നല്ല, അതൊരു ജീവിതശൈലിയാണ്;ദർശനമാണ്; സഭാവിഷ്കാ മാണ്. അത് ത്രിത്വത്തോടുള്ള അനന്യമായ തുറവിയാണ്. ത്രിത്വത്തെ അന്വേഷിക്കുകയും സ്തുതിക്കുകയുമാണ് അതിന്റെ ആത്യന്തികലക്ഷ്യം. തന്മൂലം ആശ്രമപ്രസ്ഥാനം ആദിമസഭയുടെ കേന്ദ്രസ്ഥാനത്തു തന്നെ നില്ക്കുന്നു.

അഫ്രാത്തസ്, പാശ്ചാത്യ സ്വാധീനത്താൽ അല്പംപോലും സ്പർശിക്കപ്പെടാത്ത സുറിയാനി ക്രൈസ്തവികതയെ പ്രതിനി ധാനം ചെയ്യുന്നു. അദ്ദേഹം യഥാർത്ഥത്തിൽ സന്ന്യാസികളെക്കു റിച്ച് അറിഞ്ഞിരുന്നു. പിന്നീട് വന്ന സന്ന്യാസികൾ പലരും ആദിമ പരിശുദ്ധിയിൽ നിന്നും മാറിപ്പോയി എന്നതാണു സത്യം. തനിച്ചോ, ചെറിയ സംഘങ്ങളിലോ ജീവിച്ചിരുന്ന യതികളായിരുന്നു അവർ. മാർ അപ്രേമും സുറിയാനി പാരമ്പര്യത്തിന്റെ കലർപ്പറ്റ ഒരു കാല ഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നുണ്ട്. അപ്രേമിന്റെ കൃതികളിൽ നിന്ന് നമുക്കു ലഭിക്കുന്ന സന്ന്യാസികളുടെ ചരിത്രം അസാധാര ണമായ ഒന്നാണ്.

സന്ന്യാസി മരുഭൂമിയിലോ പർവ്വതങ്ങളിലോ ഒരു കാട്ടുമൃഗത്തെപ്പോലെ ജീവിക്കുന്നു. പരിഷ്കാരത്തിന്റേതായ അനുസാരികൾ ഒന്നും അയാളെ സ്പർശിച്ചിട്ടേയില്ല. അയാൾ തുറസ്സായ സ്ഥലത്ത് സകലപ്രകൃതിശക്തികളുടെയും ആക്രമണത്തിന് വിധേയനായി, ഉഗ്രമായ ചൂടും തണുപ്പും സഹിച്ച് ജീവിക്കുന്നു. അയാൾ കാട്ടുകിഴങ്ങുകളും ഫലങ്ങളും മാത്രമാണ് ഭക്ഷിക്കുന്നത്. പലരും വസ്ത്രമൊന്നും ധരിച്ചിരുന്നില്ല. ധരിച്ചിരുന്നെങ്കിൽ തന്നെ ഇലകളോ വൈക്കോലോ മാത്രം. തലമുടി ജടാമയം. നഖങ്ങൾ നീട്ടിവളർത്തിയ അയാൾക്ക് മനുഷ്യനോടെന്നതിലധികം ഇരപിടിക്കുന്ന ഏതെങ്കിലും പക്ഷിയോടായിരുന്നു സാദൃശ്യം. ദൈവവുമായി നിരന്തമായ സംഭാഷണത്തിലേർപ്പെട്ടിരിക്കുന്ന വ്യക്തിയാണു സന്ന്യാസി. തെയാഡോറെറ്റിന്റെ Historia Religiosa- ൽ പറയുന്നു. അവർ തങ്ങളെത്തന്നെ പാറകളോടു ചേർത്ത് ചങ്ങലക്കിടുന്നത് സുറിയാനി സന്ന്യാസികളുടെയിടയിൽ പതിവായിരുന്നു. കഴുത്തിൽ വലിയ ഭാരങ്ങൾ അവർ ബന്ധിച്ചിരുന്നു. ഗുഹകളിലോ അറകളിലോ ഇഷ്ടികകൾ കെട്ടി ഇവർ സ്വയം അതിനുള്ളിലാക്കിയിരുന്നു. ചിലർ സ്വയം കൂടുകളിൽ ബന്ധിച്ചിരുന്നു. ചില സന്ന്യാസിമാർ തീയിലോ, ദുഷ്ടമൃഗങ്ങളുടെ വായിലേക്കോ ചെന്നു ചാടിയിരുന്നു. തങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന രക്തസാക്ഷികളുടെ അവസ്ഥ അതേപടി ഏറ്റുവാങ്ങുന്നതിനുവേണ്ടിയാണ് അവർ ഇപ്രകാരം ചെയ്തിരുന്നത്. ഇപ്രകാരം സുറിയാനി സഭയുടെ മൊണാസ്റ്റിക് പാരമ്പര്യം മറ്റു സഭകളിൽ നിന്നെല്ലാം വ്യത്യസ്തവും കഠിനതരവുമായിരുന്നു. മാർപാപ്പയുടെ വാക്കുകൾ ഇവിടെ തികച്ചും പ്രസ്താവയോഗ്യമത്രേ. "സന്ന്യാസം എക്കാലവും പൗരസ്ത്യസഭകളുടെ ആത്മാവുതന്നെയായിരുന്നു. ആദ്യത്തെ ക്രിസ്തീയ സന്ന്യാസികൾ പൗരസ്ത്യദേശത്താണുണ്ടായത്. അവിഭക്ത സഭയിലെ മഹാന്മാരായ പിതാക്കന്മാർ പാശ്ചാത്യദേശത്തിനു കൈമാറിയ പൗരസ്ത്യവെളിച്ചത്തിന്റെ അവിഭാജ്യഘടകമായിരുന്നു സന്ന്യാസം."

## സഭാത്മക ആധ്യാത്മികതയ്ക്ക് ഏറെ പ്രത്യേകതകളുണ്ട്.

1. സഭാത്മകവും ആരാധനാധിഷ്ഠിതവുമായ ആധ്യാത്മികത ആധികാരികവും സാർവ്വത്രികവും ജീവിക്കുന്നതുമാണ്. കാരണം സഭയുടെ ജീവിതത്തിലെ എല്ലാ ഘടകങ്ങളെയും അത് ഗൗരവമായി പരിഗണിക്കുന്നു. തന്മൂലം ഒരു സഭയുടെ മിഷൻപ്രവർത്തനം, തപശ്ചര്യ, ആശ്രമ ജീവിതം തുടങ്ങിയ കാര്യങ്ങളെല്ലാം ഇതിൽ പെടും. ഒരുവൻ മിശിഹായുടെ സ്നേഹത്തിലേക്കു വരുകയും അതിൽ ആഴപ്പെടുകയും ചെയ്യുമ്പോൾ അവന് അത് പ്രഘോഷി

ക്കാതിരിക്കാൻ സാധ്യമല്ലാതെ വരുന്നു. ക്രൈസ്തവ ആധ്യാത്മികതയിൽ താപസ ആഭിമുഖ്യങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. സുറിയാനി സഭയിലാണ് കഠിനമായ താപസ ആഭിമുഖ്യമുള്ള ഭക്തന്മാർ ഉണ്ടായിരുന്നത്.

2. പൗരസ്ത്യസഭാത്മക ആധ്യാത്മികത അടിസ്ഥാനപരമായും സുവിശേഷാധിഷ്ഠിതമാണ്. ദൈവജനത്തിന്റെ മുമ്പിൽ വി.ഗ്രന്ഥമാണ് ദൈവം ത്രിത്വമാണ് എന്ന ബോധ്യം ജനിപ്പിക്കുന്നത്. അപ്രകാരം മിശിഹാ കേന്ദ്രിതമായ ഒരു ആധ്യാത്മികതയെ അതു ലക്ഷ്യം വയ്ക്കുന്നു. ആധ്യാത്മികഗ്രന്ഥകാരന്മാർ വി.ഗ്രന്ഥത്തെക്കുറിച്ചുള്ള ചിന്തകൾ കുറിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. സുറിയാനി പാരമ്പര്യത്തിൽപെട്ട ദൈവശാസ്ത്രവും ആധ്യാത്മികചിന്തകളും തിരുവചനത്തിൽ കുതിർന്നതാണെന്നു പറയുന്നതിൽ തെറ്റില്ല. ഈ ആധ്യാത്മികതയുടെ സാർവ്വത്രിക ഭാവത്തിന്റെ അടിസ്ഥാനവും ഇതുതന്നെയത്രേ. സുവിശേഷം സ്വന്തം ജീവതത്തിൽ പ്രായോഗികമാക്കാൻ ശ്രമിച്ചവരിൽ ഒന്നാം സ്ഥാനത്താണ് സുറിയാനി ക്രൈസ്തവർ നിൽക്കുന്നത്.

3. പൗരസ്ത്യ ആധ്യാത്മികത പാരമ്പര്യത്തിൽ ഊന്നിയതാണ്. മാർപാപ്പ പറയുന്നു. തങ്ങൾ സംരക്ഷിക്കുന്ന പാരമ്പര്യമാകുന്ന നിധിയുടെ ജീവിക്കുന്ന സാക്ഷികളാണ് കിഴക്കൻ സഭകൾ. ക്രൈസ്തവികത എന്നു പറഞ്ഞാൽ നമ്മൾ സ്വീകരിക്കുകയും സ്വന്തമാക്കുകയും ചെയ്യേണ്ട ഒരു യാഥാർത്ഥ്യമാണെന്ന് നമ്മുടെ പൂർവ്വികർ ശരിക്കും മനസ്സിലാക്കിയിരുന്നു. വിശ്വാസത്തിലും അനുസരണത്തിലുമാണ് നമ്മൾ ഒരു സഭാപാരമ്പര്യത്തെയും അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യേണ്ടത്. പാരമ്പര്യത്തെക്കുറിച്ചുള്ള ശരിയായ സമീപനം നല്ല ഒരു ഭാവിദർശനം നല്കുകയും വേണം. പാരമ്പര്യം എന്നത് സഭയുടെ മാർഗമാണ്. സഭയുടെ പൗരാണികത്വത്തിനും, ഭാവിയിലേക്കുള്ള വളർച്ചക്കും അടിസ്ഥാനം പാരമ്പര്യമത്രേ.

4. ശാസ്ത്രീയവും ക്രമീകൃതവുമായ അടിത്തറയിന്മേലാണ് ഈ ആധ്യാത്മികത ഉറപ്പിച്ചിരുന്നത്. ക്രൈസ്തവികതയെ സംബന്ധിക്കുന്ന കേവലം ഉപരിവിപ്ലവമായ കാര്യങ്ങൾ അല്ല ഈ ആധ്യാത്മികത. ക്രൈസ്തവികതയുടെ ശരിക്കും ഉൾക്കാമ്പുതന്നെയാണിത്. ഉപരിപ്ലവമായ നവീകരണശൈലികളൊന്നും ആ ആധ്യാത്മികത പ്രോത്സാഹിപ്പിക്കുന്നില്ല. ആഴങ്ങളിലേക്കു പോകാതെയുള്ള നവീകരണങ്ങളെല്ലാം അപകടകാരികളാകുന്നു. ശരിയായ സുവിശേഷവൽക്കരണവും അജപാലനശുശ്രൂഷയും സഭാത്മകമായിരി

ക്കണം. ആധ്യാത്മിക രൂപീകരണമാണ് അജപാലനരൂപീകരണത്തിന്റെ അടിത്തറ.

5. പൗരസ്ത്യ ക്രിസ്തീയ ആധ്യാത്മികത എന്നുപറയുന്നത് വികാരപരമായ ഏതെങ്കിലും ഒരു വശത്തിനുമാത്രം പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒന്നല്ല. ഇത് സുവിശേഷമൂല്യങ്ങളുടെയെല്ലാം ഒരു സംയോജിതരൂപമാണ്. അപ്രകാരമാകാൻ കാരണം ഈ ആധ്യാത്മികത സഭാത്മകവും ആരാധനാധിഷ്ഠിതവുമാണെന്നതുതന്നെ. പരിശുദ്ധ ത്രിത്വവും മിശിഹായും റൂഹായും ഈ ആധ്യാത്മികതയുടെ കേന്ദ്രസ്ഥാനത്തുതന്നെ നില്ക്കുന്നു. അതോടൊപ്പംതന്നെ അത് സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളും ധാർമ്മികപ്രബോധനങ്ങളുമെല്ലാം കൂട്ടിയോജിപ്പിക്കുകയും ചെയ്യുന്നു. പാശ്ചാത്യലോകത്തിലേതുപോലെ ഇവ ഓരോന്നും തമ്മിലുള്ള ബന്ധം ആവിഷ്കരിക്കുകയാണ്. തപോനിഷ്ഠയും യോഗാത്മകതയും ഇതിന്റെ നെടുംതൂണുകളാണ്. ഇത് യുഗാന്ത്യോന്മുഖത നിറഞ്ഞ ഒരു ആധ്യാത്മികശൈലിയും കൂടിയാണ്.

6. സഭയുടെ പാരമ്പര്യങ്ങളും ആരാധനാക്രമങ്ങളും വളരെ വിലപിടിച്ച നിക്ഷേപങ്ങളാണെന്ന ബോധ്യമാണ് ആ ആധ്യാത്മികത നമുക്കു തരുന്ന സന്ദേശം. പൈതൃകമായി നമുക്കു കിട്ടിയത് പൂർണ്ണമായും നമ്മൾ ഉൾക്കൊള്ളുകയും ജീവിക്കുകയും അനുഭവിക്കുകയും ചെയ്യണം. ഈ വലിയ പൈതൃകത്തിൽനിന്ന് അഭിന്നമായ ഒരു യാഥാർത്ഥ്യമായിട്ടാണ് ആധ്യാത്മികതയെ നാം കാണേണ്ടത്. നമ്മൾ വഴിമാറിപ്പോയിട്ടുണ്ടെങ്കിൽ വീണ്ടും അതിലേക്കു തിരിച്ചുപോകണം. തിരിച്ചുപോകാനുള്ള പാലം പണിയണം. ചരിത്രാവബോധം ഉണ്ടായിരിക്കുകയും ചരിത്രം നമുക്കു തരുന്ന ഗുണപാഠങ്ങൾ നാം ഉൾക്കൊള്ളുകയും ചെയ്യണം. നഷ്ടപ്പെട്ട ഓർമ്മകൾ പുതുക്കിയാൽ മാത്രമേ പല പൗരസ്ത്യസഭകൾക്കും അതിന്റെ തനിമയാർന്ന ആധ്യാത്മിക വീക്ഷണങ്ങളിലേയ്ക്ക് പോകാൻ കഴിയൂ.

സ്വാംശീകരണത്തിന് (re-appropriation) ആഴമാർന്ന പഠനങ്ങളും അതിന്റെ വെളിച്ചത്തിലുള്ള ചർച്ചകളും ആവശ്യകമാണ്. ഒരു സഭയുടെ ആരാധനക്രമവും അതിന്റെ ആധ്യാത്മികതയുമെന്ന് പറയുന്നത് ആ സഭയെ സംബന്ധിച്ചിടത്തോളം 'മായാത്ത മുദ്രകളാണ്'. ഇവയിലൂടെയാണ് ആ സഭയുടെ കത്തോലിക്കാസ്വഭാവം ഉപരിവ്യക്തമാകുന്നത്. ഒരു സഭാത്മക വിശ്വാസ പരിശീലനം നല്കുവാൻ ഉദ്ദേശ്യമുണ്ടെങ്കിൽ മേല്പറഞ്ഞ വിവിധ മേഖലകൾ നാം എത്തിപ്പിടിക്കുക തന്നെ വേണം. വിശ്വാസ പരിശീലനത്തിന്റെയും

ദൈവികീകരണത്തിന്റെയും പ്രധാനഭാഗം നമ്മുടെ ആധ്യാത്മികതയും ആരാധനയും ആയിരിക്കണം.

## പൗരസ്ത്യ ആധ്യാത്മികത ആരാധനാധിഷ്ഠിതം

വി.കുർബാന, യാമപ്രാർത്ഥനകൾ, കൂദാശകൾ എന്നിവയാണ് ഏറ്റവും പ്രധാനപ്പെട്ടതും സ്വാഭാവികവുമായ വിശുദ്ധീകരണ മാർഗങ്ങൾ. സഭയുടെ ഔദ്യോഗികവും പൊതുവുമായ വിശുദ്ധീകരണ പദ്ധതി ഇതാണ്. ഒരു ക്രൈസ്തവസമൂഹം സഭയാകുന്നതും ഈ ആരാധനാനുഷ്ഠാനങ്ങൾ വഴിതന്നെ. സഭയുടെ ആധ്യാത്മിക സ്രോതസ്സ് ലിറ്റർജിയാണ്. ലിറ്റർജിയിൽതന്നെയാണ് ദൈവത്തിന്റെ ത്രിത്വാത്മകതയെക്കുറിച്ചുള്ള ചിന്തകൾ ആഴത്തിൽ വേരോടിയിരിക്കുന്നതും. പൗരസ്ത്യ ആധ്യാത്മിക പദ്ധതിപ്രകാരം ലിറ്റർജി ഒരു ശുശ്രൂഷയാണ് (teshmeshta). ആരാധന അടിസ്ഥാനപരമായും ഒരു സഭാത്മകപ്രവൃത്തി (ecclesial act) യാണല്ലോ. ലിറ്റർജിയിലൂടെ നാം ദൈവത്തെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു. സഭയിലെ ഹയരാർക്കിയാണ് വിശ്വാസികൾക്കായി അത് നിശ്ചയിച്ചുറപ്പിച്ചു തരുന്നത്. സമൂഹം അത് ജീവിക്കുകയാണ് ചെയ്യുന്നത്. ലിറ്റർജി ക്രമീകരിക്കുവാനും പരിഷ്കരിക്കുവാനും സ്വകാര്യാധികാരം ആർക്കുമില്ല. സ്വകാര്യമായ ലിറ്റർജിയുമില്ല. സ്വകാര്യ കുർബാന എന്നുപറയുന്നത് ഒരു അപസംജ്ഞ ആണ്. ഒരു വ്യക്തിക്ക് പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും ആരാധനാഗ്രന്ഥങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നല്ല അങ്ങനെ ചെയ്യുമ്പോഴും ഈ വ്യക്തി സഭയുടെ ഔദ്യോഗിക ഗ്രന്ഥമാണ് ഉപയോഗിക്കുന്നതാണ് എന്നതാണ് പ്രധാനകാര്യം. ആരാധന സാധാരണഗതിയിൽ പള്ളിയിൽ വിശുദ്ധ സ്ഥലത്താണ് നടത്തുക. പള്ളി സംസാരിക്കുവാനും, സ്നേഹബന്ധങ്ങൾ പുതുക്കുവാനും സ്നേഹിതരെ കാണാനുമുള്ള കേവലം ഒരു 'ഹാൾ' അല്ല. ദൈവത്തിന്റെ ഭവനമാണത്; വിശ്വാസികൾ ദൈവത്തെ കണ്ടുമുട്ടുന്ന സ്ഥലം. പള്ളിയുടെ ഘടനയും അതുപോലെതന്നെയാണ്.

ഒരു സഭയുടെ ആധ്യാത്മികതയിൽ ലിറ്റർജിക്കൽ പ്രാർത്ഥനകൾക്കു നിർണ്ണായകമായ സ്ഥാനമാണുള്ളത്. വി.കുർബാനയോടു മാത്രം ചുറ്റിപ്പറ്റിയുള്ള ഒരു ആധ്യാത്മികതയല്ല പൗരസ്ത്യരുടേത്. യാമപ്രാർത്ഥനകൾക്ക് അവിടെ നിർണ്ണായകമായ സ്ഥാനമുണ്ട്. പൗരസ്ത്യക്രൈസ്തവികതയുടെ വിശ്വാസപരിശീലനക്കളരി തന്നെയാണ് യാമങ്ങൾ തോറുമുള്ള പ്രാർത്ഥനകൾ. മിശിഹായുടെ രക്ഷാകരപദ്ധതിയിലേക്ക് ഒരു വ്യക്തിയെ പൂർണ്ണമായി ഉൾച്ചേർക്കുന്ന

തിനുള്ള പ്രായോഗികമാർഗമാണത്. പൗരസ്ത്യരെ സംബന്ധിച്ചു ലിറ്റർജി, പ്രാർത്ഥനയുടെയും സഭ ഔദ്യോഗികമായി വിശ്വസിച്ച് ഏറ്റു പറയുന്ന വിശ്വാസഘടകങ്ങളുടെയും ക്രൈസ്തവരൂപീകരണത്തിന്റെയും കലവറയാണ്. പ്രാർത്ഥിക്കുന്ന സഭയാണ് യഥാർത്ഥ സഭ. അതുകൊണ്ടാണ് ഒരു സഭ എന്താണന്ന് മനസ്സിലാക്കണമെങ്കിൽ അതിന്റെ ആരാധനാക്രമത്തിലേക്കു നോക്കിയാൽ മതി എന്നു പറയുന്നത്. പ്രാർത്ഥിക്കുന്ന സഭയുടെ മുഖമാണ് ലിറ്റർജിയിൽ നാം കാണുന്നത്. പൗരസ്ത്യ ആരാധന വി.ഗ്രന്ഥത്തിലും സഭാപ്രബോധനങ്ങളിലും അധിഷ്ഠിതമാണ്. പരി. റൂഹായിൽ ഒന്നിപ്പിക്കപ്പെട്ടും പ്രചോദിതരായുമാണ് എല്ലാ ആരാധനാ കർമ്മങ്ങളും നാം നടത്തുക. കേവലം വ്യക്തിപരമായ ഭക്താഭ്യാസങ്ങൾക്ക് ഇവിടെ വലിയ പ്രസക്തിയില്ല., പൗരസ്ത്യ ആധ്യാത്മികത സഭാത്മകവും, സഭയിലും സഭയോടൊത്തും മറ്റു സഭകളോടൊന്നിച്ചുമാണ്. ലോകം മുഴുവനിലുമുള്ള എല്ലാ സഭകളോടും ഒന്നു ചേർന്നുകൊണ്ടാണ് നാം പ്രാർത്ഥിക്കുന്നത്. ഈ ആധ്യാത്മികത കൂട്ടായ്മയുടെ ദൈവശാസ്ത്രം തന്നെ. ദൈവാരാധനയക്കും മനുഷ്യന്റെ വിശുദ്ധീകരണത്തിനും പൗരസ്ത്യ ആരാധന തുല്യപ്രാധാന്യം നൽകുന്നുണ്ട്. പരിശുദ്ധ മാർപാപ്പ ജോൺപോൾ രണ്ടാമൻ പറയുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ ജീവിതത്തിൽ ഒരാൾ ഭാഗഭാക്കാകുന്നത് ആരാധനാക്രമത്തിലൂടെയാണ്; പ്രത്യേകിച്ച് വി.കുർബാനയിലൂടെ. അത് അമർത്യതയുടെ വിത്താണ്; മിശിഹായുടെ മഹത്ത്വീകൃത ശരീരവുമായുള്ള ഒന്നു ചേരലിന്റെ രഹസ്യമാണ്. ദൈവികീകരണത്തിൽ പ്രത്യേകിച്ച് കൂദാശകളിൽ പൗരസ്ത്യ ദൈവശാസ്ത്രം പരിശുദ്ധ റൂഹായ്ക്ക് വളരെ സവിശേഷമായ ഒരു സ്ഥാനം നൽകുന്നുണ്ട്. മാർപാപ്പ വീണ്ടും പറയുന്നു പൗരസ്ത്യസഭകളിൽ ആരാധനക്രമപരമായ പ്രാർത്ഥനയും ആധ്യാത്മിക പാരമ്പര്യവും തമ്മിൽ സഹജമായ ഒരു ബന്ധമുണ്ട്.

താപസ ആഭിമുഖ്യങ്ങളും പ്രായശ്ചിത്താരൂപിയും ഏറെ സംരക്ഷിക്കപ്പെട്ടു പോന്നിരുന്ന ഒരു ക്രൈസ്തവ സമൂഹമാണ് സുറിയാനിസഭ. പ്രത്യേകിച്ച് ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ. ആദിമകാലം മുതൽ സുറിയാനിസഭയിൽ തപശ്ചര്യയുടെ ഭാഗമായി നോമ്പിനും ഉപവാസത്തിനും വലിയ സ്ഥാനമുണ്ടായിരുന്നു. ഇവയെല്ലാം ദൈവാരാധനയിൽ കേന്ദ്രിതവുമായിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികൾ ഉപവാസത്തെ സ്നേഹിച്ചിരുന്ന ഒരു സമൂഹമത്രേ. പാശ്ചാത്യമിഷനറിമാർ പലരും ഇതിനെ പ്രകീർത്തിച്ചു സംസാരിച്ചിട്ടുണ്ട്. പിറവിത്തിരുനാളിനു മുമ്പുള്ള 25നോമ്പ്, അമ്പതുനോമ്പിനു 18 ദിവസം മുമ്പുള്ള 3നോമ്പ്, അമ്പതുനോമ്പ്, പന്ത

ക്കുസ്തായ്ക്ക് ഉള്ള 49 ദിവസത്തെ നോമ്പ്, മാതാവിന്റെ സ്വർഗാരോപണത്തിന് ഒരുക്കമായ 15നോമ്പ്, പിറവി കഴിഞ്ഞുള്ള 12 വെള്ളിയാഴ്ച നോമ്പ്, രൂപാന്തീകരണത്തിന് ഒരുക്കമായ ഏകദിന നോമ്പ് എന്നിവയാണ് പ്രധാനപ്പെട്ട നോമ്പുകൾ. മാർത്തോമ്മാ നസ്രാണികളുടെയിടയിൽ മൂന്ന് നോമ്പിനും, എട്ടുനോമ്പിനും (മാതാവിന്റെ പിറവിത്തിരുനാളിനു മുമ്പുള്ള എട്ടു ദിവസത്തെ നോമ്പാണിത്) വലിയ പ്രാധ്യാന്യമുണ്ട്.

പൗരസ്ത്യകത്തോലിക്കാ സഭകൾ പലതും ഇന്ന് വളരെയധികം ലത്തീനീകരിക്കപ്പെട്ടു കഴിഞ്ഞു. വളരെ വ്യത്യസ്തമായ രണ്ട് സംസ്ക്കാരങ്ങൾ തമ്മിലുള്ള ഒരു കൂടിക്കാഴ്ചയായിരുന്നു അത് ഇതിന്റെ ഫലമായി ജീവനാത്മകമല്ലാത്ത ഒരു സംസ്ക്കാരം ഉടലെടുത്തു എന്നതാണ് വസ്തുത. അവിടെ ശരിയായ സംയോജനവും വളർച്ചയുമില്ല. തന്നെയുമല്ല പലപ്പോഴും ലത്തീൻ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും ഒരു മേൽക്കോയ്മയിൽ അതെല്ലാം വന്നവസാനിക്കുകയും ചെയ്തു. അങ്ങനെ ദൈവശാസ്ത്ര വിചിന്തനങ്ങളിലും ആധ്യാത്മിക ശൈലിയിലും ഒരുതരം അരാജകത്വം ഉടലെടുത്തു. ആധ്യാത്മികതയുടെ ഭാഗമായി ലത്തീൻസഭയിൽ ഉദയം ചെയ്ത പലകാര്യങ്ങളും പൗരസ്ത്യസഭകളിലും പ്രചരിച്ചു. ഉദാ: ലത്തീൻരീതിയിലുള്ള തിരുവസ്ത്രങ്ങൾ, തിരുപ്പാത്രങ്ങൾ, (ഉദാ:അരുളിക്കാ), കൊന്ത ഭക്തി, മാസവണക്കങ്ങൾ, നൊവേനകൾ, ദണ്ഡവിമോചനങ്ങൾ തുടങ്ങിയവ. അതിന്റെ ഫലമായി പൗരസ്ത്യ ആധ്യാത്മികതയുടെ അവശ്യഘടകങ്ങളായ യാമം തോറുമുള്ള ഈശ്വരപ്രാർത്ഥനകൾ, മിശിഹാകേന്ദ്രിത ധ്യാനം, വി. ഗ്രന്ഥപാരായണം, പൗരസ്ത്യ ആധ്യാത്മികഗുരുക്കന്മാരുടെ ഗ്രന്ഥ പാരായണം, തപസ്സ്, പ്രായശ്ചിത്തം, ഉപവാസം, നോമ്പ് തുടങ്ങിയവയെല്ലാം ഒരു പരിധിവരെയെങ്കിലും അപ്രത്യക്ഷമാവുകയും ചെയ്തു. പാശ്ചാത്യവൽക്കരണത്തിന്റെ ഈ കാറ്റ് മറ്റെല്ലാ മേഖലകളിലും ആഞ്ഞുവീശി. ഉദാഹരണമായി പൗരസ്ത്യർ പരമ്പരാഗതമായി കാത്തിസൂക്ഷിച്ചിരുന്ന പൗരസ്ത്യപള്ളി കലകൾ അപ്രത്യക്ഷമാവുകയും പകരം പാശ്ചാത്യമോഡലുകൾ പ്രചരിക്കുകയും ചെയ്തു. ഇപ്രകാരം ആരാധനയിലും പള്ളിഘടനയിലും ആധ്യാത്മികതയിലും ദൈവശാസ്ത്രവീക്ഷണങ്ങളിലും ജീവിതരീതികളിലുമെല്ലാം മാറ്റം വന്നുതുടങ്ങി. പൗരസ്ത്യ കലകളിൽ അന്തർലീനമായിരുന്ന സ്വാഭാവികവും അതിസ്വാഭാവികവും സ്വർഗീയവും ഭൗതികവും, നിത്യവും സമയാധിഷ്ഠിതവും, ദൈവികവും മാനുഷികവുമായ ഐക്യം നഷ്ടപ്പെട്ടു തുടങ്ങി. അതിന്റെ ഫലമായി ഒരു സങ്കരരൂപം ജന്മമെടുത്തു.

ആധ്യാത്മികജീവിതം ഔദ്യോഗികവും പാരമ്പര്യവുമായ ദൈവാ രാധനയിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒന്നല്ല. ക്രൈസ്തവ ആധ്യാ ത്മികതയിൽ ഭക്താനുഷ്ഠാനങ്ങൾക്കു നിർണ്ണായകമായ ഒരു സ്ഥാന മുണ്ട്. എന്നാൽ അവയെല്ലാം സഭയുടെ പൊതുപാരമ്പര്യത്തോടും ആരാധനാ ക്രമവത്സരത്തിന്റെ ചൈതന്യത്തോടും ചേർന്നതാവണം എന്നതാണ് സഭയുടെ നിലപാട്. പൗരസ്ത്യ ആധ്യാത്മികതയുടെ കാതൽ രക്ഷാകരപദ്ധതിയിലാണ് അടങ്ങിയിരിക്കുന്നത്. ആരാ ധനാവത്സരത്തിലെ കാലങ്ങളിലാണ് ഇതിന്റെ പ്രാധാന്യം നാം കാണുന്നത്. വിവിധ ഭക്താനുഷ്ഠാനങ്ങളെക്കുറിച്ചുള്ള സഭയുടെ നിലപാടും ഇതുതന്നെ. "അവയ്ക്ക് ആണ്ടുവട്ടത്തിലെ വിവിധ കാല ഘട്ടങ്ങളോട് പൊരുത്തമുണ്ടായിരിക്കണം, ദൈവാരാധനയ്ക്ക് അനു സൃതമാകണം. അവ ദൈവാരാധനയിൽ നിന്നു തന്നെ ഒരു വിധ ത്തിൽ മുളയെടുക്കുന്നവയും ജനങ്ങളെ അതിലേയ്ക്കടുപ്പിക്കുന്ന വയുമാകണം."

**സമാപനം**

പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ത്രിത്വാധിഷ്ഠി തമായ ഒരു ആധ്യാത്മികതയുടെ ചില പ്രത്യേക വശങ്ങൾ നാം അന്വേഷിക്കുകയായിരുന്നു. രക്ഷാകരപദ്ധതിയിലൂടെയാണ് ദൈവം സ്വയം വെളിപ്പെടുത്തുന്നതും മനുഷ്യരാൽ സ്നേഹിക്കപ്പെടുന്നതും. എല്ലാ ബന്ധങ്ങളുടെയും അടിസ്ഥാനം ദൈവത്തിന് സൃഷ്ടികളോ ടുള്ള ബന്ധം തന്നെയാണ്. അതായത് ക്രൈസ്തവ ആധ്യാത്മി കത രക്ഷാകരപദ്ധതിയിൽ അധിഷ്ഠിതമത്രേ. ഈ ആധ്യാത്മിക തയുടെ മറ്റു പാരമ്പര്യ കാര്യങ്ങളെല്ലാം നാം സഭയിൽ നിന്നു സ്വീക രിക്കുകയാണ് ചെയ്യുന്നത്. സ്നേഹമായ റൂഹാവഴി വചനമായ മിശി ഹായിലൂടെ പിതാവായ ദൈവവുമായുള്ള കൂട്ടായ്മയിൽ വസി ക്കാനുള്ള ഒരു ക്ഷണമാണ് ക്രൈസ്തവ ആധ്യാത്മികതയിലുള്ള ത്. ഇപ്രകാരമുള്ള ഒരു ഭാഗഭാഗിത്വമാണ് ഒരു വിശ്വാസിയെ ദൈവി കരഹസ്യങ്ങളുടെ ഹൃദയമായ ത്രിത്വൈകരഹസ്യത്തിലേക്കു നയി ക്കുന്നത്. ദൈവത്തിലേക്കുള്ള ആഴമാർന്ന ഇറങ്ങിച്ചെല്ലൽ, മറ്റുള്ള വരിലേക്കുള്ള ഇറക്കംതന്നെയാണ് എന്നതാണ് ഈ ആധ്യാത്മിക തയുടെ വൈശിഷ്ട്യം.

ക്രൈസ്തവ ആധ്യാത്മികത രൂപീകൃതമാകുന്നത് പ്രാർത്ഥനാ ജീവിതം വഴിയാകുന്നു. ദൈവവുമായുള്ള നിരന്തരമായ ബന്ധമാ ണിത്. ക്രൈസ്തവ വിശുദ്ധി എന്നു പറയുന്നത് ത്രിയേകദൈവ ത്തോട് അതിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ഒരു വ്യക്തി എന്ന നിലയിൽ മനുഷ്യനു തോന്നുന്ന അടുപ്പമാണ്. നമ്മുടെ സൃഷ്ടി

യിൽ തന്നെ ഈ അടുപ്പത്തിനായുള്ള ആഭിമുഖ്യമുണ്ട്. പൗരസ്ത്യ പിതാക്കന്മാർ പറയുന്ന 'ദൈവികീകരണം' ഇതിൽ നിന്നു വരുന്ന താണ്. ത്രിത്വാധിഷ്ഠിത ആധ്യാത്മികത ദൈവവും ഒരു മനുഷ്യനും തമ്മിലുള്ള ബന്ധം മാത്രമല്ല. അത് അനേകം ബന്ധങ്ങളുടെ സംഘാതമാകുന്നു. ഒരു മനുഷ്യനെ ബാധിക്കുന്ന എല്ലാ കാര്യ ങ്ങളും ഇതിൽപെടുന്നുണ്ട്. എല്ലാ മാനുഷിക ബന്ധങ്ങളുടെയും യഥാർത്ഥത്തിലുള്ള മാതൃക ത്രിയേകദൈവമാണല്ലോ. ദൈവിക വ്യക്തികളിൽ അനന്യത, വ്യതിരിക്തത, തുല്യത, പൂർണ്ണമായ കൂട്ടായ്മ എന്നിവ അവയുടെ തനിമയിൽ കാണാം. വലുതും ചെറുതും എന്നൊരു ശൈലിതന്നെ ത്രിയേക ആധ്യാത്മികത നിര സിക്കുന്നു. മറ്റു വ്യക്തികളുടെ പ്രത്യേകതകൾ അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു ബന്ധം എന്നു പറയുന്നത് ത്രിത്വാ ത്മകമാണ്. മറ്റുള്ളവരെ സഹായിക്കുന്നതും, ആദരിക്കുന്നതും ബഹു മാനിക്കുന്നതും ത്രിത്വാത്മക ബന്ധത്തിന്റെ ഭാഗമാണ്. വ്യക്തികൾ തമ്മിൽ തമ്മിലുള്ള ദൃഢതയുടെയും ഒരുമിപ്പിന്റെയും ബന്ധമാണ് ത്രിത്വൈക ആധ്യാത്മികത. ശരിയായ രീതിയിൽ വ്യക്തിബന്ധ ങ്ങൾ രൂപീകരിക്കുന്നതിലുള്ള പരാജയമാണ് തിന്മ അല്ലെങ്കിൽ പാപം. മനുഷ്യബന്ധങ്ങൾ മോശമാകുന്നതുവഴി ദൈവ-മനുഷ്യ ബന്ധവും താറുമാറാകുന്നു. തന്നോടുതന്നെയും മറ്റുള്ളവരോടും, ദൈവത്തോടും ശരിയായ ബന്ധങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തന ശൈലിയാണ് ത്രിത്വാധിഷ്ഠിത ആധ്യാത്മികത. ദൈവിക രഹ സ്യത്തെ ക്രൈസ്തവ ദൈവശാസ്ത്രം വഴി നിയന്ത്രിക്കാനോ ഏതെങ്കിലും ഒരു പ്രത്യേക ആധ്യാത്മികശൈലിയിൽ പൂർണ്ണമായി ആവിഷ്കരിക്കാനോ സാധ്യമല്ല. ദൈവിക രഹസ്യം ഒരു കാന്തം ആണ്. അതു വിശകലനത്തിനും വിചിന്തനത്തിനും നിർവ്വചന ത്തിനും വേണ്ടിയല്ല, അത്ഭുതകരമായ ധ്യാനത്തിനും ശാന്തമായ പ്രത്യുത്തരത്തിനും വേണ്ടിയാണ്.

**ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് (*കിഴക്കിന്റെ ദൈവശാസ്ത്ര-ആദ്ധ്യാത്മിക പാരമ്പര്യങ്ങൾ*)**